


എടുപുന്ന ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണം

9-ാം പദ്ധതി വികസന റിപ്പോർട്ട്

എഴുപുന്ന ഗ്രാമപഞ്ചായത്ത്

1997 - 2002

വികസനരേഖ

എഡിറ്റർ

എഴുപുന്ന രാധാകൃഷ്ണൻ

എഡിറ്റോറിയൽ ബോർഡ്

കെ.കെ. വിജി
പി.എ. ഫ്രാൻസീസ്
ആർ.എ. മുരളീധരൻ
കെ.എസ്. ധനഞ്ജയൻ
വി.പി. സ്വാമിനാഥൻ
എം. സത്യപാൽ

ഫോട്ടോഗ്രാഫി
പി.പി. രാജേന്ദ്രൻ

ആർട്ട്
തിലകൻ എരമല്ലൂർ

മുഖചിത്രം
ഗ്രാമത്തിന്റെ മുഖം

ടൈപ്പ് സെറ്റിങ്ങ് ആൻറ് ലേഔട്ട് : ബ്ലിത്ത് എൻറർപ്രൈസസ്, പച്ചാളം, കൊച്ചിൻ-12
പ്രിൻറിംഗ് : ഓണസ് ഓഫ്സെറ്റ് പ്രസ്സ്, പച്ചാളം, കൊച്ചിൻ-12



"ഗ്രാമസ്വരാജ് എന്റെ സ്വപ്നമാണ്"

ഗാന്ധിജി എന്ന മഹാത്മാവ്

"എന്റെ സ്വപ്നത്തിലുള്ള സ്വരാജ് ദരിദ്രന്റെ സ്വരാജ് ആണ്. ഒരു ധനവാനു ലഭിക്കുന്ന എല്ലാജീവിത സൗകര്യങ്ങളും ദരിദ്രനായ നിങ്ങൾക്കും ലഭിക്കണം. ആ സൗകര്യങ്ങൾ നിങ്ങൾക്ക് കിട്ടാത്തിടത്തോളം കാലം സ്വരാജ് പൂർണ്ണസ്വരാജ് ആകുന്നില്ല"

"സ്വാതന്ത്ര്യം അടിത്തട്ടിൽ നിന്നാരംഭിക്കണം. ഓരോഗ്രാമവും പൂർണ്ണമായ അധികാരമുള്ള ഓരോ റിപ്പബ്ലിക്കോ പഞ്ചായത്തോ ആകണം. ഓരോ ഗ്രാമവും പ്രതിരോധമുൾപ്പെടെ എല്ലാകാര്യങ്ങളും നടത്തത്തക്ക വിധം സ്വയം പര്യാപ്തമായിരിക്കണം."

"ഗ്രാമം നശിച്ചാൽ ഇന്ത്യ നശിക്കും."

"നഗരങ്ങളിലെ മണിമന്ദിരങ്ങൾ പണിതിട്ടുള്ളത് ഗ്രാമങ്ങളുടെ രക്തം കലർന്ന സിമൻറുകൊണ്ടാണ്."

"ആരും തന്നെ തൊട്ടുകൂടാത്തവനായി പിറക്കുന്നില്ല. എല്ലാവരും ഒരേയൊരു അഗ്നിയിൽ നിന്നും പൊട്ടി ഉതിർന്ന സ്ഫുലിംഗങ്ങളാണ്. ചില മനുഷ്യരെ മാത്രം ജന്മനാതന്നെ തൊട്ടുകൂടാത്തവരെന്ന് കരുതുന്നത് തെറ്റാണ്. അയിത്തം പാപമാണ്."

"ഇന്ത്യയുടെ മുഴുവൻ ഏകാധിപതിയായി ഒരു മണി ക്കൂർ നേരത്തേക്ക് ഞാൻ നിയമിക്കപ്പെട്ടാൽ ഒന്നാമതായി ഞാൻ ചെയ്യുന്ന കാര്യം യാതൊരുനഷ്ടപരി ഹാരവും കൊടുക്കാതെ എല്ലാമദ്യഷാപ്പുകളും അടച്ചിടുകയായിരിക്കും".

"മയക്കു മരുന്നുകളും മദ്യവും പിശാചിന്റെ രണ്ടു കൈകളാണ്. അവകൊണ്ടാണ് പിശാച് തന്റെ അടിമകളെ ബുദ്ധിശൂന്യതയിലേക്കും ലഹരിയിലേക്കും അടിച്ചു വീഴ്ത്തുന്നത്".

"സ്നേഹിക്കയില്ല ഞാൻ നോവുമൊരാത്മാവിനെയും
സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും."

"മൊഴിമുത്തുകൾ"

"നിങ്ങൾ അളക്കുന്ന അളവിൽ നിങ്ങൾക്കും അളന്നു കിട്ടും"

-ബൈബിൾ.

"നിന്റെ കർമ്മങ്ങൾ ശരിയായി ചെയ്യുന്നതിലല്ലാതെ അവയുടെ ഫലങ്ങളെപ്പറ്റി ചിന്തിക്കുവാൻ നിനക്ക് അധികാരമില്ല."

- ഭഗവത്ഗീത.

"ജീവിതത്തിൽ സൂക്ഷ്മതയുള്ളവർക്ക് കണക്കു നോക്കേണ്ട ബാദ്ധ്യതയില്ല."

-ഖുർ ആൻ.

"അഹിംസയുടെ നിഘണ്ടുവിൽ തോൽവി എന്ന വാക്കില്ല,"

- ഗാന്ധിജി.

"ചിന്തയാണ് നമ്മെ രൂപപ്പെടുത്തുന്നത്, നമുക്ക് വില നിശ്ചയിക്കുന്നതും ചിന്ത തന്നെ."

-ബുദ്ധൻ

"ക്ഷമയേക്കാൾ ഉത്തമവും വിശാലവുമായ ധനം യാതൊരാൾക്കും ലഭിച്ചിട്ടില്ല."

-നബി.

"മദ്യം വിഷമാണ് - അതുണ്ടാക്കരുത് - കുടിക്കരുത് - വില്ക്കരുത്".

-ശ്രീ നാരായണഗുരു.

"ശാന്തവും നിശബ്ദവുമായ പ്രവർത്തിയാണുത്തമം. പത്രങ്ങളുടെ പ്രശംസയും പേരെടുക്കലും നിസ്സാരം."

-വിവേകാനന്ദൻ.

ചെയർപേഴ്സൺ : കെ.കെ.വി ജി.

എഡിറ്റോറിയൽ

ചരിത്രത്തിന്റെ ചക്രവാളങ്ങളിൽ അപൂർവ്വമായി മാത്രം പ്രത്യക്ഷപ്പെടാറുള്ള നക്ഷത്ര ദീപ്തികളിൽ ഒന്നായിരുന്നു മഹാത്മാഗാന്ധി. നൂറ്റാണ്ടുകളോളം അടിമത്വത്തിൽ ആണ്ടുകിടന്ന ഒരു ജനതയെ അദ്ദേഹം സ്വാതന്ത്ര്യത്തിന്റെ ഗോപുരവാതായനങ്ങളിലേയ്ക്കു നയിച്ചു.

ആ സ്വാതന്ത്ര്യം ഏതു രീതിയിൽ സംവിധാനം ചെയ്യണം എന്നതിനെപ്പറ്റി അദ്ദേഹം സമഗ്രമായ മാർഗ്ഗനിർദ്ദേശം നല്കുകയും ചെയ്തു. പല തരത്തിലുള്ള പ്രതികൂലസാഹചര്യങ്ങൾക്ക് നടുവിൽപ്പെട്ടുഴലുന്ന ഈ രാജ്യത്ത് ഇന്നും ആശ്രയം ഗാന്ധിജിയും ഗാന്ധിജിയുടെ ആദർശങ്ങളും തന്നെ. ആസൂത്രണപ്രക്രിയ ഗാന്ധിജിയെയും നെഹ്രുവിനെയും ഒന്നും വിസ്മരിച്ചുകൊണ്ട് ഇന്ത്യയിലൊരിക്കലും സാദ്ധ്യമല്ല.

ഗ്രാമസ്വരാജ് എന്ന സങ്കല്പം യാഥാർത്ഥ്യത്തിന്റെ തങ്കത്തേരേറിയപ്പോൾ മലയാളത്തിന്റെ മനസ്സുകളിൽ വസന്തം പൊട്ടിവിരിഞ്ഞു.

1997 ഫെബ്രുവരിയിൽ 9-ാം പഞ്ചവത്സരപദ്ധതി ആരംഭിക്കുന്നു. ജനകീയ പങ്കാളിത്തത്തോടെ പദ്ധതി താഴെത്തട്ടിൽ നിന്നാരംഭിക്കാനുള്ള കേരള സർക്കാരിന്റെ പുത്തൻ കാൽവയ്പ് ഒരു നവയുഗത്തിലേക്കുള്ള പ്രയാണത്തിന്റെ ഭദ്രദീപം കൊളുത്തലാണ്.

ജാതിമത-കക്ഷിരാഷ്ട്രീയ താല്പര്യങ്ങളുടെ ഞാണൊലി കേൾക്കാതെ കർമ്മബോധത്തിന്റെ സാംസ്ക്കാരിക പൈതൃകം നാം ഏറ്റെടുക്കുകയാണ്. മുക്കത്തു കൈവിരൽ വച്ചുനില്ക്കുന്ന മാമൂലുകൾ പലതും വഴി മാറേണ്ടതുണ്ട്. അല്ലെങ്കിൽ മാറ്റേണ്ട തുണ്ട്.

പഞ്ചായത്തു തലത്തിൽ നമുക്ക് നേടാൻ ഏറെയുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരിനെക്കൊണ്ടോ - പഞ്ചായത്തിനെക്കൊണ്ടോ മാത്രം പരിഹരിക്കപ്പെടാവുന്ന ഒന്നല്ലിത്. നമുക്ക് വേണ്ടത് നാം കൂട്ടായിയത്നിച്ച് നേടുക. അധികാരം ജനങ്ങളിലേക്ക് നല്കുമ്പോൾ വേണ്ടതും അതല്ലേ? പഞ്ചായത്തുകളിൽ ജനകീയാസൂത്രണ സമിതിക്ക് രൂപം കൊടുത്തതും അതിന്റെ മുന്നോടിയായിട്ടാണ്. വരുംകാല വർഷങ്ങളിൽ നമ്മുടെ വാർഡുകളിൽ ചെയ്യേണ്ട വികസന പ്രവർത്തനങ്ങളുടെ രൂപവും ഭാവവും ഗ്രാമസഭകളിൽ ആർത്തിരമ്പി. മുൻഗണനാക്രമത്തിൽ ആ വിഷയങ്ങളെ കോർത്തിണക്കിയാണ് കോർഗ്രൂപ്പുകൾ റിപ്പോർട്ടു തയ്യാറാക്കിയിട്ടുള്ളതും. അവയെ പങ്കുവയ്ക്കാനും ഉൾക്കൊണ്ട് പ്രാവർത്തികമാക്കാനുമുള്ള ഉത്തരവാദിത്വമാണ് നമ്മളിൽ അർപ്പിതമായിരിക്കുന്നത്. കുറ്റങ്ങളും കുറവുകളും കണ്ടേക്കാം. അപൂർണ്ണതയിൽ നിന്നും പൂർണ്ണതയിലേക്കുള്ള യാത്രയാണല്ലോ ഇത്?

ഈ റിപ്പോർട്ടു തയ്യാറാക്കുന്നതിനുവേണ്ടി സഹായിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാ വകുപ്പു ഉദ്യോഗസ്ഥന്മാർക്കും നാട്ടു വാർത്ത പകർന്നു നല്കിയ മാന്യ മഹാജനങ്ങൾക്കും തികഞ്ഞ സേവന മനസ്ഥിതിയോടെ പ്രവർത്തിച്ച കോർഗ്രൂപ്പിനും പഞ്ചായത്തധികാരികൾക്കും ഡി. ആർ. പി. മാർക്കും മറ്റെല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചുകൊണ്ട്; ഈ വികസനരേഖ നമ്മുടെ കർമ്മഭൂമിയിൽ ഒന്നിച്ചൊരായിരം പുഷ്പങ്ങൾ വിരിയിക്കട്ടെ എന്നാശിക്കുന്നു.


ആശംസകളോടെ

എഡിറ്റർ.

9-ാം പദ്ധതി ജനകീയ പദ്ധതി

"ഗാമപഞ്ചായത്ത്
വികസന സെമിനാർ"

സമഗ്ര
വികസന രേഖ



എഴുപുന്ന ഗ്രാമപഞ്ചായത്ത്

എഴുപുന്ന ഗ്രാമപഞ്ചായത്ത്
ഇവർ സാരഥികൾ

പ്രസിഡൻറ്



കെ.കെ. വിജി

വൈ: പ്രസിഡൻറ്



പി.എ. ഫ്രാൻസിസ്

സ്റ്റാൻറിങ് കമ്മറ്റി
ചെയർമാൻ



ആർ.ഏ.മുരളീധരൻ



ഫിലോമിനാ വർഗീസ്



കെ.സി. പുരുഷോത്തമൻ




റോസിലി ടീച്ചർ




ഷീലാ ജോൺസൺ



കെ.എസ്സ്. ധനജ്ജയൻ



അഷറഫ് പുല്ലുവേലിൽ



കെ.വി. അശോക് കുമാർ



വി.പി. സ്വാമിനാഥൻ
(സെക്രട്ടറി)


മുൻ പ്രസിഡൻറുമാർ



പി.വി വർക്കിത്തരകൻ



രാമകൃഷ്ണപ്പണിക്കർ



എൻ.കെ. കുര്യാക്കോസ്



വി.എ. രാജൻ




കെ.എസ്. ധനഞ്ജയൻ




കെ. തങ്കപ്പൻ


ജില്ലാ - ബ്ലോക്ക് പഞ്ചായത്തു മെമ്പേഴ്സ്



കെ.രാജീവൻ
(ജില്ലാമെമ്പർ)




അസ്സീസ് പായിക്കാട്
(ബ്ലോക്കുമെമ്പർ)




കെ. ഉമേശൻ
(ബ്ലോക്കുമെമ്പർ)

എഡിറ്റർ



എഴുപുന്ന രാധാകൃഷ്ണൻ
(കൺവീനർ, ജനകീയാസൂത്രണ സമിതി)

സ്റ്റാഫ്



എഴുപുന്ന ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള സ്റ്റാഫ്

ഉത്തരവുകളുടെ ഡിവിഷനുകൾ

വിഷയവിവരം

	പേജ്
1. ആമുഖം	3
2. പഞ്ചായത്ത് പൊതുവിവരണം	5
3. സാമൂഹിക-സാംസ്കാരിക ചരിത്രം	6
4. ഭൂപ്രകൃതി, ജനപ്രകൃതി-ജലപ്രകൃതി	11
5. സാമൂഹിക-സാമ്പത്തിക മേഖലകൾ	14
5-1 കൃഷിയും ജലസേചനവും	16
5-2 മൃഗസംരക്ഷണവും മത്സ്യബന്ധനവും	25
5-3 വ്യവസായം	30
5-4 വിദ്യാഭ്യാസം	38
5-5 കുടിവെള്ളവും പൊതുജനാരോഗ്യവും	42
5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	49
5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും	68
5-8 സംസ്ക്കാരം	74
5-9 വനിത	81
5-10 സഹകരണം	85
5-11 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം	88
5-12 വിഭവസമാഹരണം - ടൂറിസം	93
5-13 വൈദഗ്ധ്യ പോഷണ പരിപാടി	97
6. പ്രവർത്തനരേഖ	99
7. ഉപസംഹാരം	101

1

ആമുഖം

അടിമത്വത്തിന്റെ ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ് 1947 ആഗസ്റ്റ് 15 ന് സ്വതന്ത്രഭാരതം നിലവിൽ വന്നു. പിന്നിട്ട വർഷങ്ങൾ പദ്ധതികളുടെ നേട്ടങ്ങളായിരുന്നു. നവഭാരത ശില്പികൾ കരുപ്പിടിപ്പിച്ച പരിവർത്തനത്തിന്റെ നാളുകൾ. ജവഹർലാൽ നെഹ്രുവും പട്ടേലും മരുഭൂമികളിൽ തുറന്നു വിട്ട ഭക്രാനംഗൽ ഹരിതവിപ്ലവത്തിന്റെ ജയഭേരി മുഴക്കി. ഉണ്ണാനും ഉടുക്കാനും ഉറങ്ങാനും വകയില്ലാതെ മുഖം പൊത്തി നിന്ന ഭാരതം ഇന്ന് മൊട്ടുസൂചി മുതൽ ആറ്റംബോംബുവരെയുള്ള യുഗത്തിൽ എത്തിനില്ക്കുന്നതും പദ്ധതികളുടെ കെട്ടുറപ്പുകൊണ്ടുതന്നെ. ആസൂത്രണ പ്രക്രിയയിലൂടെ മാത്രമേ സാമ്പത്തിക വികസനം സാദ്ധ്യമാകൂ എന്ന കാഴ്ചപ്പാട് സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽത്തന്നെ നേതാക്കളിൽ നാമ്പിട്ടു നിന്നിരുന്നു. അതുകൊണ്ട് എല്ലാം തികഞ്ഞു എന്നർത്ഥമില്ല.

ഗ്രാമസ്വരാജിന്റെ പ്രസക്തി അധികാരകരങ്ങളിൽ ഉറങ്ങിക്കിടന്നത് പദ്ധതിയുടെ കീഴെത്തട്ടിലുള്ള നടത്തിപ്പിനെ ആവോളം പ്രയോജനപ്പെടുത്താൻ മാനവരാശിക്കു കഴിഞ്ഞിട്ടില്ല. ജനതാല്പര്യങ്ങൾ ഭരണത്തിന്റെ അമരത്ത് എവിടെയോ അമരുന്നുണ്ടായിരുന്നു. ചെറുതും വലുതുമായി മാറിമാറിവന്ന അധികാരികളിൽ അതു പ്രകടമായിരുന്നു.

മേലേനിന്ന് താഴോട്ടൊഴുകുന്ന പദ്ധതികൾ പ്രയാണത്തിനിടയിൽ തന്നെ പതറിപ്പോയിരുന്നു? കീഴെത്തട്ടിലുള്ളവരുടെ ആശയും ആവേശവും പ്രതിപത്തിയും ഉൾക്കൊള്ളാൻ കഴിയാതിരുന്നതാണ് ഒരു പക്ഷെ ഇതിനു കാരണം. ഇതു മനസ്സിലാക്കിക്കൊണ്ട് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനായി 1957-ൽ ബൽവന്ത്റായി മേത്തായുടെ നേതൃത്വത്തിൽ ഒരു കമ്മറ്റിയെ നിയോഗിക്കപ്പെട്ടിരുന്നു. സാമൂഹ്യ വികസന രംഗത്ത് ജനപങ്കാളിത്വം ഉറപ്പുവരുത്തുന്നതിനും ആസൂത്രിത വികസനം ഗ്രാമതലത്തിൽ സാധിതപ്രായമാക്കാൻ ഉള്ള നിർദ്ദേശം ഈ കമ്മറ്റിയാണ് മുന്നോട്ടുവച്ചത്. ദേശീയ വികസനവും സാമ്പത്തിക വളർച്ചയും കൈവരിക്കാൻ ഉതകുന്ന ഒട്ടേറെ കർമ്മ പദ്ധതികൾ ജവഹർലാൽ നെഹ്രു ചെയർമാൻ ആയി രൂപം കൊണ്ട പ്ലാനിംഗ് കമ്മീഷൻ തയ്യാറാക്കി. ഈ കർമ്മ പരിപാടികളുടെ ചട്ടക്കൂട്ടിൽ നിന്നു കൊണ്ടാണ് പഞ്ചവത്സര പദ്ധതിക്ക് തുടക്കമിട്ടത്.

നവാശയമല്ലെങ്കിലും കേരളം ആസൂത്രണ രംഗത്ത് ഒരു പരീക്ഷണശാലകൂടി തുറക്കുകയാണ്. അടിത്തട്ടിൽനിന്ന് മേൽത്തട്ടിലേക്ക് ഒരു ഗതിമാറ്റം ആവിഷ്ക്കരിക്കപ്പെട്ട ആസൂത്രണ തന്ത്രം. ആസൂത്രണത്തിലും വികസനപ്രവർത്തനത്തിലും ജനതക്കാകെ തുല്ല്യ പങ്കാളിത്തം.

ഇന്ത്യൻ ജനാധിപത്യ ഫെഡറൽ സംവിധാനത്തിൽ ആസൂത്രണ പ്രക്രിയകൾ സാർഥകവും സമ്പൂർണ്ണവുമായിത്തീരുന്നതിന് അധികാരവികേന്ദ്രീകരണം സാധ്യമാക്കണമെന്നും അതിനായി ത്രിതല പഞ്ചായത്ത് ഭരണസംവിധാനം രൂപപ്പെടുത്തണമെന്നും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അധികാരാവകാശങ്ങളും സ്വന്തമായ ധനാഗമനമാർഗ്ഗവും ഉണ്ടായിരിക്കണമെന്ന് ബൽവന്ത്റായി മേത്താ കമ്മറ്റി ശുപാർശ ചെയ്തു. 1986-ൽ എൻ.എം. സിംഗ്വി കമ്മറ്റിയുടെ റിപ്പോർട്ട് മുഖവിലക്ക് എടുത്തുകൊണ്ട് പ്രതിപക്ഷം എതിർത്തിട്ടുപോലും രാജീവ്ഗാന്ധി വികസന പരിപാടികളുടെ ജനാധിപത്യപരമായ വികേന്ദ്രീകരണത്തിന് വ്യക്തവും മൂർത്തവുമായ അടിസ്ഥാനമൊരുക്കിയ പഞ്ചായത്തീരാജ് നഗരപാലികാബില്ലിന് രൂപം കൊടുത്തു.

ജാതി-മത-രാഷ്ട്രീയ ഭിന്നതകൾക്കതീതമായി ഒരു യത്നം ഉറപ്പുവരുത്തുവാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്നത് തീർച്ചയാക്കുകയാണ് ലക്ഷ്യം- 9-ാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി കേരളസർക്കാർ പ്രഖ്യാപിച്ചിരിക്കയാണ്. ഇതിനെ വികസന പന്ഥാവിലെ ഒരു 'നാഴികക്കല്ല്' എന്ന് വേണമെങ്കിൽ വിശേഷിപ്പിക്കാം. അധികാരത്തോടൊപ്പം സമ്പത്തും (40% പദ്ധതി വിഹിതം)

പഞ്ചായത്തുകൾക്ക് നല്കുമെന്നതിനാൽ ജനതാല്പ
ര്യങ്ങൾ സംരക്ഷിക്കും എന്ന സ്ഥിതിവിശേഷം വളർ
ത്തും. പഞ്ചായത്തുകൾക്കുള്ള സർക്കാർ വിഹിതം
(40%) കേരളാസർക്കാ രിന്റെ 60%ൽ പ്പെട്ട സ്കീമുകൾ,
കേന്ദ്രസർക്കർ ഫണ്ട്, ബാഹ്യവികസന ഏജൻസിക
ളിൽ നിന്നും സന്നദ്ധ സംഘടനകൾ വഴി ലഭിക്കുന്ന
വികസന ഫണ്ടുകൾ, നികുതി വരുമാനം, എല്ലാറ്റിനും
പുറമേ ജനകീയ സംഭാവനകൾ (പണം, വിഭവങ്ങൾ,
അദ്ധ്വാനം) തുടങ്ങിയ വികസന പ്രക്രിയയെ ത്വരിത
പ്പെടുത്തുന്ന സ്രോതസ്സുകൾ പലതാണ്. ഗ്രാമപ്പഞ്ചായ
ത്തുകളും കേരളവും ഇന്നഭിമുഖീകരിക്കുന്ന വികസന
പ്രതിസന്ധിക്ക് പൂർണ്ണമായല്ലെങ്കിലും ഭാഗികവും
തൃപ്തികരവുമായ പരിഹാരം കാണാൻ ഈ പുത്തൻ
ആസൂത്രണത്തിന് കഴിയും എന്നു കരുതുന്നു. ബഹു
ജന പങ്കാളിത്തം ഫലപ്രദമാകുമ്പോൾ സ്വാഭാവിക
മായും നിലവിലുള്ള സ്ക്കീമുകളുടേയും ഏറ്റെടുക്കാൻ
പോകുന്ന പ്രവൃത്തികളുടേയും നടത്തിപ്പ് കാര്യക്ഷ
മതയോടും, അതിവേഗതയോടും സസന്തോഷം നിർ
വ്വഹിക്കാൻ കഴിയുമെന്നു മാത്രമല്ല അഴിമതിയുടെ
എല്ലാ കവാടങ്ങളും നിയന്ത്രിക്കാനും കഴിയുകയും
ചെയ്യും.

എഴുപുന്ന ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ
പ്രവർത്തനം ആരംഭിച്ചത് സെപ്തംബർ 26 നോടുകൂടി
യാണ്. അന്നാണ് വാർഡുതലത്തിൽ നിന്നു പ്രത്യേകം
തെരഞ്ഞെടുക്കപ്പെട്ടവരെ പങ്കെടുപ്പിച്ച് ഒരു ശില്പ
ശാല എരമല്ലൂർ N.S.S. ഹാളിൽ നടത്തിയത്. അതി
നുശേഷം ഒക്ടോബർ 2 മുതൽ 13 വരെ ചേർന്ന സ്പെ
ഷ്യൽ ഗ്രാമസഭകൾ വാർഡുതലത്തിൽ നടത്തേണ്ട
വിവിധ വികസനങ്ങളെക്കുറിച്ച് അപഗ്രഥിച്ച് ചർച്ചകൾ
നടത്തുകയും സൃഷ്ടിരപവും പ്രയോജനപ്രദവുമായ
നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു. 1996 നവ
മ്പർ 15-ാം തീയതി രണ്ടാം ഘട്ട ശില്പശാല എരമല്ലൂർ
സെൻറ് ജൂഡിൽ നടത്തി. തുടർന്ന് ഗ്രാമസഭാ റിപ്പോർ
ട്ടുകളുടെ ക്രോഡീകരണം, കോർഗ്രൂപ്പ് രൂപീകരണം,
വാർഡുതല ഭൂപട നിർമ്മാണവും, വിഭവ പടനിർമ്മാ
ണവും സർവ്വെകളും, സ്ഥിതി വിവരക്കണക്കു ശേഖര
ണവും നടന്നു. വിവിധ സേവനങ്ങൾക്ക് നിരവധി
വാളണ്ടറിയന്മാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.
അർപ്പണമനോഭാവത്തോടെ സേവന മനസ്ക്കരായി
വന്ന ഇവരുടെ സഹകരണം എത്ര നന്ദി പറഞ്ഞാലും
മതിവാരാത്തതാണ്. 1996 നവംബർ 1 ന് ഒന്നാം വാർ
ഡിൽ പുളിക്കൽ നിന്ന് പടിഞ്ഞാറോട്ട് 220 മീറ്റർ നീള
ത്തിൽ ജനകീയാസൂത്രണത്തിലൂടെ വിഭവസമാഹ
രണത്തിലൂടെ റോഡ് നിർമ്മിച്ചു. 67 പേരുടെ മനു
ഷ്യാദ്ധ്വാനം ഇതിനുണ്ടായി. പഞ്ചായത്തിലെ 10
വാർഡുകളിലും ജനകീയാസൂത്രണത്തിലൂടെ റോഡ്
നിർമ്മിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. അതിലേ
ക്കുള്ള എസ്റ്റിമേറ്റ് തയ്യാറായിക്കൊണ്ടിരിക്കുന്നു.
വഴിയാത്രകൾക്ക് ദുരിതം വിതച്ചുനിന്ന ഒട്ടനവധി
ഗ്രാമീണർക്ക് ആശ്വാസത്തിൻറ തെളിനീരു പകരാൻ
ഈ റോഡുകൾ സഹായകമാവും എന്നാശിക്കട്ടെ.
അവർക്കെല്ലാം ആവശ്യമായ കുടിനീരിനുവേണ്ടി പദ്ധ
തികൾക്ക് രൂപം കൊടുത്തുവരുന്നു. പരിസ്ഥിതി പ്ര
ശ്നങ്ങളും, മലിനീകരണ ദുരീകരണത്തിനും പരി
ഹാരമാർഗ്ഗങ്ങൾ ആവിഷ്കരിച്ചുവരുന്നു.

1996 മാർച്ച് ഒന്നുമുതൽ ആരോഗ്യസെമിനാറുകൾ.
സാമൂഹ്യ ഐക്യദാർഢ്യ ദിനാചരണത്തോടനുബ
ന്ധിച്ച് തച്ചവീട് I.H.D.P. കോളണിയിൽ ആരോഗ്യ
ക്ലാസ്സ്, ആരോഗ്യബോധന ക്ലാസ്സ്, സാക്ഷരതാ സമിതി
പഞ്ചായത്തുതല സെമിനാർ, അംഗൻവാടികളിൽ
വനിതാ-ശിശുക്ഷേമ ക്യാമ്പ്, പകർച്ചവ്യാധി പടർന്നു
പിടിക്കാതിരിക്കുന്നതിനുവേണ്ടിയുള്ള പ്രതിരോധ
വിജ്ഞാപനം, ജാപ്പാനീസ് ജ്വരത്തിനെതിരായ മരുന്നു
വിതരണം വാർഡുതോറും മെഡിക്കൽക്യാമ്പുകൾ
എന്നിവ നടത്തി.

നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനു
തല്പരരായ സേവന സന്നദ്ധരുടെ കൂട്ടങ്ങൾ പലവാർ
ഡിലും രൂപീകരിച്ചു കഴിഞ്ഞു. റിട്ടയേർഡ് ഉദ്യോഗ
സ്ഥന്മാരുടേയും ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥ
ന്മാരുടേയും രാഷ്ട്രീയ-സാമുദായിക ചിന്താഗതികൾ
ക്കതീതമായി ജനസഹായം ഈ പദ്ധതിക്ക് നന്നായി
ലഭിക്കും എന്നാണ് പ്രതീക്ഷ. ജനപ്രതികരണം
അർത്ഥശങ്കക്ക് ഇടവരാത്തവിധം പ്രോത്സാഹനജന
കമാണിപ്പോൾ. അവരുടെ കൊച്ചു കൊച്ചു സ്വപ്ന
ങ്ങൾ പൂവണിയാൻ കഴിഞ്ഞാൽ നമ്മുടെ ഈ അശ്വ
രഥം നിർവിഘ്നം ജൈത്രയാത്ര തുടരും എന്ന് പ്രത്യാ
ശിക്കുകയാണ്.

എഴുപുന്നപ്പഞ്ചായത്തിലെ ബഹുജനശക്തിയെ
കെട്ടൂരി വിട്ടുകൊണ്ട് ജനകീയാസൂത്രണവും നിർവ്വഹ
ണവും ഒരു സത്യമാക്കാൻ ഇതിഹാസത്തിൻറെ യുഗ
പ്രതിഭകൾ നമ്മെ വെല്ലുവിളിക്കുകയാണ്. പ്രതിബന്ധ
ങ്ങളെ വാഴനാരുപോലെ പൊട്ടിച്ചെറിഞ്ഞുകൊണ്ട്
വെല്ലുവിളി സധൈര്യം നേരിടാനുള്ള കച്ചവലിച്ചു മുറു
ക്കി ആഹ്ലാദത്തുടിപ്പോടെ എഴുപുന്നപ്പഞ്ചായത്തിൻറെ
സമഗ്രവികസന രേഖ നല്ലൊരു നാളെയുടെ ഉദയ കിര
ണങ്ങളേകാനുള്ള മഹായജ്ഞത്തിൽ നമുക്കൊന്നായ്
പങ്കുചേരാം. അതൊരു പ്രതിജ്ഞയായിരിക്കട്ടെ!

2

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	-	എഴുപുന്ന ഗ്രാമപ്പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	-	എഴുപുന്ന, അരൂർ
ബ്ലോക്കുപഞ്ചായത്ത്	-	പട്ടണക്കാട്
ബ്ലോക്കു ഡിവിക്ഷൻ	-	മമ്മനാട് (ഭാഗീകം), എരമല്ലൂർ
താലൂക്ക്	-	ചേർത്തല
ലോകസഭ	-	ആലപ്പുഴ - ശ്രീ. വി.എം. സുധീരൻ M.P.
അസംബ്ളി മണ്ഡലം	-	അരൂർ - ശ്രീമതി. കെ.ആർ. ഗൗരി അമ്മ M.L.A.
ജില്ലാപ്പഞ്ചായത്ത്	-	അരൂർ
വിസ്തീർണ്ണം	-	14.08 ച. കി. മീ.
അതിരുകൾ	-	കിഴക്ക് : വേമ്പനാട്ടുകായൽ
		പടിഞ്ഞാറ് : ചക്കരച്ചാൽ
		തെക്ക് : കോടംതുരുത്ത് പഞ്ചായത്തതിര്
		വടക്ക് : അരൂർ -കുമ്പളങ്ങി പഞ്ചായത്തുകാ
ജനസംഖ്യ (1991)	-	23653
പുരുഷന്മാർ	-	11625
സ്ത്രീകൾ	-	12028
ജനസാന്ദ്രത	-	1680
അക്ഷരാഭ്യാസമുള്ളവർ	-	19115
വാർഡുകൾ	-	10
പ്രസിഡൻറിന്റെ പേര്	-	കെ. കെ. വിജി
വൈ: പ്രസിഡൻറ്	-	പി. എ. ഫ്രാൻസീസ്
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ	-	ആർ. എ. മുരളീധരൻ

3

സാമൂഹ്യ-സാംസ്കാരിക ചരിത്രം

കൈനിക്കരമന, കോവിലകത്തുമന, ചെറുവള്ളിൽമന, പുതുക്കുളങ്ങരമന, മുട്ടത്തിമന, വാടക്കകത്തുമന, പിള്ളേഴത്തു മന ഇങ്ങനെ ഏഴുമനകളായിരുന്നു. ഇതിനെ എഴുമന എന്നാദ്യം വിളിച്ചു പോന്നു. എഴുമന കാലാന്തരത്തിൽ എഴുപുന്നയായി മാറി എന്നാണ് പഴമക്കാരുടെ ഏകകണ്ഠമായ അഭിപ്രായം.

ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് ഇവർ പടയേഭയന്ന് വിലപിടിപ്പുള്ളതെല്ലാം കിണറ്റിലെറിഞ്ഞ് തെക്കോട്ടു കടന്നു. പടയാകട്ടെ ആലുവായിലെത്തി പെരിയാറിന്നക്കരെ നിന്നതേയുള്ളൂ. ആറ്റിലെ വെള്ളപ്പൊക്കം അവർക്ക് ഇക്കരെ എത്താൻ പ്രതിസന്ധി സൃഷ്ടിച്ചു. പട തിരിച്ചുപോയി. അന്ന് ചേർത്തല മുതൽ വടക്കോട്ട് ചെല്ലാനം ഉൾപ്പെടെയുള്ള പ്രദേശം കൊച്ചിയുടെ പരിധിയിൽ ഉൾപ്പെട്ടിരുന്നു. എഴുമന നമ്പൂതിരിമാർക്ക് പാചകം വയ്പ്പിന് വന്ന വൈപ്പിൻ മനക്കാർക്ക് കുത്തിയതോടിനിപ്പുറം വിട്ടുകൊടുത്തുവെന്നും എഴുപുന്നയെല്ലാം പിന്നീടവരുടെ കരയായിരുന്നെന്നും പറയുന്നു. 'വയ്പ്പുകാർ' എന്ന് പറഞ്ഞു പറഞ്ഞ് 'വൈപ്പിൻ' മനക്കാരായെന്നും കഥയുണ്ട്. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ഭരണകാലത്ത് പണത്തിനു ദാരിദ്ര്യം ഉണ്ടായെന്നും ജനങ്ങൾക്കു ദോഷം വരാത്ത വിധം പണമുണ്ടാക്കണമെന്നും കല്പന പുറപ്പെടുവിച്ചു. തുടർന്ന് അന്ന് കൊച്ചിയിലെ 'മുതലിയാർ' സ്വർണ്ണത്തിന്റെ ഒരു തൂശനില തീർപ്പിച്ച് മഹാരാജാവിന് കാഴ്ചവച്ചെന്നും അതിൽ ചെട്ട്യാർ വംശനേതാവ് സ്വർണ്ണത്തിന്റെ അഞ്ച് അപ്പം തീർപ്പിച്ച് വെച്ചപ്പോൾ ചെട്ട്യാർക്ക് 'അഞ്ചപ്പച്ചെട്ട്യർ' എന്ന സ്ഥാനം നല്കിയെന്നും അവരുടെ വാസസ്ഥലമായിരുന്ന എഴുപുന്നയിലെ ചെട്ട്യാതെരുവ് പിന്നീട് ചെട്ടുതെരുവും അതിനുശേഷം കുമാരപുരവും ആയെന്നും കേഴ്വിയുണ്ട്. വൈപ്പിൻ മനക്കാർ പിന്നീട് ആധിപത്യം തുടർന്നു.

'ഇരമൻ' എന്ന കുടുംബപ്രമാണി കരനാഥൻ ആയതിനെ ചൊല്ലിയോ രണ്ടു മല്ലന്മാർ താമസിച്ചിരുന്ന ഇവിടം അവരെ 'ഇരുമല്ലർ' എന്നു വിളിച്ചു പോന്നെന്നും ഇരുമല്ലർ പറഞ്ഞു പറഞ്ഞ് കാലാന്തരത്തിൽ ഇരമല്ലൂർ ആയെന്നുമാണ് പറയുന്നത്. എരമല്ലൂരിനു തെക്കു കിഴക്കുള്ള കാക്കത്തുരുത്ത് കാക്ക ചേക്കേറുന്ന തുരുത്തായകൊണ്ട് അങ്ങനെ വിളിച്ചു പോന്നു. എഴുപുന്നക്കരയോടു ചേർന്നു കിടക്കുന്ന കരിനിലച്ചാർത്തണിഞ്ഞ കരയെ നീണ്ടകര എന്നു പറയുന്നു. നീണ്ടകരയുടെ വടക്കു ഭാഗത്ത് പണ്ട് കാടായിരുന്നതെന്നും അവിഹിത സന്തതികളെ കായൽ നീന്തിക്കടന്ന് ആ കാട്ടിൽ എറിഞ്ഞിരുന്നു. "പിള്ളേ-ഏറ്" (പിള്ളയെ എറിയുന്ന കാട്) പിള്ളേർകാടായി. അതിനുതൊട്ടു വടക്കുള്ള കൊച്ചു ദ്വീപാണ് നരിയാണ്ടി. നരിയെ ആണ്ടുന്ന ദ്വീപായിരുന്നു. അതാണ് ജനവാസം തുടങ്ങിയപ്പോൾ നരിയാണ്ടി ആയത്. വെള്ളക്കെട്ടുകളും കുറ്റിക്കാടുകളും നിറഞ്ഞതായിരുന്നു. ഈ പ്രദേശം ഇതെല്ലാം കൂടിച്ചേർന്നതാണ് ഗ്രാമീണസുന്ദരമായ എഴുപുന്നപ്പഞ്ചായത്ത്.

14.08 ച. കിലോമീറ്റർ വിസ്തീർണ്ണമാണ് ഈ പഞ്ചായത്തിനുള്ളത്. എഴുപുന്നയുടെ നീളം 6 മൈൽ ആണ്. ആലപ്പുഴ ജില്ലയുടേയും ചേർത്തല താലൂക്കിന്റേയും വടക്കു പടിഞ്ഞാറെ അറ്റത്തായി ഈ പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. 1986ൽ അരൂർ വില്ലേജ് വിഭജിച്ചപ്പോൾ ഈ പഞ്ചായത്ത് എഴുപുന്ന വില്ലേജ് ആയി രൂപം കൊണ്ടു. വില്ലേജ് യൂണിയൻ എന്ന പേരിലാണ് പഞ്ചായത്തിന്റെ ആദ്യ രൂപീകരണം. എഴുപുന്ന വില്ലേജും കാക്കത്തുരുത്തിന്റെ വടക്കേ അറ്റത്തെ അരൂർ വില്ലേജിന്റെ അല്പം ഭാഗവും കൂടി ചേർന്നതാണ് എഴുപുന്ന പഞ്ചായത്ത്.

അരൂർ, ചന്തിരൂർ, എരമല്ലൂർ, എഴുപുന്ന എന്നീ നാലുകരകൾ കൂടി ചേർന്ന അരൂർ പഞ്ചായത്തായിരുന്നു പ്രാരംഭം. ഗ്രാമീണ വളർച്ചയ്ക്കായി ഗ്രാമോദ്ധാരണ

സമിതികളും അന്ന് ഉടലെടുത്തിരുന്നു. ഇതിനുശേഷമാണ് എഴുപുന്ന, എരമല്ലൂർ കരകളെ ഉൾപ്പെടുത്തി 1953 ൽ എഴുപുന്നപഞ്ചായത്തിന് ജന്മം കൊടുക്കുന്നത്. അപ്പോൾ എഴുപുന്നയിൽ 6070 ഉം എരമല്ലൂരിൽ 6000 പേരുമാണ് ജനസംഖ്യ കാണുന്നത്. തുടക്കത്തിൽ 6 വാർഡുകളും 7 മെമ്പർമാരുമാണ് ഉണ്ടായിരുന്നത്. പഞ്ചായത്തിന്റെ ആദ്യ കമ്മറ്റി 10.8.1953 ൽ എഴുപുന്ന 953-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിൽ വച്ചാണ് കൂടുന്നത്. പഞ്ചായത്തീരാജ്, സ്വാതന്ത്ര്യദിനാഘോഷം എന്നിവയെക്കുറിച്ച് ആ യോഗം തീരുമാനങ്ങൾ എടുത്തതായി രേഖകൾ ചൂണ്ടിക്കാണിക്കുന്നു.

എഴുപുന്ന മേച്ചേരിൽ ഗോപാലൻ നായരുടെ വീട് 7 രൂപാക്ക് വാടകക്കെടുത്താണ് പഞ്ചായത്തിന്റെ ആദ്യ ഓഫീസ് പ്രവർത്തിച്ചിരുന്നത്. 15-8-53 മുതൽ 31-10-53 വരെ ഓഫീസ് അവിടെയായിരുന്നു. 1-11-53ൽ ഓഫീസ് കണ്ണാട്ടു കൊച്ചുവർക്കിയുടെ വാടകക്കെട്ടിടത്തിലേക്ക് മാറ്റി. 1953 ആഗസ്റ്റ് 15-ാം തീയതി പഞ്ചായത്ത് ഡയറക്ടർ ആർ കേശവൻ നായർ ഉൽഘാടനം ചെയ്തു. 'എഴുപുന്ന എരമല്ലൂർ'പഞ്ചായത്ത് എന്നു നാമകരണം ചെയ്യണം എന്ന വാദഗതി അന്ന് ശക്തിപ്പെട്ടിരുന്നു. എഴുപുന്നയും എരമല്ലൂരും ഭാവിയിൽ രണ്ടായി വിഭജിക്കും അതുകൊണ്ട് ആഫീസ് വേണ്ടെന്നും തീരുമാനിച്ചതായി രേഖകൾ ഉണ്ട്. ഈ കാലഘട്ടത്തിൽ കുത്തിയതോട് പോസ്റ്റാഫീസിന്റെ പരിധിയിലായിരുന്നു ഈ പഞ്ചായത്ത്.

ഒരു വർഷത്തിനുശേഷം പഞ്ചായത്തിന്റെ ആസ്ഥാനം എരമല്ലൂർ കോസ്റ്റൽ കവലക്കു തെക്കുമാറി കിഴക്കുവശത്തായി (N. H. ന്റെ) Dr: കെ. കൊച്ചയ്യപ്പന്റെ കെട്ടിടത്തിലേക്കു മാറി. 9-5-66 - ൽ ഇപ്പോഴത്തെ ആസ്ഥാനമായ കെട്ടിടത്തിലേയ്ക്കു മാറ്റി. ആദ്യ പ്രസിഡൻറായി പാറായിൽ ശ്രീ. പി. വി. വർക്കിത്തരകൻ ഏകകണ്ഠ്യേന തെരഞ്ഞെടുത്തു. 1-ാം വാർഡിൽ നിന്ന് ശ്രീ. കെ. ആർ. കുഞ്ഞൻ-വെളീപ്പറമ്പ്, 2-ൽ ശ്രീ. പി. വി. വർക്കിത്തരകൻ-മംഗലമുറ്റത്തു പാറായിൽ, 3-ൽ ശ്രീ. എം. കെ. നാരായണപ്പണിക്കർ-മറ്റപ്പെള്ളിൽ, 4-ൽ ഡോ: കെ. കൊച്ചയ്യപ്പൻ-കോങ്കേരിൽ, 5-ൽ ശ്രീ എം. കെ. നിക്കോവ്-മുരിക്കുതറ, 6-ൽ ശ്രീ. പി. വിശ്വനാഥപ്പണിക്കർ, പട്ടികജാതി/പട്ടികവർഗ്ഗത്തിൽ നിന്ന് ശ്രീ. എം. ടി. പത്മനാഭൻ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ഇതിൽ സർവ്വശ്രീ. പി. വി. വർക്കിത്തരകൻ, എം. കെ. നിക്കോവ് എന്നിവർ ഐകകണ്ഠേന തെരഞ്ഞെടുത്തിരുന്നു. ശ്രീ. പി. വിശ്വനാഥപ്പണിക്കർ രാജിവച്ച ഒഴിവിലേക്ക് ശ്രീ. സി. ആർ. കരുണാകരൻ-ചെന്നേഴുത്ത് തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. വർക്കിത്തരകൻ പത്തു വർഷത്തോളം പ്രസിഡൻറായിരുന്നു. അരൂർ വില്ലേജ് യൂണിയൻ പ്രസിഡൻറ്, പഞ്ചായത്തു പ്രസിഡൻറ്, ആലപ്പുഴ ഡി.സി.സി. പ്രസിഡൻറ്, കെ. പി.സി.സി. എക്സി. അംഗം എന്ന നിലകളിൽ അദ്ദേഹം പ്രവർത്തിച്ചിരുന്നു.

സർക്കാരിൽ നിന്നു ലഭിച്ച 500 രൂപയും കൊണ്ടായിരുന്നു പഞ്ചായത്തിന്റെ ആരംഭം. കറൻറ് ചാർജ്ജ് അടക്കുന്നതിന് സാമ്പത്തിക അപര്യാപ്തത മൂലം പ്രസിഡൻറ് തന്നെ അഡ്വാൻസ് ചെയ്യേണ്ടി വന്നിട്ടുണ്ട്. യാത്രാപ്പടി അദ്ദേഹം എടുക്കാറില്ലായിരുന്നു. ഇന്ന് ആ നിലമാറി. സ്പെഷ്യൽ ഗ്രേഡ് ഗ്രാമപ്പഞ്ചായത്ത് എന്ന നിലയിൽ ജില്ലയിലെ മുന്നിരപ്പഞ്ചായത്തുകളിൽ ഒരു സ്ഥാനം നമുക്കുമുണ്ട് എന്നത് ചാരിതാർത്ഥ്യജനകം തന്നെ. പഞ്ചായത്തിന്റെ നാനാമുഖമായ വികസനത്തെക്കുറിച്ച് വിദൂരകാഴ്ചപ്പാട് ആ കമ്മറ്റിക്കുണ്ടായിരുന്നു. കാർഷിക-വ്യാവസായിക രംഗങ്ങളിൽ നവോന്മഥാനത്തിന്റെ നാദം അവരുടെ തീരുമാനങ്ങളിൽ നിഴലിച്ചിരുന്നു. 30-8-53-ൽ കൂടിയ കമ്മറ്റി ഓരുവെള്ളത്താൽ ചുറ്റപ്പെട്ട നീണ്ടകര, നരിയാണ്ടി, കാക്കത്തുരുത്തേൽ, മുതുകേൽ തുടങ്ങിയ ഇടങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനും വയലേലകളിൽ ഓരുവെള്ളം കയറി കൃഷി നശിക്കുന്നത് തടയാൻ വീതിയിൽ ചിറകെട്ടി സംരക്ഷണം ഉറപ്പാക്കാനും തീരുമാനം കൈക്കൊണ്ടു. ശ്രീ നാരായണപുരം പാലത്തിനു വടക്കോട്ട് വെളുത്തുള്ളിവരെ നീണ്ടുകിടക്കുന്ന 150 ഏക്കറോളം വരുന്ന 600 പറനിലവും എരമല്ലൂർ തെക്കേ അറ്റം മുതൽ തഴുപ്പുവരെയുള്ള 700 പറ നിലത്തിനും ചിറകെട്ടിക്കാൻ തീരുമാനിച്ചത് അതിനുദാഹരണമാണ്. കാക്കത്തുരുത്ത്, നരിയാണ്ടി, നീണ്ടകര പ്രദേശങ്ങളിൽ രണ്ടാം ക്ലാസ്സ് വരെയുള്ള സ്ക്കൂൾ സ്ഥാപിക്കുന്നതിനും, എഴുപുന്ന, എരമല്ലൂർ പ്രദേശത്ത് പോസ്റ്റാഫീസുകൾ സ്ഥാപിക്കുന്നതിനും 2-11-53 മുതൽ പഞ്ചായത്തിൽ മണ്ണെണ്ണ ഉപയോഗിച്ച് തെരുവുവിളക്കുകൾ കത്തിക്കുന്നതിനും ഓരോ വിളക്കുതെളിക്കുന്നതിന് 1 രൂപാ 8 അണ എന്ന നിരക്കിൽ അലവൻസ് നല്കുന്നതിനും അന്നാണ് തീരുമാനിച്ചത്.

19-9-54 ൽ കൂടിയ കമ്മറ്റി വ്യവസായാരംഭത്തെക്കുറിച്ച് ചിന്തിച്ചു. കുടിൽ വ്യവസായം വിഭവ സമാഹരണത്തിലൂടെ നടത്താനുള്ള ഉൾക്കാഴ്ചയുടെ ആദ്യ പടിയും അതായിരിക്കാം. പാത്രങ്ങൾ മെനഞ്ഞാൽ താഴെ വീണാൽ പൊട്ടാത്ത ഒളവൈപ്പ് കായലിലെ ചെളി ഉപയോഗിച്ച് കളിമൺപാത്രനിർമ്മാണം, സോപ്പ് നിർമ്മാണം, തീപ്പെട്ടി വ്യവസായം, ചക്കര ഉല്പാദനം, ഗ്ലാസ്സ് ഫാക്ടറി, മണലിഷ്ടിക നിർമ്മാണം, കോഴിവളർത്തൽ, തേനീച്ചവളർത്തൽ, കന്നുകാലിവളർത്തൽ ഫാം, തെങ്ങിൻ വേരുകൊണ്ടുള്ള കൂട്ടനെയ്ത്ത് തുടങ്ങിയവ അവരുടെ മുശ്ശയിൽ ഉരിത്തിരിഞ്ഞിരുന്നു. വിവിധ വാർഡുകളിലെ വികസനങ്ങൾ കമ്മറ്റി തീരുമാനിച്ചിരുന്നു.

കത്തോലിക്കാസഭയുടെ മാടമ്പി ശ്രീ മൂലം പ്രജാസഭയുടെ സാമാജികൻ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിരുന്ന പാറായിൽ അവിരാത്തരകനും മാർപ്പാപ്പയിൽ നിന്ന് ആദ്യമായി മാടമ്പിസ്ഥാനവും കേരളസാഹിത്യ അക്കാഡമി അവാർഡും നേടിയ ശ്രീ. P. V. ഉറുമീസ് തരകൻ തിരുകൊച്ചി നിയമസഭയുടെ ആദ്യത്തെ സ്വതന്ത്ര എം.എൽ.എ. ആയിരുന്നു. ഇടതുപക്ഷ വാദിയായിരുന്ന അവിരാത്തരകൻ എം.എൽ.എ. ആയിരുന്നു. ക്ഷേത്രപ്രവേശനത്തിനായി 71 വർഷം മുമ്പ് വൈക്കം സത്യാഗ്രഹം നടത്തിയ ഗാന്ധിയനായ താതി 1996-ൽ ചരമമടഞ്ഞു.

ഇരുപത്തിരണ്ടു പ്രാവശ്യം കാലാവധി നീട്ടി 16-വർഷം ഭരണം നീണ്ടു നിന്ന രണ്ടാമത്തെ ടേമിൽ മൂന്നു പ്രസിഡൻറുമാരെ തെരഞ്ഞെടുക്കേണ്ടിവന്നു. 1963 ലെ തെരഞ്ഞെടുപ്പിൽ ഒന്നാം വാർഡിൽ നിന്ന് സർവ്വശ്രീ. എൻ.കെ. രാമൻ- കുമാര പുരം, 2-ൽ പി. പി. ജോസഫ് പുത്തൻ പുരയ്ക്കൽ 3-ൽ ടി. കെ. ഗോപിനാഥൻ നായർ-താഴപ്പെള്ളിൽ, 4ൽ എൻ. കെ. കുര്യാക്കോസ് നെന്മേലിപ്പറമ്പ്, 5-ൽ വി. ഏ. രാജൻ-കോങ്കോരിൽ, 6-ൽ പി. സി. ജോസഫ്-പതിയാ മൂല, 7-ൽ എൻ. രാമകൃഷ്ണപ്പണിക്കർ-ചന്ദ്രികാഭവൻ എന്നിവരും പട്ടികജാതി/പട്ടികവർഗ്ഗവിഭാഗത്തിൽ നിന്ന് കെ. കെ. അപ്പു-കായിപ്പുറത്ത് വനിതാ നോമിനിയായി കെ. എസ്സ്. ട്രീസ്സാ-കാനയ്ക്കാപ്പള്ളി വന്നെങ്കിലും അദ്ധ്യാപികയായതിനെ തുടർന്ന് കെ. എസ്. ആർ. അനുസരിച്ച് സ്ഥാനം തുടരുന്നതിൽ തടസ്സം ഉണ്ടാകുകയും പകരം മറിയക്കുട്ടി പീറ്റർ-നികർത്തിൽ നെ നിയോഗിക്കുകയും ചെയ്തു. ആദ്യപ്രസിഡൻറായി ശ്രീ. എൻ. രാമകൃഷ്ണപ്പണിക്കരും അദ്ദേഹത്തിൻറെ രാജിയെ തുടർന്ന് ശ്രീ. എൻ. കെ. കുര്യാക്കോസിനെ (1966-ൽ) പ്രസിഡൻറായും അദ്ദേഹത്തിൻറെ മരണത്തെ തുടർന്ന് 1975 ൽ ശ്രീ. വി. എ. രാജനെ പ്രസിഡൻറായും തെരഞ്ഞെടുത്തു. പതിനെട്ടു വയസ്സുകാർക്ക് വോട്ടവകാശം നൽകിയ ആദ്യതെരഞ്ഞെടുപ്പ് 1979-ൽ നടന്നു. ഈ തെരഞ്ഞെടുപ്പിൽ CPM നേതൃത്വത്തിൽ ശ്രീ കെ. എസ്. ധനജ്ജയൻ പ്രസിഡൻറായുള്ള ഭരണസമിതി നിലവിൽ വന്നു. 1-ാം വാർഡിൽ നിന്ന് ശ്രീ. ടി.കെ. തേവൻ തച്ചവീട്ടിൽക്കളം 2-ൽ ശ്രീ. എം.കെ. ജോൺ മൂലംകുഴി. 3-ൽ ബാബു തരകൻ നവപുരം പാറായിൽ 4-ൽ ഇന്ദിരാതങ്കപ്പൻ നായർ ചമ്പക്കാട്ട് 5-ൽ ശ്രീ. കെ. തങ്കപ്പൻ കണ്ടേകാട്ട് 6-ൽ ശ്രീ. കെ.എസ്. ധനഞ്ജയൻ സരസ്വതീമന്ദിരം 7-ൽ ഗോപാല കൃഷ്ണൻ നായർ താമരപ്പള്ളിൽ 8-ൽ ശ്രീ. സി.കെ. തങ്കപ്പൻ പുലിത്തൂട്ട് 9-ൽ ശ്രീ. സി. ആർ. കരുണാകരൻ ചെന്നേഴത്ത് എന്നിവരും ഭരണസമിതിയംഗങ്ങളായിരുന്നു. അന്ന് 9 വാർഡുകളാണ് ഉണ്ടായിരുന്നത്. 1988-ൽ കോൺഗ്രസ്സിൻറെ നേതൃത്വത്തിൽ ശ്രീ. കെ. തങ്കപ്പൻ പ്രസിഡൻറായുള്ള ഭരണസമിതി അധികാരമേറ്റു. 1-ാം വാർഡിൽ നിന്ന് സർവ്വശ്രീ. പി.എ. ഫ്രാൻസീസ് പുളിക്കപ്പറമ്പിൽ 2-ൽ എം.കെ. ജോൺ ഫെലിക്സ് രജിതാ ഭവനം 3-ൽ ശ്രീ. വർക്കി ആൻറണി നെന്മേലിപ്പറമ്പ് 4-ൽ ഭാർഗ്ഗവിയമ്മ സിന്ധുഭവൻ 5-ൽ കെ. തങ്കപ്പൻ കണ്ടേക്കാട് 6-ൽ രാധാ വിശ്വനാഥൻ ബിന്ദുനിവാസ് 7-ൽ ആർ.എ. മുരളീധരൻ രാധാനിലയം 8-ൽ സി.ടി. വാസുചാണാന്തറ 9-ൽ കെ.പി. മുരളീധരൻ കണിയാംകാട്ടിൽ 10-ൽ പി.എ. ബാബു തരകൻ നവപുരം പാറായിൽ എന്നിവരെ തെരഞ്ഞെടുത്തു. ഇതിൽ രാധാവിശ്വനാഥൻ പ്രസിഡൻറ് തെരഞ്ഞെടുപ്പോടെ സ്ഥാനം ഒഴിഞ്ഞു. ആ സീറ്റിൽ ഉപതെരഞ്ഞെടുപ്പ് നടക്കുകയുണ്ടായില്ല. അന്ന് 10 വാർഡുകളാണ് ഉണ്ടായിരുന്നത്. 1995-ൽ നടന്ന തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിൻറെ നേതൃത്വത്തിൽ കുമാരി കെ.കെ. വിജി പ്രസിഡൻറ് ആയുള്ള ഭരണസമിതി അധികാരത്തിൽ വന്നു. 1-ാം വാർഡിൽ പി.എ. ഫ്രാൻസീസ് പുളിക്കപ്പറമ്പ് 2-ൽ ശ്രീമതി ഫിലോമിനാ വർഗ്ഗീസ് കുണ്ടാട്ട് നികർത്ത് 3-ൽ ശ്രീ കെ. സി. പുരുഷോത്തമൻ കായിപ്പുറത്ത് 4-ൽ ശ്രീമതി റോസിലി ടീച്ചർ കോയി

ക്കൽ 5-ൽ ഷീലാ ജോൺസൺ അഞ്ചുതൈക്കൽ 6-ൽ ശ്രീ. കെ.എസ്. ധനഞ്ജയൻ സരസ്വതി മന്ദിരം 7-ൽ ആർ.എ. മുരളീധരൻ രാധാ നിലയം 8-ൽ കുമാരി കെ. കെ. വിജി കണ്ണന്തറക്കളം 9-ൽ അഷറഫ് പുല്ലുവേലിൽ 10-ൽ കെ.വി. അശോക്കുമാർ കീക്കര എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

എഴുപുന്ന പഞ്ചായത്തിന്റെ ഭരണചരിത്രത്തിൽ ആദ്യമായി ഒരു വനിത പ്രസിഡൻറാവുന്നത് 1995 ലാണ്. പട്ടികജാതിയിൽപ്പെട്ട ഒരു വനിതയെ പഞ്ചായത്തു പ്രസിഡൻറായി സംഭാവന ചെയ്യാൻ കഴിഞ്ഞത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രതിനിധിയായിട്ടാണ്. മഹാത്മജിയുടെ ചിരകാലസ്വപ്നമായിരുന്ന പഞ്ചായത്ത്രാജിലൂടെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളിൽ ഒന്നാണ് ഒരു പട്ടികജാതി വനിത പ്രസിഡൻറാവുന്നത്.

ത്രേതായുഗത്തിന്റെ അവസാനഘട്ടത്തിൽ സ്ഥാപിച്ച ശ്രീനാരായണപുരം ക്ഷേത്രത്തിന് 1170 വർഷത്തെ പഴക്കമുണ്ട്. വട്ട ശ്രീകോവിൽ ആ യുഗത്തെ അനുസ്മരിപ്പിക്കുന്നു. ക്ഷേത്രശിലയിൽ അങ്കനം ചെയ്തിട്ടുള്ളതിൽ നിന്ന് അത് മനസ്സിലാക്കാം. അദ്ഭുതങ്ങൾ സൃഷ്ടിച്ചിട്ടുള്ളതായി സർക്കാർ രേഖ ബോധ്യപ്പെടാവുന്ന ഈ ക്ഷേത്രം പ്രസിദ്ധമാണ്. മഹാവിഷ്ണു പ്രതിഷ്ഠയുള്ള ഇവിടെ ആരും പാമ്പുകടിയേറ്റ് മരിക്കില്ല എന്നു വിശ്വസിക്കുന്നു. ആരും മരിച്ചിട്ടുമില്ല. കാളിയമർദ്ദനം കഴിഞ്ഞു നില്ക്കുന്ന ഭാഗമാണിത് എന്നൊരു ചൊല്ലും ഇതിനു കാരണമായി പറയുന്നുണ്ട്. ഉത്സവത്തിനു വെടിയുപ്പുമായി വന്നയാളെ വെളുത്തുള്ളി ചൗക്കയിൽ എക്സൈസ് ഇൻസ്പെക്ടർ അയ്യങ്കാർ തടഞ്ഞുവെന്നും ഇതു പഞ്ചസാരയാണ് ശ്രീനാരായണപുരം ക്ഷേത്രത്തിലേക്ക് കൊണ്ടുപോകുകയാണെന്നും പറഞ്ഞപ്പോൾ കുപിതനായ അയ്യങ്കാർ ചാക്കുപൊട്ടിച്ച് അല്പം വാരി വായിലിട്ടുനോക്കിയപ്പോൾ 'പഞ്ചസാര-നല്ല മധുരം'. വെടിമരുന്നുകാരന് ആശ്വാസമായി. പക്ഷെ അയ്യങ്കാർ അന്നുരാത്രി വയറുവേദനകൊണ്ടു പുളഞ്ഞു. ഒടുവിൽ നടയ്ക്കൽ ഒരു വെള്ളിക്കുടം കാണിക്കവയ്ക്കുകയും ചൗക്ക തീരുന്നതുവരെ ആറാട്ടുവിളക്ക് ചൗക്ക ഉദ്യോഗസ്ഥന്മാർ നടത്തുകയും ചെയ്തു പോന്നു. വലിയ വെള്ളിക്കുടം ഇപ്പോഴും ഉണ്ട്. അങ്ങനെ ഒടുങ്ങാത്ത കഥകളുണ്ട്.

കൂടാതെ തോട്ടപ്പള്ളി, കോന്നനാട്ട്, പൈഞ്ഞാളം, കണ്ണുകുളങ്ങര, കുമാരപുരം, ശ്രീ കൃഷ്ണപുരം വടക്ക്, ശ്രീ കൃഷ്ണപുരം തെക്ക്, കല്ലുപുരയ്ക്കൽ, മൂർത്തിക്കൽ, ചേന്ദമന, കോലത്തുശ്ശേരി, മുരുകക്ഷേത്രം എരമല്ലൂർ കാഞ്ഞിരത്തുങ്കൽ തുടങ്ങിയ ക്ഷേത്രങ്ങളും അതിപുരാതനമായ സംസ്ക്കാരത്തിന്റെ തലയെടുപ്പോടെ നില്ക്കുന്ന എഴുപുന്ന സെൻറ് റാഫേൽപള്ളി, സെൻറ് മേരി ഇമ്മാക്കുലേറ്റ് പള്ളി, സെൻറ് സേവ്യേഴ്സ് പള്ളി, സെൻറ് സെബാസ്റ്റ്യൻ പള്ളി-നീണ്ടകര, എരമല്ലൂർ സെൻറ് ജൂഡ് പള്ളി, സെൻറ് ജോസഫ് പള്ളി എന്നീ ക്രിസ്ത്യൻ ദേവാലയങ്ങളും അടുത്ത കാലത്ത് എരമല്ലൂർ 9-ാം വാർഡിൽ പണി കഴിപ്പിച്ച മുസ്ലീം ആരാധനാലയമായ മദ്രസയും ഒന്നു പോലെ ഈ കൊച്ചു ഗ്രാമത്തിൽ മതസൗഹാർദ്ദം നുകർന്നുകൊണ്ട് സങ്കീർത്തനവും പ്രാർത്ഥനയും ബാങ്കുവിളികളുമായി ഭക്തിപുരസരം നില്ക്കുന്നു.

1903-ൽ എഴുപുന്ന ശ്രീനാരായണപുരം L.P.S.ഉം, 1906-ൽ എരമല്ലൂർ N.S.L.P.S.ഉം 1937-ൽ സെൻറ് റാഫേൽസ് സ്ക്കൂളും 1920 ൽ എഴുപുന്ന ഇമാക്കുലേറ്റ് സ്ക്കൂളും 1936-ൽ ഇംഗ്ലീഷ് മീഡിയം സ്ക്കൂളായി ആരംഭിച്ച സെൻറ് റാഫേൽ സ്ക്കൂളും ഈ പഞ്ചായത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് ഊടുംപാവും നല്കി. ആശാൻ കളരികൾ നാടെങ്ങും ഉണ്ടായിരുന്നു. നാടൻകളി, കൈകൊട്ടിക്കളി, കോലുകളി, തിരുവാതിരകളി, പരിശമുട്ട്, ഉടുക്കു പാട്ട്, പുള്ളുവമ്പാട്ട്, വിൽപ്പാട്ട് തുടങ്ങിയ കലാരൂപ ങ്ങളും ഓട്ടംതുള്ളൽ, കഥകളി എന്നിവയും ഇവിടെ നിലനിന്നിരുന്നു. നാടകസംഘങ്ങളും, നൃത്തഗ്രൂപ്പുക ളും ഇവിടെ ഉണ്ടായിരുന്നു.

ഒരു അഞ്ചൽപ്പെട്ടിയും ഒരു അഞ്ചൽ ശിപ്പായിയും തപാൽ വിതരണം നടത്തിയ ഈ പഞ്ചായത്തിൽ രണ്ടു പോസ്റ്റാഫീസുകളും, രണ്ട് പബ്ലിക് ടെലഫോൺ ഓഫീസും ഒരു ടെലഗ്രാം ഓഫീസും, ഒരു ലൈസൻസ്ഡ് ഫോൺ ബൂത്തും നാടിന്റെ വികസന പാന്ഥാവിലേക്കുള്ള നാന്ദിയാണ്.

നികുതി നൂറുശതമാനവും പിരിച്ചെടുത്ത പഞ്ചായത്ത് എന്ന ബഹുമതിയും മറ്റുപഞ്ചായത്തിനു മാതൃകയാകാനുള്ള പ്രവർത്തനവും നാം കൈവരിച്ചു. ഭൂരഹിതർക്ക് 5 സെൻറ് ഭൂമിയും ഒരു പുരയും നല്കി കേരളത്തിന് 'ലക്ഷം വീടി'നുള്ള മാതൃക കാണിച്ച സംഭവം എത്ര പ്രശംസിച്ചാലും മതിവരാത്തതാണ്. 1948-ൽ എഴുപുന്ന ഗവ. ആശുപത്രി സ്ഥാപിച്ചു.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന കന്നുകാലികളെ പിടിച്ചു കെട്ടിയിടുന്നതിനായി 1968-69 ൽ എഴുപുന്ന ശ്രീനാരായണപുരത്ത് പഞ്ചായത്തു വക പൗണ്ട് നിർമ്മിച്ചു. ആയിടെ മൃഗാശുപത്രിയും സ്ഥാപിച്ചു. 1973 ൽ നീണ്ടകര നരിയാണ്ടി പ്രദേശത്തേക്ക് ശുദ്ധജല വിതരണത്തിനായി ശ്രീനാരായണപുരത്ത് വാട്ടർ ടാങ്കും പമ്പ് ഹൗസും പഞ്ചായത്ത് സ്ഥാപിച്ചു. പഞ്ചായത്തു വക ഷോപ്പിങ് കോംപ്ലക്സ് 1982 ൽ ഉൽഘാടനം ചെയ്യപ്പെട്ടു. പഞ്ചായത്ത് ഗ്രന്ഥശാലയും സാംസ്ക്കാരികനിലയവും 1988-ൽ സ്ഥാപിച്ചു. 1992-ൽ പഞ്ചായത്ത് മാർക്കറ്റ് കോങ്കേരിപ്പാലത്തിനു സമീപം ഉൽഘാടനം ചെയ്തു. 1996 ൽ സാംസ്ക്കാരിക നിലയത്തിൽ നിന്ന് 5-ാം വാർഡ് വഴി മുതുകയിലേക്ക് വാട്ടർ കണക്ഷൻ നല്കി.

വ്യവസായരംഗത്തും വ്യാപാരരംഗത്തും കുതിച്ചുപായുന്ന കൊച്ചുഗ്രാമത്തിൽ എങ്ങും ആധുനീകതയുടേയും, പരിഷ്ക്കാരത്തിന്റേയും ആർപ്പുവിളികൾ മുഴക്കുന്നു. നെൽകൃഷിയെ പുറംകൈകൊണ്ട് തട്ടിമാറ്റി വിദേശനാണ്യം നേടിത്തരുന്ന ചെമ്മീൻ കൃഷിയെ തലോടുന്ന നാട്ടിൽ എങ്ങും ചെമ്മീൻ പീലിംഗ് ഷെഡ്ഡുകളുടെ ഉണർന്നെഴുന്നേൽപ്പ്. മറുവശത്ത് മലിനീകരണത്തിന്റെ പരിഭവങ്ങളും പരാതികളും. കൊച്ചു കൊച്ചു സ്വപ്നങ്ങൾ മെനയുന്ന നാട്ടുകാരുടെ ചിരകാലാഭിലാഷമായിരുന്ന തീരദേശ റെയിൽവേ പുതിയൊരു കാലത്തിന്റെ ചൂളം വിളിയുമായി 1989-ൽ വന്നു.

ഈ പഞ്ചായത്തിലെ നാഗരീകതയുടെ തലപ്പാവണിയാൻ കൊതിക്കുന്ന എരമല്ലൂരിനെ വകഞ്ഞുകൊണ്ട് കടന്നപോകുന്ന നാഷണൽ ഹൈവേ 47 ഇന്ന് നാല് ലൈൻ ആക്കുന്നതിനുള്ള തീവ്രയജ്ഞത്തിലാണ്. സംസ്ഥാന ഹൈവേയുടെ നിറം ചാർത്തി നില്ക്കുന്ന ചേർത്തല-കുമ്പളങ്ങിറോഡ് വാഹനങ്ങളുടെ നിലയ്ക്കാത്ത ഭാരവും താങ്ങിനില്ക്കുന്നു. ഇടറോഡുകളും, പാലങ്ങളും, വൈദ്യുതിയും, ടെലഫോണും, റേഡിയോയും ടി.വി.യും ഹരംപകരുന്ന നാടായി ഉണർന്നു. 1996-ൽ ഉത്ഘാടനം ചെയ്ത സെല്ലുലാർ ഫോൺ വാർത്താരംഗത്ത് പുതിയൊരദ്ധ്യായം തുറന്നു. പരിമിതിയുടെ കഥ പറയാനുണ്ടെങ്കിലും കഴിഞ്ഞ കാലത്തെ ദുരിതങ്ങളിൽ നിന്ന് ആഹ്ലാദത്തിന്റെ ചിറകു വിരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

വാരം സ്ഥിരാവകാശമാക്കുന്നതിനായി 1967ൽ നടന്ന കർഷകരുടെ കൊമ്പനാതുരുത്തു കരിസമരം നാടിന്റെ ചരിത്രത്തിൽ എന്നല്ല സംസ്ഥാനത്തെ തന്നെ കർഷകർക്ക് പാട്ടം സ്ഥിരാവകാശമായി നേടിയെടുക്കാൻ കഴഞ്ഞ ചൂണ്ടുപലകയായിരുന്നു. അതീ നാടിന് അഭിമാനിക്കാവുന്ന ഒന്നാണ്. ശ്രീമതി കെ. ആർ. ഗൗരി അമ്മയായിരുന്നു ഇതിന് നേതൃത്വം നല്കിയത്.

കയർ-കർഷക-മത്സ്യത്തൊഴിലാളികളുടെ ജീവിതം പങ്കിടുന്ന സരണിയാണീപ്പഞ്ചായത്ത്. ഒരു കാലത്ത് കയർഫാക്ടറികൾ എങ്ങും തലയുയർത്തിനിന്നിരുന്നു. ഇന്നത് ഒരോർമ്മ മാത്രം. പി.ജെ. തരകൻ & സൺസ്, കോസ്റ്റൽ ഇൻഡസ്ട്രീസ്, റോയൽ യുണൈറ്റഡ് കയർ ഫാക്ടി തുടങ്ങിയവ വൻ ഫാക്ടറികളായിരുന്നിവിടെ. എരമല്ലൂർ "കോസ്റ്റൽ കവല"ക്ക് പേരുണ്ടായതുതന്നെ കോസ്റ്റൽ ഇൻഡസ്ട്രീസിന്റെ ബോർഡ് ആ കവലയിൽ വച്ചതിൽ നിന്നാണ്. കയറിന്റെ തകർച്ച തെല്ലെങ്കിലും പട്ടിണിയെ സ്വയം വരിക്കാതിരുന്നില്ല. പക്ഷെ കാലത്തിന്റെ കുത്തിയൊഴുക്കലിൽ ആസ്ഥാനം ചെമ്മീൻ പീലിംഗ് ഷെഡ്ഡുകൾ അപഹരിച്ചു. ഏതാണ്ട് ആറായിരത്തിൽപ്പരം സ്ത്രീകൾ ഈ തൊഴിൽ കൊണ്ട് കുടുംബം പോറ്റുക എന്നത് നിസ്സാര കാര്യമല്ല. 1970 നു ശേഷം വ്യവസായത്തിന്റെ കാലൊച്ച കേട്ടു. പ്രമുഖ സ്ഥാപനങ്ങളായ A.F.D.C. അമാൾഗം സീഫുഡ്, ഹിന്ദുസ്ഥാൻ സീഫുഡ്, അമാൾഗം ഗ്രൂപ്പ്, P.A.C.T., പ്രിയാ ബിസ്ക്കറ്റ് തുടങ്ങിയവ ഉടലെടുത്തു. ചെറുകിട വ്യവസായങ്ങൾ നിരവധിയേറെയും. കലാ സംഘടനകളും-വനിതാസമാജങ്ങളും ശിശുക്ഷേമത്തിനായി 22 അംഗൻവാടികളും ഇവിടെ രൂപം കൊണ്ടു. സാമ്പത്തിക വികസനത്തിന്റെ വലംപിരിശംഖുനാദവുമായി സർവ്വീസ് സഹകരണ ബാങ്ക് 953 ഉം, സർവ്വീസ് സഹകരണ സംഘം 1175 ഉം പഞ്ചായത്തിന്റെ രണ്ടു കരകളിൽ ജനിച്ചുവീണു. മാനവരാശിയുടെ മുഴുവൻ കാര്യങ്ങൾ ക്കുമായി സാമ്പത്തികസഹായഹസ്തം നീട്ടി അവ നിലകൊണ്ടു. ഒരുവൻ എല്ലാവർക്കുംവേണ്ടി. എല്ലാവരും ഒരുവനു വേണ്ടി എന്ന മഹാതത്വം ആസ്ഥാപനങ്ങളിൽ അക്ഷരാർത്തത്തിൽ ശരിതന്നെ. കൂടാതെ ക്ഷീരോല്പാദനം, കയർ, സ്ക്കൂൾ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളും, കോർപ്പറേഷൻ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യാ, ലോർഡ്കൃഷ്ണാ ബാങ്ക് തുടങ്ങിയ കോമേഴ്സ്യൽ ബാങ്കുകളും നിരവധി പ്രൈവറ്റ് ചിട്ടി-എൻറർപ്രൈസസ് സ്ഥാപനങ്ങളും ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് മകുടം ചാർത്തുന്നു.

4

ഭൂപ്രകൃതി-ജനപ്രകൃതി -ജലപ്രകൃതി

അറബിക്കടലിന്റെ റാണി എന്നറിയപ്പെടുന്ന കൊച്ചി തുറമുഖവുമായി ചേർന്നു കിടക്കുന്ന വേമ്പനാട്ടു കായലിന്റെ കൊച്ചോളങ്ങൾ തലോടി കടന്നുപോകുന്ന കിഴക്കൻ ഭാഗം ചെറുകായലുകളെ കൈവഴികളാക്കി ഒഴുകുന്ന വേമ്പനാട്ടുകായൽ ഒരു സമര ചരിത്രം പറയുന്ന വെളുത്തുള്ളിക്കായലിനെയും കുമ്പളങ്ങി കായലിനെയും പേരുകൊണ്ടു മധുരം തുളുമ്പുന്ന ചക്കരച്ചാലും ഈ പഞ്ചായത്തിനെ ധന്യ മാക്കുന്നു. എരമല്ലൂരിനെയും എഴുപുന്നയേയും ഇരു കൈകളാൽ വാരിപുണരുന്ന കോങ്കേരികായലും എഴു പുന്നയേയും നീണ്ടകരയേയും പകുത്തുമാറ്റിയ പേനാ ടിക്കായലുംകൊണ്ട് ജലനീരാട്ടു നടത്തുന്ന നാടേ നീ എത്ര മനോഹരമാണ്. ജനതാമസമില്ലാതിരുന്ന ഏതോ കാലത്ത് കാക്കകൊം കൂട്ടമായി ചേക്കേറിയിരുന്ന നാടെ നിന്നെ കാക്കത്തുരുത്തെന്നുവിളിച്ചു. നെൽകൃഷിയും മത്സബന്ധനവുമാണ് ജനങ്ങളും പ്രധാനകൃഷി 530 ആളുകൾ 173 വീടും. കാക്കത്തുരത്തിനും വട്ടമിട്ടൊഴു കുന്നത് വേമ്പനാട്ടുകായലാണ്. പച്ചിലച്ചാർത്തും, ചെറുതോടുകളും, വിനോദസഞ്ചാരകരെ ആകർഷി ക്കുന്ന ഭൂപ്രകൃതിയും, ചമാരം വീശിനില്ക്കുന്ന തെ ങ്ങോലകളും നാനാദിശയിൽ നിന്നെത്തുന്ന ചെറു തെന്നലും 1.5 കി: മീ: നീളമുള്ള കാക്കത്തുരുത്തിനെ രമണീയമാക്കുന്നു. ഇത് പ്രകൃതിയുടെ ഒരു വരദാനം തന്നെ ഉപ്പു വെള്ളത്താൽ ചുറ്റപ്പെട്ടതെങ്കിലും ശുദ്ധ ജലം കിട്ടുന്നു എന്നത് ശ്രദ്ധേയമാണ്. ഭൂമി ശാസ്ത്രപര മായ വിടവ് കാക്കത്തുരുത്തിനെന്നപോലെ നീണ്ടകര, നരിയാണ്ടി എന്നീ ദ്വീപുകളും പഞ്ചായത്തിന്റെ മു ഖ്യകരയിൽ നിന്ന് വേർപെടുത്തിയിരിക്കുന്നു.

നെന്മണികളുതിർക്കുന്ന വയലോലകൾ നാടെങ്ങും ഐശ്വര്യത്തിന്റെ ചിഹ്നം വിളികളുമായി നിന്ന കാലം അനു സ്മരിപ്പി ച്ചു കൊണ്ട് ഈ ദേശത്തി ന്റെ പകുതിയിലേറെ ഭാഗം കാർഷിക വൃത്തിയിലാണ്. മത്സ്യ വിപണനരംഗത്ത് നല്ലൊരു പങ്കുവഹിക്കാൻ ഈ ഗ്രാമം മുമ്പന്തിയിലാണ്. നിരവധി തോടുകളും കുള ങ്ങളും പഴയ സർപ്പാരാധനാകാവുകളും എങ്ങും കാ ണാം. ആരാധനാലയങ്ങൾ വേണ്ടുവോളം. കടലിനോ ടുകയ്യെത്തി നില്ക്കുന്ന തീരപ്രദേശമാണിവിടം. കരി മണലുകളും ചളിയും നീർക്കെട്ടുകളും പ്രകൃതി ദത്ത മാണിവിടെ.

അക്ഷാംശം 09°50' 32" N ഉം രേഖാംശം 76°17'46"E ലും ആലപ്പുഴജില്ലയുടെ വടക്കു പടിഞ്ഞാറെ അറ്റത്ത് എഴുപുന്നപ്പഞ്ചായത്ത് സ്ഥിതിചെയ്യുന്നു.

പേനാടിത്തോട്, കോങ്കേരിത്തോട് എന്നിവയ്ക്ക് 6 മൈൽ നീളവും കാക്കത്തുരുത്ത് വേമ്പനാട്ടു കായലിന് ഒന്നരകിലോമീറ്ററും വെളുത്തുള്ളി ഭാഗം കായലിനും, പിള്ളേഴത്തു കായലിനും 1കി. മീറ്റർ നീളംവരും. പാ ണ്ടോത്തു മുതൽ മണിയങ്ങനാട്ടുകരിവരെയാണ് പിള്ളേഴത്തുകായൽ. ചെല്ലാനം പഞ്ചായത്തിന്റെ കൂടിയായ ചക്കരച്ചാൽ 156.53 ഏക്കർ എഴുപുന്നപ്പ ഞ്ചായത്തിൽ വരും. നരിയാണ്ടിക്കായൽ ആകട്ടെ 107.48 ഏക്കറും കാക്കത്തുരുത്തു കായൽ 98.94 ഏക്കറും വരും.

ഭൂപ്രകൃതി അനുസരിച്ച് എഴുപുന്നപ്പഞ്ചായത്തിനെ മൂന്നു മേഖലകളായി തരംതിരിക്കാം. തീരപ്രദേശം (മണൽ) വെള്ളക്കെട്ട്, ചതുപ്പുനിലങ്ങൾ. എഴുപുന്നയു ടെ 50%ചൊരിമണൽ പ്രദേശവും ബാക്കി കൃഷി നിലങ്ങളും, ചതുപ്പുനിലങ്ങളും ആണ്.

1991 ലെ ജനസംഖ്യാ കണക്കുപ്രകാരം എഴുപുന്നപ്പ ഞ്ചായത്തിലെ ജനസംഖ്യ 23,653 ആണ്. ഇതിൽ 11,625 പുരുഷന്മാരും 12028 സ്ത്രീകളുമാണ്. സ്ത്രീകളെ അപേക്ഷിച്ച് 403 പുരുഷന്മാർ കൂടുതലാണ്. ആകെ വീടുകൾ 4683 ആയിരുന്നു. അതായത് ശരാശി വീടൊ ന്നിന് 5.05 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ചതുര ശ്രകിലോമീറ്ററിന് 1680 ആയിരുന്നു. ആറുവയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 2542 ആണ്. ഇതിൽ ആൺകുട്ടികൾ 1263 ഉം, പെൺകുട്ടികൾ 1279 ഉം പട്ടിക ജാതി ജനസംഖ്യ 4616 ആണ്. അതിൽ 2296 പുരുഷ

ന്മാരും 2320 സ്ത്രീകളുമുണ്ട്. S. T. വിഭാഗത്തിൽ 23 പുരുഷന്മാരും 23 സ്ത്രീകളുമുണ്ട്. ആകെ ജനസംഖ്യയിൽ 19115 പേർ സാക്ഷരരാണ്. ഇതിൽ 9962 പുരുഷന്മാരും 9146 സ്ത്രീകളുമാണ്.

1996 ലെ സാമൂഹ്യ സാമ്പത്തിക സർവ്വെ പ്രകാരം എഴുപുന്നപ്പഞ്ചായത്തിലെ ജനസംഖ്യ 28244 ആണ്. ഇതിൽ 14022 പുരുഷന്മാരും 14222 സ്ത്രീകളുമാണ്.

വിദ്യാഭ്യാസരംഗത്ത് ആലപ്പുഴ ജില്ലയിൽ ഒട്ടും പിന്നോക്കമല്ലാത്ത പഞ്ചായത്തുകളിൽ ഒന്നാണ് എഴുപുന്നപ്പഞ്ചായത്ത്. ബിരുദധാരികളുടെയും ബിരുദാനന്തരബിരുദധാരികളുടേയും ഒരു നിരതന്നെയുണ്ട് പുത്തൻ തലമുറയിൽ S.S.L.C.വരെയെങ്കിലും എത്താത്തവർ ഒരു വിഭാഗത്തിലും നന്നേ കുറവായിരിക്കും. Ph.D. ബിരുദമെടുത്തവരും I.P.S. എടുത്തവരും ഈ പഞ്ചായത്തിലുണ്ട്. എന്ന വസ്തുത അഭിമാനത്തിനു വക നല്കുന്നതാണ്.

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായ നെല്ല്-നാളികേരം എന്നിവ കാർഷികരംഗത്ത് ഇന്ന് ഗ്രസിച്ചു കൊണ്ടിരിക്കയാണ്. ആദായകരവും ജീവിതോപാധിയുമല്ലാതായിത്തീർന്നിട്ടുള്ള ഈ പരിതസ്ഥിതിയിൽ മറ്റുമേഖലകളിലേക്ക് അവർ തിരിയുകയാണ്. ചെമ്മീൻ വ്യവസായ രംഗത്തേയ്ക്ക് നല്ലൊരു വിഭാഗം മാറിക്കഴിഞ്ഞു. ശേഷിക്കുന്നവർ കെട്ടിടനിർമ്മാണം -കൂലിപ്പണി എന്നീ മേഖലകളിലേക്കും കടന്നു കയറുന്നു. നല്ലൊരു ശതമാനത്തിന്റെയും വീടുകളിൽ തൊണ്ടുതല്ലിപ്പിരിച്ച് കയറാക്കിവിറ്റ് ഉപജീവനം നടത്തിയിരുന്ന നാളുകൾ ഉണ്ടായിരുന്നു. കക്കാവാരിയും, മണ്ണ് കോരിയും, ചളി വാരിയും ജീവിച്ചിരുന്ന ആളുകളിൽ ചുരക്കം പേർ ഇന്നും ആ തൊഴിൽ ചെയ്യുന്നു. രൂക്ഷമായ പ്രതിസന്ധിയെ നേരിടുന്ന മത്സ്യമേഖല; മലിനീകരണം ചെന്നു ചേരുന്ന കായലിൽ മത്സ്യസമ്പത്തിന് നാശം വിതക്കുന്നു. ഇതു തുടർന്നാൽ മത്സ്യത്തൊഴിലാളികൾ പട്ടിണിയുടെ എരിതീയിലേക്ക് വഴുതിവീഴും.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ മറ്റെവിടത്തെയും പോലെ ഇവിടെയും ഒരു പ്രശ്നമാണ്. ഇതിനൊരു പരിഹാരം ഇന്നും പ്രഹേളികയായി നില്ക്കുന്നു.

ജാതിപരമായി ഉച്ചനീചത്വം നിലനിന്നിരുന്നു. ഇതിന് മാറ്റം വന്നിട്ടുണ്ട്. എന്നിരുന്നാലും പരോക്ഷമായി അത് ഉള്ളിന്റെ ഉള്ളിൽ കനലായി ജ്വലിക്കുന്നില്ലേ എന്നു സംശയിക്കുന്നു. ഇതൊരുപക്ഷെ ഈ പഞ്ചായത്തിന്റെ ചിത്രം മാത്രമായിരിക്കില്ല.

വാർഡുതല ജനസംഖ്യാ വിവരം

വാർഡ് നമ്പർ	പുരുഷന്മാർ	സ്ത്രീകൾ	ആകെ	പട്ടികജാതി കുടുംബങ്ങൾ	ഹിന്ദു കുടുംബങ്ങൾ	മുസ്ലീം കുടുംബങ്ങൾ	ക്രിസ്ത്യൻ കുടുംബങ്ങൾ
1	1361	1348	2709	62	270	-	139
2	1378	1354	2732	89	176	-	250
3	1121	1223	2344	33	147	5	140
4	1268	1327	2595	69	250	-	151
5	1772	1693	3465	65	219	37	165
6	1552	1602	3154	95	419	8	64
7	1439	1247	2686	72	314	-	8
8	1594	1646	3240	253	489	1	60
9	1468	1359	2827	109	264	93	128
10	1257	1216	2473	92	318	-	117
ആകെ	14022	14222	28244	939	2866	144	1222

0-നും 6-നും ഇടക്ക് പ്രായമുള്ള വാർഡുതല കുട്ടികളുടെ വാർഡുതല ജനസംഖ്യ

വാർഡ്	പുരുഷൻ	സ്ത്രീ	ആകെ
1	99	73	172
2	98	85	183
3	79	80	159
4	89	87	176
5	115	123	238
6	89	87	176
7	91	75	166
8	129	163	292
9	109	88	197
10	93	88	181
ആകെ	1021	902	1923

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾ

നമ്പർ	പേര്	കര.
1	എരമല്ലൂർ	എരമല്ലൂർ
2.	കാക്കത്തുരുത്ത്	എരമല്ലൂർ
3	എഴുപുന്ന	എഴുപുന്ന
4	നീണ്ടകര	എഴുപുന്ന
5	നരിയാണ്ടി	എഴുപുന്ന
6	മുതുകയിൽ	എഴുപുന്ന

പ്രധാന തോട് - കായൽ.

നമ്പർ	പേര്	വില്ലേജ്
1.	വേമ്പനാട്ടുകായൽ	എഴുപുന്ന/ പാണാവള്ളി
2.	വെളുത്തുള്ളികായൽ	എഴുപുന്ന/ അരൂർ
3.	പിള്ളേഴത്തുകായൽ	എഴുപുന്ന.
4.	കോങ്കേരിത്തോട്	എഴുപുന്ന.
5.	പേനാടിത്തോട്	എഴുപുന്ന.
6.	ചക്കരച്ചാൽ	എഴുപുന്ന/ ചെല്ലാനം

ഋതുഭേദങ്ങളുടെ മാറ്റിമറിക്കൽ ഇവിടെയും അനുഭവപ്പെടുന്നു. ശക്തിയായ മഴയും, മഞ്ഞും, ചൂടും ജൂൺ ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. കുംഭം മീന മാസങ്ങളിൽ ശക്തിയായ വെയിലും. ഏറ്റവും കുറവു മഴ ജനുവരി ഫെബ്രുവരി മാസങ്ങളിൽ ആണ്.

ഈ പഞ്ചായത്തിലെ കുളങ്ങളെ കുറിച്ചുള്ള വിവരം താഴെ ചേർക്കുന്നു.


നമ്പർ	പേര്	വാർഡ്	വില്ലേജ്
1	കാട്ടിശ്ശേരിക്കുളം	7	എഴുപുന്ന
2	കണ്ണുകുളം	6	എഴുപുന്ന
3	തോട്ടപ്പള്ളി	7	എഴുപുന്ന
4	മാണൂർ	8	എഴുപുന്ന
5	ശ്രീനാരായണപുരം	4	എഴുപുന്ന
6	പുതുക്കുളങ്ങര	10	എഴുപുന്ന

എക്കാലവും നല്ല ജലം ലഭിക്കുന്ന പ്രദേശങ്ങളും സദാ ഉപ്പുവെള്ളം ലഭിക്കുന്നതുമായ പ്രദേശങ്ങളും ഈ പഞ്ചായത്തിൽ നിലവിലുണ്ട്. ഏറ്റവും കൂടുതൽ ജല ക്ഷാമം അനുഭവപ്പെടുന്നത് കുംഭം മീന മാസങ്ങളിൽ ആണ്. പൈപ്പ് വെള്ളത്തിനുപോലും ഉപ്പുരസം കലർന്നിട്ടുണ്ടാകും. നീണ്ടകര, നരിയാണ്ടി, കാക്കത്തുരുത്ത് എന്നീ പ്രദേശങ്ങൾ സദാ ഉപ്പുവെള്ളം മാത്രം ലഭിക്കുന്ന നാട് എന്നുള്ളതാവും ശരി. പടിഞ്ഞാറ് അറേബ്യൻ കടലുമായി ഏതാണ്ട് 2. കിമീറ്റർ ദൂരമാണ് എഴുപുന്നയ്ക്ക് ഉള്ളത്.

5

എഴുപുന്ന ഗ്രാമപഞ്ചായത്ത്

സാമൂഹ്യ - സാമ്പത്തിക മേഖലകൾ



പള്ളി
അമ്പലം
മോസ്ക്
സ്കൂൾ
ആശുപത്രി
പഞ്ചായത്ത് ഓഫീസ്
വാട്ടർ ടാങ്ക്
N.H. 47
P.W.D. റോഡ്
പഞ്ചായത്ത് റോഡ്
റെയിൽ വേ

പഞ്ചായത്ത് ഭരണസമിതി

8-ാം വാർഡ്	:	കെ.കെ. വിജി (പ്രസിഡൻറ്)
1-ാം വാർഡ്	:	പി.എ. ഫ്രാൻസീസ് (വൈ. പ്രസിഡൻറ്)
2-ാം വാർഡ്	:	ഫിലോമിനാവർഗ്ഗീസ് (മെമ്പർ)
3-ാം വാർഡ്	:	കെ.സി. പുരുഷോത്തമൻ (മെമ്പർ)
4-ാം വാർഡ്	:	റോസിലി ടീച്ചർ (മെമ്പർ)
5-ാം വാർഡ്	:	ഷീലാ ജോൺസൺ (മെമ്പർ)
6-ാം വാർഡ്	:	കെ.എസ്. ധനജ്ജയൻ (മെമ്പർ)
7-ാം വാർഡ്	:	ആർ.എ. മുരളീധരൻ (സ്റ്റാൻറിംങ്ങ് കമ്മറ്റി ചെയർമാൻ)
9-ാം വാർഡ്	:	അഷറഫ് പുല്ലുവേലി (മെമ്പർ)
10-ാം വാർഡ്	:	കെ.വി. അശോക് കുമാർ (മെമ്പർ)

സ്റ്റാൻറിംങ്ങ് കമ്മറ്റി

1. ആർ. എ. മുരളീധരൻ (ചെയർമാൻ)
2. കെ.കെ. വിജി
3. പി.എ. ഫ്രാൻസീസ്
4. റോസിലി ടീച്ചർ
5. കെ.സി. പുരുഷോത്തമൻ

"ആസൂത്രണത്തിന്റേയും വികസന പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന്റേയും ഉത്തരവാദിത്വം ജനങ്ങളിൽ നിക്ഷിപ്തമാകേണ്ട സമയം വന്നുചേർന്നിരിക്കുന്നു. ആയതിനാൽ വിശ്വാസത്തോടും ധൈര്യത്തോടും അമ്മാതിരി ചുമതലകളേറ്റെടുക്കുവാൻ ഞാൻ നിങ്ങളോടഭ്യർത്ഥിക്കുന്നു."

-ജവഹർലാൽ നെഹ്റു.

5.1

കൃഷിയും ജലസേചനവും

എഴുപുന്ന ഗ്രാമപഞ്ചായത്ത് സമുദ്രനിരപ്പിൽ തന്നെ കിടക്കുന്ന ഒരു തീരപ്രദേശഗ്രാമമാണ്. നെൽപ്പാടങ്ങളും തുണ്ടം കോരി തെങ്ങിൽ തൈകളും. വയ്ക്കുന്നതും നികത്തുന്നതും, കൃഷി നടത്താതിരിക്കുന്നതും തുച്ഛമെങ്കിലും ഇവിടെയുണ്ട്.

മഴയെമാത്രമാണ്, മറ്റു സമീപപ്രദേശങ്ങളിലെയും പോലെ ഈ പ്രദേശവും കൃഷിക്ക് ആശ്രയിക്കുന്നതെങ്കിലും കടലിൻെറയും, കായലുകളുടേയും സാമീപ്യം ഇവിടെ കൊടുംവരൾച്ച ഉണ്ടാക്കുന്നില്ല. നെല്ലും, തെങ്ങും കമുകും, വാഴയും പച്ചക്കറികളും ഇവിടെ നന്നായി വളരുന്നു. ഭൂപ്രകൃതി തീരദേശത്തിൻേറതിനോട് സാമ്യമുള്ളതാണ്. പൊതുവേ പറഞ്ഞാൽ കായലോരങ്ങളോടുചേർന്നുള്ള നെൽവയലുകളും അതിലും അല്പം ഉയർന്ന തെങ്ങിൻ പുരയിടങ്ങളും, പിന്നെ കായലുകളും, തോടുകളും ചേർന്നാൽ സുന്ദരമായ എഴുപുന്ന ഗ്രാമപഞ്ചായത്തായി.

ഭൂപ്രകൃതി - പട്ടിക 1

ക്രമനമ്പർ	ഭൂമിയുടെ തരം	മണ്ണ്	വിസ്തീർണ്ണം	ആകെ വിസ്തീർണ്ണത്തിൻെറ എത്ര ശതമാനം
1	കായലോരം ചേർന്ന താഴ്ന്ന നെൽവയലുകൾ	ചെളിമണ്ണ്	970 ഏക്കർ	27.5%
2	ഉയർന്ന, തെങ്ങ് കൃഷിക്ക് ഉപയോഗിക്കുന്ന കരഭൂമികൾ	മണൽ	2290 ഏക്കർ	65.2%
3	കായലുകൾ, തോടുകൾ, കുളങ്ങൾ		260 ഏക്കർ	7.3%
		ആകെ	3520 ഏക്കർ	100%

നെൽകൃഷി

ജനങ്ങൾ തിങ്ങി നിറഞ്ഞ പ്രദേശമായിരുന്നില്ല എഴുപുന്ന. മിക്കവാറും ഭൂമികൾ ജന്മികളുടേതായിരുന്നു. അവരിൽ പലരും ഭാവനാശാലികളും കൃഷിയോട് താല്പര്യമുള്ളവരുമായിരുന്നു. കായലോരങ്ങൾ ചിറകൾ കെട്ടി സംരക്ഷിച്ച് ഉള്ളിലുള്ള താഴ്ന്ന പ്രദേശങ്ങളിൽ നെൽകൃഷി തുടങ്ങി. കഠിനാദ്ധ്വാനം അന്നത്തെ കൃഷിക്കാരുടേയും, കർഷകതൊഴിലാളികളുടേയും മനസ്സ് മടിപ്പിച്ചിട്ടില്ല. അന്നത്തെ അവരുടെ അദ്ധ്വാനഫലമാണ് ഇന്നുള്ള പ്രധാന നെൽകൃഷിയിടങ്ങൾ.

നെൽകൃഷിയിടങ്ങൾ -പട്ടിക 2.

നമ്പർ	പാടശേഖരത്തിൻെറ പേര്	വിസ്തീർണ്ണം	ഉപയോഗിക്കുന്ന വിത്തിനം	ഇന്നത്തെ സ്ഥിതി 1995
1.	വലിയകരി	200 ഏക്കർ	ചെട്ടി വിരിപ്പ്	ചെമ്മീൻ കൃഷി
2.	പുത്തൻകരി	165 ഏക്കർ	ചെട്ടി വിരിപ്പ്	ചെമ്മീൻ കൃഷി
3.	കൊമ്പനാതുരുത്തു കരി	135 ഏക്കർ	ചെട്ടി വിരിപ്പ്	ചെമ്മീൻ കൃഷി
4.	ആലുങ്കൽ കരി	20 ഏക്കർ	ചെട്ടി വിരിപ്പ്	ചെമ്മീൻ കൃഷി
5.	കോങ്കേരി / വെളുത്തുള്ളി പാടശേഖരം	220 ഏക്കർ	ചെട്ടിവിരിപ്പ്	14 ഏക്കർ കൃഷി നടത്തി ബാക്കി ചെമ്മീൻകൃഷി
6.	തോട്ടപ്പിള്ളി/പെരുന്തോട് കൂരിച്ചാൽ	160 ഏക്കർ	ചെട്ടി വിരിപ്പ്	28 ഏക്കർ കൃഷി നടത്തി ബാക്കി ചെമ്മീൻ കൃഷി
7.	മറ്റുള്ള ഒറ്റപ്പെട്ട നിലങ്ങൾ	70 ഏക്കർ	ചെട്ടി വിരിപ്പ്	ചെമ്മീൻ കൃഷി
	ആകെ	970 ഏക്കർ		നെൽകൃഷി 42 ഏക്കർ ചെമ്മീൻ 928 ഏ.

എഴുപുന്നയുടെ മൂന്നുഭാഗത്തും കായലോരമാണ് തെക്കുംഭാഗം മാത്രം കര അതിരായുണ്ട്. എന്നാൽ എരമല്ലൂരിൻെറ കിഴക്കും പടിഞ്ഞാറും ഭാഗമേ കായലുള്ളു. തെക്കും വടക്കും കരയാണതിര്. പട്ടിക രണ്ടിലെ പാടശേഖരങ്ങൾ കായലോരങ്ങളോട് ചേർന്ന താഴ്ന്ന പ്രദേശങ്ങളാണ്. കരിനിലങ്ങളായ വലിയ കരി, പുത്തൻ കരി, ആലുങ്കൽ കരി, കൊമ്പനാതുരുത്തു കരി ഇവ നീണ്ടകരയിലും, കോങ്കേരി വെളുത്തുള്ളി പാടശേഖരം എഴുപുന്നയിലും, തോട്ടപ്പള്ളി പെരുന്തോട് കൂരിച്ചാൽ നിലങ്ങൾ എരമല്ലൂരിലും സ്ഥിതി ചെയ്യുന്നു.

കരിനിലങ്ങൾ

മറ്റു നിലങ്ങളേക്കാൾ ആഴക്കൂടുതലുള്ള കരിനിലങ്ങളിൽ വൈദ്യുത മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്യുന്നു. വാരം കിളയാണ് ഇവിടെ പതിവ്. ട്രാക്ടർ ഉപയോഗിക്കാറില്ല. ശരാശരി നെല്ലുൽപാദനം 100നും 150 നും ഇടയ്ക്കാണ്. ശരാശരി അര ഏക്കർ മുതൽ 2 ഏക്കർ വരെ നിലമാണ്. ഓരോ വ്യക്തിയും കൈവശം വയ്ക്കുന്നത്. പാടശേഖരകമ്മറ്റികൾ ഓരോ പാടശേഖരത്തിനും ഉണ്ടെങ്കിലും കൂട്ടായപ്രവർത്തനം കൃഷി സംബന്ധമായ ഒന്നിനും കാര്യമായി ഉണ്ടാകാറില്ല.

ജൈവവളങ്ങൾ ഈ പാടശേഖരങ്ങളിൽ ഒരു ദശാബ്ദത്തോളമെങ്കിലുമായി ഉപയോഗിക്കാറില്ല. മുമ്പ് വളച്ചെളി ഇറക്കുന്ന രീതിയുണ്ടായിരുന്നു. രാസവളങ്ങൾ ക്രമമായി ആരും ഉപയോഗിക്കാറില്ല. അവിടവിടെയായി ചിലർ ഉപയോഗിക്കാറുമുണ്ട്. വരമ്പുകളില്ലാതെ എല്ലായിടത്തും വെള്ളം കയറി ഇറങ്ങുന്നത് വള പ്രയോഗത്തിൽ താല്പര്യമുള്ളവരേയും മടുപ്പിക്കുന്നു. 520 ഏക്കറോളം വരുന്ന ഈ നെൽപ്പാടങ്ങളിലെ വിളവ് കൃഷിച്ചെലവ്, അതാതു കാലത്തെ നെൽവില അനുസരിച്ചുള്ള വരുമാനം, അറ്റാദായം ഇവ കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു. മേല്പറഞ്ഞ കരികളിലെ പത്തു വർഷത്തെ കൃഷി വിവരങ്ങളുടെ ശരാശരിയാണ് പട്ടിക. ചില നിലങ്ങൾ സ്ഥിരമായി നഷ്ടം കാണിക്കുന്നവയുമുണ്ട്. 1995-ൽ പൊതുവേ കൃഷി നടക്കാതിരുന്നതിനാൽ ഈ കണക്കിൽ ഉൾപ്പെടുത്താൻ പറ്റിയിട്ടില്ല.

പട്ടിക 3
കരിനിലങ്ങളിലെ കൃഷിയുടെ ശരാശരി വിവരങ്ങൾ 1985 മുതൽ 1994 വരെ

വർഷം	1985	1986	1987	1988	1989	1990	1991	1992	1993	1994
നെൽവില (പറ)	17	20	20	23	25	22	30	30	32	38
ഒരേക്കറിലെ ശരാശരി വിളവ് (പറ)	120	106	114	128	102	113	138	132	130	120
വരുമാനം Rs	2040	2120	2280	2944	2550	2486	4140	3960	4160	4560
കൃഷിച്ചെലവ് Rs	1000	960	1300	1450	1600	1690	1680	2030	2600	2650
അറ്റാദായം Rs	1040	1160	980	1494	950	796	2460	1930	1560	1910

ഒരു പറ - 7 കിലോഗ്രാം

കൃഷിച്ചെലവിൽ മുടക്കിയ പണത്തിന്റെ പലിശ, നോക്കി നടത്തുന്ന നിലമുടമയുടേയും കുടുംബത്തിന്റെയും അദ്ധ്വാനത്തിന് പ്രതിഫലം ഇവ ഉൾപ്പെടുത്തിയിട്ടില്ല.

കരപ്പാടങ്ങൾ

എഴുപുന്നയിലും, എരമല്ലൂരും, കാക്കതുരുത്തിലും നീണ്ടകരയിൽ തന്നെ ചെറിയ ചെറിയ ഈ നിലങ്ങൾ 450 ഏക്കറോളം വരും. എഴുപുന്നയിലുള്ള 220 ഏക്കറോളം വരുന്ന കോങ്കേരി വെളുത്തുള്ളി പാടശേഖരം, എരമല്ലൂരുള്ള 160 ഏക്കറോളമുള്ള തോട്ടപ്പള്ളി -പെരുന്തോട് -കൂരിച്ചാൽ പാടശേഖരം ഇവയും പലയിടത്തായി കിടക്കുന്ന 70 ഏക്കറോളം ചെറിയ പാടങ്ങളും ഈ ഇനത്തിൽപ്പെടും. കരിനിലങ്ങളെപ്പോലെ. ആഴമുള്ളവയല്ലിത്. കരിനിലങ്ങളേക്കാൾ മണലിന്റെ അനുപാതം കൂടുതലുണ്ടാതാനും. പലയിടത്തും ഈ പാടശേഖരങ്ങൾ പുരയിടത്തിലേക്ക് കയറിക്കിടക്കുന്നതു കാണാം. ചോലയായ ഇവയെ നെൽവയൽ എന്ന് പറയാമെന്നേയുള്ളു. കരിനിലങ്ങൾ പൊതുവെ ഒരേനിരപ്പും വെള്ളം തടസ്സംകൂടാതെ കയറിയിറങ്ങാവുന്നതുമായ വിധമാണ് കിടക്കുന്നത്? കരക്കണ്ടങ്ങളിലും മണൽകണ്ടങ്ങളിലും പലയിടത്തും തെങ്ങുകൃഷി നടത്തുകയോ ജനതാമസമുണ്ടാകുകയോ ചെയ്യുന്നു. ചിലയിടത്ത് പാടങ്ങൾ ഒറ്റപ്പെട്ടു കിടക്കുന്നു. ഈ പ്രത്യേകതകൾ മൂലം മോട്ടോർ ഉപയോഗിച്ചുള്ള പമ്പിംഗ് ഇവിടെ ഇല്ല. വേലയേറ്റത്തെ ആശ്രയിച്ച് വെള്ളം കയറിയിറങ്ങുന്നു. നെല്ലുൽപ്പാദനം 70 പറയ്ക്കും 100 പറയ്ക്കും ഇടയ്ക്കാണ്. പമ്പിംഗ് ഇല്ലാത്തിനാൽ കൂലിച്ചെലവ് കൂടുതലുള്ള കണ്ണികോരൽ സമ്പ്രദായമാണ് നിലനിൽക്കുന്നത് ട്രാക്ടർ വന്നിട്ടില്ല. 1/4 ഏക്കർ മുതൽ 1 ഏക്കർ വരേയാണ് ഇവിടെ ഓരോ വ്യക്തിയും കൈവശം വച്ചിട്ടുള്ളത്. പാടശേഖരകമ്മറ്റി ഇവിടെയുണ്ടെങ്കിലും ഫലപ്രദമായി കൃഷിക്കുവേണ്ടി പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല. കരയിൽ പെയ്തിറങ്ങുന്ന മഴവെള്ളം ഒരു കാലത്ത് ഈ നിലങ്ങൾക്ക് ഒരു അനുഗ്രഹമായിരുന്നു. ഇന്നത് ശാപമായി മാറിയിരിക്കുന്നു. ചെമ്മീൻ ഷെഡുകളിൽ നിന്നുവരുന്ന മലിനജലവും ഇതിൽ ചേരുന്നതാണ് കാരണം. ചെമ്മീൻ പീലിംഗ് ഷെഡുകളിൽ നിന്നു വരുന്ന ജലം കൃഷിക്ക് മൊത്തത്തിലും നെൽകൃഷിക്കു പ്രത്യേകമായും ദോഷകരമായി ഭവിക്കുന്നു.

ജൈവവളപ്രയോഗം ഈ നിലങ്ങളിലും സാധാരണമല്ല. രാസവളം കുറഞ്ഞ തോതിൽ ഉപയോഗിക്കുന്നു. കഴിഞ്ഞ പത്തു കൊല്ലത്തെ കൃഷിയുടെ വിവരങ്ങൾ താഴെ പട്ടികയിൽ കാണിക്കുന്നു. കരിനിലങ്ങളിലേതുപോലെതന്നെ ഇവിടെയും വിവിധ മേഖലയിൽ നിന്നുള്ള പത്തു കൃഷിക്കാരിൽ നിന്നാണ് ഈ പട്ടികയ്ക്ക് ആധാരമായുള്ള വിവരങ്ങൾ. 1984 മുതൽ 1993 വരെയുള്ളതാണ് കണക്കിലെ വിവരങ്ങൾ. 1993-നുശേഷം വ്യാപകമായി ഈ നിലങ്ങളിൽ കൃഷി നടന്നിട്ടില്ല.

പട്ടിക -4

കരപ്പാടങ്ങളിലെ കൃഷിയുടെ ശരാശരി വിവരങ്ങൾ 1984 മുതൽ 1993 വരെ.

കൊല്ലം	1984	1985	1986	1987	1988	1989	1990	1991	1992	1993
നെൽ വില Rs (പറ)	15	17	20	20	23	25	22	30	30	32
ഒരക്കറിലെ ശരാശരി വിളവ് (പറ)	89	90	78	68	69	78	100	76	83	68
വരുമാനം Rs	1335	1530	1560	1360	1587	1950	2200	2280	2490	2176
കൃഷിച്ചെലവ്	1020	1478	1428	1384	1353	1876	1514	1784	1856	2574
അറ്റാദായം Rs.	315	68	132	-24	234	86	686	496	634	398

(ഒരു പറ) -7 കിലോഗ്രാം

കൃഷിചെലവിൽ മുടക്കിയ പണത്തിന്റെ പലിശയും, നോക്കി നടത്തുന്ന കുടുംബത്തിന്റെ അദ്ധ്വാനത്തിന്റെ പ്രതിഫലവും നിശ്ചയിച്ചാൽ 1984 മുതൽ തന്നെ ഈ നിലങ്ങൾ നഷ്ടത്തിലാണ് നടക്കുന്നതെന്ന് കാണാം.

മണൽ കണ്ടങ്ങൾ

എഴുപുന്നയിലും, എരമല്ലൂരും തെങ്ങിൻ തോപ്പുകൾക്കിടയിൽ കിടന്നിരുന്ന മണൽക്കണ്ടങ്ങളെ കുറച്ചുകൂടി പറഞ്ഞില്ലെങ്കിൽ ഈ വിവരണം അപൂർണ്ണമാകും. ചെറുവിരിപ്പ് എന്ന വിത്തു വിതച്ചിരുന്ന കണ്ടങ്ങളാണിവ. കരിനിലങ്ങളെയും കരപ്പാടങ്ങളെയും താരതമ്യം ചെയ്താൽ വിളവ് തുലോം വിരളം. ഈ നിലങ്ങളിൽ വേനൽക്കാലത്ത് മധുരക്കിഴങ്ങ്, മത്തൻ, ഇളവൻ, ചീര മുതലായവ കൃഷി ചെയ്തിരുന്നു. കൃഷിച്ചെലവിന്റെ വർദ്ധനവും, വിളയുടെ കുറവും നെൽകൃഷിയെ തകർക്കാൻ കാരണമായി. മത്തൻ, ഇളവൻ, മധുരക്കിഴങ്ങ് മുതലായവ ലാഭകരമായി വിറ്റഴിക്കാൻ കഴിയാതെ വന്നപ്പോൾ അവയുടെ കൃഷിയും അവതാളത്തിലായി.

തെങ്ങുകൃഷി

പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണത്തിന്റെ 65% അതായത്, 220 ഏക്കർ സ്ഥലത്ത് തെങ്ങുകൃഷിയാണ്. പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും തെങ്ങ് വ്യാപകമായുണ്ട്. കുറഞ്ഞ പരിചരണം കൊണ്ട് തെങ്ങ് ഇവിടെ ആദായകരമാക്കാം. തെങ്ങുകൃഷിയിൽ താല്പര്യം വരാൻ കാരണം ഇതാണ്. ഏക്കറിന് 70 തെങ്ങ് എന്ന കൃഷിഭവൻ ശുപാർശയേക്കാൾ കൂടുതൽ തെങ്ങിൻ തൈകൾ നട്ടിരിക്കുന്നു. ഇത് മൊത്തത്തിൽ തെങ്ങിന്റെ ആരോഗ്യത്തെ ബാധിച്ചിട്ടുണ്ട്. ഒരു പറമ്പിൽ തന്നെ പല പ്രായത്തിലുള്ള തെങ്ങുകൾ കാണാം. തൈ നടുന്നതിന് ശാസ്ത്രീയരീതിയൊന്നും ഇവിടെ അവലംബിച്ചിട്ടില്ല. ജലസേചനത്തിന് മഴയെ ആശ്രയിച്ചാണിരിക്കുന്നത്. വേനൽക്കാലത്ത് പറമ്പിലുള്ള കുളങ്ങളും തോടുകളും വെട്ടി അതിലെ എക്കൽ വളമായും, വെള്ളം നനയ്ക്കാനും ഉപയോഗിക്കുന്നു. അധികച്ചെലവു കാരണം കായലിലെ എക്കൽ ചെളി വളമായി നല്കിയിരുന്നത് ഇപ്പോൾ നിന്നുവരുകയാണ് മഴക്കാലാരംഭത്തോടെ തെങ്ങിന് തടം വെട്ടി കാലിവളവും മറ്റും ഇട്ടിരുന്ന പതിവും ഇപ്പോൾ ചിലയിടങ്ങളിൽ മാത്രമായിരിക്കുന്നു. 20 വർഷം മുമ്പുണ്ടായിരുന്ന തോതിൽ നാളികേര വിളവ് ഇപ്പോൾ ലഭിക്കുന്നില്ല. വ്യാപകമായുള്ള കാറ്റുവീഴ്ചരോഗം, മഴക്കാലങ്ങളിൽ കണ്ടുവരുന്ന കുമിൾ രോഗം ഇവ കൂടാതെ ചെമ്പൻ ചെല്ലിയും, കറുത്തചെല്ലിയും, തെങ്ങു കൃഷിയ്ക്ക് നാശമുണ്ടാക്കുന്നു. കുമിൾ രോഗം ബോർഡോ മിശ്രിതം ഉപയോഗിച്ച് നിയന്ത്രിച്ചിരുന്നെങ്കിലും ഇപ്പോൾ അതിന് ഒരു പൊതുസംവിധാനം ഇല്ല. കറുത്ത ചെല്ലി അത്ര മാരകമല്ലെങ്കിലും ചെമ്പൻചെല്ലി ഇവിടത്തെ തെങ്ങുകർഷകന്റെ മനസ്സിൽ തീ വീഴ്ത്തുന്നു. കർഷകർക്ക് വിശ്വസിക്കാവുന്ന ഒരു ചികിത്സാരീതിയും ഇതുവരെ ഈ രോഗത്തിന് കണ്ടുപിടിച്ചിട്ടില്ല എന്നുള്ളത് നിരാശാജനകമാണ്. വർദ്ധിച്ച കൂലിയും, കർഷകത്തൊഴിലാളിയുടെ എണ്ണത്തിൽ വന്ന കുറവും പരമ്പരാഗതമായ കൃഷിപ്പണികൾ ചെയ്യിക്കുന്നതിന് വിഘാതമായി നിൽക്കുന്നു. പമ്പുപയോഗിച്ചുള്ള നന ഇപ്പോൾ പ്രചാരത്തിലായിട്ടുണ്ട്. കുടങ്ങളിൽ വെള്ളം കോരി നനയ്ക്കുന്ന പതിവായിരുന്നു മുൻകാലങ്ങളിൽ അധികസ്ഥലത്ത് ഉണ്ടായിരുന്നത്. തെങ്ങിന്റെ രോഗങ്ങൾ നിയന്ത്രിക്കാൻ സാധിക്കുകയും, ശാസ്ത്രീയകൃഷിരീതി അവലംബിക്കുകയും ചെയ്താൽ തെങ്ങിന് ഈ പഞ്ചായത്തിൽ ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിയും.

പട്ടിക - 5
കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ
ശരാശരി തേങ്ങാ ഉല്പാദനം. 1 ഏക്കറിൽ

കൊല്ലം	തേങ്ങ	ശരാശരി 1 തെങ്ങിന്
1992	3649	36
1993	3624	36
1994	4421	44
1995	4221	42
1996	3896	38

മറ്റുകൃഷികൾ

തെങ്ങും, നെല്ലും കൂടാതെ കശുമാവ് കൃഷി ആദായ കരമാണ്. പച്ചക്കറികളും പഴവർഗ്ഗങ്ങളും, കവുങ്ങ്, വെറ്റില മുതലായവയും കൃഷി ചെയ്യുന്നുണ്ട്. എന്നാൽ ഇതിന് തെങ്ങിന്റെ ഇടക്കൃഷി എന്ന പ്രാധാന്യമേ യുള്ളു. കർഷകൻ ഭാവനാ സമ്പന്നനെങ്കിൽ അവന്റെ വീട്ടുവളപ്പിൽ പലതും കൃഷി ചെയ്യും. അങ്ങനെയുള്ള കൃഷിയാണിത്.

പട്ടിക - 6
മറ്റുവിളകൾ

ക്രമനമ്പർ	വിള	വിസ്തൃതി ഹെക്ടറിൽ
1	പയർ	20
2	പച്ചക്കറികൾ	30
3	വാഴ	30
4	മരച്ചീനി	4
5	കുരുമുളക്	5
6	പ്ലാവ്	1
7	കശുമാവ്	15
8	നാട്ടുമാവ്	10
9	കമുക്	15
10	വെറ്റില	25

ചില വീട്ടുവളപ്പിൽ പപ്പായ, പേര, ജാതി, കറുവ ഔഷധസസ്യങ്ങൾ ഇവയും വളർത്തുന്നുണ്ട്. ഓരില്ലാത്ത ഭാഗങ്ങളിലെല്ലാം ജലസേചനത്തിനു മാർഗ്ഗമുണ്ടെങ്കിൽ ഈ കൃഷികളെല്ലാം നന്നായി വളരും. എന്നാൽ കൃഷി ഉണ്ടാകുമോ ഇല്ലയോ എന്നതല്ല എഴു പുന്നയിലെ പ്രശ്നം. ഉണ്ടാകുന്നത് വിറ്റഴിക്കാൻ സാധി ക്കാതിരിക്കുന്നതാണ്. കൊക്കോ, മാംബറി മുതലായവ വലിയ കൊട്ടും ഘോഷവും ആയി സർക്കാർ പ്രോത്സാ ഹനത്തോടെ കൃഷി ചെയ്തെങ്കിലും അവസാനം വെട്ടിമാറ്റേണ്ട ഗതികേടിലേയ്ക്ക് എത്തിച്ചതും ഇവിടെ സ്മരിക്കുന്നു.

നെൽകൃഷിയുടെ പ്രശ്നങ്ങൾ

പട്ടിക മൂന്നിൽ കാണിക്കും പ്രകാരം കരിനിലങ്ങ ളിലെ നെൽകൃഷി നേരിയ ലാഭം കാണിക്കുന്നുണ്ട്. മുടക്കുമുതലിന്റെ പലിശയും, ചെലവും കൂടി പരിഗണിച്ചാൽ വലിയ നഷ്ടത്തിലാണ്.

കരപാടങ്ങളുടെ നില ഇതിലും പരിതാപകരമാണ്. പട്ടിക 4 പ്രകാരം കഴിഞ്ഞ ഒരു ദശകമായി ഈ നിലങ്ങൾ കടുത്ത നഷ്ടത്തിലാണ്. തന്നേയുമല്ല 450 ഏക്കറോളം വരുന്ന ഈ സ്ഥലങ്ങളിൽ പകുതിയും നെൽകൃഷിയ്ക്ക് ഉപയുക്തമല്ലാതായിക്കഴിഞ്ഞു. കരകളോട് കേറിയും ഇറങ്ങിയും കിടക്കുന്ന ഈ നില ങ്ങളിലെ വിളവ് തുലോം തുച്ഛമാണ്. കൃഷിയുടെ നിലനിൽപ്പ് തുടർച്ചയായി നഷ്ടത്തിലായ ഘട്ടത്തി ലാണ് ചെമ്മീൻ വളർത്തലും, മത്സ്യബന്ധനവും തുടങ്ങിയത്. നഷ്ടത്തിൽ നടക്കുന്ന നിലമുടമകൾ ഏക്കറിന് 1500 രൂപ തൊട്ട് 10,000 രൂപ വരെ നിലത്തി ന്റെ കിടപ്പനുസരിച്ച് ലാഭം ഉണ്ടാക്കാമെന്ന് മനസ്സി ലാക്കി അതിലേയ്ക്ക് തിരിഞ്ഞത്. ആകെ 970 ഏക്കർ നിലത്തിൽ 42 ഏക്കർ മാത്രമെ 1996-ൽ നെൽകൃഷിക്കു പയോഗിച്ചുള്ളൂ എന്നത് പ്രശ്നത്തിന്റെ ഗൗരവം എടുത്തുകാട്ടുന്നു.

നെൽകൃഷി നഷ്ടത്തിലാകാൻ പല കാരണ ങ്ങളുണ്ട്.

1 ഉയർന്ന ജീവിതനിലവാരം കർഷകനും, കർഷക ത്തൊഴിലാളിയ്ക്കും കൃഷിയോട് താല്പര്യമില്ലാതായി. പുതിയ തലമുറയിൽപ്പെട്ട ആരും തന്നെ കൃഷിപണി യ്ക്ക് തയ്യാറാകുന്നില്ല. പഴയ തലമുറകളുടെ എണ്ണവും കുറഞ്ഞു. തന്മൂലം കൃഷിരംഗത്ത് തൊഴിലാളികളുടെ ക്ഷാമവും, വർദ്ധിച്ച കൂലിയും പ്രശ്നമാകുന്നു. സമ യത്തു കിളക്കാനോ, കൃഷിയിറക്കാനോ, കൊയ്യാനോ സാധിക്കാതെ കർഷകൻ അധികച്ചെലവു സഹിക്കുക യും, നഷ്ടപ്പെടുകയും ചെയ്യുന്നു.

2. നഗരസാമീപ്യം

കർഷകത്തൊഴിലാളിയുടെ കുറവിന് മറ്റൊരു കാരണം കൂടിയുണ്ട്. കൊച്ചി നഗരം റെയിൽവേ യുടേയും, എണ്ണമറ്റ ബസ്സ് സർവ്വീസുകളുടെയും ആഗമനത്തോടെ വളരെ അടുത്തായി. കൊച്ചി നഗരത്തിൽ ദിവസകൂലിയ്ക്ക് പണിക്കുപോകുന്നവർ എഴുപുന്നയിൽ ഇന്ന് ധാരാളമുണ്ട്. നഗരത്തിൽ നിർമ്മാണ-വ്യവസായ തൊഴിലാളികളുടെ കൂലിനിര ക്കിൽ പണിയുന്ന അവർക്ക്, കൃഷിരംഗത്തെ എളിയ കൂലി ഒട്ടും ആകർഷകമല്ല. സ്വാഭാവികമായും, കൃഷി പണിയിൽ നിന്ന് അവർ വിട്ടുനില്ക്കുന്നു. കഴിഞ്ഞ പത്തു കൊല്ലങ്ങളിൽ കർഷകത്തൊഴിലാളികളുടെ

കൂലിയും, പ്രവർത്തിസമയവും, നെല്ലിന്റെ വിലയുമായി താരതമ്യം ചെയ്യാൻ ഈ പട്ടിക ശ്രദ്ധിക്കുക.

പട്ടിക - 7
കർഷകത്തൊഴിലാളികളുടെ കൂലി, സമയം, നെൽവില.

വർഷം	1987	1988	1989	1990	1991	1992	1993	1994	1995	1996
നെൽവില R.s.	20	23	25	22	30	30	32	38	45	
കർഷക തൊഴിലാളിയുടെ കൂലി	30	35	35	38	42	45	65	70	85	90
കർഷകത്തൊഴിലാളിയുടെ പ്രവർത്തി സമയം	61/2	6	6	6	6	51/2	51/2	51/2	5	5

നെൽക്കൃഷിയുടെ നട്ടെല്ലായിരുന്ന കർഷകത്തൊഴിലാളി ഇന്ന് നെൽകൃഷിക്കൊരാഡംബരം ആയിരിക്കുന്നു. ഈ ആഡംബരം താങ്ങാൻ എളിയ കർഷകന് ശക്തിയില്ല എന്നതൊരു സത്യമാണ്.

3. പരമ്പരാഗതമായ കൃഷിരീതി

എഴുപുന്നയിലെ കരിനിലങ്ങളിൽ മാത്രമാണ് ഇലക്ട്രിക് മോട്ടോർ ഉപയോഗിച്ച് പമ്പിംഗ് നടക്കുന്നത് കരപ്പാടങ്ങളിൽ വേലിയേറ്റത്തെ ആശ്രയിച്ചുമാണ്. കിളക്കായി ഉണക്കുന്നതിനു വേറെ സംവിധാനവും ഇവിടെ ഇല്ല. കൃഷിക്ക് ഇതുവരെ പഴയ രീതി തന്നെയാണ് അവലംബിക്കുന്നത്. ഈ രീതിയിൽ പിടിച്ചു നിൽക്കാൻ കൃഷിക്കാർക്ക് കഴിയുകയില്ല.

4) സംഘടനകളുടെ അപര്യാപ്തത

എല്ലാ പാടശേഖരങ്ങൾക്കും കർഷകസംഘങ്ങൾ ഉണ്ടെങ്കിലും ഇവയൊക്കെ തന്നെ ചെമ്മീൻ കൃഷിയുടെ ആദായം പങ്കിട്ടുകൊടുക്കുന്നതിലോകൃഷിഭവനിൽ നിന്നു ലഭിക്കുന്ന സർക്കാർ പങ്ക് വിതരണം ചെയ്യുന്നതിലോ മാത്രമേ ശ്രദ്ധിക്കുന്നുള്ളൂ. കർഷകരുടെ സംഘടന ഒരു പ്രത്യേക സ്ഥലത്തെ നെൽകൃഷി എങ്ങിനെ ലാഭകരമായി കൊണ്ടുപോകാമെന്നാണ് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടത്. അങ്ങനെ ഒരു രീതി ഇവിടെ ഇല്ലെന്നുകാണാം.

5. കൃഷിയെആശ്രയിക്കാത്ത കർഷകർ

ബഹുഭൂരിപക്ഷവും ഇടത്തരക്കാരാണ് ഇവർ കൃഷിയെ ഗൗരവമായി എടുക്കുന്നില്ല. അവർ ജീവിതത്തിന് കൃഷിയെ ആശ്രയിക്കുന്നുമില്ല. സ്വാഭാവികമായും കൃഷി അഭിവൃദ്ധിപ്പെടുത്താൻ ഇവർ ശ്രമിക്കുന്നില്ല.

6. തുണ്ടുതുണ്ടാക്കപ്പെട്ട ഭൂമികൾ

ആധുനിക കൃഷിരീതികൾ അവലംബിക്കാൻ കൃഷിഭൂമികൾ തുണ്ടുതുണ്ടായാൽ പ്രയാസമാണ്. ഗ്രൂപ്പ് ഫാമിംഗ്വഴി നിലം പൊതുവാക്കുകയും കൃഷി പൊതുവായി നടത്തുകയും വേണം.

7. നെൽകൃഷിക്ക് യോഗ്യമല്ലാത്ത നിലങ്ങൾ

എഴുപുന്ന പഞ്ചായത്തിലെ മൊത്തം നിലങ്ങളിൽ കുറഞ്ഞത് 1/3 എങ്കിലും ഇപ്പോൾ നെൽക്കൃഷിക്ക് ഉപയുക്തമല്ല. ഇവ ഒരു കാലത്ത് നന്നായി വിളഞ്ഞിരുന്ന നിലങ്ങളാണ്. ഇന്ന് ചുറ്റുപാടും പറമ്പുകളും, മരങ്ങളും തെങ്ങുകളും നിറഞ്ഞ് ഏക്കറിന് 50 പറ പോലും വിളലഭിക്കാത്തതായി തീർന്നിട്ടുണ്ട്. അവയെ ഉപയോഗപ്രദമായ മറ്റ് കാര്യങ്ങൾക്ക് ഉപയോഗിക്കാൻ അനുവദിക്കണം. അവയും നെൽപ്പാടങ്ങളാണെന്നും പറയുന്നത് യാഥാർത്ഥ്യത്തിൽ യോജിച്ചതല്ല.

8. മലിനജലം

ചെമ്മീൻ ഷെഡുകളിലെ മലിന ജലം നെൽപ്പാടങ്ങളെ നശിപ്പിക്കുന്നു. അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്.

9. വളർത്തു ജന്തുക്കൾ കൃഷി നശിപ്പിക്കുന്നു.

കരയോടു ചേർന്ന കരിനിലങ്ങളെയും, കരയോടു ചേർന്ന കരപ്പാടങ്ങളേയും ബാധിക്കുന്ന ഒന്നാണിത് 40% മുതൽ 50% വരെ കൃഷി നാശം ഉണ്ടാകാറുണ്ട്. ഈ തരത്തിൽ പണ്ടു കാലത്ത് കോഴിയും താറാവും, വിളഞ്ഞുകിടക്കുന്ന നിലത്തിൽ ഇറങ്ങുന്നത് മോശമായി ആളുകൾ കരുതിയിരുന്നു. ഇപ്പോൾ അങ്ങനെ വിളഞ്ഞുകിടക്കുന്ന നിലത്തിൽ കോഴികളേയും, താറാവിനേയും ഇറക്കുന്നത് ഏതാണ്ട് അവകാശം പോലെയാണ്. കർഷകൻ ഇതിനെ എതിർത്താൽ വഴക്കും കൂടുതൽ നാശനഷ്ടവുമായിരിക്കും ഫലം. ഇതും നെൽകൃഷിയെ ദോഷകരമായി ബാധിച്ചു.

10. കൂലി നിരക്കുകൾ

നഗരത്തിലെ കൂലി നിരക്കുകൾ കർഷകതൊഴിലാളിയെ സ്വാധീനിക്കുന്നതുപോലെ കൃഷിയോടു ചേർന്നുള്ള ട്രാൻസ്പോർട്ടിങ്ങും നഗരത്തിലെ കൂലി നിരക്കിനാൽ സ്വാധീനിക്കപ്പെടുന്നു. വള്ളക്കൂലി, കുത്തുകൂലി, ലോറിചാർജ്ജ്, ടെമ്പോചാർജ്ജ്, കയറ്റിറക്കുകൂലി ഇവയെല്ലാം നഗരത്തിലെ വ്യവസായ മേഖലയുടേതിനു തുല്യമായതിനാൽ കൃഷിരംഗത്ത് ഇവ വലിയ ചെലവിനിടയാക്കുന്നു. ഇത് നെൽക്കൃഷിയോട് മടുപ്പിനിടയാക്കി.

വളത്തിന്റെ ഉപയോഗം

ജൈവവളം:- പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി കന്നുകാലിവളം, കോഴിവളം, പച്ചിലവളം ഇവ ഉൽപ്പാദിപ്പിക്കപ്പെടുന്നു. തെങ്ങിനും, വാഴയ്ക്കും

കൂടാതെ പച്ചക്കറികൾക്കുമാണ് ഇവ പ്രയോഗിച്ചു കാണുന്നത്. വളരെ വ്യാപകമായ തോതിൽ ഈ വളങ്ങൾ ഉപയോഗിക്കപ്പെടുന്നില്ല. തെങ്ങുകൾക്ക് കായലുകളിൽ നിന്ന് വാരുന്ന എക്കൽവളമായി നൽകിയിരുന്നു. അതിനു വരുന്ന ചെലവ് ഭീമമായി വർദ്ധിച്ചതിനാൽ മുമ്പത്തെപോലെ ഈ ചെളിയും ഉപയോഗിക്കപ്പെടുന്നില്ല.

രാസവളം:- രാസവളം നെല്ലിനും, വാഴക്കും, പച്ചക്കറികൾക്കും കുറഞ്ഞതോതിൽ ഉപയോഗിക്കുന്നു. തെങ്ങിനും ഉപയോഗിക്കാറുണ്ട്. രാസവളത്തിന്റെ ഭാരിച്ച വിലയും, വേണ്ടപ്പോൾ ലഭ്യമല്ലാത്ത അവസ്ഥയും കർഷകരിൽ മടുപ്പുണ്ടാക്കുന്നു. 1994-95ൽ എഴുപുന്ന പഞ്ചായത്തിൽ മൊത്തം 150 ടൺ രാസവളം ഉപയോഗിച്ചതായി കാണുന്നു.

കീടനാശിനികൾ:- നെല്ലിനും, വാഴയ്ക്കും, മറ്റുപച്ചക്കറികൾക്കും, ചെമ്പൻചെല്ലിയെ നശിപ്പിക്കാൻ തെങ്ങിനും കീടനാശിനി ഉപയോഗിക്കുന്നു. 1994-95 വർഷത്തിൽ ദ്രവമായി 30 ലിറ്ററും, ഖരമായി 300 കിലോ ഗ്രാമും കീടനാശിനി ഉപയോഗിച്ചതായി കാണുന്നു.

കാർഷികോപകരണങ്ങൾ:- തെങ്ങിനും, നെല്ലിനും മരുന്നടിക്കുന്ന സ്പെയറുകളല്ലാതെ മറ്റു യന്ത്രങ്ങളൊന്നും കൃഷിക്കാരുടെ പക്കൽ എത്തിയിട്ടില്ല. വെള്ളം പമ്പുചെയ്യാൻ ഇലട്രിക്ക് മോട്ടോർ പമ്പുകൾ വ്യാപകമായുണ്ട്. കരിനിലങ്ങളിലും വലിയ ഇലട്രിക്മോട്ടോർ പമ്പുകൾ ഉപയോഗപ്പെടുത്തുന്നു.

കർഷകസംഘങ്ങൾ:- തെങ്ങു കൃഷിക്ക് കാര്യമായി പ്രവർത്തിക്കുന്ന സംഘങ്ങൾ ഒന്നുംതന്നെ ഇല്ല. എന്നാൽ നെൽ കൃഷിക്ക് എല്ലാപാടശേഖരങ്ങൾക്കും സംഘങ്ങൾ ഉണ്ട്. അവയുടെ പ്രവർത്തനം നെൽകൃഷി വളർത്തുകയുണ്ടായിട്ടില്ല എന്നത് ഖേദകരമാണ്. എന്നാൽ അവയെ ഗ്രൂപ്പ് ഫാമിങ് സംഘങ്ങളാക്കി മാറ്റിനെൽകൃഷിയെ ഉദ്ധരിക്കാം.

കാർഷികവായ്പ:- എഴുപുന്നയിലുള്ള 953-ാം നമ്പർ സഹകരണബാങ്ക് കാർഷിക ഹ്യസ്വകാല വായ്പ കൊടുക്കാറുണ്ട്. 93-94 ൽ 80 പേർക്ക് 353000 രൂപയും, 94-95ൽ 95 പേർക്ക് 8,74,00രൂപയും, 95-96ൽ 201 പേർക്ക് 18,40,000 രൂപയും കാർഷിക വായ്പ അനുവദിച്ചതായി കാണുന്നു. വായ്പ കൃഷിക്കുതന്നെ ഉപയോഗിച്ചു എന്ന് പരിശോധിക്കാൻ സംവിധാനമില്ലെന്നും കാണുന്നു.

ജലസേചനം:- പ്രധാനമായും മഴയെ ആശ്രയിച്ചാണ് ഇവിടത്തെ ജലസേചനം. കാലവർഷവും (ജൂൺ-ആഗസ്റ്റ്) തുലാവർഷവും (സെപ്റ്റംബർ-ഒക്ടോബർ) മൂലം ശരാശരിയിൽ കൂടുതൽ മഴ ഇവിടെ ലഭിക്കുന്നു. കാലവർഷമാണ് കൂടുതൽ നീണ്ടുനില്ക്കുന്നതും മഴ തരുന്നതും. തുലാവർഷം ചിലകൊല്ലങ്ങളിൽ ദുർബലമായിരുന്നിട്ടുണ്ട്.

എഴുപുന്ന പൊതുവേ പറഞ്ഞാൽ വെള്ളക്കെട്ടുണ്ടാക്കാത്ത പ്രദേശമാണ്. കരഭാഗത്തുനിന്നും ചെറുതോടുകൾ അടുത്തുള്ള കായലുകൾ വരെ എത്തുന്നു. അതിനാൽ വേലിയേറ്റമുള്ളകായലുകൾ കരയിൽ വെള്ളക്കെട്ടുണ്ടാക്കുന്നില്ല. വലിയ കുളങ്ങളോ, ശുദ്ധജലതോടുകളോ ഇല്ല. വേനൽക്കാലത്ത് ജലസേചനത്തിന് ചെറിയ കുളങ്ങളിലേയും, തോടുകളിലേയും വെള്ളവും ഭൂഗർഭജലവും ഉപയോഗപ്പെടുത്തുന്നു.

മണ്ണുസംരക്ഷണം

കായലോരങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന എഴുപുന്നയുടെ പല ഭാഗങ്ങളും കായലിലെ അലകൾ അടിച്ചുള്ളിലേക്ക് കയറിക്കൊണ്ടിരിക്കുന്നു. മഴക്കാലത്ത് മണ്ണുപൊട്ടിയൊലിച്ച് പലയിടത്തും കായലിലേക്ക്പോകുന്നു. ചിലയിടങ്ങളിൽ കരിങ്കൽക്കെട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ തോട്ടപ്പള്ളി-പെരുന്തോട് ഭാഗം പലയിടത്തും കല്ലില്ലാതെ കരനഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. അതുപോലെതന്നെ കോങ്കേരിവെളുത്തുള്ളിപാടശേഖരത്തിന്റെ കിഴക്കേ അതിരു കായലിൽ കല്ലുകെട്ടി ബലപ്പെടുത്തേണ്ടതാണ്. നീണ്ടകരയുടെ പല ഭാഗങ്ങളിലും പുത്തങ്കരിയുടെ കിഴക്കു ഭാഗത്തും കല്ലുകെട്ടില്ല. ഭാരിച്ചചെലവു വരുന്നതായ ഈ പണി ഗവൺമെന്റിന്റെ സഹായത്തോടെ നടത്താൻ പറ്റൂ.

ബണ്ടുകൾ

ഉപ്പു വെള്ളം തടയാൻ ഏതാനും ചെറിയ ബണ്ടുകൾക്കുപുറമെ വലിയ പേനാടി ബണ്ടും ഈ പഞ്ചായത്തിലുണ്ട്. പേനാടി ബണ്ട് നോക്കുകുത്തിയായിട്ട് കൊല്ലങ്ങളായി. പഞ്ചായത്തിൽ നിന്നും പണിത ചെറിയ ചെറിയ സ്ലൂയിസുകളുടേയും സ്ഥിതിവ്യത്യസ്ഥമല്ല.

നഴ്സറികൾ

പഞ്ചായത്ത് അതൃത്തിയിൽ രണ്ടു പ്രധാന നഴ്സറികൾ ഉണ്ട് കൂടാതെ ചെറിയ തോതിൽ 3 എണ്ണവും പ്രവർത്തിക്കുന്നു. പുതിയ ഇനം നടീൽ വസ്തുക്കൾ ഇവ മൂലം പ്രചരിക്കാനിടയായിട്ടുണ്ട്.

കൃഷി ഭവൻ

ഒരു കൃഷി ഓഫീസ്സറും രണ്ട് അസിസ്റ്റൻറ് മാരുമുള്ള കൃഷി ഓഫീസ് എഴുപുന്ന പഞ്ചായത്തിന്റെ ഒരുമൂലയിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ രണ്ടു പേർ മാത്രമേ കൃഷി ഓഫീസിലുള്ളു. പ്രവർ

ത്തനം ഗവണ്മെൻറ് സബ്സിഡി വിതരണം ചെയ്യുന്നതിൽ ഒതുങ്ങുന്നു.

ഈ ഓഫീസ് പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്ത് ആയിരുന്നെങ്കിൽ ജനങ്ങൾക്ക് പ്രയോജനകരമായിരുന്നു. കൃഷിഭവന്റെ പ്രവർത്തനം എല്ലാവാർഡുകൾക്കും ലഭിക്കത്തക്ക വിധത്തിൽ ക്രമീകരിക്കേണ്ടതാണ്.

എഴുപുന്ന പഞ്ചായത്തിൽപ്പെടുന്ന എല്ലാ വാർഡുകളിലും തന്നെ ഏതെങ്കിലും കൃഷി നന്നായി നടക്കുന്ന തരത്തിലുള്ളതാണ് അവയുടെ മണ്ണ്. എന്നാൽ എല്ലാ കൃഷിയും എല്ലായിടത്തും ഒരു പോലെ നന്നായി വിളഞ്ഞെന്നു വരില്ല. അതിനാൽ ഓരോ കൃഷിക്കും യോജിച്ച സ്ഥലത്തു മാത്രം ആ കൃഷി നടത്തുക. നെൽകൃഷി ഈ പഞ്ചായത്തിൽ എവിടേയും താരതമ്യേന പരാജയമാണെങ്കിലും നെല്ലിന്റെ പ്രാധാന്യത്തെ കരുതി നെല്ല് നന്നായി ഉണ്ടാക്കാൻ പറ്റിയ നിലങ്ങൾ തിരിച്ചെടുത്ത് അവിടെമാത്രം നെൽകൃഷി നിർബന്ധമായും ചെയ്യിക്കുകയാണ് കരണീയമായ കാര്യം. അല്ലാതെ കാടടച്ചുവെടിവയ്ക്കുന്ന രീതിയിൽ നെല്ലുണ്ടാകുന്നിടത്തെല്ലാം നെല്ലുണ്ടാക്കിക്കണം എന്നു പറയുന്നത് കാര്യങ്ങൾ കാര്യകാരണസഹിതം വിശകലനം ചെയ്യാത്തവരാണ്.

ഈ പഞ്ചായത്തിലെ പ്രധാന കൃഷികളായ നെല്ലിന്റേയും, തെങ്ങിന്റെയും വികസനത്തിനായും ഇടവിളകളുടെ പ്രോത്സാഹനത്തിനായും താഴെ പറയുന്ന നിർദ്ദേശങ്ങളും സമർപ്പിച്ചുകൊള്ളുന്നു.

നെൽകൃഷിക്ക്

നെൽകൃഷിക്ക് ഏറ്റവും ഉപയുക്തമായ നിലങ്ങൾ ഏവയെന്ന് നിശ്ചയിക്കുക. കരിനിലങ്ങൾ വല്യകരി, പുത്തൻകരി, കൊമ്പനാതുരുത്ത്, ആലിങ്കൽ കരി ഇവനെൽക്കൃഷിക്ക് നല്ലതാണ്. അതുപോലെ തന്നെവെളുത്തുള്ളി-കോങ്കേരി പാടശേഖരത്തിൽ പകുതിയോളവും, തോട്ടപ്പള്ളി പെരുന്തോട് പാടശേഖരത്തിൽ പകുതിയോളവും നെൽക്കൃഷിക്ക് നല്ലതാണ്. വെളുത്തുള്ളി കോങ്കേരി പാടശേഖരത്തിലും, തോട്ടപ്പള്ളി പെരുന്തോട് പാടശേഖരത്തിലും ഒറ്റപ്പെട്ട ചെറു തുണ്ടുകളായി കിടക്കുന്ന പാടങ്ങളും കരയിൽ കയറികിടക്കുന്ന സൂര്യപ്രകാശം കുറവുള്ള പാടങ്ങളും നെൽക്കൃഷി ചെയ്താൽ വിജയിക്കാൻ സാധിക്കാത്ത സ്ഥലങ്ങളാണ്. ഇവയെ ഒഴിവാക്കുക.

കുറഞ്ഞത് 10 ഏക്കറെങ്കിലുമുള്ള ബ്ലോക്കുകളായിരിക്കണം നിലങ്ങൾ. ഓരോ ബ്ലോക്കുകൾക്കും വെള്ളം പമ്പുചെയ്യാനുള്ള സൗകര്യം ലഭ്യമാക്കണം. ഇപ്പോൾ കരിനിലങ്ങൾക്കു മാത്രമെ ഈ സൗകര്യം ഉള്ളു.

ഓരോ സംഘങ്ങൾക്കുമോ, പല സംഘങ്ങൾക്കുമായോ ട്രാക്ടറുകൾ ലഭ്യമാക്കണം. ട്രാക്റ്റർ കിളവമ്പിച്ചപരിവർത്തനം നെൽക്കൃഷി രംഗത്തുണ്ടാകും.

ഓരോ പാടശേഖരങ്ങളിലും കർഷക സംഘങ്ങൾ രൂപീകരിച്ച് ഗ്രൂപ്പുഫാമിംഗ് രീതി അതിന്റെ യഥാർത്ഥ അർത്ഥത്തിൽ നടപ്പിലാക്കുക.

നെൽക്കൃഷിയ്ക്കുശേഷം നിലം ചെമ്മീൻകൃഷിയ്ക്ക് ഉപയുക്തമാക്കാൻ കർഷകനെ അനുവദിക്കുക.

കർഷക സംഘങ്ങൾ കൃഷിഭവന്റെ കൂടെ സഹായത്തോടെ പുതിയ കൊയ്ത്ത്, മെതിയന്ത്രങ്ങളെക്കുറിച്ച് അന്വേഷിക്കുക. പറ്റുമെങ്കിൽ കൊയ്ത്ത് യന്ത്രം മുഖേനയാക്കുക.

കർഷക സംഘങ്ങൾ മുൻകൈയ്യെടുത്ത് രാസവളം, കീടനാശിനി എന്നിവ ആവശ്യമായിടത്ത് പ്രയോഗിപ്പിക്കുക, മണ്ണു പരിശോധന നടത്തിക്കുക.

കാർഷിക പ്രശ്നങ്ങൾ സംഘങ്ങളുടെ യോഗത്തിൽ തീരുമാനിമാക്കുക. സംഘങ്ങളുടെ നേതൃത്വത്തിൽ കൃഷിഭവന്റെയും ഗവൺമെൻറിന്റെയും സഹായങ്ങളും ഉപദേശങ്ങളും കർഷകർക്ക് ലഭ്യമാക്കുക.

ചെമ്മീൻ ഷെഡ്ഡുകളിലെ മലിനജലം നെൽപ്പാടങ്ങളിൽ പ്രവേശിക്കാൻ ഇടയാക്കുന്നത് കുറ്റകരമാക്കുക.

നെൽക്കൃഷി വിളവെടുത്തു കഴിഞ്ഞാൽ നെല്ല് ആകർഷകമായ വിലയ്ക്ക് വിൽക്കാനുള്ള മാർക്കറ്റിംഗ് സൗകര്യം ഏർപ്പാടാക്കുക.

ഓരു വെള്ളം തടയുന്നതിനായി കൃഷിയിടങ്ങളുടെ പുറം ബണ്ടുകളെല്ലാം കരിങ്കൽ ചിറകളാക്കി മാറ്റുക. ഇപ്പോൾ പുത്തൻ കരിയിലും, കോങ്കേരി വെളുത്തുള്ളി പാടശേഖരത്തിലും, തോട്ടപ്പള്ളി പെരുന്തോട് പാടശേഖരത്തിലും ഇടയ്ക്കിടെ മാത്രമെ കരിങ്കൽ ചിറകളുള്ളു. കരിങ്കൽ ചിറകളില്ലാത്തിടത്തെല്ലാം അവ നിർമ്മിക്കുക.

കൃഷിരംഗത്ത് വായ്പാ സൗകര്യം ഇപ്പോൾ പരിമിതവും, ദുഷ്കരവുമാണ്. കൂടുതൽ വായ്പ കുറഞ്ഞ പലിശയ്ക്ക് കുറെക്കൂടി നീണ്ട കാലാവധിക്ക് ലഭ്യമാക്കുക. നാടിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന കർഷകരെയും, കർഷകത്തൊഴിലാളികളെയും നന്ദിപൂർവ്വം മറ്റു വിഭാഗക്കാർ സ്മരിക്കുക.

മേൽപറഞ്ഞ കാര്യങ്ങൾ ചെയ്താൽ നെൽക്കൃഷി വിജയകരമായി കുറെക്കൊല്ലങ്ങൾ കൂടി കൊണ്ടു

പോകാൻ പറ്റും. ഈ സൗകര്യങ്ങളെല്ലാം ചെയ്തിട്ടും കൃഷി നിലം വെറുതെയിടുന്ന കർഷകന്റെ നിലം ഗവൺമെൻറ് ഏറ്റെടുത്ത് കൃഷിചെയ്യാൻ താല്പര്യമുള്ളവർക്ക് കൊടുക്കുക.

തെങ്ങുകൃഷിയ്ക്ക്

പഞ്ചായത്തിന്റെ ഓരോ വാർഡിലുമുള്ള കേടുവന്ന തെങ്ങുകൾ, വളർച്ച മുരടിച്ച തെങ്ങുകൾ ഇവ വെട്ടിമാറ്റി തെങ്ങിൻ തോപ്പുകൾ വൃത്തിയാക്കാൻ കർഷകനെ പ്രേരിപ്പിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

നല്ലയിനം തെങ്ങിൻതൈകൾ, നാടിനുചേർന്നത്, കൃഷിഭവൻ വഴി ലഭ്യമാക്കുക കേരള കർഷക സംഘം ഓരോ വാർഡിലും സ്ഥാപിക്കുക. തെങ്ങിനു മരുന്നടി തെങ്ങുരോഗ ചികിത്സയ്ക്ക് വിദഗ്ദരുടെ സേവനം ലഭ്യമാക്കൽ, നടീൽ വസ്തുക്കൾ വിതരണം ചെയ്യൽ, കേടു തെങ്ങുകൾ നശിപ്പിക്കൽ, ഇവയ്ക്ക് കർഷക സംഘങ്ങൾ ഓരോ വാർഡിലും മുൻകൈ എടുക്കണം. പൊതുവായി ഈ പ്രവർത്തനങ്ങൾ ചെയ്യിച്ചാൽ സാമ്പത്തിക ലാഭം മാത്രമല്ല സൗകര്യവുമായിരിക്കും.

തെങ്ങിന് വേണ്ട പരിചരണം ചെയ്യാത്തതാണ് പ്രശ്നം. വർഷകാലാരംഭത്തിൽ തെങ്ങിന് തടമെടുത്ത് കാലിവളം, പച്ചിലവളം ഇവ ഓരോ തെങ്ങിനും കൊടുക്കാൻ കൃഷിക്കാരെ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. വർഷകാലമഴ കുറയുമ്പോൾ രാസവളവും പ്രോത്സാഹിപ്പിക്കണം. തെങ്ങിന് വരൾച്ച തട്ടാതെ സൂക്ഷിച്ചാൽ തന്നെ തേങ്ങ ഉൽപാദനം വർദ്ധിക്കുമെന്നതിൽ അനുഭവമുള്ളവർ ഏറെയുണ്ട്. തെങ്ങിൻ തോപ്പുകൾ ഒന്നിടവിട്ട ദിവസങ്ങളിൽ നനക്കാൻ ഏർപാടുണ്ടാക്കണം. ഓരോ പറമ്പുകളിലും ഓരോ പംബ് സ്ഥാപിക്കാൻ കർഷകരെ സഹായിക്കണം. വൈദ്യുതി ഇപ്പോൾ സൗജന്യമായി ലഭിക്കുമെങ്കിലും മോട്ടോറും പമ്പും മറ്റു സൗകര്യങ്ങളും ഒരുക്കാൻ സാമാന്യ കർഷകന് പ്രയാസമാണ്. കുറഞ്ഞ പലിശയ്ക്ക് ഈ ആവശ്യത്തിന് പണം ലഭ്യമാക്കണം.

കർഷകതൊഴിലാളികളും തെങ്ങുകയറ്റതൊഴിലാളികളും ഈ രംഗത്തുണ്ട്. പലപ്പോഴും കൂലി തർക്കങ്ങളും ഈ രംഗത്തു കണ്ടുവരുന്നു. തർക്കങ്ങൾക്ക് ഒരു പൊതു തീരുമാനമാണ് കർഷകർക്കും കർഷകതൊഴിലാളികൾക്കും നല്ലത്.

ഇതിനായി കർഷക സംഘങ്ങളും, കർഷകത്തൊഴിലാളി സംഘങ്ങളും തമ്മിൽ സൗമ്യമായ ബന്ധങ്ങൾ പുലർത്തണം.

അവസാനമായി, പക്ഷേ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് കൃഷിഭവന്റെ പ്രവർത്തനം. ഇപ്പോഴുള്ള കൃഷിഭവന്റെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. ഒന്നാമത് പഞ്ചായത്തിന്റെ ഒരു ഓണം കേറാമൂലയിലാണ് ഓഫീസ്. അവിടെ എത്തിപ്പെടാനോ, വിവരങ്ങൾ തേടാനോ മിക്ക വാർഡുകാർക്കും ബുദ്ധിമുട്ടാണ്. ഈ ഘട്ടത്തിൽ കൃഷിഭവൻ ഉദ്യോഗസ്ഥന്മാർ കൃഷിക്കാരുടെ വീടുകൾ സന്ദർശിച്ചു വിവരങ്ങൾ നല്കുകയും, പുതിയ സാങ്കേതിക വിദ്യകളും, വിത്തിനങ്ങളും പ്രചരിപ്പിക്കുകയാണ് വേണ്ടത്. അതുപോലെ തന്നെ ഗവൺന്റെറിൽ നിന്ന് കൃഷിക്കു നൽകുന്ന പ്രോത്സാഹനങ്ങളെയും, സഹായങ്ങളേയും സംബന്ധിച്ച് സാധാരണകർഷകനെ ബോധവാന്മാരാക്കണം. ഒരിക്കൽ അവർ ബോധവാന്മാരായാൽ പിന്നീട് കൃഷിഭവന്റെ പണി കുറയും കൃഷി ഓഫീസറെയും മറ്റുദ്യോഗസ്ഥന്മാരേയും തിരക്കി അവർ കൃഷിഭവനിൽ എത്തിക്കൊള്ളും. കൃഷിഭവൻ എല്ലാവർക്കും സൗകര്യപ്രദമായ ഒരിടത്തേയ്ക്ക് മാറി പ്രവർത്തിക്കണം.

മറ്റൊരു ബുദ്ധിമുട്ട് കർഷകൻ അഭിമുഖീകരിക്കുന്നത് തേങ്ങയുടെ ട്രാൻസ്പോർട്ടിങ്ങും, മാക്കറ്റിംഗും ആണ്. അധികം കച്ചവടക്കാർ ഈ രംഗത്തില്ലാത്തതിനാൽ ശരിയായമാർക്കറ്റുവില നാളികേരത്തിന് ലഭിക്കാതെ പോകുന്നു. തലച്ചുമട് കുറഞ്ഞു വരുന്ന ഈ കാലത്ത് വാഹനങ്ങൾക്ക് പോകൻ സാധിക്കുന്ന റോഡുകൾ തെങ്ങുകൃഷി ചെയ്യുന്ന വാർഡുകളുടെ തലങ്ങും, വിലങ്ങും ഉണ്ടാകേണ്ടത് ആവശ്യമാണ്.

മറ്റു വിളകൾ

എഴുപുന്ന പഞ്ചായത്തിൽ ഇടവിളകളായി വൈവിധ്യമാർന്ന പല വിളകളും കൃഷിചെയ്തുവരുന്നു. വാഴ, കമുക്, മരച്ചീനി, കുരുമുളക്, വെറ്റില, മാവ്, പ്ലാവ്, കശുമാവ് മുതലായവയും ചീര, പയർ, പാവൽ, വഴുതന, ചേന, കാച്ചിൽ, ചേമ്പ് മുതലായ പച്ചക്കറികളും, വാഴക്കും, കമുകിനും സാദ്ധ്യതയുള്ള ഇടങ്ങൾ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്. നനവു വിടാത്തതും എന്നാൽ വെള്ളക്കെട്ടില്ലാത്തതുമായ സ്ഥലങ്ങളിൽ ഇവ നന്നായി വളരുന്നു.

മറ്റു വിളകളിൽ വാഴയും, കമുകും പ്രോത്സാഹിപ്പിക്കേണ്ടവയാണ്. ഏതാണ്ട് 28244 ത്തോളം ജനങ്ങളും 4500 ത്തോളം വീടുകളുമുള്ള എഴുപുന്ന പഞ്ചായത്തിലെ 3000 വീടുകളിലെങ്കിലും 10 വാഴവീതം നട്ടു പരിചരിക്കാനുള്ള സാങ്കേതിക ഉപദേശങ്ങളും നടീൽ വസ്തുക്കളും നൽകാൻ കൃഷിഭവൻ മുൻകൈ എടുക്കണം. 30000 വാഴകളിൽ 20000മേ കുലച്ചുള്ളു എങ്കിലും അതൊ

രു വിപ്ലവകരമായ പരിവർത്തനമാകും ഈ രംഗത്ത് സൃഷ്ടിക്കുക. വാർഡുകർഷകസംഘങ്ങളുടെ സഹായത്തോടെ ഇത് നടപ്പിലാക്കാവുന്നതേയുള്ളു.

കമുകും, വെറ്റിലയും ചിലയിടങ്ങളിൽ നന്നായി വളരുന്നു. അതു കണ്ടറിഞ്ഞ് അങ്ങനെയുള്ള സ്ഥലങ്ങളിൽ താമസിക്കുന്ന കർഷകരെ ആ കൃഷിയ്ക്ക് പ്രോത്സാഹിപ്പിക്കണം.

പച്ചക്കറികൾ മിക്കതും വർഷകാലത്താണ് വിളയുക. വർഷകാലാരംഭത്തോടെ പച്ചക്കറി വിത്തുകൾ കർഷക കുടുംബങ്ങളെ ഏൽപ്പിച്ചാൽ അവർ അത്ഭുതം സൃഷ്ടിക്കും. ഇവിടെയും കൃഷി ഭവന് കാര്യമായി സഹായിക്കാൻ കഴിയും.

എല്ലാ കൃഷിയ്ക്കും തന്നെ പ്രയോജനകരമായ മറ്റൊരു കാര്യം തോടുകളുടെ സംരക്ഷണമാണ്. തോടുകൾ പഞ്ചായത്തിലെ ഓരോ വാർഡിലും തലങ്ങും വിലങ്ങും ഉണ്ട്. പക്ഷേ അടുത്ത കാലത്തായി ഇവ വേണ്ടവിധം വെട്ടി സംരക്ഷിക്കപ്പെടുന്നില്ല. തോടുകൾ വർഷകാലത്തെ അധിക ജലം ഒഴുക്കിക്കളയുന്നതു കൂടാതെ വേനലിൽ കരഭൂമിയെ നനക്കാനും പ്രയോജനപ്പെടുന്നുണ്ട്. തന്നെയുമല്ല ഓരോ കൊല്ലവും ഇവ വെട്ടി കേറ്റുമ്പോൾ കിട്ടുന്നമണ്ണും, ചെളിയും സമീപത്തുള്ള തെങ്ങുകൾക്കും, മറ്റു വിളകൾക്കും വളരെ നല്ലതാണ്. കൂടാതെ ഒന്നാംതരം ഒരു മണ്ണു സംരക്ഷണപ്രവർത്തനവുമാണ്. പ്രധാന തോടുകളെങ്കിലും കൊല്ലംതോറും വെട്ടിക്കേറ്റി സംരക്ഷിക്കാൻ അധികാരികൾ പ്രേരണ ചെലുത്തേണ്ടതാണ്.

എഴുപുന്നയുടെ കാർഷിക വികസനം ത്വരിതപ്പെടുത്താനും, കൃഷിയോട് ആഭിമുഖ്യം വളർത്താനും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ സഹായകമാകുമെന്നാണ് പ്രതീക്ഷ.

സമഗ്ര നാളികേര വികസന പദ്ധതിയിലൂടെ നടപ്പാക്കുന്ന ചില പദ്ധതികളുമുണ്ട്. തെങ്ങ്കൃഷി ജല സേചനത്തിനായി പമ്പുസെറ്റുകൾ മൊത്തം വിലയുടെ മൂന്നിൽ ഒന്നോ, പരമാവധി രണ്ടായിരത്തി അഞ്ഞൂറു രൂപ വരെയും കുഴൽക്കിണർ സ്ഥാപിക്കുന്നതിന് മൊത്തം ചെലവിന്റെ മൂന്നിൽ ഒന്ന് പരമാവധി 500 രൂപവരെയും കോൺക്രീറ്റ് ഉപയോഗിച്ചുള്ള തുറന്ന കിണറിന് മൊത്തം ചെലവിന്റെ മൂന്നിൽ ഒന്ന് പരമാവധി ആയിരം രൂപ വരെയും (ഇതിന് 1.5 M വ്യാസമുണ്ടായിരിക്കണം). തെങ്ങുകയറുന്നതിനുള്ള യന്ത്രം (ക്ലൈമ്പിംഗ് ഡിവൈഡ്) താല്പര്യമുള്ള കർഷകർക്ക് മൊത്തം ചെലവിൽ 500 രൂപ വരെയും സാമ്പത്തിക സഹായം ചെയ്യുന്ന കഴിഞ്ഞ വർഷം ഇതിന്റെ വില 787 രൂപയാണ്. 30 സെന്റ് തെങ്ങിൻതോപ്പുള്ള പട്ടിക ജാതി പട്ടിക വർഗ്ഗകർഷകർക്ക് കോൺക്രീറ്റ് കിണർ പൂർണ്ണമായും സൗജന്യമായി ചെയ്തുകൊടുക്കുന്നു. സമഗ്ര നാളികേര വികസന പദ്ധതിയെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണക്ലാസ്സ് നടത്തുന്നതിന് (രണ്ടു ക്ലാസ്സുകൾക്ക്) 250, 500 രൂപ വരെയും ഒരു തെങ്ങിനിടാനുള്ള വളത്തിന് 8 രൂപ സൗജന്യത്തോടുകൂടി 6000 തെങ്ങിനുള്ള രാസവളവും കൊടുത്തുപോരുന്നു. 50 സെന്റ് സ്ഥലമുള്ള കർഷകർക്ക് പുതുതായി തെങ്ങുവച്ചു പിടിപ്പിക്കുന്നതിന് 3 വർഷത്തേയ്ക്ക് സാമ്പത്തിക സഹായം ചെയ്യുന്നു. ഒന്നാം വർഷം 15 രൂപ, രണ്ട്, മൂന്ന് വർഷം 7.50 രൂപ. കേടുവന്നതെങ്ങുകൾ വെട്ടി നീക്കുന്നതിന് 200 രൂപയും ഒപ്പം മൊത്തം വിലയിൽ 5രൂപ കഴിച്ച് തെങ്ങിൻ തൈകൾ നല്കിപ്പോരുന്നു. നെല്ലുകൃഷി ചെയ്യുന്ന കർഷകന്, 1 ഹെക്ടറിന് 250 രൂപാവീതം ഉല്പാദന ബോണസും, കിഴങ്ങുകൃഷി വ്യാപിപ്പിക്കുന്നതിന് 275 രൂപയും ധനസഹായം നല്കിപ്പോരുന്നു. കർഷകനെ ആദരിക്കാനും, ബോധവൽക്കരണത്തിനുമായി നവംബർ 1ന് കർഷക ദിനം ആചരിക്കുന്നു. ഓണത്തിനൊരു വാഴക്കുല പദ്ധതിയും, മണ്ണു പരിശോധന സേവനവും നടത്തിപ്പോരുന്നു.

"അതിബലവാന് ലഭിയ്ക്കുന്ന സൗകര്യം
അതിദുർബലനും ലഭിക്കണം എന്നുള്ളതാണ്
ജനാധിപത്യത്തെ ക്കുറിച്ചുള്ള എന്റെ സങ്കല്പം"
-ഗാന്ധിജി.

5.2

മൃഗസംരക്ഷണവും-മത്സ്യബന്ധനവും

പഞ്ചായത്തിലെ ഭൂരിഭാഗം ആൾക്കാരും വീടും പരിസരവുമായി കുറച്ചു ഭൂമിയുള്ള വരാകയാൽ കൂടുതൽ സ്ഥലം ആവശ്യമുള്ള കൃഷി പണികൾ നടത്താൻ സാധ്യമല്ല. കൂടാതെ കൃഷിയേക്കാളും വരുമാനമുള്ള മറ്റുതൊഴിൽ മേഖലകളിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ് ഉദാ: ചെമ്മീൻ വളർത്തൽ, ഞണ്ടുവളർത്തൽ മുതലായവ. ഈ പറഞ്ഞമേഖലകളിൽ എന്തെങ്കിലും തുടങ്ങാൻ കഴിയാത്തവർക്ക് മൃഗസംരക്ഷണമേഖലയിലേക്കു കടക്കുവാൻ പ്രോത്സാഹനം കൊടുത്തുപോരുന്നു.

പശുവളർത്തൽ മേഖലയിൽ ഗോബർഗ്യാസ് പദ്ധതി നൽകി പ്രോത്സാഹനം കൊടുത്തു വരുന്നു. കൂടാതെ പാല് വിപണനസൗകര്യം കൂട്ടാൻ പഞ്ചായത്തിൽ ഉള്ള മിൽക് സൊസൈറ്റിയുടെ പരിപാടികൾ വികസിപ്പിക്കാനും കൂടുതൽ പാൽ എടുക്കാനുള്ള സംവിധാനങ്ങൾക്കായി ഉല്പാദകന് കൃത്യമായ വിലയും സൗജന്യനിരക്കിൽ ആവശ്യമായ കാലിത്തീറ്റയും, പുല്ലുവളർത്താനുള്ള വായ്പാ സൗകര്യം വർദ്ധിപ്പിക്കണം ഇതിനായി കൂടുതൽ പാൽ സഹകരണ സംഘങ്ങൾ തുറക്കണം. എരമല്ലൂർ, എഴുപുന്ന വടക്ക് നീണ്ടകര കേന്ദ്രമാക്കി ഒന്നോ രണ്ടോ പാൽ സൊസൈറ്റി (apcds) ഉണ്ടാക്കാനുള്ള നടപടികൾ എത്രയും വേഗം തുടങ്ങേണ്ടതാണ്.

ആടുവളർത്തൽ മേഖലയിൽ ജനങ്ങൾക്കുള്ള താൽപര്യം കണക്കിലെടുത്ത് ആവശ്യമുള്ള കർഷകർക്ക് അവയെ കുറഞ്ഞനിരക്കിൽ വിതരണം ചെയ്യാൻ വേണ്ട നടപടികൾ കൈക്കൊള്ളണം. സബ്സിഡിയോടെയുള്ള വിതരണം ഇക്കാര്യത്തിൽ അവലംബിക്കാവുന്നതാണ്. കോഴിവളർത്തൽ മേഖലയിൽ പ്രോത്സാഹനം നൽകുന്നതിന് ഇവിടെ മൃഗാശുപത്രി വഴി കഴിഞ്ഞവർഷം വരെ വിതരണം ചെയ്തിരുന്ന രീതി തുടരുന്നതാണ് നല്ലത്. ഒരു കോഴിക്ക് 35 രൂപാനിരക്കിൽ 42-60 ദിവസം പ്രായം ജനറൽ കാറ്റഗറിക്ക് 15 രൂപാ സബ്സിഡിയും ഹരിജനങ്ങൾക്ക് മുഴുവൻ സബ്സിഡിയുമാണ് ഈ പദ്ധതി. കോഴികൾക്ക് പ്രതിരോധ കുത്തിവെയ്പ് മൃഗാശുപത്രിയിൽ നിന്നും നിശ്ചിത ദിവസത്തിൽ ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കാവുന്നതാണ്. ആദായകരമായ പന്നി വളർത്തലിൽ താത്പര്യമുള്ളവർക്ക് കുഞ്ഞുങ്ങളെ വിതരണം ചെയ്യാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. ആവശ്യമുള്ളവർക്ക് അവ വാങ്ങി മൃഗാശുപത്രി വഴി വിതരണം നടത്താവുന്നതാണ്.

എഴുപുന്ന പഞ്ചായത്തിൽ ശ്രീനാരായണപുരത്ത് ഒരു മൃഗാശുപത്രി പ്രവർത്തിക്കുന്നു. ദേശീയ പാതയുടെ കിഴക്കും പടിഞ്ഞാറും വശങ്ങളിലായി ഈ പഞ്ചായത്തിന് വാർഡുകൾ വിഭജിച്ചിരിക്കുന്നു. ഏതാണ്ട് താമസയോഗ്യമായ ഭൂമിയോളം തന്നെ, കായൽ, നീലം തോട് ഉൾപ്പെടെ ജലസമ്പത്തും ഉണ്ട്. മൃഗസംരക്ഷണം പ്രധാന ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർ ഈ പഞ്ചായത്തിൽ വളരെക്കുറവാണ്. ഏതാണ്ട് 20 വർഷം മുമ്പ് ഈ രംഗത്ത് ഉണ്ടായിരുന്നതിന്റെ 50% കണ്ട്കുറഞ്ഞിട്ടുണ്ട്. കന്നുകാലികളുടെ എണ്ണവും അതുപോലെ കുറഞ്ഞിട്ടുണ്ട്. എന്നാൽ ഈ പഞ്ചായത്തിന്റെ പരിധിയിൽ ഒറ്റപ്പെട്ടു കിടക്കുന്നതുമായ നീണ്ടകര, കാക്കത്തുരുത്ത് എന്നീ സ്ഥലങ്ങളിൽ മൃഗപരിപാലനം പ്രധാന തൊഴിലാക്കിയിട്ടുള്ള കർഷകർ താരതമ്യേന കൂടുതലുണ്ട്. ടി സ്ഥലങ്ങളിൽ പച്ചപ്പുല്ലിന്റെ ലഭ്യത കൂടുതലായതു കൊണ്ടാണ് ഈ മാറ്റം വന്നിട്ടുള്ളത്. മറ്റ് സ്ഥലങ്ങളിൽ കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കന്നുകാലി വളർത്തലിന് അനുയോജ്യമായ നീണ്ടകരയും കാക്കത്തുരുത്തും താറാവ് വളർത്തലിനും, കോഴി വളർത്തലിനുംപ്പറ്റിയ പ്രദേശം കൂടിയാണ്. ടി പ്രദേശങ്ങളിൽ മൃഗസംരക്ഷണവകുപ്പിന്റെ സേവനം ഇന്നത്തേതിലും കൂടുതൽ ആവശ്യമാണ്. ഇതിനായി എഴുപുന്ന മൃഗാശുപത്രിയുടെ സേവനം ഓരോ ആഴ്ചയിലും നിശ്ചിത ദിവസങ്ങളിൽ "ക്യാമ്പ് ഡിസ്പൻസറി" പോലെ പ്രവർത്തിക്കാവുന്നതാണ്.

പ്രസ്തുത ക്യാമ്പ് ഡിസ്പൻസറി, മൃഗചികിത്സ, കൃത്രിമ ബീജസങ്കലനം രോഗപ്രതിരോധ കുത്തിവയ്പുകൾ എന്നീ സൗകര്യങ്ങൾ ചെയ്യുവാൻ കഴിയുന്ന വിധത്തിൽ സൗകര്യമുള്ളതായിരിക്കണം. ഇതിന് പ്രായോഗിക ബുദ്ധി മുട്ടുകൾ ഉണ്ടെങ്കിൽ എരമല്ലൂർ കേന്ദ്രമാക്കി ഒരു ICDP Subcentre തുടങ്ങുന്ന കാര്യം പരിഗണിക്കേണ്ടതാണ്. പാചകവാതകത്തിന്റെയും വിറകിന്റെയും ക്ഷാമം നിലവിലുള്ളതുകൊണ്ട് രണ്ടോ അതിലധികമോ കന്നുകാലി വളർത്താൻ തയ്യാറുള്ള കുടുംബങ്ങൾക്ക് ഗോബർ ഗ്യാസ് പ്ളാന്റ് നിർമ്മിക്കാനും തൊഴുത്ത്, പശു കന്നുകാലിത്തീറ്റ എന്നിവയ്ക്കും സഹായധനം നൽകി പ്രോത്സാഹിപ്പിച്ചാൽ കൂടുതൽ കർഷകർ ഈ രംഗത്ത് വരാൻ സഹായിക്കും ഇതോടൊപ്പം പച്ചക്കറികൃഷിയും നടത്താവുന്നതാണ്.

ഇറച്ചിക്കോഴി വളർത്തൽ

ഈ പഞ്ചായത്തിൽ 4 ചെറുകിട ഇറച്ചിക്കോഴി യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒരു വൻകിട ഹാച്ചറിയും പ്രവർത്തിക്കുന്നു. നിലവിലുള്ള ഹാച്ചറിയിൽ നിന്നും കോഴിക്കുഞ്ഞുങ്ങളെ ഈ പഞ്ചായത്തിൽ ഇറച്ചിക്കോഴി വളർത്താൻ താൽപര്യമുള്ളവർക്ക് കിട്ടാനുള്ള സംവിധാനം ഉണ്ടാകണം. ഇവിടെ സുലഭമായി കിട്ടുന്ന "ചെമ്മീൻ തല" മറ്റ് സ്വകാര്യസ്ഥാപനങ്ങളിൽ ചെയ്യുന്നപോലെ ശാസ്ത്രീയമായി ഗവ: തലത്തിൽ സംസ്ക്കരിച്ച് ഇറച്ചക്കോഴികൾക്കും, പന്നികൾക്കും, മത്സ്യകൃഷിക്കും തീറ്റയായി ഉപയോഗിക്കുകയും ചെയ്യാം.

പന്നിവളർത്തൽ

ഇവിടെ രണ്ട് പന്നിവളർത്തൽ യൂണിറ്റുകളിൽ ഹോട്ടൽ വേയ്സ്റ്റ് കൊടുത്ത് പന്നിവളർത്തൽ വിജയകരമായി നടത്തുന്നുണ്ട്. തോടുകളും നിലങ്ങളും ആവശ്യത്തിനുള്ളതുകൊണ്ട് പന്നിവളർത്തൽ കൂടുകളിൽ നിന്നും കഴുകിവിടുന്ന വേസ്റ്റ് മീൻ വളർത്താൻ പറ്റുമോ എന്ന് പരീക്ഷിക്കേണ്ടതാണ്.

മുട്ടക്കോഴി വളർത്തൽ.

കോഴിവളർത്തൽ രംഗത്ത് കർഷകർക്ക് മുമ്പ് ഉണ്ടായിരുന്ന താൽപര്യം ഇപ്പോൾ കാണുന്നില്ല. എന്നാൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നും കുറച്ചു വർഷങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന സബ്സിഡി നിരക്കിലുള്ള കോഴിവിതരണം മൂലം കുറച്ചുപേർക്ക് പ്രോത്സാഹനം കിട്ടിയിട്ടുണ്ട്. കാലാകാലങ്ങളിൽ പ്രതിരോധ കുത്തിവയ്പുകൾ സൗജന്യമായി കിട്ടുന്നുണ്ടെങ്കിലും കർഷകർ ഈ സൗകര്യം വേണ്ടവിധം പ്രയോജനപ്പെടുത്തുന്നില്ല. വീടുകൾതോറും നടന്ന് കോഴികൾക്ക് കുത്തിവയ്പ് നടത്തുന്നത് പ്രായോഗികമല്ല. അതു കൊണ്ട് പഞ്ചായത്തിൽ പ്രവൃത്തിക്കുന്ന സാംസ്ക്കാരിക സംഘടനകൾ, മഹിളാസമാജങ്ങൾ, സന്നദ്ധ സംഘടനകൾ, ബാലജനസഖ്യം എന്നിവയിൽ നിന്നും താൽപര്യമുള്ള യുവതീയുവാക്കൾക്ക് എഴുപുന്ന വെറ്റിനറിസർജന്റെ മേൽനോട്ടത്തിൽ പരിശീലനം കൊടുത്ത് ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം നിശ്ചയിച്ച് ഈ പഞ്ചായത്തിലെ ഓരോ വാർഡിന്റെയും നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ വച്ച് പ്രതിരോധ കുത്തിവയ്പ് നടത്തുവാൻ സാധിക്കുമെങ്കിൽ കോഴി വളർത്തൽ വിജയകരമായി നടത്താവുന്നതാണ്. താരതമ്യേന സാങ്കേതിക പരിജ്ഞാനം കുറച്ചു മാത്രം മതിയാകുന്ന ഈ സംരംഭം പരീക്ഷിച്ചുനോക്കാവുന്നതാണ്. താറാവ് വളർത്തലിനും പ്രതിരോധകുത്തി വയ്പ് വളരെ പ്രധാനപ്പെട്ടതാണ്.

താറാവ് വളർത്തൽ

ഇവിടെ വളരെ വിജയകരമായി നടത്തുന്നുണ്ട് കർഷകർക്ക് ഇൻഷുറൻസ് മൃഗസംരക്ഷണവകുപ്പിൽ നിന്നും ഏർപ്പെടുത്തിയിട്ടുണ്ട്. മൂഴുവൻ പേരും ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല. ഗവൺമെൻറിൽ നിന്നും സഹായധനം നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്. ചെമ്മീൻ തലയും ഗോതമ്പുമാണ് ഇവിടെ താറാവിനുകൊടുക്കുന്ന തീറ്റ. ചെമ്മീൻ തല ഇവിടെ ആവശ്യത്തിന് കിട്ടുന്നതു കൊണ്ട് വളരെ ചിലവുകുറഞ്ഞ രീതിയിൽ താറാവു കൃഷി നടത്താവുന്നതാണ്. പ്രതിരോധകുത്തിവയ്പിനുള്ള സൗകര്യങ്ങൾ ചെയ്താൽ വളരെ പേർക്ക് ലാഭകരമായി നടത്താവുന്ന ഒരു തൊഴിലായതുകൊണ്ട് ടി. കൃഷിക്ക് പ്രത്യേകം പ്രാധാന്യം കൊടുക്കേണ്ടതാണ്. ഒന്നോരണ്ടോ താറാവ് നേഴ്സറികൾ മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ നടത്താവുന്നതാണ്.

ഇവിടെ എഴുപുന്ന കേന്ദ്രമാക്കി ഒരു ക്ഷീര കർഷക സംഘം പ്രവൃത്തിക്കുന്നുണ്ട്. എന്നാൽ കാക്കത്തുരുത്ത്, എരമല്ലൂർ നിവാസികൾക്ക് ഇതിന്റെ പ്രയോജനം കിട്ടുന്നില്ല. മിൽക് സൊസൈറ്റിയിൽ അംഗങ്ങളാ

യുള്ള എല്ലാകർഷർക്കും വിര മരുന്ന്, മീനെണ്ണ, ധാതു ലവണ മിശ്രിതം എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്യേണ്ടതാണ്. മിൽക്ക് സൊസൈറ്റിയുടെ പരിധിയിൽപ്പെടാത്തവർക്ക് മൃഗസംരക്ഷണവകുപ്പിൽ നിന്നും മേൽപ്പറഞ്ഞവ കൊടുക്കാൻ വേണ്ട നടപടികൾ ചെയ്യേണ്ടതാണ്.

ആടുവളർത്തൽ

വളരെ ശ്രദ്ധിച്ച് ലാഭകരമായി ചെയ്യാവുന്ന ഒന്നാണ് ആടുവളർത്തൽ. ഇപ്പോൾ നാടൻ ഇനങ്ങൾ മാത്രമാണ് ഇവിടെയുള്ളത്. ഒരു വീട്ടിൽ ഒരാടെങ്കിലും ഉണ്ടായിരിക്കണം. ആടിന്റെ തീറ്റ ഇവിടെ ലഭ്യമാണ് നല്ലയിനം മുട്ടനാടിനെ ഒരു വാർഡിന് രണ്ടെണ്ണമെങ്കിലും വീതം മൃഗസംരക്ഷണവകുപ്പിൽ നിന്നും താൽപര്യമുള്ള കർഷകർക്ക് കൊടുക്കാനുള്ള നടപടികൾ ചെയ്യേണ്ടതാണ്. കൃത്രിമബീജസങ്കലനം ആടുകൾക്ക് ഇവിടെ ലഭ്യമല്ലാത്തതുകൊണ്ട് ഈ പരിപാടി ആടുവളർത്തുന്ന കർഷകർക്ക് പ്രയോജനപ്പെടും.

മത്സ്യബന്ധനം

ഈ പഞ്ചായത്തിൽ മത്സ്യബന്ധനം മുഖ്യ തൊഴിലായി ഉപജീവനം നടത്തുന്നവരുണ്ട്. വർദ്ധിച്ചു വരുന്ന കെമിക്കൽ ഫാക്ടറികളും ചെമ്മീൻ ഷെഡുകളും ഇവിടത്തെ മത്സ്യസമ്പത്തിനെ പാടെ നശിപ്പിക്കുന്നു. പ്രസ്തുത കമ്പനികളിൽ നിന്നും പുറത്തുവിടുന്ന വേയ്സ്റ്റ് ഉൾനാടൻ ജലാശയവും പരിസരവും മലിനമാക്കുകയും, പുക അന്തരീക്ഷ മലിനീകരണത്തിന് ഇടയാക്കുകയും ചെയ്യുന്നു. ഇത് തടയേണ്ടത് മനുഷ്യത്വപരം മാത്രമാണ്. വേയ്സ്റ്റ് വാട്ടർ ശാസ്ത്രീയമായി ശുദ്ധീകരിച്ച് മത്സ്യസമ്പത്തിന് ദോഷമല്ലാത്ത തരത്തിൽ കായലിലേക്കോ, തോട്ടിലേക്കോ ഒഴുക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. കാലവർഷാരംഭത്തിലും തുലാവർഷാരംഭത്തിലും കായലിലും എടത്തോടുകളിലും ചാലുകളിലും വളർന്നു വരുന്ന ആഫ്രിക്കൻ പായലും പോളയും മത്സ്യത്തൊഴിലാളികൾക്കും ഊന്നിവലകൾക്കും തീരാശാപമായിത്തീരുന്നു. നാടിന്റെ ഉൾഭാഗത്തുള്ള തോടുകളും പായൽ മൂടിയിരിക്കുകയാണ്. പായൽ വാരിച്ച് കുഴികളിൽ നിക്ഷേപിച്ച് കമ്പോസ്റ്റ് വളമാക്കുവാൻ സഹായിച്ചാൽ ജനോപകരപ്രദവും സൃഷ്ടിപരവുമായിരിക്കും. കൃഷി ലാഭകരമല്ലാത്തതിനാൽ നിലങ്ങൾ ഏറിയ പങ്കും മത്സ്യം വളർത്താൻ ഉപയോഗിക്കുകയാണ്. ഈ സ്ഥിതി മാറണം. മത്സ്യവാറ്റ് നടത്തുന്ന നിലങ്ങളിൽ കൃഷിയും നടത്താൻ വേണ്ട നടപടികൾ കർശനമായി സ്വീകരിച്ചില്ലെങ്കിൽ നെല്ലരിപ്രശ്നം ഭാവിക്കുമുന്നിൽ ഒരു ചോദ്യമായി അവശേഷിക്കും. മത്സ്യകൃഷിയും നെല്ല് കൃഷിയും ഒപ്പം പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഉപ്പുവെള്ളം കയറാതെ കിടക്കുന്ന നിലങ്ങളിലും കുളങ്ങളിലും ശുദ്ധജലമത്സ്യകൃഷി നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം. കരപ്പാടങ്ങളിൽ നെൽകൃഷിക്കുശേഷം കൊണ്ടൽകൃഷിയും നടത്താനുള്ള നീക്കം ഊർജ്ജിതമാക്കണം.

തീറ്റപുൽകൃഷി വിപുലമായ രീതിയിൽ ഈ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും വ്യാപകമാക്കേണ്ടതാണ്. ഇതിനുള്ള പുൽവിത്തുകൾ മൃഗസംരക്ഷണവകുപ്പിൽ നിന്നും ലഭിക്കുന്നതാണ് തൊഴുത്തുകൾ ഇല്ലാത്ത കർഷകർക്ക് അവയ്ക്കുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്.

കന്നുകാലികളുടെ വളം ഉപയോഗിച്ച് പച്ചക്കറി, തീറ്റപ്പുല്ല്, വാഴകൃഷി എന്നിവ പ്രോത്സാഹിപ്പിക്കേണ്ടതാണ് കൃഷിയും കന്നുകാലിവളർത്തലും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു.

കഴിഞ്ഞവർഷം (1995-96) 133 പട്ടികളിൽ പേവിഷബാധക്കെതിരെയുള്ള കുത്തിവയ്പ് നടത്തി 96-97 ൽ 70 പട്ടികളെ കുത്തിവച്ച് 96-97 വർഷം ഇതുവരെ മൃഗാശുപത്രി വഴി പട്ടികളെ 50% സബ്സിഡിയുള്ള കുത്തിവയ്പ് അല്ലാതെ യാതൊരു വിധ പദ്ധതികളും നടപ്പാക്കാൻ അനുമതി ലഭിച്ചിട്ടില്ല.

ക്ഷീരവികസന വകുപ്പിന്റെ പദ്ധതികൾ

പച്ചപ്പുല്ലും കാലിത്തീറ്റയും തദ്ദേശീയമായി ലഭിക്കാൻ കഴിയുന്ന പദ്ധതികളും അവ എത്ര കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ കഴിയുമോ എന്നതും കന്നുകാലി വളർത്തൽ മേഖലയെ സ്വാധീനിക്കും. തെങ്ങിൻ തോപ്പുകളിൽ പുൽകൃഷി പ്രോത്സാഹിപ്പിക്കുകവഴി ആദായകരമായ പശു വളർത്തലിന് വഴിയൊരുക്കണം. കർഷകന്റെ വിളസമ്പ്രദായവുമായി ഇണങ്ങി പരസ്പര പൂരകങ്ങളായി പ്രവർത്തിക്കുന്ന വിള കന്നുകാലി മിശ്രരീതിയാണ് ഏറെ അഭികാമ്യം. ക്ഷീരവികസനം വകുപ്പിന്റെ പദ്ധതികളിലൂടെ ഈ രംഗത്ത് വമ്പിച്ച മുന്നേറ്റം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

നടപ്പുപദ്ധതിയും - സബ്സിഡിയും

No	നടപ്പുപദ്ധതികൾ	സബ്സിഡി തുക
1	ക്ഷീരോൽപാദന യൂണിറ്റ്	22000
2.	1 Ha വാണിജ്യാടിസ്ഥാന പുൽകൃഷി	15000
3.	മോഡൽ ഡയറി യൂണിറ്റ്	7000
4.	മാതൃകാ കന്നുകാലി തൊഴുത്തു നിർമ്മാണം	1250
5.	പുൽക്കടയുടെ വില സബ്സിഡി 1 Ha	500
6.	പുൽകൃഷിക്ക് രാസവളം സബ്സിഡി 1 Ha	500
7.	വൈക്കോലിൽ യൂറിയ ചേർക്കൽ	500
8.	പ്രത്യേക ഘടക പദ്ധതി (പട്ടികജാതിക്കാർക്ക് കറവപ്പശു / തൊഴുത്ത്)	6000
9.	പ്രത്യേക കേന്ദ്രസഹായ പദ്ധതി (SSc / st ക്ക് കറവപ്പശുവിനും തൊഴുത്തിനും)	6000
10.	കർഷക സമ്പർക്ക പരിപാടി	200
11	നാടൻ ക്ഷീരോൽപാദന നിർമ്മാണ പ്രദർശനം	100

ക്ഷീരോല്പാദനം കൂടുതൽ ലാഭകരമാക്കുന്നതിനുള്ള പദ്ധതികളാണ് ക്ഷീരവകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്നതും

ക്ഷീരോല്പന്നങ്ങളായ പേഡ, മിൽക് ചോക്ലേറ്റ് മിൽക്ക് ഹൽവ, ബർഫി, കോഫിബൈറ്റ്, ഗുലാബുജാമുവൽ, പനീർ അച്ചാർ, പനീർ, പനീർ കട്ലറ്റ്, പനീർ മസാലക്കറി രസഗുള തുടങ്ങിയവയും നിർമ്മിക്കാൻ പാലിൽ നിന്നുകഴിയും തൊഴിലില്ലാത്ത സ്ത്രീകൾക്ക് ഉപജീവനം കണ്ടെത്തുന്നതിലേക്കായി നാലു വനിതകൾക്കായി ഒരു ക്ഷീരോത്പാദന യൂണിറ്റ് വീതം അനുവദിക്കുന്നു. ഒരു യൂണിറ്റിന് 22000 രൂപാ വീതം ധനസഹായവും അനുവദിക്കുന്നു. ഈ പഞ്ചായത്തിൽ ഇത്തരത്തിലുള്ള ഒരു യൂണിറ്റ് ഇപ്പോൾ പ്രവർത്തിച്ചുപോരുന്നു. ക്ഷീരസഹകരണസംഘങ്ങളുടെ മേൽനോട്ടത്തിൽ ചെറുകിടകാലിത്തീറ്റ വികസിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതും ക്ഷീരകർഷകരെ വളരെ സഹായിക്കും. ക്ഷീരസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തന മൂലധനം, സബ്സിഡി, ബിൽഡിംഗ് സബ്സിഡി, ഫർണീച്ചർ സബ്സിഡി, മാനേജിരിയൽ സബ്സിഡി, തുടങ്ങിയവ നൽകി വരുന്നു. രണ്ട് ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ കൂടി രൂപീകരിക്കാൻ ഈ പഞ്ചായത്തിൽ സാധ്യതയുണ്ട്.

പോരായ്മകൾ - പരിഹാരങ്ങൾ

ഒരു ഹെക്ടാർ വാണിജ്യാടിസ്ഥാന പുൽകൃഷിക്കുള്ള സബ്സിഡി 50 സെൻറ് മുതൽ മേലോട്ട് ആനുപാതികമായി നൽകാൻ കഴിഞ്ഞാൽ അത് കൂടുതൽ ക്ഷീരകർഷകർക്ക് പ്രയോജനകരമായിരിക്കും. അതുപോലെ മോഡൽ ഡയറി യൂണിറ്റിനുള്ള ധനസഹായം നല്കുമ്പോൾ 50 സെൻറ് നെൽകൃഷി എന്നുള്ളത് 25 സെൻറായി കുറവുചെയ്താൽ പാവപ്പെട്ട ക്ഷീരകർഷകർക്കും അതിൻെറ പ്രയോജനം ലഭിക്കും മാതൃകാ കന്നുകാലി തൊഴുത്തിനുള്ള ധനസഹായത്തുക കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണ്. ധാതുലവണ മിശ്രിതം വിറ്റാമിൻ 'എ' സപ്ലിമെൻറ് തുടങ്ങിയവ എല്ലാക്കാലത്തും വിതരണം ചെയ്യാൻ കഴിയണം. ക്ഷീരവികസന വകുപ്പിൻെറ ഓരോ പദ്ധതിയുടെയും ഗുണഭോക്താക്കളായി കൂടുതൽ ക്ഷീരകർഷകരെ തെരഞ്ഞെടുക്കാൻ കഴിഞ്ഞാൽ ഇപ്പോഴുള്ളവരെ ഈ രംഗത്തുതന്നെ പിടിച്ചുനിറുത്തുന്നതിനും കൂടുതൽ പേരെ ഈ രംഗത്തേക്ക് ആകർഷിക്കുന്നതിനും അങ്ങനെ സഗ്രാമത്തിൻെറ സമ്പത്ത് ഘടന മെച്ചപ്പെടുത്തുന്നതിന് സാധിക്കുകയും ചെയ്യും.

1992 മുതൽ Sc/St ക്ക് സൗജന്യമായി കോഴിക്കുഞ്ഞുങ്ങൾ ആട്ടിൻകുട്ടികൾ /കോഴിത്തീറ്റ വിതരണം ചെയ്ത വിവരങ്ങൾ

വിതരണ തീയതി	പ്രായം (ദിവസം)	എണ്ണം ഒരാൾക്ക്	ഗുണ ഭോക്താവിൻെറ എണ്ണം	ആകെ	വിതരണം ചെയ്ത സ്ഥലം
7-4-1992	45-60	12	150	180	മൃഗാശുപത്രി - എഴുപുന്ന
17-9-1993	45-60	3	30	90	സെൻറ് റാഫേൽസ് വിദ്യ
15-2-94	45-60	3	116	348	മൃഗാശുപത്രി - എഴുപുന്ന
6-5-94	45-60	3	118	354	മൃഗാശുപത്രി - എഴുപുന്ന
30-7-94	45-60	3	54	162	മൃഗാശുപത്രി - എഴുപുന്ന
24-9-94	45-60	3	45	135	മൃഗാശുപത്രി - എഴുപുന്ന
6-2-95	45-6 മാസം	2	15	30	ആട്ടിൻകുട്ടി തച്ചവീട് കോളനി
6-2-95	45-60	10	10	100	കോഴിക്കുഞ്ഞ് തച്ചവീട് കോളനി
6-2-95		5 കി. വീതം	10	50 കി	കോഴിത്തീറ്റ തച്ചവീട് കോളനി
15-11-95	45-60	2	29	58	മൃഗാശുപത്രി - എഴുപുന്ന
21-2-96	45-60	5	98	490	മൃഗാശുപത്രി SC/ST വികാലംഗർ

പേ വിഷ ബാധപട്ടികൾക്കുള്ള കുത്തിവെയ്പ്

തീയതി	കുത്തിവച്ച പട്ടി എണ്ണം	സബ്സിഡി എണ്ണം	സബ്സിഡി നിരക്ക്	ഒരു ഡോസിൻെറ വില	ഉടമസ്ഥരിൽ നിന്ന്
95-96	133	60	50%	22 രൂ	11 രൂ
96-97	70	55	50%	22 രൂ	11 രൂ

1996-97 വർഷം ഈ മൃഗാശുപത്രി വഴി പട്ടികളെ 50% സബ്സിഡിയുള്ള കുത്തിവയ്പ്പല്ലാതെ യാതൊരു വിധപദ്ധതികളും നടപ്പാക്കാൻ അനുമതിലഭിച്ചിട്ടില്ല.

വീട്ടുമൃഗ - പക്ഷിവിവരണം

വാർഡ്	എരുമ	പശു	കോഴി	പന്നി	ആട്	താറാവ്	മറ്റുള്ളവ
1	-	69	238	-	62	265	14
2	-	46	207	-	58	389	13
3	-	37	404	-	47	385	15
4	1	43	439	-	74	342	17
5	-	32	346	13	76	694	12
6	-	38	302	-	23	224	26
7	-	41	3355	-	26	347	16
8	-	36	407	-	47	408	15
9	-	227	2020	-	304	2007	26
10	-	52	570	100	59	634	18
ആകെ	1	621	8288	113	774	5395	169

"പോകാനെനിക്കുണ്ടുദൂരം
പേറാനെനിക്കുണ്ടു ഭാരം."

5.3
വ്യവസായം

പിന്നോക്കജില്ലയായ ആലപ്പുഴയുടെ വടക്കേ ഭാഗത്തു സ്ഥിതിചെയ്യുന്ന എഴുപുന്ന പഞ്ചായത്തു പ്രദേശത്തുണ്ടായിരുന്ന പ്രധാന വ്യവസായം, ഒരുകാലത്തു കയറും, കയർ ഉല്പന്നങ്ങളും മാത്രമായിരുന്നു. കൈതയോല, പുല്ലു ഇവ ഉപയോഗിച്ചുള്ള പായ്, വട്ടി, മുതലായവയും ചൂരൽ ഈറ മുതലായവ ഉപയോഗിച്ചുള്ള മുറം, കൊട്ട മുതലായ വീട്ടു ഉപകരണങ്ങളുടെ നർമ്മാണത്തിലും ഒരു ചെറിയ വിഭാഗം തൊഴിലാളികളും ഏർപ്പെട്ടിരുന്നു. എന്നാൽ സമീപകാലത്തു മത്സ്യസംസ്കരണവ്യവസായവും, അനുബന്ധവ്യവസായങ്ങളും ആരംഭിക്കുവാൻ തുടങ്ങിയതോടുകൂടി കയർ വ്യവസായവും, മറ്റുകുടിൽ വ്യവസായങ്ങളും നാമമാത്രമായി ചുരുങ്ങി കഴിഞ്ഞു. ഏറ്റവും തൊഴിൽ സൗകര്യമുണ്ടായിരുന്ന കാർഷികമേഖലയിലെ തൊഴിലാളികളും കൂടുതൽ ആദായകരമായ മറ്റു തൊഴിലുകളിൽ ഏർപ്പെട്ടു കഴിഞ്ഞു.

കൊച്ചിതുറമുഖത്തിന്റെ സാമിപ്യവും, റെയിൽവെ, N.H.47, കുമ്പളങ്ങി-തുറവൂർ റോഡു, എഴുപുന്ന-എരമല്ലൂർ റോഡു, അരൂർ 110 K.V സബ്സ്റ്റേഷൻ, ഭൂഗർഭജലത്തിന്റെ ലഭ്യത, അഴുക്കുവെള്ളം ഒഴുക്കിവിടാൻ പറ്റിയ തോടുകളും, എന്നീ അടിസ്ഥാന സൗകര്യങ്ങളും, ഈ പഞ്ചായത്തു പ്രദേശത്ത് വളരെപേർക്കു തൊഴിൽ നൽകാവുന്ന വ്യവസായങ്ങളും ആരംഭിക്കുവാൻ സഹായിക്കുന്ന ഘടകങ്ങളാണു. പ്രധാന റോഡുകളോടുചേർന്ന വ്യവസായം തുടങ്ങുവാൻ ആവശ്യമായ സ്ഥലം ഇന്നു ഇവിടെ ലഭ്യമല്ലാതായിരിക്കുന്നു. എന്നാൽ ഗ്രാമത്തിന്റെ ഉൾപ്രദേശങ്ങളിൽ വ്യവസായ യൂണിറ്റുകളും തുടങ്ങുവാൻ ആവശ്യമായ ഭൂമി ലഭ്യമാണ്. ലോറി മുതലായ വാഹനങ്ങളും പോകത്തക്കവിധം നിലവിലുള്ള ഗ്രാമീണ റോഡുകളും വീതികൂട്ടുകയും, റോഡുകളും ഇല്ലാത്ത സ്ഥലങ്ങളിൽ ഗതാഗത യോഗ്യമായ പുതിയ റോഡുകളും നിർമ്മിച്ചു വ്യവസായം തുടങ്ങുവാൻ അനുയോജ്യമായ സ്ഥലം ലഭ്യമാക്കാവുന്നതാണ്. സാങ്കേതിക വിദ്യാഭ്യാസം നേടിയവരും, ഉന്നതവിദ്യാഭ്യാസം നേടിയവരുമായ ധാരാളം ചെറുപ്പക്കാർ ഉള്ള പ്രദേശമായതുകൊണ്ട് ആവശ്യമായ പരിശീലനം നൽകുന്നെങ്കിൽ, പുതിയ വ്യവസായങ്ങളും പ്രത്യേകിച്ച് ഇലക്ട്രോണിക് ഉല്പന്നങ്ങളും ഉല്പാദിപ്പിക്കാവുന്ന വ്യവസായങ്ങളും തുടങ്ങുന്നതിനും ആവശ്യമായ മനുഷ്യശക്തി ഇവിടെ ലഭ്യമാണ്.

കാർഷിക മേഖലയിലെ തൊഴിലവസരങ്ങളും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വ്യവസായ മേഖലയെ പ്രോത്സാഹിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ പ്രധാനമായും മൂന്നു കാര്യങ്ങളിൽ ശ്രദ്ധിക്കണം.

ഒന്ന് - നിലവിലുള്ള വ്യവസായങ്ങളും നിലനിർത്താനും, വികസിപ്പിക്കാനും ശ്രദ്ധിക്കുക

രണ്ട് - നശിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളും, കരകൗശലവ്യവസായങ്ങളും, പുനരുദ്ധരിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

മൂന്ന് - പുതിയ വ്യവസായങ്ങളും പ്രത്യേകിച്ച് ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉല്പാദനം ആരംഭിക്കുക.

നിലവിലുള്ള വ്യവസായങ്ങൾ വാർഡ് അടിസ്ഥാനത്തിൽ

		വാർഡുകൾ										
ക്രമ നമ്പർ	വ്യവസായം	I	II	III	IV	V	VI	VII	VIII	IX	X	ആകെ
1	കെമിക്കൽ ഫോസ്ഫറസ്	1										1
2	ചെമ്മീൻ സംസ്കരണം (കയറ്റുമതിസ്ഥാപനം)			5	1	2						8
3.	ചെമ്മീൻ പീലിംഗ് ഷെഡുകൾ	6	5	14	7	7	4	8	7	11	2	71
4	ഐസ്പ്ലാന്റ്				1	3	1	1	1	5		12
5	ബിസ്ക്കറ്റ് ഫാക്ടറി									1		1
6	ബേക്കറി			1	1		1		2			5
7	സോഡാനിർമ്മാണം	2					3		1			6
8	ഓയിൽമിൽ	1					1					2
9	ഭക്ഷ്യധാന്യം പൊടിക്കൽ	2	1	2	1	2	4		3	1		16
10	ആയുർവേദമരുന്നുനിർമാണം					1	1					2
11	കൊപ്രാസംസ്കരണം	2		1			1				2	6
12	ഹാച്ചറി							1				1
13	പ്ലാസ്റ്റിക് നിർമ്മാണം									1		1
14	ഫൈബർ ഗ്ലാസ്									1		1
15.	തടിമില്ലുകൾ				1	1	1					3
16	മരം ഫർണീച്ചർ	2			1	3	4		1		1	12
17	എൻജിനിയറിംഗ് യൂണിറ്റുകൾ			4		3		1		1		9
18	ആട്ടോവർക്കുഷാപ്പുകൾ					3	1	2				6
19	ഇലക്ട്രോണിക് ഉപകരണം റിപ്പയർ						2					2
20	ഫോട്ടോസ്റ്റാറ്റ്					1			1			2
21	ഫോട്ടോസ്റ്റുഡിയോ				1				1			2
22	അച്ചടി						1	1		1	1	4
23	സൗണ്ടുപണി					1	1		2	1		5
24	ടെയിലറിംഗ്			2	1	2			2	2		9
25	അപ്ഹോൾസ്റി						1					1
26	ഖാദിപോളിസ്റ്റർ നിർമ്മാണം							1				1
27	കയർപിരി				2							2
28	കയർ ഉല്പന്നങ്ങൾ			1	1	1						3
29	മറ്റുള്ളവ					2	1				1	4
	ആകെ	16	6	30	17	32	28	15	21	24	8	197

നിലവിലുള്ള വ്യവസായ സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	വ്യവസായ സഹകരണ സംഘങ്ങൾ	ഉല്പന്നങ്ങൾ
1	ലേഡീസ് വെൽഫെയർ I. C.S. Ltd. No. 118	റേഡിയോ അസംബ്ലിംഗ്
2.	വെസ്റ്റ് കോസ്റ്റ് ഹരിജൻ വനിത I.C.S. Ltd. No. 156	ഹാൻറിക്രാഫ്റ്റ്
3.	ഹരിജൻ വനിത I.C.S. Ltd. No. 149	ഹാൻറി ക്രാഫ്റ്റ്
4	എഴുപുന്ന ഹരിജൻ I.C.S. Ltd. No. 150	മത്സ്യസംസ്കരണം
	കയർ സഹകരണ സംഘം	
1	എഴുപുന്ന നോർത്തു കയർ വ്യവസായ C.S. No.	കയർപിരി

ഖാദി വ്യവസായം

K. K. & V. I. Board ന്റെ ഖാദിപോളിസ്റ്റർ യൂണിറ്റ് എരമല്ലൂർ ഖാദിപോളിസ്റ്റർ

കേരള ഖാദി വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന എരമല്ലൂർ ഖാദി പോളിസ്റ്റർ യൂണിറ്റ് 35 പേർക്ക് ജോലി നൽകുന്നു. കേരളത്തിൽ ഖാദി പോളിസ്റ്റർ തുണികൾ ഉല്പാദിപ്പിക്കുന്ന നല്ല യൂണിറ്റുകളിൽ ഒന്നാണിത്. ഏറ്റവും നല്ല നിലവാരം പുലർത്തുന്ന ഖാദിപോളിസ്റ്റർ ഇവിടെ ഉല്പാദിപ്പിക്കുന്നു.

സെറികൾച്ചർ

- പട്ടുനൂൽ ഉല്പാദിപ്പിക്കാൻ ആവശ്യമായ പട്ടുനൂൽ പുഴുക്കളെ വളർത്താൻ മാംബറി ചെടികൾ ധാരാളമായി കൃഷിചെയ്തിരുന്നെങ്കിലും ഇപ്പോൾ ഈ രംഗത്തുള്ള പ്രവർത്തനം മന്ദഗതിയിലാണ്.

നിലവിലുള്ള വ്യവസായ യൂണിറ്റുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. മലിനീകരണം - ഏറ്റവും കൂടുതൽ തൊഴിൽ നല്കുന്ന മത്സ്യസംസ്കരണ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നമാണു മലിനീകരണം.	ഓരോ വാർഡിലും പൊതുവായ ഓരോ ട്രീറ്റുമെൻറ് പ്ലാൻറ് സ്ഥാപിക്കുക. മത്സ്യ സംസ്കരണം നടത്തുന്ന ഷെഡ്ഡുകളിൽ നിന്നും മലിനജലം പമ്പുചെയ്തു പൊതുവായ ട്രീറ്റുമെൻറ് പ്ലാൻറിൽ എത്തിക്കുക. അവിടെനിന്നും മലിനജലം ശുദ്ധികരിച്ചു പുറത്തുവിടുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
2. വായ്പ സൗകര്യങ്ങളുടെ അഭാവം- പഞ്ചായത്തു അതിർത്തിയിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ വ്യവസായികൾക്കാവശ്യമായ ധന സഹായം നൽകുന്നതിൽ വിമുഖത കാട്ടുന്നു. (800 കോടി രൂപായുടെ വിദേശനാണ്യം നേടി തരുന്ന ചെമ്മീൻ കയറ്റുമതിയുടെ സിംഹഭാഗവും എഴുപുന്ന പഞ്ചായത്തു അതിർത്തിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നാണെന്നുള്ള കാര്യം സ്മരിക്കേണ്ടതാണ്.)	(a) നിലവിലുള്ള ബാങ്കുകൾ കൂടുതൽ ധനസഹായം നൽകുവാൻ പ്രേരണ നല്കുക. (b) മറ്റു ബാങ്കുകളുടെ ശാഖകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുക (c) S.B.I യുടെ എഴുപുന്നയിലെ Extension Counter നുപകരം SBI യുടെ ഒരു ശാഖ ഇവിടെ സ്ഥാപിക്കുവാൻ വേണ്ടതുചെയ്യുക.
3. വൈദ്യുതി ക്ഷാമം	(a) വ്യവസായങ്ങളെ പ്രത്യേകിച്ചു മത്സ്യസംസ്കരണത്തിൽ ഏർപ്പെട്ടിട്ടുള്ള വ്യവസായ സ്ഥാപനങ്ങളെ പവർ കട്ടിൽ നിന്നും ഒഴിവാക്കുക. (b) മുൻഗണനാക്രമത്തിൽ വ്യവസായ സ്ഥാപനങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക. (c) ഒരു സബ് എൻജീനിയറുടെ ആഫീസ് എഴുപുന്ന പഞ്ചായത്തു അതിർത്തിയിൽ തുടങ്ങുക. (d) 50 മെഗാവാട്ട് ശേഷിയുള്ള ഒരു ക്യാപറ്റീവ് പവർ സ്റ്റേഷൻ സഹകാര്യ മേഖലയിൽ സ്ഥാപിക്കുക
4. തൊഴിൽ തർക്കം	തൊഴിലാളികളുടെ പ്രതിനിധികളും വ്യവസായികളുടെ പ്രതിനിധികളും, പഞ്ചായത്തു പ്രതിനിധികളും ഉൾപ്പെട്ട ഒരു സ്ഥിരം അനുരഞ്ജന സമിതി രൂപീകരിക്കുക.

5.	ടെലഫോൺ സൗകര്യം	Non Oyt (Special) വിഭാഗത്തൽപ്പെട്ട വ്യവസായ സ്ഥാപനങ്ങൾക്ക്, പുതുതായി നല്കുന്ന ടെലഫോൺ കണക്ഷന്റെ 20% നീക്കിവെക്കുക
6.	കോമൺ ഫെസിലിറ്റി സെന്റർ	VIII-ാം വാർഡിൽ സ്ഥിതിചെയ്യുന്ന കോമൺ ഫെസിലിറ്റിസെന്റർ, വ്യവസായ ഡിപ്പാട്ടുമെന്റുമായി ബന്ധപ്പെട്ടു പുനരുദ്ധരിക്കുകയും, എൻജീനിയറിംഗ് വിഭാഗത്തിലെ ഒരു ട്രെയിനിംഗ് സെന്ററായി രൂപാന്തരപ്പടുത്തുകയും ചെയ്യുക.
7.	വ്യവസായികളുടെ ഒരു സംഘടന	വ്യവസായികളുടെ പ്രശ്നങ്ങൾ കൂട്ടായി കൈകാര്യം ചെയ്യാനും, മാനേജ്മെൻറ്, പുതിയ ടെക്നോളജി എന്നീ രംഗങ്ങളിൽ ഉണ്ടാകുന്ന പുത്തൻ അറിവുകൾ ഉൾകൊള്ളാനാവും വിധം ഒരു സംഘടനക്കു രൂപം നല്കുക.
8.	നിർജീവമായ വ്യവസായ സഹകരണ സംഘങ്ങൾ	പുനരുദ്ധരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനും, സംഘം ഭാരവാഹികളും, ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുമായി ചർച്ചചെയ്യുക.

II **നശിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളും, കരകൗശലവ്യവസായങ്ങളും പുനരുദ്ധരിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുക**

നശിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതുവഴി തൊഴിൽ സാദ്ധ്യത വർദ്ധിക്കുന്നതിനുപുറമെ, നഷ്ടപ്പെട്ടുപോകുന്ന നാളികേരത്തിന്റെ തൊണ്ട്, കൈതയോല മുതലായവ പ്രയോജനപ്പെടുത്താനും കഴിയും. അവയുടെ പുനരുദ്ധാനത്തിനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. കയർ	(1) പച്ചതൊണ്ടിൽ നിന്നും ചകരി ഉല്പാദിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുക. തൊണ്ട് അഴുകാൻ ഉപയോഗിക്കുന്ന കുഴികൾ (Retting yard) മിക്കവാറും എല്ലാംതന്നെ മറ്റു ആവശ്യങ്ങൾക്കായുപയോഗിച്ചു കഴിഞ്ഞു. (2) ലാഭകരമായി കയർ ഉല്പാദനം നടത്തുന്നതിന് 10 യന്ത്രവൽകൃത കയർ പിരിയന്ത്രങ്ങൾ വീതമുള്ള 6 യൂണിറ്റുകൾ സ്ഥാപിക്കുക. (3) കയർ മാറ്റ്, മാറ്റിംഗ് തുടങ്ങിയ കയർ ഉല്പന്നങ്ങൾ ഉണ്ടാക്കന്നതിനു 2 ചെറുകിട കയർ ഫാക്ടറികൾ (Semi mechanised) സ്ഥാപിക്കുക. (4) ബാങ്കുകൾ വഴിയോ സഹകരണസംഘം വഴിയോ ആവശ്യമായ ധനസഹായം ലഭ്യമാക്കുക.

2. കരകൗശല വ്യവസായം	(1) ഈറ ചൂരൽ മുതലായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക (2) ധനസഹായം ലഭ്യമാക്കുക (3) ഉല്പാദിപ്പിക്കുന്ന വസ്തുക്കൾ വിറ്റഴിക്കാൻ IRDP വിപണനകേന്ദ്രങ്ങൾ പോലെ ഒരു വില്പന കേന്ദ്രം ആരംഭിക്കുക. ഇവിടെ മറ്റു ചെറുകിട വ്യവസായ യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്ന ഉല്പന്നങ്ങളും വിൽപ്പനക്കുവെക്കാവുന്നതാണ്.

III പുതിയ വ്യവസായങ്ങൾ ആരംഭിക്കുക

പുതിയ വ്യവസായങ്ങൾ തുടങ്ങുവാൻ അനുയോജ്യമായ ധാരാളം ഘടകങ്ങൾ ഇന്നു പഞ്ചായത്തു അതിർത്തിയിൽ ലഭ്യമാണ്. താഴെ കാണിച്ചിരിക്കുന്ന സൗകര്യങ്ങൾ കൂടെ കൂടുതലായി ചെയ്തുകൊടുക്കുക.

സ്ഥലം	(1) ഗ്രാമത്തിന്റെ ഉൾപ്രദേശങ്ങളിൽ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ അനുയോജ്യമായ സ്ഥലം ലഭ്യമാണ്. പ്രസ്തുത സ്ഥലങ്ങളിലേക്കു വാഹനങ്ങൾ കടന്നുപോകൻ സൗകര്യമാകത്തക്ക വിധം നിലിവിലുള്ള റോഡുകൾ വീതികൂട്ടുകയോ പുതിയ റോഡുകൾ നിർമ്മിക്കുകയോ ചെയ്യുക. (2) ഇലക്ട്രോണിക്കു ഉപകരണങ്ങൾ ഉല്പാദിപ്പിക്കുവാൻ വേണ്ടി ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുക. ഒരേക്കർ സ്ഥലം ഇതിനു വേണ്ടി ലഭ്യമാക്കുക. കെട്ടിടത്തിനു 5000 Sqf സ്ഥലം മതിയാകും. പിന്നീടു ഉണ്ടാകാവുന്ന വികസനം കണക്കാക്കിയാണ് 1 ഏക്കർ കാണിച്ചിരിക്കുന്നത്.
സാമ്പത്തികസഹായം	ബാങ്കുകൾ പുതുതായി തുടങ്ങുന്ന വ്യവസായ സ്ഥാപനങ്ങൾക്കു സാനമ്പത്തിക സഹായം നല്കുന്നതിൽ കൂടുതൽ ഉദാരവൽക്കരണ നയം സ്വീകരിക്കുവാൻ പ്രേരിപ്പിക്കുക. ബാങ്കുകളുടെ പുതിയ ശാഖകൾ പ്രവർത്തനം ആരംഭിക്കുവാൻ മുൻകൈയെടുക്കുക.
വൈദ്യുതി	വൈദ്യുതി കണക്ഷൻ നൽകുന്നതിൽ ഏറ്റവും വലിയ മുൻഗണന നല്കുക.
ടെലഫോൺ -	ടെലഫോൺ കണക്ഷൻ നൽകുന്നതിൽ ഇന്നു നല്കുന്ന പരിഗണന തുലോം അപര്യാപ്തമാണ്. കൂടുതൽ മുൻഗണന നല്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

ട്രെയിംനിംഗ്

വ്യവസായം തുടങ്ങുവാൻ താല്പര്യമുള്ള വ്യവസായ സംരംഭകർക്ക് ആവശ്യമായ തൊഴിൽ പരിശീലനം, മാനേജ്മെൻറിൽ പരിശീലനം മുതലായവ ലഭ്യമാക്കുന്നതിനു ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുക

ഇൻഫർമേഷൻ സെൻറർ

വ്യവസായങ്ങളെ സംബന്ധിച്ച രജിസ്ട്രേഷൻ, ട്രെയിനിംഗ്, സാമ്പത്തിക സഹായം, ആധുനിക സാങ്കേതിക വിദ്യ മുതലായവ സംബന്ധിച്ചു നിലവിലുള്ള വിവരങ്ങളും. കാലകാലങ്ങളിൽ ലഭ്യമാകുന്ന വിവരങ്ങളും നല്കുന്നതിനു അനുയോജ്യമായ ഒരു ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കുക. ഈ ഇൻഫർമേഷൻ സെൻററിൽ കൂടെതന്നെ വ്യാവസായികേതര മേഖലകളെ സംബന്ധിച്ച വിവരങ്ങളും പൊതുജനങ്ങൾക്കു നൽകാവുന്നതാണ്.

ഇവിടെ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചു ആരംഭിക്കുവാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ

ക്രമ നമ്പർ	വ്യവസായം	യൂണിറ്റ്	അസംസ്കൃത വസ്തുക്കൾ	തൊഴിൽ സാദ്ധ്യത
1	ഫിഷ്മീൽ	1	ചെമ്മീൻ മുതലായവയുടെ അവശിഷ്ടം	10
2.	എല്ലുപൊടി	1	മൃഗങ്ങളുടെ എല്ല്	10
3.	എണ്ണ ഉല്പാദനം (Expeller)	2	കൊപ്ര	6
4	പ്ലാസ്റ്റിക് ഷീറ്റുകൾ	1	ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപകരണങ്ങൾ	5
5	ജൈവവളം	1	ചാണകം, ഹോട്ടൽ അവശിഷ്ടം, ചകിരി ചവറ് മുതലായവ	5
	ആകെ	6		36

ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണം (മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്)

	വ്യവസായം	യൂണിറ്റ്	തൊഴിൽ സാദ്ധ്യത
1	ട്രാൻസ്പോർമർ വൈൻഡിംഗ്	1	10
2	വോൾട്ടേജ് സ്റ്റെബിലൈസർ	1	10
3	ഇലക്ട്രോണിക് ചോക്ക്	1	5
4	ആൻറിന	1	5
5	ബാംബ്	1	5
6	എമർജൻസി ലാമ്പ്	1	5
7	ഇലക്ട്രിക് ചാർജബിൾ ടോർച്ച്	1	5
8	മറ്റ് ഉപകരണങ്ങൾ	3	15
	ആകെ	10	60

സേവനം (Service)

	സർവ്വീസ് സെൻറർ	യൂണിറ്റ്	തൊഴിൽ സാദ്ധ്യത
1	ഇലക്ട്രിക്കൽ ഇലക്ട്രോണിക്ക് ഉപകരണങ്ങളുടെ റിപ്പയറിങ്ങ്	2	6
2	ഇലക്ട്രോ പ്ലേയിറ്റിംഗ്	1	3
3	ഡ്രൈക്ലീനിംഗ്	1	2
4	വാച്ച് റിപ്പയറിംഗ്	1	1
5	ഗാർഹിക ഉപകരണങ്ങളുടെ റിപ്പയർ (സ്റ്റൗ, പഴയ ഫർണീച്ചർ മുതലായവ)	2	4
6	മറ്റുള്ളവ	4	4
	ആകെ	11	20

കയർ, കയർ ഉല്പന്നങ്ങൾ, മറ്റു പരമ്പരാഗത വ്യവസായങ്ങൾ

ക്രമനമ്പർ	വ്യവസായം	യൂണിറ്റ്	തൊഴിൽ
1	യന്ത്രവൽകൃതറാട്ടുകാം 10 എണ്ണം വീതമുള്ളത്	6	70
2	കയർ ഉല്പന്നങ്ങൾ 20 തറിവീതം	2	50
3	കൂട്ട മുറം മുതലായ ഈറ്റ ഉപയോഗിച്ചുള്ള വീട്ടുപകരണങ്ങൾ	1	6
4	തഴ പായ്നെയ്ത്തു (വീടുകളിൽ)	20	20
	ആകെ	29	146

മറ്റു വ്യവസായങ്ങൾ

നമ്പർ	വ്യവസായം	യൂണിറ്റ്	തൊഴിൽ
1	സിമൻറ് ഉപയോഗിച്ച് ഹോളോ ബ്രിക്സ്, സിമൻറ്, കട്ട്ള, ജനൽ, ചെടിച്ചട്ടി etc.	2	20
2	മെഴുകുതിരി നിർമ്മാണം	1	2
3	നോട്ടുബുക്ക്, അക്കൗണ്ടുബുക്ക്, ബയൻറിംഗ്	1	3

4	ടയർ റീട്രിഡിംഗ്	1	3
5	ആയുർവേദ മരുന്നു പൽപൊടി മുതലായവ	1	6
6	സ്ക്കൂംബാഗ്, ട്രാവലേഴ്സ് ബാഗ് മുതലായവ	1	3
7	സോപ്പ്, ഡിറ്റർജന്റ്	1	5
8	കുട നിർമ്മാണം	1	5
9	റെഡിമെയ്ഡ് ഗാർമെന്റ്സ്	1	5
10	മറ്റു വ്യവസായങ്ങൾ	5	20
	ആകെ	15	72

വ്യവസായ രംഗത്തെ തൊഴിൽ സാദ്ധ്യത

നിലവിലുള്ള വ്യവസായ യൂണിറ്റുകൾ, വ്യവസായ സഹകരണ സംഘങ്ങൾ, ഖാദി പോളിസ്റ്റർ യൂണിറ്റ് എന്നിവിടങ്ങളിലായി 4774 തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഇതിൽ 3949 പേർ സ്ത്രീകളാണ്. മത്സ്യ സംസ്കരണ മേഖലയിലാണ് തൊഴിലവസരങ്ങൾ കൂടുതൽ, മത്സ്യസംസ്കരണ മേഖലയിൽ മാത്രം 3971 പേർ ജോലിചെയ്യുന്നു. ഇതിൽ 3530 പേർ സ്ത്രീകളാണ്. ഖാദി പോളിസ്റ്റർ യൂണിറ്റിൽ ജോലി ചെയ്യുന്ന 35 പേരും സ്ത്രീകളാണ്.

വിവിധ വ്യവസായങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾ

വ്യവസായം	സ്ത്രീ	പു.	ആകെ
ഫോസ്ഫറസ്	4	66	70
ചെമ്മീൻ, കൂരുമുളക് സംസ്കരണം, (കയറ്റുമതി) സ്ഥാപനങ്ങൾ	110	121	231
ചെമ്മീൻ പീലിംഗ്	3530	210	3740
ഐസ്പ്ലാന്റ്		36	36
ബിസ്ക്കറ്റ് ഫാക്ടറി	65	27	92
ബേക്കറി		15	15
സോഡാനിർമ്മാണം		6	6
ഓയിൽ മിൽ		3	3
ഭക്ഷ്യധാന്യം പൊടിക്കൽ		15	15
ആയുർവേദമരുന്ന്	2	4	6
കൊപ്രാനിർമ്മാണം	3	15	18
ഹാച്ചറി		43	43
പ്ലാസ്റ്റിക് നിർമ്മാണം	3	3	6
ഫൈബർ ഗ്ലാസ്		5	5
തടിമില്ലുകൾ		9	9
മരം ഫർണീച്ചർ		36	36
എൻജിനിയറിംഗ് യൂണിറ്റ്		18	18
ആട്ടോ വർക്ക് ഷാപ്പ്		12	12
അച്ചടി	5	7	12
സർവ്വീസിംഗ്		10	10
ടെയിലറിംഗ്	34	18	52
അപ്ഹോൾസ്റ്ററി		2	2
കയർപിരി	50	10	60
കയർ ഉൽപന്നങ്ങൾ	20	3	23
ഖാദി	35		35
മറ്റു വ്യവസായങ്ങൾ	85	125	210
ഫോട്ടോസ്റ്റാറ്റ്	2		2
ഫോട്ടോ സ്റ്റുഡിയോ	1	2	3
ഇലക്ട്രോണിക് ഉപകരണങ്ങളുടെ റിപ്പയർ		4	4
ആകെ	3949	825	4774

വ്യവസായം തുടങ്ങുവാൻ താൽപര്യമുള്ള വ്യവസായസംരംഭകർക്ക് താഴെ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വ്യവസായം തുടങ്ങുവാൻ ആവശ്യമായ സഹായം ലഭ്യമാക്കാവുന്നതാണ്.

1) State Industries department
2) Kerala State Small Industries Development and Employment Corporation Ltd. Trivandrum
3) The Kerala State Industrial development Corporation Trivandrum
4) Kerala State Handicraft Apex Corporation Society Cochin
5) Kerala State Electronic Development corporation Tvm.
6) Kerala State Financial Corporation Tvm
7) Kerala state Industrial and Technical Consulting Organisation Kochi.
8) N.S.I.C. Kochi Office
9) C.S.I.R

ഗ്രാമസഭാനിർദ്ദേശങ്ങളും, മേൽ കാണിച്ചിക്കുന്ന സ്ഥാപനങ്ങളുടെ നിർദ്ദേശങ്ങളും മറ്റു ധനകാര്യസ്ഥാപനങ്ങളുടെ സഹായങ്ങളും ഉൾകൊണ്ട് വളരെപേർക്ക് തൊഴിൽ ലഭിക്കാവുന്ന പുതിയ വ്യവസായങ്ങൾ തുടങ്ങുനന്നതിനും, നിലവിലുള്ള വ്യവസായങ്ങൾ നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും, നശിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത വ്യവസായങ്ങളെ പുനരുദ്ധരിക്കുന്നതിനും കൂട്ടായി ശ്രമിക്കാവുന്നതാണ്.

ഗ്രാമസഭ നിർദ്ദേശങ്ങൾ

1. കയറുകൊണ്ടുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനു ആവശ്യമായ സാമ്പത്തിക സഹായം നൽകി ഈ പരമ്പരാഗത വ്യവസായത്തെ പ്രോത്സാഹിപ്പിക്കണം.
2. ഖാദി ബോർഡിന്റെ കീഴിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.
3. ഈ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ ചെമ്മീൻ തലയും കോഴികാഷ്ഠവും അടിസ്ഥാനപ്പെടുത്തിയുള്ള വളം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക
4. ചകരിചോറിൽ ജൈവവളം നിർമ്മാണം തുടങ്ങുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിക്കുക.
5. കക്ക വ്യവസായം അഭിവൃദ്ധിപ്പെടുത്തുക.

6. പഞ്ചായത്തിൽ ആവശ്യാനുസരണം കയർ യന്ത്ര യൂണിറ്റുകൾ അനുവദിക്കുക.
7. വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശയിൽ വായ്പാ സൗകര്യങ്ങളും പരിശീലനവും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുക
8. ഖാദി ബോർഡ്, ക്ഷീരവ്യവസായ വകുപ്പു എന്നിവയിൽ നിന്നും പഞ്ചായത്തുതലത്തിൽ വനിതാ വ്യവസായ യൂണിറ്റുകൾ രൂപീകരിച്ച് വനിതകൾക്കു തൊഴിൽ ഉറപ്പു വരുത്തുക.
9. നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്ക് ഈ പ്രദേശത്ത് സാദ്ധ്യത ഏറെയാണ്.
10. കാർഷിക വിഭവങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള വ്യവസായങ്ങൾ ആരംഭിക്കുക.
11. ഖാദിബോർഡിന്റെ കീഴിലുള്ള വിവിധ വ്യവസായ യൂണിറ്റുകൾ വിവിധ വാർഡുകളിൽ സ്ഥാപിച്ചാൽ വനിതകളുടെ തൊഴിൽ ഇല്ലായ്മക്ക് തെല്ലാശ്വാസം കിട്ടും.
12. ഗതാഗത സൗകര്യം, വൈദ്യുതി, സാമ്പത്തിക മേഖല, പരിചയകുറവ്, സാങ്കേതിക വിദ്യയുടെ കുറവ്, തുടങ്ങിയവ സാധാരണക്കാരനു വ്യവസായം തുടങ്ങുന്നതിനു വിഘ്നമായി നിൽക്കുന്നു.
13. ചെമ്മീൻ വ്യവസായം വിപുലീകരിക്കാൻ സാദ്ധ്യതയുള്ള ഒരു പ്രദേശമാണിത്. അതിനായി ഉല്പാദനം മുതൽ സംസ്കരണംവരെയുള്ള മേഖലകൾ കോർത്തിണക്കി ഒരു കണ്ണിപോലെ പ്രവർത്തിക്കുന്നതിനുള്ള ക്രമീകരണം ഉണ്ടാകണം.
14. ഫർണീച്ചർ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കണം.
15. 'കുവ' ധാരാളമുണ്ട്. അവകൊണ്ട് വ്യവസായം തുടങ്ങണം.

5.4
വിദ്യാഭ്യാസം

ഒരു രാജ്യത്തിന്റെ ശക്തി അവിടുത്തെ ജനങ്ങളാണ്. പ്രത്യേകിച്ച് അരോഗ ദൃഢഗാത്രരും വിദ്യാസമ്പന്നരുമായ ജനങ്ങൾ. കേരളം സാക്ഷരതയിലും വിദ്യാഭ്യാസമേഖലയിലും മുമ്പന്തിയിലാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്തുത്യർഹമായ പ്രവർത്തനങ്ങൾകൊണ്ടും ഉത്സാഹശീലരായ ജനങ്ങളുടെ സഹകരണം കൊണ്ടും ആണ് മുൻ നിരയിൽ എത്തുവാൻ കഴിഞ്ഞത്. രാജ്യപുരോഗതിയ്ക്ക് ബഹുജനങ്ങളുടേയും വിദ്യാഭ്യാസസ്ഥാപനങ്ങളുടേയും കൂട്ടായ പ്രവർത്തനം ആവശ്യമാണ്.

കേരളത്തിന്റെ ഏതാണ്ടു മദ്ധ്യഭാഗത്തായി ആലപ്പുഴ ജില്ലയുടെ വടക്കുമാറി സ്ഥിതിചെയ്യുന്ന സ്ഥലമാണ് എഴുപുന്ന ഗ്രാമപഞ്ചായത്ത്. വിദ്യാഭ്യാസത്തിനായി ഏകദേശം 90 വർഷത്തിനുമുമ്പുവരെ ഇവിടെ ആശാൻ കളരികളും എഴുത്തുപള്ളിക്കൂടങ്ങളും മറ്റുമാണുണ്ടായിരുന്നത്. എഴുപുന്നയിലെ പ്രഥമ വിദ്യാലയം ഇന്നു കാണുന്ന ശ്രീ നാരായണപുരം L. P. സ്ക്കൂളാണ്. എഴുപുന്നനാനേഴത്ത് കുടുംബംവക സ്ഥലത്ത് ദിവംഗതനായ വെള്ളയിൽ കുട്ടിനായർ ആണ് 1903-ൽ ഈ സ്ക്കൂളിന് ആരംഭം കുറിച്ചത്. തുടർന്ന് എഴുപുന്ന നായർകരയോഗം സ്ക്കൂൾ നടത്തിപ്പു ചുമതല ഏറ്റെടുത്തു.

എരമല്ലൂർ കാട്ടിശ്ശേരിൽ ദിവംഗതനായ ശങ്കുപ്പിള്ളയുടെ സ്ഥലത്ത് അദ്ദേഹവും നാടു പ്രമാണിമാരും ചേർന്ന് മലയാളം പള്ളിക്കൂടമായി 1906-ൽ സ്ഥാപിച്ച സ്ക്കൂളാണ് ഇന്നുള്ള ഗവ: N.S.L.P. സ്ക്കൂൾ. തുടർന്ന് എരമല്ലൂർ കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ VII-വരെയുള്ള മലയാളം സ്ക്കൂൾ നടന്നുപോന്നു. മലയാളം സ്ക്കൂളുകൾ നിർത്തിത്തുടങ്ങിയ കാലഘട്ടത്തിൽ അന്നത്തെ N.S.S. ഭരണസമിതി ഈ സ്ക്കൂൾ സർക്കാരിനു വിട്ടുകൊടുത്തു. അങ്ങിനെ IV വരെയുള്ള സർക്കാർ സ്ക്കൂളായി. ചമ്മനാട്ട് E.C.E.K. Union H.S. ആരംഭിക്കുന്ന കാലത്ത് ഏകദേശം 45 വർഷം മുമ്പ് എട്ടാം ക്ലാസ്സ് ആരംഭിച്ചത് ഇവിടെയാണ്.

എഴുപുന്ന സെൻറ് മേരീ ഇമ്മാക്കുലേറ്റ് L.P. സ്ക്കൂളിന് ഗവ. അംഗീകാരം കിട്ടിയത് 1920-ൽ ആണ്. ഏകദേശം 100-വർഷങ്ങൾക്ക് മുമ്പ് വാടയ്ക്കകത്ത് മന്നൻതിയ്യോ എന്നൊരാൾ കുമ്പളങ്ങി സെ. ജോർജ്ജ്സ് സ്ക്കൂൾ ഫണ്ടിനുവേണ്ടി 22 സെൻറ് സ്ഥലം കൊടുത്തു. ഇവിടെയാണ് ആദ്യം സ്ക്കൂൾ സ്ഥാപിച്ചത്.

എഴുപുന്ന സെൻറ് റാഫേൽസ് പള്ളിയാണ് ഇപ്പോഴുള്ള St. Raphaels H.S. സ്ഥാപിച്ചത്. ആദ്യകാലത്തുണ്ടായിരുന്ന മലയാളം സർക്കാർ സ്ക്കൂൾ നിന്നുപോയപ്പോൾ പള്ളി മുൻകൈയെടുത്ത് 1936-ൽ ഇംഗ്ലീഷ് മിഡിൽ സ്ക്കൂൾ ആരംഭിച്ചു. തുടർന്ന് ഫാദർ എബ്രഹാം പൂച്ചക്കാട് മാനേജരും എഴുപുന്ന പഞ്ചായത്തു പ്രസിഡണ്ട് ദിവംഗതനായ N. K. കുര്യാക്കോസും മുൻകൈയെടുത്ത് നാട്ടുകാരുടേയും പള്ളിയുടേയും സഹായസഹകരണങ്ങളോടെ 1976-ൽ ഹൈസ്ക്കൂളായി ഉയർത്തി. പഞ്ചായത്തതിർത്തിയിലുള്ള ഏക ഹൈസ്ക്കൂളാണ് ഇത്.

ഇവിടെ സൂചിപ്പിച്ച നാല് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടാതെ രണ്ട് നേഴ്സറിസ്ക്കൂളും (മന്നം മെമ്മോറിയൽ നേഴ്സറി-സെൻറ് ജോസഫ്സ് നേഴ്സറി) പ്രവർത്തിക്കുന്നുണ്ട്. ആശാൻ കളരികളും ഇല്ലാതില്ല. പഞ്ചായത്തിലെ 10 വാർഡുകളിലായി 22 അംഗൻ

വാടികളും വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തി വരുന്നു. സ്ക്കൂൾവിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും എണ്ണം കാണിക്കുന്ന പട്ടിക താഴെ ചേർക്കുന്നു.

പട്ടിക I A

വിദ്യാർത്ഥികൾ അദ്ധ്യാപകർ.

ക്രമ നമ്പർ	സ്ക്കൂൾ	മാനേജ് മെൻറ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെ.	ആകെ	പു	സ്ത്രീ	ആകെ
1	സെൻറ്റാഫേൽസ് L.P. ഹൈസ്ക്കൂൾ U.P H.S.	എയ് ഡഡ്	263 482 552	255 429 533	518 911 1085	13	66	79
2	ശ്രീ നാരായണപുരം L.P. സ്ക്കൂൾ എഴുപുന്ന.	Do	71	65	136	0	5	5
3	സെൻറ് മേരീസ് ഇമ്മാക്കുലേറ്റ് L.P. സ്ക്കൂൾ, എഴുപുന്ന	Do	89	106	195	1	4	5
4	എരമല്ലൂർ ഗവ. N.S.L.P. സ്ക്കൂൾ.	Govt.	237	209	3291	2	8	10
	Total		1694	1597	3291	16	83	99

പട്ടിക I B

L.P, U.P, H.S, വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം.

ആകെ വിദ്യാർത്ഥികം	L.P.			U.P.			H.S.		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
3291	660	635	49.03	482	429	47.01	552	533	49.01
						ആകെ.			48.52%

പട്ടിക I C

പട്ടികജാതി പട്ടികവർഗ വിദ്യാർത്ഥികളുടെ കണക്ക്.

ആകെ.	L.P.		U.P.			H.S.		
	SC/ST	%	ആകെ.	SC/ST/	%	ആകെ	SC/ST.	%
B.	130			94			92	
G.	131			87		94		
1295 T.	261	20.15	911	181	19.86	1085	186.	17.14
					ആകെ.			18.80;

സാമ്പത്തിക-സാമൂഹ്യകാരണങ്ങളാൽ ഏകദേശം 2% കുട്ടികൾ ഇടയ്ക്കുവച്ച് പഠനം നിർത്തുന്നുണ്ട്.

പട്ടിക II ഗവ: സ്ക്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്.

ആകെ (പഞ്ചായത്തിൽ)	ഗവ:വിദ്യാലയത്തിലെ അദ്ധ്യാപകരുടെ എണ്ണം.	ഗവ: അദ്ധ്യാപകരുടെ ശതമാനം.	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം.	ഗവ:സ്ക്കൂളിലെ വിദ്യാർത്ഥികം	ശതമാനം.
99	10	10.10%	3291	446	13.55;

പട്ടിക III

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത.

	ലൈബ്രറി	പ്രവർത്തിക്കുന്നത്	ലാബ്	പ്രവർത്തിക്കുന്നത്	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കോഡർ	ടെലിവിഷൻ	സിനിമ ഓവർ ഹെഡ് പ്രോജക്ടർ	സ്ലൈഡ് പ്രോജക്ടർ	സ്ലോട്ടഡ് ബോർഡ്	മാതൃസംഘം സജീവം	സ്കൂൾ P.T.A പ്രവർത്തിക്കുന്നുണ്ടോ	സ്ക്കൂൾ P.T.A (Total) പ്രവർത്തിക്കുന്നുണ്ടോ	കംപ്യൂട്ടർ
ഉള്ളത്	4	3	1	3	അപര്യാപ്തം 4	Transistor 2	2	-	-	small	1	20	Yes 4	ഇല്ല	4	-
ഇല്ലാത്തത്						2	2	4	4	3				പരിമിതം.	Yes	4

പട്ടിക III -ൽ സൂചിപ്പിച്ചിരിക്കുന്ന അക്കാഡമിക് സൗകര്യങ്ങളുടെ കുറവ് ഗൗരവമായ പരിഗണന അർഹിക്കുന്നതാണ്. ശരിയായ രീതിയിലുള്ള അദ്ധ്യാപനത്തിനും അദ്ധ്യയനത്തിനും ലൈബ്രറി, ലബോറട്ടറി, ദൃശ്യശ്രാവ്യ ഉപകരണങ്ങൾ, ഫർണീച്ചർ മുതലായി എല്ലാം തന്നെ അത്യന്താപേക്ഷിതമാണ്.

പഞ്ചായത്തിലെ സ്ക്കൂളുകളിലെ കുടിവെള്ളം, മൂത്രപ്പുര കക്കൂസ് തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ ലഭ്യതയെ കാണിക്കുന്നവ പട്ടിക IV-ൽ ചേർത്തിരിക്കുന്നു.

പട്ടിക IV. ഭൗതികസാഹചര്യങ്ങൾ.

സ്ക്കൂൾ	ആകെ വിദ്യാർത്ഥികം	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം.	വൈദ്യുതി	ചുറ്റുമതിൽ	കളിസ്ഥലം.	പടനോപകരണങ്ങൾ
1. St. റാഫേൽസ എഴുപുന്ന	2514	79	2514	2	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട് പരിമിതം.
2. എഴുപുന്ന ശ്രീ നാരായണ പുരം L.P.S.	136	5	Per: Temp.1	ഉപയോഗശൂന്യം.	ഉണ്ട്	ഉണ്ട്	ഇല്ല	പര്യാപ്ത മല്ല	പരിമിതം.
3. എഴുപുന്ന St. മേരീസ് ഇമ്മാക്കുലേറ്റ് L.P.S.	195	5	2	1	ഉണ്ട് പര്യാപ്തമല്ല	ഉണ്ട്	ഇല്ല	പര്യാപ്ത മല്ല	പരിമിതം.
4. എരമല്ലൂർ N. S. L. P. S.	446	10	2	ഉപയോഗശൂന്യം.	ഉണ്ട് പര്യാപ്തമല്ല	ഉണ്ട്	ഇല്ല	പര്യാപ്ത മല്ല	പരിമിതം.

മേൽക്കാണിച്ച പട്ടികയിൽ നിന്നും കുടിവെള്ളം സുലഭമായി കിട്ടുന്നില്ല എന്നുവ്യക്തമാകുന്നു. കളി സ്ഥലവും വേണ്ടത്രയില്ല. എല്ലാ സ്കൂളിലും വേണ്ടത്ര പഠനോപകരണങ്ങളില്ല. കക്കൂസുകളുടെ കുറവും എടുത്തുപറയേണ്ടതുണ്ട്.

സ്ക്കൂളുകളിൽ 1-ാം ക്ലാസ്സിൽ 100 ശതമാനം വിജയിപ്പിക്കുന്നു. 2 മുതൽ 4 വരെ 90% 5 മുതൽ 9

വരെയുള്ള ക്ലാസ്സുകളിൽ 80 ശതമാനം വരെ ശതമാനം വിജയിപ്പിക്കുന്നു. പഞ്ചായത്തതിർത്തിയിലെ ഏക ഹൈസ്കൂളിലെ 10-ാം ക്ലാസ്സിലെ കഴിഞ്ഞ 5 വർഷത്തെ വിജയശതമാനം പട്ടിക V-ൽ കാണിച്ചിരിക്കുന്നു. പട്ടിക പഠനാർഹമാണ്.

പട്ടിക V

St. Raphaels H.S.Ezhupunna വിജയശതമാനം Std. X

വർഷം	1991-92	1992-93	1993-94	1994-95	1995-96
ചേർന്ന കുട്ടികൾ	250	256	260	279	283
ജയിച്ച കുട്ടികൾ	110	137	127	134	131
വിജയശതമാനം	44.00	53.51	48.85	48.03	46.29

പ്രസ്താവിച്ച സ്കൂളുകൾക്കു പുറമെ ടൈപ്പ് റൈറ്റിംഗും ഷോർട്ട്ഹാൻറും പഠിപ്പിക്കുന്ന 5 സ്ഥാപനങ്ങൾ സ്വകാര്യമേഖലയിൽ ഇവിടെ പ്രവർത്തിക്കുന്നു. ഏകദേശം 300 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. സ്വകാര്യമേഖലയിൽ ഒരു കംപ്യൂട്ടർ ട്രെയിനിംഗ് സ്ഥാപനവും ഇവിടെയുണ്ട്. പഞ്ചായത്തു പ്രദേശത്തുള്ള 98% ആളുകളും സാക്ഷരരാണ്. നവസാക്ഷരർക്ക് തുടർ വിദ്യാഭ്യാസത്തിനുള്ള ഏർപ്പാടുകളും അപര്യാപ്തമാണ്. പഞ്ചായത്തു പ്രദേശത്തുള്ള 3 സ്കൂളുകൾ സ്വകാര്യമേഖലയിലായതിനാൽ സ്കൂൾ വികസനത്തിന് മാനേജറന്മാർ തന്നെ മുൻകൈയെടുക്കേണ്ടി വരുന്നു. എന്നാൽ സ്കൂൾ P.T.A.-കൾ സ്തുത്യർഹമായി പ്രവർത്തിക്കുന്നതുകൊണ്ട് വളരെ അധികം പ്രയോജനം (ഫർണീച്ചർ-ശുദ്ധജലവിതരണം etc) സ്കൂളിനു ലഭിച്ചു വരുന്നുണ്ട്. സർക്കാരിൽ നിന്നും മറ്റു സ്വയംഭരണസ്ഥാപനങ്ങളിൽ നിന്നും സഹായ സഹകരണങ്ങൾ ലഭിക്കുന്നപക്ഷം പ്രസ്തുത സ്കൂളുകൾക്ക് കൂടുതൽ വികസനപ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും. കുട്ടികളുടെ പ്രോത്സാഹനത്തിനു വേണ്ടി എല്ലാ സ്കൂളുകളിലും അവാർഡുകളും എൻഡോവ്മെൻറുകളും നിലവിലുണ്ട്. എഴുപുന്ന പഞ്ചായത്തിൽ 4, 7, 10 എന്നീ ക്ലാസ്സിലെ മിടുക്കന്മാരായ കുട്ടികൾക്ക് നൽകിവരുന്ന കാഷ് അവാർഡിനുപുറമെ ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും യൂണിഫോമോ-കുടയോ സൗജന്യമായി നൽകി വരുന്നു.

ഈ പഞ്ചായത്തിലെ 10 വാർഡുകളിലും നടന്ന ഗ്രാമസഭാചർച്ചകളിലും സ്ഥിതിവിവര ക്കണക്കുകളിലും ശ്രദ്ധിച്ചുകൊണ്ടും വിദഗ്ദാഭിപ്രായം മാനിച്ചുകൊണ്ടും താഴെ പറയുന്ന പ്രകാരം വിദ്യാഭ്യാസത്തിൻെറയും തദ്വാരാനാടിൻെറയും അഭ്യുന്നതിക്കായി റിപ്പോർട്ടു തയ്യാറാക്കിയിരിക്കുന്നു.

പഞ്ചായത്തുതലത്തൽ അടുത്ത 5 വർഷത്തിനുള്ളിൽ ചെയ്യേണ്ട പ്രധാന കാര്യങ്ങൾ താഴെ കുറിക്കുന്നു.

സർക്കാർ മേഖലയിലുള്ള എരമല്ലൂർ ഗവ : N.S.L.P.S-ന് 100" x (30.5 M x 6.1.M.)

1. അളവിൽ രണ്ടു നിലയിലുള്ളതും 10 മുറികളുള്ളതും ആയ ഒരു സ്ഥിരകെട്ടിടം പണിയിക്കുക. സ്കൂൾ upgrade ചെയ്തു U.P. സ്ക്കൂളാക്കേണ്ടതാണ്. ഇപ്പോൾ സ്ക്കൂളിന് 100" x 20" ൽ ഒരു സ്ഥിര കെട്ടിടവും 100" x 20"ൽ ഒരു ഓലമേഞ്ഞ താല്ക്കാലികഷെഡും ആണുള്ളത്. പര്യാപ്തമായ ഫർണീച്ചറോ പഠനോപകരണങ്ങളോ ഇല്ല. കിഴക്കുവശമുള്ള വെള്ളക്കെട്ടുകൾ നികത്തി കളിസ്ഥലം ഉണ്ടാക്കാവുന്നതാണ്. ആവശ്യമായ പഠനോപകരണങ്ങളും ഫർണീച്ചറും നൽകണം.
2. കാക്കത്തുരുത്തിൽ ഒരു ഗവ : L.P. സ്കൂൾ സ്ഥാപിക്കുക.
3. ഈ പഞ്ചായത്തു പരിധിക്കുള്ളിൽ ഒരു സാങ്കേതിക വിദ്യാലയം സ്ഥാപിക്കുക. I.T.I, I.T.C., Poly Technic, Computer Training Centre, കെട്ടിടനിർമ്മാണത്തിനു വേണ്ട സാങ്കേതികത്തൊഴിൽ പരിജ്ഞാനം നല്കുന്ന ട്രെയിനിംഗ് സ്ഥാപനങ്ങൾ etc..
4. ഈ പഞ്ചായത്തിൽ ഗവ : മേഖലയിൽ ഒരു റഗുലർ ആർട്ട്സ് & സയൻസ് കോളേജ് സ്ഥാപിക്കുക. (ബിരുദ ബിരുദാനന്തരകോഴ്സുകൾ)
5. ഇപ്പോൾ S.N.L.P.S.-ന് 50 സെൻറുസ്ഥലവും ഒരു കെട്ടിടവും ഇമ്മാക്കുലേറ്റ് L.P.S.-ന് 54 സെൻറു സ്ഥലവും 2 കെട്ടിടവും ആണ് ഉള്ളത്. മാനേജ്മെൻറ് സമ്മതിക്കുന്നപക്ഷം ആവശ്യമായ സ്ഥലം കൈവശപ്പെടുത്തി upgrade ചെയ്യാവുന്നതാണ്.
6. വിവിധ മേഖലകളിൽ യുവാക്കൾക്ക്/യുവതികൾക്ക് ഹൃസ്വകാല പരിശീലനം നൽകുക. വിവിധ ഇനം കൈത്തൊഴിലുകളിലും (കയർ) പരിശീലനം നൽകുക. ചെറുകിടവ്യവസായങ്ങൾ ആരംഭിക്കുക. വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉണ്ടായിരിക്കണം.

പഞ്ചായത്തുതലത്തിലും സർക്കാർതലത്തിലും ആയി പരിഗണിക്കേണ്ട ചില പൊതുനിർദ്ദേശങ്ങൾ താഴെ കുറിക്കുന്നു.

1. ഭാഷാപഠനം പ്രോത്സാഹിപ്പിക്കുന്നതിന് Pre-Primary വിദ്യാലയങ്ങൾ ഒരു വാർഡിൽ ഒന്നു വീതം സ്ഥാപിക്കുക.
2. വിദ്യാഭ്യാസ സബ്ജില്ലാതലത്തിൽ കൗൺസിലിംഗ് & ഗൈഡൻസ് സെൻറർ സ്ഥാപിക്കുക.
3. വിദഗ്ദ്ധരായ അദ്ധ്യാപകരുടെ കുറവു പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് വർഷത്തിലൊരിക്കൽ Inservice Training Course നൽകുക.
4. കുട്ടികളുടെ സ്വഭാവരൂപീകരണത്തിന് Moral Classes സംഘടിപ്പിക്കുക. അതുപാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.
5. വിദ്യാലയരാഷ്ട്രീയം ഉപേക്ഷിക്കുക. / തടയുക.
6. സ്കൂളിലെ പഠനോപകരണങ്ങളുടെ കുറവു പരിഹരിക്കുക.
7. L.P., U.P. വിഭാഗങ്ങളിലും മുൻകാലങ്ങളിലേതുപോലെ Special Teachers- നെ നിയമിക്കുക.
8. സ്കൂൾ കരിക്കുലത്തിൻെറ ഭാഗമായി അദ്ധ്യാപകർക്ക് പഠനപര്യടനങ്ങൾ (Study Tour) നടത്തുക.
9. വായനാശീലം വളർത്തുന്നതിനുതകംവിധം ബാലസാഹിത്യകൃതികളും സ്കൂൾ ലൈബ്രറിയിലുണ്ടായിരിക്കുക. ദിനപ്പത്രങ്ങളും ആനുകാലികങ്ങളും സ്കൂൾ വായനശാലകളിലുണ്ടായിരിക്കണം.
10. സ്കൂൾ Complex പ്രവർത്തനം കാര്യമാക്കുക.
11. സ്കൂൾ P.T.A. കൾ സമർത്ഥമായ രീതിയിൽ പ്രവർത്തിക്കുക.
12. മാതൃസംഗമങ്ങൾ കൃത്യമായി നടത്തുക.
13. ഹൈസ്കൂൾ തലത്തിൽ കംപ്യൂട്ടർ പരിശീലനം നൽകുക. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രയോജനപ്പെടത്തക്കവിധം കംപ്യൂട്ടർ നൽകി കംപ്യൂട്ടർ വിദ്യാഭ്യാസം നവീകരിച്ചു നടപ്പാക്കുക.
14. കുട്ടികളുടെ ആരോഗ്യപരിപാലനത്തിനായി School Health Programme കാര്യക്ഷമമായി നടപ്പാക്കുക. Follow Up നടത്തുകയും ആവശ്യമായ ചികിത്സ ലഭ്യമാക്കുകയും ചെയ്യുക.
15. നിലവിലുള്ള സിലബസ്സ് കാലോചിതമായി പരിഷ്കരിക്കുക. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം-ലൈംഗികവിദ്യാഭ്യാസം തുടങ്ങിയവ ഉൾപ്പെടുത്തണം.
16. ബുദ്ധിവികാസം കുറഞ്ഞ വിദ്യാർത്ഥികൾക്ക് സൗജന്യ ട്യൂഷൻ ഏർപ്പെടുത്തുക.
17. വയോജനവിദ്യാഭ്യാസം തുടർന്നും നൽകുക.
18. സ്കൂൾ ഉച്ചഭക്ഷണം മുടങ്ങാതെ നൽകുക. ചുമതല ഗവണ്മെൻറ് / പഞ്ചായത്ത് ഏറ്റെടുക്കണം.
19. വ്യക്തിപരമായി അദ്ധ്യാപകർക്ക് കുട്ടികളിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിന് ഒരു ക്ലാസ്സ് ഡിവിഷനിലെ കുട്ടികളുടെ എണ്ണം "30" ആയി നിജപ്പെടുത്തുക.
20. Endovments:- ഏറ്റവും കൂടുതൽ മാർക്കുവാങ്ങിക്കുന്ന 10% കുട്ടികൾക്ക് പ്രയോജനപ്രദമായ രീതിയിൽ സ്കോളർഷിപ്പുകളും അവാർഡുകളും എൻഡോവ മെൻറുകളും പരിഷ്ക്കരിച്ചു നടപ്പാക്കുക.
21. സമർത്ഥരും നിർദ്ധനരുമായ വിദ്യാർത്ഥികൾക്ക് വസ്ത്രം, ഭക്ഷണം, പുസ്തകം, ആവശ്യമെങ്കിൽ ട്യൂഷൻ തുടങ്ങിയവ പഞ്ചായത്തുതലത്തിൽ / സർക്കാർതലത്തിൽ നൽകുക.
22. താലൂക്കടിസ്ഥാനത്തിൽ അന്ധ, മൂക, ബധിര, വിദ്യാർത്ഥികൾക്ക് വിദ്യാലയങ്ങൾ സ്ഥാപിക്കുക.
23. വിവിധ തലങ്ങളിൽപ്പെട്ട രക്ഷാകർത്താക്കൾക്കും, വിദ്യാർത്ഥികൾക്കും ചർച്ചകളും പഠനക്ലാസ്സുകളും സ്കൂൾതലത്തിലും പഞ്ചായത്തുതലത്തിലും സംഘടിപ്പിക്കുക.
24. പഞ്ചായത്തതിർത്തിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കാണുന്നതിന് അദ്ധ്യാപകരുടേയും രക്ഷാകർത്താക്കളുടേയും ജനപ്രതിനിധികളുടേയും ഒരു സമിതി രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിക്കുക.
25. കൃഷിയോട് ആഭിമുഖ്യമുണ്ടാക്കുന്നതിന് കൃഷി ഉപകരണങ്ങൾ, വിത്ത്, വളം-തൈയ്യുകൾ മുതലായവ വിദ്യാലയങ്ങൾ മുഖേന വിതരണം ചെയ്യുകയും കൃഷിയെപ്പറ്റി വിശദമായ ക്ലാസ്സുകൾ വിദഗ്ദ്ധരെക്കൊണ്ട് നടത്തിക്കുകയും ചെയ്യുക.

വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം മനുഷ്യൻെറ സർവ്വതോമുഖമായ വികാസമാണ്. ശാരീരികമായും മാനസികമായും ബുദ്ധിപരമായും ഒരുവൻ ഉയർന്ന നിലവാരത്തിലായിരിക്കണം. ഈ ലക്ഷ്യത്തിലേയ്ക്ക് എത്തിച്ചേരുവാൻ ശ്രമിക്കണമെന്ന അഭ്യർത്ഥനയോടെ ഈ റിപ്പോർട്ട് സമാപിപ്പിക്കുന്നു.

5.5

കുടിവെള്ളവും - പൊതുജനാരോഗ്യവും

ശുദ്ധവായു, ശുദ്ധജലം, ശുചിത്വമുള്ള പാർപ്പിടവും പരിസരങ്ങളും ഇവയാണ് ഒരു ജനതയുടെ ആരോഗ്യകാര്യങ്ങളിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങൾ. കുടിവെള്ളത്തിനായി ജനങ്ങൾ 95% കിണറുകളെയും കുളങ്ങളെയുമാണ് ആശ്രയിക്കുന്നത്. ഉള്ളതിൽ 40%എണ്ണം ശുദ്ധജലവും 60% ഓരു ജലവും കയറി ഉപയോഗശൂന്യമായി കിടക്കുന്നതുമാണ്. പഞ്ചായത്തിന്റെ വിസ്തൃതിയുടെ 70% സ്ഥലങ്ങളിലും രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. കേരളാ വാട്ടർ അതോറിറ്റിയുടെ രണ്ട് പമ്പിംഗ് സ്റ്റഷേനുകൾ ഉള്ളതിൽ 45600 ലിറ്റർ കപ്പാസിറ്റിയുള്ള ശ്രീ നാരായണപുരം വാട്ടർ ടാങ്കിൽ നിന്നും മാത്രമേ അല്പം ശുദ്ധജലംകിട്ടുന്നുള്ളു. പുതുതായി പ്രവർത്തനം ആരംഭിച്ച എരമല്ലൂർ N.S.L.P. സ്ക്കൂളിനു സമീപമുള്ള പമ്പിംഗ് സ്റ്റേഷനിൽ നിന്നും പമ്പുചെയ്യുന്ന വെള്ളം ഉപ്പുരസം ഉള്ളതാണ്.

ശ്രീനാരായണപുരം പമ്പിംഗ് സ്റ്റേഷനിൽ നിന്നും എഴുപുന്ന പഞ്ചായത്തിന്റെ 2-ാം വാർഡിൽ മാത്രം ഉൾപ്പെടുന്ന നീണ്ടകര, നരിയാണ്ടി പ്രദേശങ്ങളിലേക്ക് നാമമാത്രമായി മാത്രമാണ് വെള്ളം പമ്പുചെയ്യുവാൻ കഴിയുന്നത്. ചില കിണറുകളും, കുഴൽകിണറുകളും മാത്രമാണ് ഉപയോഗയോഗ്യമായിട്ടുള്ളത്. വാട്ടർ അതോറിറ്റി സ്ഥാപിച്ചിട്ടുള്ള 7 കുഴൽ കിണറുകളിലും വേനൽക്കാലത്ത് ഉപ്പുവെള്ളമാണ്.

ശുദ്ധജലസ്രോതസ്സുകൾ

പൊതുകിണറുകൾ		സ്വകാര്യകിണറുകൾ		കുഴൽ കിണറുകൾ
ശുദ്ധജലം ലഭ്യമാകുന്നത്	ശുദ്ധജലം ലഭ്യമാകുന്നത്	ശുദ്ധജലം ലഭ്യമാകുന്നത്	ശുദ്ധജലം ലഭ്യമാകുന്നത്	
83	-	2000	150	7

കുളങ്ങൾ

പൊതുകുളങ്ങൾ	സ്വകാര്യകുളങ്ങൾ	മൊത്തം കുളങ്ങൾ
4	2500	2504

കേരളാ വാട്ടർ അതോറിറ്റി പദ്ധതികളിലെ ടാപ്പുകളുടെ വിവരം.

ശ്രീനാരയണ പുരം	എരമല്ലൂർ	നീണ്ടകര	നരിയാണ്ടി	എഴുപുന്ന	കാക്കത്തുരുത്ത്
3	37	9	3	10	14

നീണ്ടകര നരിയാണ്ടി പ്രദേശങ്ങളിലെ 6 പൈപ്പുകളിൽ ഒട്ടും വെള്ളം കിട്ടുന്നില്ല. കാക്കത്തുരുത്തിലൊട്ടും കിട്ടുന്നില്ല. 7-ാം വാർഡിൽ ഒട്ടുംകിട്ടുന്നില്ല. 3 ലെ ടാപ്പുകൾ പ്രവർത്തനരഹിതം. 1995-96 വർഷത്തിൽ മാത്രം 6800 ജലജന്യ രോഗങ്ങൾ ബാധിക്കുകയുണ്ടായി. കുടിവെള്ളം ശേഖരിക്കുന്നതിനായി 2 കിലോമീറ്റർ വരെ സഞ്ചരിക്കേണ്ടിവരുന്നു.

വിശേഷാൽ ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്നതായ പ്രശ്നപരിഹാരങ്ങളും പഞ്ചായത്തു തലത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നതും ചർച്ചകളിലൂടെ രൂപപ്പെടുത്തിയിട്ടുള്ളതുമായ നിർദ്ദേശങ്ങളും സൂക്ഷ്മവിശകലനത്തിനായി താഴെ ചേർത്തിരുന്നു.

	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങം
1.	മുതുകേൽപ്രദേശം-കുമ്പളങ്ങി കടത്തുകടവുമുതൽ തെക്കോട്ട്	ശ്രീനാരായണപുരം ടാങ്കിന്റെ സംഭരണശേഷിവർദ്ധിപ്പിച്ച്ഇടവിട്ട്പമ്പിംഗ്നടത്തുക.
2.	നീണ്ടകര-നരിയാണ്ടി	ലൈൻ പടിഞ്ഞാറോട്ട് നീട്ടുക.
3.	കോക്കേരിൽ തോട്ടിന് പടിഞ്ഞാറ് തെക്ക് ഭാഗം.	കാട്ടിശ്ശേരിൽ കുളം ശുചീകരിച്ച് അതിൽ നിന്നും വെള്ളം ശുദ്ധിചെയ്തു എഴുപുന്ന പഞ്ചായത്തിന്റെ എല്ലാമേഖലകളിലേക്കും പമ്പുചെയ്യുക.
4.	കോക്കേരിൽ തോടിന് പടിഞ്ഞാറ് വടക്കു ഭാഗം.	-do- കായലിൽനിന്നും ഉൾഭാഗത്തേയ്ക്കുള്ള എല്ലാ തോടുകളും ഓരുവെള്ളം കയറാതെ സ്ലൂയിസ് ബണ്ടുകൾ നിർമ്മിച്ച് സംരക്ഷിക്കുക.
5.	കോക്കേരിൽ തോടിന് കിഴക്കുഭാഗവും വടക്കുഭാഗവും	do - എല്ലാകുളങ്ങളും കിണറുകളും വർഷത്തിൽ ഒരു പ്രാവശ്യംവെട്ടിച്ച് ശുചിയായ വിധത്തിൽ സംരക്ഷിക്കുക.
6.	കോക്കേരിൽ തോടിനു കിഴക്കു - തെക്കുഭാഗം.	do
7.	കുടപ്പുറം കായലിന് പടിഞ്ഞാറ് (കോലത്തുശേരി കടത്തിനിരുവശവും)	do
8.	കാക്കത്തുരുത്തും, കുടപ്പുറം കടത്തുകടവിന് തെക്കോട്ട് തോട്ടപ്പള്ളി പ്രദേശംവച്ച കായലിന് പടിഞ്ഞാറ്	do
9.	കുടപ്പുറം കായലിന് പടിഞ്ഞാറ് കോന്നാനാട്ട് ഹരിജൻ കോളനി പ്രദേശം.	do
10.	കോക്കേരിൻ കായലിന് പടിഞ്ഞാറും എഴുപുന്ന കുമ്പളങ്ങി കടത്തുകടവിന് കിഴക്കും.	do

ഗ്രൂപ്പടിസ്ഥാനത്തിൽ സഹകരിച്ച് ശുദ്ധജലം ലഭ്യമായ മേഖലകളിൽ നിന്നും അവ ലഭ്യമാകാത്ത പ്രദേശങ്ങളിലേക്ക് പമ്പ് ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കണം (കൃഷി വകുപ്പിൽ നിന്നും ബ്ലോക്കുതലങ്ങളിൽ നിന്നും മോട്ടോറുകളും മറ്റ് സാമ്പത്തിക സഹായവും ലഭ്യമാണ്.)

കുടിവെള്ളക്ഷാമ ബാധിത പ്രദേശങ്ങളും പരിഹാര മാർഗങ്ങളും

ഒന്നാം വാർഡിൽ

മണിയങ്ങനാട്ട് ഹരിജൻ കോളനിപ്രദേശത്തും, കുമ്പളങ്ങികടത്തു കടവിനു തെക്കുവശവും, മുതുകേൽ പ്രദേശവും, വാടക്കകത്ത് പള്ളിക്കു പടിഞ്ഞാറുവശവും ശ്രീ നാരായണപുരം ടാങ്ക് വലുതാക്കി അതിൽ നിന്നും വെള്ളം പമ്പുചെയ്യണം. പേനാടി റോഡിൽ നിന്ന് P.A.C.T. റോഡുവരെ ടവ്വർലൈനു താഴെക്കൂടി പൈപ്പുലൈൻ നീട്ടുകയും അതിന്റെ ശാഖകൾ കിഴക്കോട്ടും പടിഞ്ഞാറോട്ടും നീട്ടി ടാപ്പുകൾ സ്ഥാപിക്കണം

രണ്ടാം വാർഡിൽ

നീണ്ടകര പ്രദേശംമുഴുവൻ ശുദ്ധജല ടാപ്പുകൾ നിർമ്മിച്ച് ശ്രീ നാരായണപുരം ടാങ്കിൽ നിന്നും പമ്പുചെയ്യണം എഴുപുന്ന നീണ്ടകര തോടിന് കിഴക്കുവശം തീരപ്രദേശത്തും തെക്കുവടക്കായി ടാപ്പുകൾ സ്ഥാപിക്കാവുന്നതാണ്.

മൂന്നാം വാർഡിൽ

കോങ്കേരിക്കായലിൽ നിന്നും ഓരുവെള്ളം കയറാൻ സാദ്ധ്യതയുള്ള തോടുകൾക്ക് മുട്ടിടുകയും, ശുദ്ധജല ദൗർലഭ്യം കൂടുതലുള്ള പ്രദേശമായ കണ്ണാട്ടുതോടിന് തെക്കുവശവും, വടക്കുവശവും പൈപ്പുകൾ സ്ഥാപിക്കേണ്ടതാണ്. ശ്രീനാരായണപുരം ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിച്ച് വെള്ളം പമ്പുചെയ്യാവുന്നതാണ്.

നാലാം വാർഡിൽ

ശ്രീനാരായണപുരം ക്ഷേത്രത്തിനു കിഴക്കുവശം മുതൽ തെക്കോട്ട് എഴുപുന്ന റോഡുവരെയുള്ള കായലിനു അരികിലുള്ള തോടുകൾ ഓരുവെള്ളം കയറാതെ സംരക്ഷിക്കുകയും ശ്രീനാരായണപുരം ടാങ്കിൽ നിന്നും ശുദ്ധജലം ടാപ്പുകളിട്ട് നൽകേണ്ടതുമാണ്.

അഞ്ചാം വാർഡിൽ

ശ്രീനാരായണപുരം ഹരിജൻ കോളനിപ്രദേശവും എരമല്ലൂർ പള്ളിക്കു തെക്കുവശവും, കൊരമ്പാത്ത് ലക്ഷം വീട് കോളനിയിലും കരമന വെളിയിലുള്ള ടാങ്കിൽ നിന്നും ഇപ്പോൾ നിലവിലുള്ള ടാപ്പുകൾക്കു പുറമേ പുതിയ ടാപ്പുകൾ കൂടി സ്ഥാപിച്ചാൽ വാർഡിന്റെ എല്ലാ മേഖലകളിലും വെള്ളം എത്തിക്കാൻ സാധിക്കും.

ആറാംവാർഡിൽ

പാലത്തറപ്രദേശം, ചേന്നമന പ്രദേശം കണ്ണന്തറ പ്രദേശം എഴുപുന്ന മാർക്കറ്റിനു സമീപവും പുതുശ്ശേരിക്കോളനിപ്രദേശവും, മാളിയേക്കൽ പ്രദേശത്തും, എരമല്ലൂർ സാംസ്കാരിക നിലയത്തിൽ നിർമ്മിക്കുന്ന ടാങ്കിൽനിന്നും വെള്ളം പമ്പുചെയ്യാവുന്നതാണ്.

ഏഴാം വാർഡിൽ

കോലത്തുശ്ശേരിപ്രദേശം, പുലിത്തുട് ലക്ഷം വീട് കോളനി പ്രദേശം, തോട്ടപ്പള്ളി ക്ഷേത്രത്തിനു കിഴക്കുവശവും പുതിയ ടാപ്പുകൾ സ്ഥാപിച്ച് സാംസ്കാരിക നിലയത്തിൽ നിന്നും വെള്ളം പമ്പുചെയ്യാവുന്നതാണ്.

എട്ടാം വാർഡിൽ

കാക്കത്തുരുത്തിലും എരമല്ലൂരുനിന്നുള്ള വെള്ളം പമ്പുചെയ്യാവുന്നതാണ്. എരമല്ലൂർ കുടപുറം കായലിന്റെ തീരപ്രദേശത്ത് ഇപ്പോൾ K.W.A. യുടെ ടാപ്പുകൾ സ്ഥാപിച്ചിട്ടുള്ളത് അപര്യാപ്തമാണ് കൂടുതൽ ടാപ്പുകൾ സ്ഥാപിച്ച് ശുദ്ധജലം പമ്പുചെയ്യാവുന്നതാണ്.

ഒമ്പതാംവാർഡിൽ

കോന്നനാട്ട് മേഖലമുതൽ തെക്കുംതലപ്രദേശം വരെയും അറയ്ക്കൽ ചാലിനു പടിഞ്ഞാറു വശവും എരമല്ലൂർ നിർദ്ദിഷ്ട ടാങ്കിൽ നിന്നും വെള്ളം പമ്പുചെയ്യാവുന്നതാണ്.

പത്താം വാർഡിൽ

ശ്രീനാരായണപുരം ഹരിജൻ കോളനിപ്രദേശവും, കായലിന്റെ തീരപ്രദേശത്തും പുതിയ ടാപ്പുകളിട്ട് ശ്രീനാരായണപുരത്തുനിന്നും വെള്ളം പമ്പുചെയ്യണം.

ഇടത്തരം പദ്ധതികൾ

കൂടിയ ജല ലഭ്യതയുള്ള പ്രദേശങ്ങളായ കണ്ണുകുളങ്ങര, ശ്രീനാരായണപുരം കണ്ടേക്കാട്ട് മേഖല, നമ്പ്യാത്തുശ്ശേരി മേഖല എന്നിവിടങ്ങളിൽ നിന്നും വെള്ളം പമ്പുചെയ്തു പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് ഒരു വലിയ ടാങ്കു നിർമ്മിച്ച് പഞ്ചായത്തിന്റെ എല്ലാ മേഖലയിലും ശുദ്ധജലം എത്തിക്കാം.

പഞ്ചായത്തുതല പദ്ധതി

കൂടുതൽ കുഴൽ കിണറുകളും റിംഗ് കിണറുകളും സ്ഥാപിക്കുക നിലവിലുള്ള തോടുകളിൽ ഓരുവെള്ളം

കയറാതെ ബണ്ടുകൾ ഇട്ട് സംരക്ഷിക്കുക. മഴവെള്ളം സംഭരണത്തിന് കുളങ്ങളും മറ്റും ഉപയോഗപ്പെടുത്തുക. യാതൊരു കാരണവശാലും പുതിയ ഐസ്പ്ലാൻറു കൾക്ക് പഞ്ചായത്ത് അനുമതി നൽകാതിരിക്കുക. ചേർത്തല താലൂക്കിലെ ജനങ്ങളുടെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നല്കുന്നതിന് ആദ്യപടിയെന്നോണം 1988-ൽ മൂവാറ്റു പുഴയിൽ നിന്നും വെള്ളം കൊണ്ടുവന്ന് ശുദ്ധിചെയ്തു ചേർത്തല താലൂക്ക് മുഴുവൻ വിതരണം ചെയ്യുന്നതി നുള്ള പ്രാഥമികറിപ്പോർട്ട് ചേർത്തല K.W.A.യിൽ നിന്നും തയ്യാറാക്കി സമർപ്പിച്ചിരുന്നു. ടി പദ്ധതിയ്ക്ക് ജപ്പാൻ സാമ്പത്തിക സമൂഹത്തിൻെറ അംഗീകാരം ലഭിച്ചുകഴിഞ്ഞു എന്നുള്ളത് സന്തോഷമുള്ളകാര്യ മാണ്. ടി. പദ്ധതി കാലവിളംബം കൂടാതെ നടത്തണം.

ആരോഗ്യം.

1948ന് മുമ്പു വരെ ഏതാനും പാരമ്പര്യ വൈദ്യ ന്മാരുടെ ചികിത്സാസമ്പ്രദായം നിലനിന്നു അതിനു ശേഷവും തുടന്ന് സ്വകാര്യ ഹോമിയോഡിസ്പെൻ സറികൾ അങ്ങിങ്ങായി ഉണ്ടായിരുന്നു. (1) 1948ൽ ആദ്യമായി എഴുപുന്നയിൽ സർക്കാർമേഖലയിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥാപിച്ചു. എങ്കിലും ഇപ്പോഴും അപ്ഗ്രേഡ് ചെയ്യാതെ അവഗണനയുടെ പട്ടികയിൽ അവശേഷിക്കുന്നു. മിനി ഓപ്പറേഷൻ തിയേറ്ററോടുകൂടിയ ഒരു ആശുപത്രിയായി ഇതിനെ ഉയർത്തുക. വിഷലിപ്തമായ അന്തരീക്ഷം തളം കെട്ടി നില്ക്കുന്ന ഇവിടെ പുത്തൻ തലമുറയെ മാരകരോഗ ങ്ങൾ കാർന്നുതിന്നുന്നു. (2) തുറവൂർ P.H. സെൻററി ൻെറ കീഴിൽ ഒരു മാതൃശിശുസംരക്ഷണ കേന്ദ്രം മാത്രം നാമമാത്രമായി ആരോഗ്യവകുപ്പിൻെറ സ്ഥാപനമായി പ്രവർത്തിച്ചിരുന്നുള്ളു. ഇവയ്ക്കു പുറമേ സ്വകാര്യ മേഖലയിൽ അലോപ്പതി വിഭാഗത്തിൽ നാലു ആശു പത്രികളും 2 ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഹോമിയോ വിഭാഗത്തിൽ 9 ഡിസ്പെൻസറികളും ആയുർവേദവിഭാഗത്തിൽ 7 ഡിസ്പെൻസറികളും പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ 2 പരമ്പരാഗത വൈദ്യന്മാരും ആരോഗ്യരംഗത്ത് പ്രവർ ത്തിക്കുന്നു.

ഇത്രയധികം സ്ഥാപനങ്ങൾ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും സാധാരണക്കാരുടെ ആരോഗ്യകേന്ദ്രങ്ങളായ സർക്കാർ മേഖലയിലുള്ള ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും പ്രവർത്തനം അപര്യാപ്തമാണ്. 1995-96 വർഷത്തിൽ 9814 ജലജന്യരോഗങ്ങൾ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പട്ടിട്ടുണ്ട്. 1500 വായു ജന്യരോഗങ്ങളും, 700-റോളം പ്രാണി ജന്യരോഗങ്ങളും 45000-ഓളം മറ്റു രോഗങ്ങളും റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ട്. 1995-96ൽ കുഷ്ഠരോഗം ബാധിച്ച് ചികിത്സയിൽ കഴിയുന്നവർ 6-ആണ്.

പഞ്ചായത്തിലെ ജനസംഖ്യ 28244-ഉം 91-96 വരെ രജിസ്റ്റർ ചെയ്യപ്പെട്ടമരണം 535-ഉം ആണ്. ശരാശരി കുടുംബവലിപ്പം 5 ആണ് ഗവൺമെൻറ് മേഖലയിൽ ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുകയും, കാക്കത്തുരുത്ത് ഗവൺമെൻറ് ആയുർവ്വേദ ഡിസ് പെൻസറി ആശുപത്രിയായി ഉയർത്തുകയും ഒപ്പം പഞ്ചായത്തിലെ ഇതരമേഖലയിലുള്ള ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്ന രീതിയിൽ ഒരു ഡിസ്പെൻ സറി കൂടി സ്ഥാപിക്കുകയും വേണം. ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാന ത്തിൽ പഞ്ചായത്തിൽ സമഗ്ര ആരോഗ്യപരിപാടി നടപ്പിലാക്കുക വഴി രോഗരഹിതവും ആരോഗ്യ പൂർണ്ണവും ആയ ഒരു മാതൃകാപഞ്ചായത്താക്കുക യാണ് നമ്മുടെ ലക്ഷ്യം.

എഴുപുന്ന പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതു സ്ഥാപനങ്ങൾ താഴെപ്പറയുന്നവയാണ്.

പ്രാഥമികാരോഗ്യകേന്ദ്രം -1

ആയുർവേദ ഡിസ്പെൻസറി. -1

I.P.P. ഉപകേന്ദ്രങ്ങൾ-5

E.S.I.ഡിസ്പൻസറി-1

ഇവയിലെല്ലാംകൂടി ജീവനക്കാർ 24 പേരാണുള്ളത്.

പട്ടിക (ആരോഗ്യം) 1

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1.	മെയിൻ സെൻറർ എഴുപുന്ന (ആശുപത്രി)	2		15
2.	എരമല്ലൂർ സബ്സെൻറർ	9		1
3	ചേന്നനാട സബ്സെൻറർ	6		
4.	എഴുപുന്ന സബ്സെൻറർ	5		
5.	S.N. പുരം സബ്സെൻറർ	10		
6.	ആയുർവേദ ഡിസ്പെൻസറി	8		3
7.	E.S.I. ഡിസ്പൻസറി	7		5

എഴുപുന്ന ഗവണ്മെൻറ് ആശുപത്രിയിൽ (P.H.C.) ഇപ്പോൾ 6 ബഡ്ഡുകൾ മാത്രമാണ് ഉള്ളത്. മൈനർ ഓപ്പറേഷൻ തീയേറ്ററും ലേബർ റൂമും ഉൾപ്പെടെ ആശുപത്രിയിൽ പണിപൂർത്തിയാക്കി 25 കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തുകയും രണ്ടു മുഴുവൻസമയ ഡോക്ടർമാരും അനുബന്ധജോലിക്കാരെയും നിയമിക്കേണ്ടതും ഡോക്ടർമാർക്കും നേഴ്സ്മാർക്കും താമസിക്കുവാനുള്ള ക്വാർട്ടേഴ്സും ആശുപത്രി കോമ്പൗണ്ടിൽത്തന്നെ സ്ഥാപിക്കേണ്ടതാണ്. സബ്സെൻററുകളിൽ എല്ലായിടത്തും പൂർണ്ണസമയവും ജീവനക്കാരെ ലഭ്യമാക്കണം. ഇപ്പോൾ സബ്സെൻററുകളില്ലാത്ത മറ്റു വാർഡുകളിൽ സബ് സെൻററുകളുടെ പ്രവർത്തനം ആരംഭിക്കേണ്ടതാണ്. എഴുപുന്നയിൽ ഒരു ആയുർവേദ ആശുപത്രി തുറക്കണം. സബ്സെൻററുകളൽ ഇപ്പോൾ എല്ലാ മാസവും OPV. D.P.T., T.T., Measles Vaccine, Vit: A; IRON Tablets എന്നിവ നൽകി വരുന്നു. നിലവിൽ എരമല്ലൂർ സബ് സെൻറർ മാത്രമാണ് സർക്കാർ കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്, മറ്റ് സബ്സെൻററുകൾക്ക് വേണ്ടുന്ന കെട്ടിടവും സ്റ്റാഫും ഉണ്ടാകണം. എല്ലാസബ് സെൻററുകളിലും മാസത്തിൽ ഒരിക്കൽ ക്യാൻസർ പരിശോധന ക്യാമ്പുകൾ നടത്തേണ്ടതാണ്.

ആരോഗ്യസംരക്ഷണകാര്യത്തിൽ ബോധവൽക്കരണം അതിപ്രധാനമാണ്. ഫീൽഡ്വർക്കർമാരുടെ നിഷ്ക്രിയത ഈ രംഗത്തെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. കൂടുതൽ പൊതു ആരോഗ്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖതയും എടുത്തു പറയേണ്ടതാണ്. അവയെ യഥാപൂർവ്വം ബന്ധപ്പെടുത്തി ആരോഗ്യരംഗത്ത് ഒരു പുതിയ കാഴ്ചപ്പാടുണ്ടാക്കേണ്ടിയിരിക്കുന്നു.

നിലവിലുള്ള ഡോക്ടർമാരുടെ എണ്ണത്തിനനുസൃതമായി യോഗ്യതയുള്ള പാരാമെഡിക്കൽ ജീവനക്കാരെ ലഭ്യമല്ല. ഡോക്ടർമാരുടെ കഴിവ് പൂർണ്ണമായി വിനിയോഗിക്കുന്നതിന് ഇത് തടസമാകുന്നു. അതിനാൽ പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്നതിനുള്ള ഒരു സ്ഥാപനം പഞ്ചായത്തിൽ ആരംഭിക്കുന്നത് അഭികാമ്യമായിരിക്കും.

പ്രകൃതി ചികിത്സാരീതി ഈ പഞ്ചായത്തിൽ എത്തിനോക്കിയിട്ടില്ല. അതിൻെറ ഗുണമേന്മയ്ക്കായി ഈ പഞ്ചായത്തതൃത്തിക്കുള്ളിൽ സർക്കാർ ഉടമയിൽ ഒരു "പ്രകൃതി" ചികിസ്താകേന്ദ്രം ആരംഭിക്കണം.

പരിസരശുചിത്വം.

കക്കൂസ്

പൊതുജനാരോഗ്യത്തിൽ കുടിവെള്ളം കഴിഞ്ഞാൽ ശുചിത്വമാണ് പ്രധാനം. ഇതിൽ പരിസര ശുചിത്വത്തിന് വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ 1800 പേർക്ക് നിലവിൽ കക്കൂസുകളില്ല. ഇതിനാൽ വിരശല്യം, വയറിളക്കരോഗങ്ങൾ, ചൊറി, ചിരങ്ങ് മുതലായവ കൂടുതൽ കണ്ടു വരുന്നു.

കായലുകളിലേക്കും, തോടുകളിലേക്കും കക്കൂസുകൾ കെട്ടിയുണ്ടാക്കി തീരപ്രദേശത്തെ വെള്ളം മലിനമാകത്തക്കവിധത്തിൽ മലമൂത്രവിസർജനം നടത്തി ജലജന്യ രോഗങ്ങൾ കൂടുതൽ ഉണ്ടാകാനുള്ള സാദ്ധ്യത ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കൂടുതലാണ്. പഞ്ചായത്തിൽ പുതുതായി നിർമ്മിക്കുന്ന എല്ലാ കക്കൂസുകൾക്കും സെപ്ടിക് ടാങ്കുകൾ നിർബ്ബന്ധിതമാക്കാൻ നിയമം കൊണ്ടുവരേണ്ടതാണ്.

പരിസരമലിനീകരണം

പഞ്ചായത്തിലെ വ്യവസായവൽക്കരണത്തിൻെറ ആധിക്യത്തിൽ മറ്റൊരു പഞ്ചായത്തിലുമില്ലാത്ത വിധത്തിൽ പരിസര മലിനീകരണത്തെക്കുറിച്ചുള്ള പരാതികൾ പഞ്ചായത്തിലുണ്ട്. ചെമ്മീൻ ഷെഡ്ഡുകളിൽ നിന്നും പുറന്തള്ളുന്ന മാലിന്യങ്ങളും ചെമ്മീൻ തലയുൾപ്പെടെയുള്ള അവശിഷ്ടങ്ങളും സംസ്കരിക്കാൻ ആൾപാർപില്ലാത്ത പ്രത്യേക സ്ഥലങ്ങൾ തിരഞ്ഞെടുക്കണം. ഇപ്പോൾ വീടുകളോടു ചേർന്നുപൊതുനിരത്തുകളുടെ വശങ്ങളിലുമായി ചെമ്മീൻ തല ഉണക്കുന്ന നിരവധിസ്ഥലങ്ങൾ ഈ പഞ്ചായത്തതൃത്തിയിലുണ്ട്. കോഴി, താറാവ് കാക്ക, മുതലായവ ഈ അഴുക്കുകളും കൊത്തിവലിച്ച് ചിതറിക്കുന്നതു മൂലം, കിണറുകളും, കുളങ്ങളും ഉപയോഗയോഗ്യമല്ലാതായിത്തീരുന്നു. വീടുകളുടെയും, പൊതുനിരത്തുകളുടെയും സമീപം മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് മൂലം, ഈച്ചയും, കൊതുകും, പെരുകുന്നതിന് ഇത് സഹായിക്കുന്നു ഇതു മൂലം മസ്തിഷ്ക്കജ്വരം, കോളറ മുതലായവ പടർന്നു പിടിക്കുവാൻ ഇടയാകുന്ന സാഹചര്യം ഉണ്ടാകുന്നു. ഏതാനും സ്വകാര്യവ്യക്തികളുടെ ലാഭത്തിനു വേണ്ടി ചെയ്യുന്ന ഈ പ്രവൃത്തി ഹെൽത്തു ഡിപ്പാർട്ടുമെൻറും, പഞ്ചായത്ത് അധികൃതരും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ പ്രധാനപ്പെട്ട എല്ലാ പൊതുവഴികളിലും കാനകൾ നിർമ്മിച്ച് കെട്ടിനില്ക്കുന്ന വെള്ളം ഒഴുക്കി വിടേണ്ടത് അത്യന്താപേക്ഷിതമാണ്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും പരിഹാരങ്ങളും താഴെ പറയുന്ന പ്രകാരം ക്രമപ്പെത്താവുന്നതാണ്.

എഴുപുന്ന പഞ്ചായത്തിലെ 7-ാം വാർഡിൽപ്പെട്ട റൂബിയാൻ ഹാച്ചറിയിൽ നിന്നും വരുന്ന മാലിന്യങ്ങൾ ആപ്രദേശത്തെ ജനങ്ങളുടെ സൈരജീവിതത്തിന് ഭീഷണിയായിതീർന്നിരിക്കുന്നു. ഈ മാലിന്യങ്ങൾ ഫാക്ടറിക്കുള്ളിൽ തന്നെ സംസ്കരിക്കുകയോ ടാങ്കുകളിൽ കൊണ്ടുപോയി വളം നിർമ്മാണശാലകളിൽ ഉപയോഗിക്കുകയോ ചെയ്യാവുന്നതാണ്.

പഞ്ചായത്തിലെ പൊതുമാർക്കറ്റിൽ ഇറച്ചിവെട്ടും വില്പനയും നിർത്തലാക്കുകയും അവയ്ക്കായി സ്ലോട്ടർ ഷെഡുകൾ പഞ്ചായത്തു നിർമ്മിച്ച് നൽകുകയും വേണം. മത്സ്യമാർക്കറ്റിൽ വരുന്ന മത്സ്യം വേണ്ടുന്ന വിധത്തിൽ ഐസ് ചെയ്യുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതാണ്. ഐസ് പ്ളാൻറുകളുടെ ക്രമാതീതമായ പ്രവർത്തനം മൂലം കുടി വെള്ളക്ഷാമം രൂക്ഷമാകുന്നതോടൊപ്പം മലിനജലം പ്ളാൻറുകളിൽ നിന്നും ഒഴുക്കിവിടുന്നതുമൂലം സമീപ പ്രദേശങ്ങളിലെ കിണറുകളും കുളങ്ങളും മലിനമാവുന്നു. ഇവയ്ക്കും പ്രത്യേകം സെപ്റ്റിക്ടാങ്കുകൾ ഉണ്ടാക്കേണ്ടതാണ്.

പഞ്ചായത്താതൃതിയിൽ പ്രവർത്തിക്കുന്ന സോഡാ ഫാക്ടറികളിലും മറ്റും വാട്ടർ ഫിൽറ്റർ നിർബന്ധിതമാക്കേണ്ടതുണ്ട്. ഹോട്ടലുകളിലും മറ്റും വിതരണം ചെയ്യുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതും അവ ആരോഗ്യനിയന്ത്രണനിയമങ്ങൾക്ക് വിധേയമാക്കേണ്ടതും അതു പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതുമാണ്. അവിടങ്ങളിൽ ജോലിനോക്കുന്നവർക്ക് ഹെൽത്ത് കാർഡും ശുചിത്വമുള്ള വസ്ത്രവും നിർബന്ധിതമാക്കേണ്ടതാണ്.

വർഷകാലത്തും വരൾച്ചകാലത്തും പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നത് സാധാരണമാണ്. ഇതിനെതിരേ കിണറുകളിലെ ക്ളോറിനേഷൻ കാര്യമായി നടപ്പിലാക്കേണ്ടതാണ്. ഈച്ചനശീകരണം, കൊതുകുനശീകരണം എന്നിവ കാര്യക്ഷമാക്കണം

ചപ്പുചവറുകൾ, കച്ചവടസ്ഥാപനങ്ങളുടെ സമീപ പ്രദേശങ്ങളിൽ കൂടിക്കിടക്കുന്നതുമൂലം ഈച്ചകളും കൊതുകളും പെരുകുന്നു. ഒരു ജോടി ഈച്ച ഒരു വേനൽക്കാലം കൊണ്ട് മുന്നൂറ്റിഇരുപത്തിയഞ്ചു ലക്ഷത്തി തൊണ്ണൂറ്റി രണ്ടായിരത്തി മുന്നൂറ്റി ഇരുപത് ഈച്ചകളെ ഉൽപാദിപ്പിക്കുന്നു എന്നതാണ് സാങ്കേതിക വിദഗ്ദരുടെ കണക്ക്. അതിനാൽ ഈച്ചകളേയും കൊതുകളേയും പെറ്റുപെരുകുവാൻ സഹായിക്കുന്ന ചപ്പുചവറുകൾ കൂട്ടംകൂടി കിടക്കാൻ അനുവദിക്കാതെ നശിപ്പിക്കുകയോ കുഴിവെട്ടി കമ്പോസ്റ്റ് വളം ആക്കുകയോ ചെയ്യുക

വീടുകളുടെ സമീപപ്രദേശങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നത് തടയുകയും കൂത്താടികളെ നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. പഞ്ചായത്തിൽ പൊതുശ്മശാനം ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിലെ ജനങ്ങളുടെ കായീകപരിശീലനത്തിനും യോഗപരിശീലനത്തിനും ഉതകുന്ന ഒരു സ്ഥാപനം പഞ്ചായത്തിന്റെ അധീനതയിൽ സ്ഥാപിച്ച് പഞ്ചായത്തിലെ ജനതയുടെ കായീകവും മാനസീകവുമായ ആരോഗ്യം മെച്ചപ്പെടുത്താവുന്നതാണ്. ചികിത്സാരംഗത്ത് വളരെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ്. ചികിത്സക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ അറിയുന്നത് രോഗനിർണയത്തിനും ചികിത്സക്കും വളരെ സഹായകരമായിരിക്കും. ഇതിൽ രക്തഗ്രൂപ്പ് മുതലായ വിവരങ്ങൾ രേഖപ്പെടുത്തുകയും ഇതിന്റെ പ്രാധാന്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

ആയുർവേദ ചികിത്സാരംഗത്ത് രൂക്ഷമായി വരുന്ന ഔഷധ സസ്യങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി വീടുകളിലും തരിശുഭൂമികളിലും ഔഷധസസ്യങ്ങൾ നട്ടുപിടിപ്പിച്ച് ഔഷധ സസ്യസൊസൈറ്റികൾ രൂപീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാൻ സ്ക്കൂൾ തലങ്ങളിലുള്ള കുട്ടികൾ ഉൾപ്പെടെയുള്ളവരെ, പുകവലി, വെറ്റില മുറുക്കൽ, മദ്യപാനം, പൊടിവലി എന്നിവയ് ക്കെതിരെ പ്രചരണ ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

പത്താംവാർഡിലെ പന്നിവളർത്തൽ കേന്ദ്രത്തിൽ നിന്നു വരുന്ന മാലിന്യങ്ങളും ചുറ്റുപാടുമുള്ള മനുഷ്യ ജീവിതത്തെ താറുമാറാക്കുകയും, തീരാരോഗത്തിന് അടിമയാക്കുകയും ചെയ്യുന്നത് ശ്രദ്ധിക്കാൻ ആരോഗ്യവകുപ്പിൽ അധികാരി കളില്ലാതായിരിക്കുന്നു.

രക്തദാനത്തെക്കുറിച്ച് ജനങ്ങളുടെ നിലവിലുള്ള ഭയാശങ്കകളും ദുരീകരിക്കുക. നേത്രദാനത്തിന്റെ മഹത്വം ബോദ്ധ്യപ്പെടുത്തുകവഴി ദാതാക്കളുടെ രജിസ്ട്രേഷൻ വ്യാപകമാക്കുകയും ജില്ലാനേത്രബാങ്കുമായി ബന്ധപ്പെട്ട് പ്രവർത്തനം കാര്യക്ഷമമാക്കുക എന്നിവ അടിയന്തിര പ്രാധാന്യം അർഹിക്കുന്നവയാണ്.

നിലവിലുള്ള സാഹചര്യങ്ങളും പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തേയും, സ്ഥാപനങ്ങളേയും സന്നദ്ധ സംഘടനകളേയും കൂട്ടിയിണക്കിയാൽ ശുചിത്വ ഗ്രാമം-ആരോഗ്യ ഗ്രാമം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കിമാറ്റുവാൻ നമ്മൾക്കു കഴിയും. ഇതിനാകട്ടെ നമ്മളുടെ ശ്രമവും മുഴുവൻ സമയവും.

പഞ്ചായത്തിലെ സർക്കാർ തല ആരോഗ്യരംഗത്തെക്കുറിച്ചുള്ള വാർഡുതിരിച്ചുള്ള സ്ഥിതിവിവരങ്ങൾ

വാർഡ്	സ്ഥാപനങ്ങൾ	കാണുന്ന പ്രധാന പ്പെട്ട രോഗങ്ങൾ	പ്രവർത്തനത്തെക്കുറിച്ച് ള്ള വിലയിരുത്തൽ	പ്രവർത്തനം മെച്ചപ്പെട്ട ത്താനുള്ള നിർദ്ദേശങ്ങൾ
1.	ഇല്ല	-	-	-
2.	P.H. സെൻറർ (ആശുപത്രി	വയറിളക്കം ജലജന്യ രോഗങ്ങൾ. A.R.I മൂണ്ടു നീർ, മലേറിയ അഞ്ചാപനി	ഡോക്ടർന്മാരുടെ അപര്യാപ്ത- രോഗികളെ കിടത്തി ചികിത്സിക്കുവാൻ കഴിയുന്നില്ല. വേണ്ടത്ര സ്റ്റാഫില്ല, കെട്ടിട സ്വകര്യം പോര	രണ്ടു ഡോക്ടർമാരുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കണം. മതിയായ സ്റ്റാഫിലെ നിയമിക്കണം. പുതിയ വാർഡും മറ്റു സൗകര്യവും ഉണ്ടാകണം, ബോധവൽകരണവും സെമിനാറും സംഘടിപ്പിക്കണം.
5.	എഴുപുന്ന സബ് സെൻറർ	ഗർഭണികളുടെ പരിശോധനയും കുട്ടികൾക്കുള്ള പ്രധിരോധ കുത്തിവെയ്പും	കെട്ടിടമില്ല അംഗവാടിയിൽ പ്രവർത്തിക്കുന്നു പ്രത്യേകം സ്റ്റാഫില്ല	സ്വന്തമായകെട്ടിടം ഉണ്ടാവണം. ഒരു മുഴുവൻ സമയ A.N.M. നെറ സേവനം അനിവാര്യമാണ്
6.	ചേന്നമനസബ് സൻെറർ	ഗർഭണികളുടെ പരിശോധനയും കുട്ടികൾക്കുള്ള പ്രധിരോധ കുത്തിവെയ്പും	കെട്ടിടമില്ല അംഗവാടിയിൽ പ്രവർത്തിക്കുന്നു പ്രത്യേകം സ്റ്റാഫില്ല	സ്വന്തമായകെട്ടിടം ഉണ്ടാവണം. ഒരു മുഴുവൻ സമയ A.N.M. നെറ സേവനം അനിവാര്യമാണ്
7.	E.S.I. ഡിസ്പെൻസറി	ശ്വാസകോശരോഗങ്ങൾ, ചൊറി, ചിരങ്ങ് മുറിവുകൾ, ചതവുകൾ	സ്വന്തമായി കെട്ടിടമില്ല, ആവശ്യമായ സ്റ്റാഫില്ല	സ്വന്തമായി കെട്ടിടം ഉണ്ടാവണം. ആവശ്യമായ ജീവനക്കാരെ നിയമിക്കണം. കൂടുതൽ തെഴിലാളികുടുംബങ്ങൾക്ക്പ്രയോജനപ്പെടുത്തണം.
8.	ആയുർവേദ ഡിസ്പെൻസറി	വാതസംബന്ധമായ രോഗം, തൃക്രോഗം, ശ്വാസകോശ രോഗം.	സ്വന്തമായി കെട്ടിടമില്ല ജീവനക്കാരുടെ അപര്യാപ്തത രോഗികളുടെ കുറവുമൂലം മരുന്നു കെട്ടികിടക്കുന്നു	ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ഒരു പ്രവർത്തന കൗണ്ടർ എരമല്ലൂർ തുടങ്ങുകയും വേണം.
9.	എറമല്ലൂർ സബ് സെൻറർ	ഗർഭണികളുടെപ്രതിരോധ കുത്തിവയ്പുകൾ	ഡോക്ടർമാരുടെ സന്ദർശനം യഥാസമയം നടക്കുന്നില്ല. മുഴുവൻസമയ പ്രവർത്തനം ഉണ്ടാകുന്നില്ല	ആശുപത്രിയായി ഉയർത്തുകയും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുകയും വേണം, കെട്ടിട സൗകര്യം ഉണ്ടാകണം.
10.	ശ്രീനരായണപുരം സബ് സെൻറർ	ഗർഭണികളുടെപ്രതിരോധ കുത്തിവയ്പുകൾ	സ്വന്തമായി കെട്ടിടമില്ല ആവശ്യമായ സ്ഥിരം സ്റ്റാഫില്ല	സ്വന്തമായി കെട്ടിടം ഉണ്ടാകുകയും മുഴുവൻ സമയ സ്റ്റാഫിനെ നിയമിക്കണം.

പഞ്ചായത്തിലെ സ്വകാര്യ ആരോഗ്യസ്ഥാപനങ്ങളുടെ സ്ഥിതിവിവരം (വാർഡു തിരിച്ച്)

വാർഡ്	അലോപതി	ആയുർവേദം	ഹോമിയോ	കാണപ്പെടുന്ന പ്രധാന രോഗങ്ങൾ
1				
2			ഹോമിയോ	ARI, പനി, ഛർദി അതിസാരം. ഡിസൻട്രറി, തെലിപ്പുറമേയുള്ള അസുഖം.
3				
4	1		1	ARI. ഛർദി, അതിസാരം. വാതസംബന്ധമായ അസുഖങ്ങൾ ഡിസൻട്രറി, തെലിപ്പുറമേയുള്ള അസുഖം.
5	1	2	3	ARI. ഛർദി, അതിസാരം. വാതസംബന്ധമായ അസുഖങ്ങൾ ഡിസൻട്രറി, തെലിപ്പുറമേയുള്ള അസുഖം.
6	1	2	-	ARI. ഛർദി, അതിസാരം. വാതസംബന്ധമായ അസുഖങ്ങൾ ഡിസൻട്രറി, തെലിപ്പുറമേയുള്ള അസുഖം.
7	-	-	1	ARI. ഛർദി, അതിസാരം. വാതസംബന്ധമായ അസുഖങ്ങൾ ഡിസൻട്രറി, തെലിപ്പുറമേയുള്ള അസുഖം.
8	1	-	2	ARI. ഛർദി, അതിസാരം. വാതസംബന്ധമായ അസുഖങ്ങൾ ഡിസൻട്രറി, തെലിപ്പുറമേയുള്ള അസുഖം.
9	1	-	-	ദന്തൽ ക്ലിനിക്ക് 1എണ്ണം.
10		2	2	ദന്തൽ ക്ലിനിക്ക് 1എണ്ണം.

ആരോഗ്യവകുപ്പിലൂടെ നടപ്പാക്കികൊണ്ടിരിക്കുന്ന പ്രധാന ദേശീയ പരിപാടികളിൽ ഒന്നായ ആരോഗ്യ കുടുംബക്ഷേമ പദ്ധതി-ഇതിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി ഈ പഞ്ചായത്തിൽ 5 Jr. P.H. Nurse മാരുടെ നേതൃത്വത്തിൽ എഴുപുന്ന പ്രാഥമികാ രോഗ്യകേന്ദ്രം, കുമാരപുരം SNDP-കെട്ടിടം , എരമല്ലൂർ സബ്സെൻറർ ചേന്നമന എന്നിവിടങ്ങളിലും, അംഗൻ വാടികളിലുമായി നടത്തുന്നു. അമ്മമാരുടേയും കുട്ടികളുടേയും ആരോഗ്യസംരക്ഷണത്തിനും ബോധ വൽക്കരണ ക്ളാസ്സുകളും ഗർഭിണികൾക്കുള്ള കുത്തിവയ്പുകളും നടത്തിപ്പോരുന്നു. ഇതിന് P.H.C.യിലെ ഹെൽത്ത് ഇൻസ്പെക്ടറും, ലേഡി ഹെൽത്ത് ഇൻസ്പെക്ടറും മേൽനോട്ടം വഹിക്കുന്നു. ദേശീയ മലേറിയ നിർമാർജ്ജന പരിപാടി സാംക്രമിക രോഗം തടയുന്നതിനായി കുളങ്ങളിലും കിണറുകളിലും ബ്ളീച്ചിംഗ് പൗഡർ ഇട്ട് ശുദ്ധീകരിക്കുകയും മറ്റു സ്ഥലങ്ങളിൽ DDT യും കൊതുക് നിവാരണ മരുന്നും തളിക്കുകയും ചെയ്യുക. ദേശീയ പോളിയോ നിർമ്മാർ ജനം തീരദേശ ആരോഗ്യപദ്ധതി പ്രകാരം തെരഞ്ഞെടുത്ത ഈ P.H.C. യിൽ അർഹമായ പദ്ധതികളെല്ലാം ത്വരിതഗതിയിൽ നടത്തേണ്ടതുണ്ട്.

ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും തൊക്കുരോഗം സാധാരണമാണ്. ലെപ്രസി ഹെൽത്ത് വിസിറ്റർ ഇത്തരം രോഗങ്ങളെ കണ്ടെത്തി ചികിത്സ നടത്തുന്നുണ്ട്. കുഷ്ഠരോഗം ഈ പഞ്ചായത്തിന്റെ ചിലയിടങ്ങളിൽ കണ്ടുവരുന്നു. പലരോഗികളും ഇതിനകം സുഖം പ്രാപിച്ചിട്ടുണ്ട്. എല്ലാമാസവും ഒഴിവു ദിവസമാണെങ്കിൽ കൂടി 16-ാം തീയതി രോഗികളെ പരിശോധിക്കുന്നതിനും മരുന്നു വിതരണം ചെയ്യുന്നതിനുമായി ജില്ലയിലെ ലെപ്രസി ഓഫീസറുടെ നേതൃത്വത്തിലുള്ള ടീം രാവിലെ 10 മണിക്ക് ഇവിടെ എത്താറുണ്ട്. ആശുപത്രി വികസനമാണ് ജനങ്ങളുടേയും സേവനമനസ്കരായ ജീവനക്കാരുടേയും മുഖ്യ ആവശ്യം.

എഴുപുന്ന P.H.C. പരിധിയിലുള്ള കുഷ്ഠരോഗികളുടെ വിവരം.

പീരീഡ്	ലെപ്രസികേസ്സ്
1991-92	3
1992-93	5
1993-94	5
1994-95	5
1995-96	6

" സ്വന്തം ശ്രമം കൊണ്ട് തങ്ങളുടെ സ്ഥിതിക്ക്മാറ്റം വരുത്താനാകുമെന്ന് എപ്പോഴാ
ജനസാമാന്യത്തിന് തോന്നുന്നുവോ,അപ്പോഴാ മാത്രമാണ്
ഭാരതം പൂർണ്ണ സ്വതന്ത്രമാകുന്നത്."
-മഹാത്മാഗാന്ധി.

5.6

ഗതാഗതം - ഊർജ്ജം - മാർക്കറ്റ്

ì ഗതാഗതം

നാടിന്റെ സർവതോമുഖമായ വികസനത്തിനും ജീവിതനിലവാരം ഉയർത്തുന്നതിനും ഗതാഗതസൗകര്യങ്ങൾ നിർണ്ണായക പങ്കുവഹിക്കുന്നു. നമുക്ക് ആശ്രയിക്കാവുന്നത് റോഡ് റെയിൽ ജലഗതാഗതമാർഗങ്ങളാണ്.

1. റോഡ് ഗതാഗതം

A. സമീപകാലത്ത് വന്നിട്ടുള്ള മാറ്റങ്ങൾ, ഇന്നത്തെ നില:-

1) പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തുകൂടി തെക്കുവടക്കു കടന്നുപോയിരുന്ന സ്റ്റേറ്റ് ഹൈവേ 1970 നു ശേഷം നാഷണൽ ഹൈവേ 47 ൽ പ്പെടുത്തി രണ്ടു വരിപ്പാതയാക്കി വികസിപ്പിച്ചു. ഈ ഭാഗത്തെ N. H. 47 നാലു വരിപ്പാതയാക്കി വികസിപ്പിക്കുന്ന ജോലി കൂടി ത്വരിതപ്പെട്ടുവരുന്നു.

2) N.H. 47 ന് സമാന്തരമായി എഴുപുന്നയിലൂടെ തെക്കുവടക്കു കടന്നു പോകുന്ന പ്രധാന റോഡായ തുറവൂർ കുമ്പളങ്ങിഫെറി P.W.D. റോഡ്.

3) എരമല്ലൂർ കവലയിൽ നിന്നും എഴുപുന്നയിലേക്ക് 1.4 കി. മി നീളമുള്ള P.W.D. റോഡ് മറ്റൊരു പ്രധാന റോഡാണ്. 150 ട്രിപ്പ് ബസ് സർവ്വീസുകളും അതിലേറെ മറ്റു വാഹനങ്ങളും ഷിപ്പിങ്ങിനുള്ള കണ്ടെയിനർ കയറ്റിയ വലിയ ലോറികളും ഉൾപ്പെടെ ഇതിലൂടെ കടന്നുപോകുന്നു.

4. എഴുപുന്ന നീണ്ടകര തോടിന് ഒരു കോൺക്രീറ്റു പാലം പണിതുവരുന്നു.

5. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ 2700 മീറ്റർ നാഷണൽ ഹൈവേയും 6200 മീറ്റർ P.W.D. റോഡുമാണ് ഉള്ളത്. ഇതിലൂടെ മാത്രമേ ബസ് സർവ്വീസുകൾ ഉള്ളൂ. ഒരു ഹെക്ടർ വിസ്തീർണ്ണത്തിന് ശരാശരി 5.60 മീറ്റർ.

6. N.H. വകയും P.W.D. വകയും ഉൾപ്പെടെ പഞ്ചായത്തിൽ ആകെ നിലവിലുള്ള റോഡുകളുടെ നീളം 33769 മീറ്റർ. ഒരു ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണത്തിന് ശരാശരി 23.98 മീറ്റർ. മൊത്തം ജനസംഖ്യയും റോഡിന്റെ നീളവും നോക്കുമ്പോൾ ഒരാൾക്ക് 0.87 മീറ്റർ റോഡാണുള്ളത്.

7. നിലവിലുള്ള റോഡുകളുടെ സ്വഭാവം, നീളം, ഉടമസ്ഥത, യാത്രാസൗകര്യങ്ങൾ എന്നിവ അനുബന്ധം A പട്ടികയിൽ ചേർന്നിരിക്കുന്നു.

8. പഞ്ചായത്തിൽ ആകെ 7 കടത്തുകൾ ഉണ്ട്. വിശദവിവരങ്ങൾ വരുമാനം, ചെലവ്, നടത്തിപ്പ് എന്നിവ അനുബന്ധം B പട്ടികയിൽ കാണിച്ചിരിക്കുന്നു.

9. എരമല്ലൂരിലും കുമ്പളങ്ങിഫെറിയിലും ഓരോ ബസ് ടെർമിനലുകൾ ഉണ്ട്. ഇവിടെ ബസ്സ്റ്റാന്റോ വെയിറ്റിങ്ങ് ഷെഡ്ഡോ ഇല്ല.

10. പഞ്ചായത്തു വക ടാക്സി ഓട്ടോ റിക്ഷാ സ്റ്റാന്റുകൾ ഇല്ല. എങ്കിലും എരമല്ലൂരിൽ ടാക്സി കാറുകളും ലോറികളും ഓട്ടോ റിക്ഷകളും പാർക്കു ചെയ്യുന്നു. കവലയിലും ഓട്ടോ പാർക്കു ചെയ്യുന്നു.

11. കാക്കത്തുരുത്തിലും,നീണ്ടകര, നരിയാണ്ടി പ്രദേശത്തും വാഹനഗതാഗത സൗകര്യമില്ല. ജലാശയങ്ങളാൽ ചുറ്റപ്പെട്ട് ഒറ്റപ്പെട്ടു കിടക്കുന്നിടമാണിത്.

റോഡ് ഗതാഗത മേഖലയിലെ വികസിന പ്രശ്നങ്ങൾ:-

1. റോഡുകളുടെ അപര്യാപ്തതയാണ് പ്രധാന പ്രശ്നമായി ഗ്രാമസഭകളിൽ ഉയർന്നതും മുകളിൽ 5, 6, 7 എന്നീ ഖണ്ഡികകളിലായി വിശദീകരിച്ചിരിക്കുന്ന യാത്രാസൗകര്യം മെച്ചപ്പെടുത്തുന്നതിന് പുതിയ റോഡുകളും പാലങ്ങളും പണിയുക, നിലവിലുള്ള റോഡുകൾ ടാർ ചെയ്യുക, കൂടുതൽ ബസ്സ് സർവ്വീസുകൾ ആരംഭിക്കുക .

2. പുതിയ റോഡ് നിർമ്മിക്കുന്നതിന് പഞ്ചായത്തു ഫണ്ടിന്റെ അപര്യാപ്തതയും വസ്തു ഉടമകളിൽ നിന്നും സമ്മതപത്രം കിട്ടാനുള്ള പ്രയാസവും വിലങ്ങുതടിയാണ് 10-ാം വാർഡിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ വക പുതുക്കുളങ്ങര വെളിയുടെ വടക്കരുകിലൂടെ കിഴക്കോട്ട് റോഡ്

നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ നിന്നും ദേവസ്വം ബോർഡിന് കത്തെഴുതിയെങ്കിലും പരിഗണിച്ചില്ല. അതുകൊണ്ട് റോഡ് നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല.

3. എരമല്ലൂർ എഴുപുന്ന P.W.D. റോഡിന്റെ ഇരുവശങ്ങളിലും വൻവ്യവസായശാലകൾ ഉണ്ട്. ഈ റോഡിന് വേണ്ടത്ര വീതിയില്ല. ഓട ഇല്ലാത്തതിനാൽ വർഷകാലത്ത് പൊട്ടിപൊളിഞ്ഞു കുണ്ടും കുഴിയുമായി ഗതാഗതം തടസപ്പെടുന്നു. ഈ റോഡിലുള്ള റെയിൽവേ ഗേറ്റ് പലപ്പോഴും ആടക്കേണ്ടിവരുന്നതുകൊണ്ടും റയിൽവേ ഓവർ ബ്രിഡ്ജ് ഇല്ലാത്തതുകൊണ്ടും വാഹനങ്ങളുടെ നീണ്ടനിരകൾ ഗേറ്റിനിരുവശത്തും വളരെ സമയം ഉണ്ടാകുന്നു.

4. NH 47 ന് സമാന്തരമായിട്ടുള്ള തുറവൂർ കുമ്പളങ്ങി റോഡും കുമ്പളങ്ങി പെരുമ്പടപ്പ്-പള്ളുരുത്തിവഴി എറണാകുളത്തേക്കുള്ള P.W.D. റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന കുമ്പളങ്ങി ഫെറിയിൽ, പാലംവന്നു കഴിഞ്ഞാൽ, എറണാകുളം, പള്ളുരുത്തി, പെരുമ്പടപ്പ് കുമ്പളങ്ങി, എഴുപുന്നവഴി തുറവൂർ വരെ നിലവിലുള്ള P.W.D. റോഡിലൂടെ വാഹനഗതാഗതം പൂർണ്ണമായി സാദ്ധ്യമാവുകയും N.H. 47 ലെ വാഹനത്തിരക്കു കുറയുകയും യാത്രാദൂരം 5 കിലോമീറ്റർ ലാഭിക്കുകയും ചെയ്യും.

5. കാക്കത്തുരുത്തു ദ്വീപും കരയുമായി ബന്ധിപ്പിക്കുന്നതിന് പാലം ഇല്ലാത്തതുകൊണ്ട് ഈ പ്രദേശത്തെ വികസനം വഴി മുട്ടി നിൽക്കുന്നു.

6. 4, 10 എന്നീ വാർഡുകളെ 5-ാം വാർഡുമായി ബന്ധിപ്പിക്കുന്ന ശ്രീനാരായണപുരം പാലം തകർന്നിട്ട് ഒരു ദശവർഷത്തിലേറെയായി. ഈ പാലം വാഹനഗതാഗതയോഗ്യമായി പണിയാത്തതിനാൽ കിഴക്ക് N.H. 47 നും പടിഞ്ഞാറ് P.W.D. റോഡുമായി ബന്ധപ്പെടുന്നതിന് നിലിവിലുള്ള ലിങ്ക്-റോഡ് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

7. ചക്കരച്ചാൽ, വെളുത്തുള്ളി, തൈത്തറ തോട് തുടങ്ങിയിടത്തും പാലങ്ങളുടെ അഭാവം ഏറെയാണ്.

8. നിലവിലുള്ള റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ല. മിക്ക റോഡുകളും മഴക്കാലത്തുണ്ടാകുന്ന വെള്ളക്കെട്ട് കാരണം പൊട്ടിപ്പൊളിഞ്ഞു കിടക്കുന്നു. ഓവു ചാലുകളും കലുങ്കും ഇല്ലാത്തതാണിതിനു കാരണം. റോഡിന് വീതി കുറവായതുകൊണ്ട് ഓടകൾ നിർമ്മിക്കാൻ ഇടമില്ല. മഴക്കാലത്ത് കയറിനിൽക്കാൻ ബസ്റ്റോപ്പുകളിൽ വെയിറ്റിങ്ങ് ഷെഡുകൾ ഇല്ല.

C. റോഡുഗതാഗതമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരസാധ്യതകൾ

റോഡ് ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള ഒട്ടേറെ നിർദ്ദേശങ്ങൾക്ക് താഴെ പറയുന്ന സാധ്യതകൾ ഉരുത്തിരിയുന്നു.

1. പുതിയ റോഡുകളും പാലങ്ങളും നിർമ്മിക്കുന്നതിന് ഗ്രാമസഭകളിൽ നിന്ന് ഉയർന്ന പ്രധാന നിർദ്ദേശങ്ങൾ താഴെ അനുബന്ധം C യിൽ കാണിച്ചിരിക്കുന്നു.

2. പുതിയ പാലങ്ങളുടെ നിർദ്ദേശങ്ങൾ അനുബന്ധം D യിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

3. ടാർ ചെയ്യേണ്ട റോഡുകളെ സംബന്ധിച്ച് ഗ്രാമസഭകളിലെ നിർദേശങ്ങൾ അനുബന്ധം E യിൽ ചേർത്തിരിക്കുന്നു.

4. പുതുതായി ആരംഭിക്കേണ്ട ബസ്സ് സർവ്വീസുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ അനുബന്ധം F ലും റോഡ് സംരക്ഷണവും ഗതാഗതസൗകര്യങ്ങളും അനുബന്ധം G യിലും കാണിച്ചിരിക്കുന്നു.

5. റോഡുകൾ ടാർ ചെയ്യൽ, പുതിയ റോഡുകൾ, പാലങ്ങൾ കലുങ്കുകൾ മുതലായവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പഞ്ചായത്ത് ഫണ്ടിന്റെ അപര്യാപ്തതയും ഭീമമായ തുകയുടെ ആവശ്യകതയും വസ്തു ഉടമകളിൽ നിന്ന് സമ്മതപത്രം കിട്ടാനുള്ള പ്രയാസവും കണക്കിലെടുക്കേണ്ടതുണ്ട്. റോഡുകൾക്ക് മുൻഗണനാക്രമം നിശ്ചയിച്ച് പൊതുജന പങ്കാളിത്തത്തോടെ ഓരോ റോഡുപണിയും നടത്താവുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിവരുന്ന അവിദഗ്ധ മനുഷ്യപ്രയത്നം ശ്രമദാനം വഴി സംഘടിപ്പിക്കാവുന്നതാണ്. ഓരോ വർഡുകളിലും മെമ്പറുടെ നേതൃത്വത്തിൽ വാർഡു സമിതികൾ രൂപീകരിക്കുകയും എല്ലാ സമിതികളെയും പഞ്ചായത്തു

തലത്തിൽ ഏകോപിക്കുകയും വേണം ഒരു വാർഡിലെപ്രവർത്തനങ്ങളെല്ലാം നടപ്പാക്കുന്നത് ആ വാർഡുസമിതിയുടെ നേതൃത്വത്തിലായിരിക്കണം. ഓരോ വാർഡു സമിതിയുടെയും സ്ഥിരം ചെയർമാൻ വാർഡുമെമ്പർ ആയിരിക്കും. വാർഡു സമിതി ഒരു ലീഡറെ തെരഞ്ഞെടുക്കേണ്ടതാണ്. ഇങ്ങനെ സമിതികളുടെ മേൽനോട്ടത്തിൽ ബഹുജനപങ്കാളിത്തത്തോടെ കൂടുതൽ കാര്യക്ഷമമായും സൂതാര്യമായും ഗ്രാമപഞ്ചായത്തിന് നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ കഴിയും. വാർഡിലെ വൈദ്യുതി വിതരണം, ജലവിതരണം മുതലായ സംവിധാനങ്ങളുടെ കാര്യക്ഷമത റോഡുകളുടെ അറ്റകുറ്റപ്പണി സംരക്ഷണം എന്നിവയിലും വാർഡു സമിതികൾക്ക് ശ്രദ്ധ പുലർത്താൻ കഴിയും. വാർഡു സമിതികളുടെ കാലാവധി ഓരോ വർഷമായിരിക്കണം. എല്ലാ പ്രവർത്തനങ്ങൾക്കും പൊതുജന സഹകരണം നേടുക എന്നതാണ് സമിതികൊണ്ടുദ്ദേശിക്കുന്നത്.

6. ഏറെ ഗതാഗതത്തിരക്കുള്ള എരമല്ലൂർ-പാറായിക്കവലP.W.D. റോഡ് വീതി വർദ്ധിപ്പിച്ച് അരുകിൽ ഓട നിർമ്മിക്കുക. റെയിൽവേ ഗേറ്റിന്റെ സ്ഥാനത്ത് ഒരു ഓവർബ്രിഡ്ജ് പണിയുക.
8. കാക്കത്തുരുത്ത് ദ്വീപും എരമല്ലൂരുമായി ബന്ധിപ്പിക്കുന്ന ഒരു പാലം പണിയുക.
9. ശ്രീനാരായണപുരത്ത് കോങ്കേരിതോടിനുകുറുകെ വാഹന ഗതാഗത യോഗ്യമായ ഒരുപാലം നിർമ്മിക്കുക.
10. ചക്കരച്ചാൽ, വെളുത്തുള്ളി തൈത്തറതോട് എന്നിവിടങ്ങളിലും പാലങ്ങൾ നിർമ്മിക്കുക.
11. എഴുപുന്ന നീണ്ടകര പാലം ഏത്രയും വേഗം പൂർത്തിയാക്കുക.
13. ശ്രീനാരാണപുരം ക്ഷേത്രക്കുളത്തിന് വടക്കേ അതിരു കെട്ടി റോഡു സുരക്ഷിതമാക്കുക.
13. കാക്കതുരുത്തു ലക്ഷം വീടു കോളനിയിൽ പഞ്ചായത്തുകുളത്തിന്റെ പടിഞ്ഞാറുഭാഗം കല്ലുകെട്ടുക.
14. പൊട്ടിപൊളിഞ്ഞതും താറുമാറായികിടക്കുന്നതുമായ റോഡുകളിൽ അടിയന്തിരമയി അറ്റകുറ്റപ്പണികൾ നടത്തുക.
15. വെള്ളം കെട്ടിനിൽക്കുന്ന റോഡുകളിൽ കാനകൾ നിർമ്മിക്കുക.
16. നിലിവലുള്ള റോഡുകൾ ഓരോ വാർഡുകളിലും തുല്യ അനുപാതത്തിൽ അല്ല. അനുബന്ധം A പരിശോധിക്കുക.
17. റോഡുകളെ സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഓഫീസിൽ ലഭ്യമായ വിവരങ്ങൾ പൂർണ്ണമല്ല. നിലവിലുള്ള റോഡുകളുടെ യഥാർത്ഥ നീളം, വീതി, സ്വഭാവം (ടാർ, മെറ്റൽ, ഗ്രാവൽ, പൂഴി എന്നിങ്ങനെ) എന്നിവ കൃത്യമായി അളന്നും തിട്ടപ്പെത്തിയും പഞ്ചായത്തിലെ റോഡ് രജിസ്റ്ററിൽ രേഖപ്പെടുത്തണം.
18. എരമല്ലൂർ കവല, കുമ്പളങ്ങി ഫെറി എന്നീ ബസ് ടെർമിനലുകളിലും മറ്റ് പ്രധാന ബസ്സ്റ്റോപ്പുകളിലും വെയ്റ്റിംഗ് ഷെഡ്ഡുകൾ പണിയുക.
19. കാക്കത്തുരുത്ത് ചേർത്തല ബസ്സ് സർവ്വീസ് അനുവദിപ്പിക്കാൻ വേണ്ട നടപടി സ്വീകരിക്കണം.
20. കുമ്പളങ്ങി ഫെറിയിൽ നിന്നും എരമല്ലൂർ വഴി ചേർത്തലയിലേക്കും, ആലപ്പുഴയിലേക്കും ബസ്സ് സർവ്വീസുകൾ അനുവദിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം.
21. കുടപുറം ചേർത്തല ബസ്സ് സർവ്വീസ് ആരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുക.
22. പ്രൈവറ്റ് ബസ്സുകളിൽ ലിമിറ്റഡ് സ്റ്റോപ്പുബസ്സുകൾ കൊച്ചുവെളികവലയിലും നിർത്തുന്നതിനു വേണ്ട ഏർപ്പാടു ചെയ്യുക.
23. എഴുപുന്ന-കുമ്പളങ്ങി കടത്ത് കുമ്പളങ്ങി പഞ്ചായത്ത് സ്വയം ലേലം ചെയ്ത് ലേലാദായം തനിയെയാണ് എടുത്തുവരുന്നത്. ലേലാദായത്തിന്റെ പകുതി വിതം എഴുപുന്ന പഞ്ചായത്തിന് ലഭിക്കാൻ വേണ്ട നടപടിസ്വീകരിക്കാവുന്നതാണ്.
24. നാലുവരിപ്പാത പൂർത്തിയാകുമ്പോൾ എരമല്ലൂർ കവലയിൽ ടാക്സി വാഹനങ്ങൾക്ക് പാർക്കിങ്ങ് സൗകര്യത്തിനായി ടാക്സി സ്റ്റാൻറ് ഏർപ്പെടുത്തേണ്ടതാണ്.
25. J.R.Y., അൺടേഡ് ഫണ്ട് എന്നിവയിൽ നിന്നുള്ള പണം മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ഏതെങ്കിലും റോഡിന്റെ ടാറിങ് നടത്തി പൂർത്തിയാക്കാൻ വേണ്ടി വിനിയോഗിക്കണം.

റെയിൽ ഗതാഗതം

A. സമീപകാലത്തു വന്നിട്ടുള്ള മാറ്റങ്ങൾ

ഇന്നത്തെ നില:-

1) റെയിൽവേ സ്റ്റേഷൻ ഉള്ള ചുരുക്കം പഞ്ചായത്തുകളിലൊന്നാണ് എഴുപുന്ന ഗ്രാമപഞ്ചായത്ത്. എറണാകുളം ആലപ്പുഴറെയിൽവേ ലൈനിനോടൊപ്പം 15.10.1989ൽ എഴുപുന്ന റെയിൽവെ സ്റ്റേഷനും തുറന്നു. അതിനുശേഷം റെയിൽവേ ലൈൻ ആലപ്പുഴയിൽ നിന്നും കായംകുളം ജങ്ഷൻ വരെ നീട്ടി നിർമ്മിച്ചു . ഈ പ്രദേശത്തെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ റെയിൽവേ പ്രധാന പങ്കു വഹിക്കുന്നു. സീസൺ ടിക്കറ്റിന് യാത്രക്കൂലിയിലുള്ള ആനുകൂല്യം ആശ്വാസകരമാണ്.

2. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ 2.500 കിലോ മീറ്റർ റെയിൽ പാതയുണ്ട്. ഒരു റെയിൽവേ സ്റ്റേഷനും. എരമല്ലൂർ എഴുപുന്ന റോഡിനു കുറുകെ ഒരു റെയിൽവേ ഗേറ്റും ശ്രീനാരായണപുരത്ത് S.N. പുരം St. ഫ്രാൻസിസ് ചർച്ച് റോഡിൽ ഒരു റെയിൽ ക്രോസിങ്ങും ഉണ്ട്. റെയിൽവെ സ്റ്റേഷനിൽ റെയിൽവെ വക 150 മീറ്റർ ടാർ ചെയ്ത അപ്രോച്ച് റോഡും സ്റ്റേഷനിൽ നിന്നും റയിൽവേ കാർ ട്ടേഴ്സുകളിലേക്ക് മെറ്റൽ ഇട്ട 100 മീറ്റർ റോഡും ഉണ്ട്. സ്റ്റേഷനിൽ 6 ട്രെയിനുകൾ നിറുത്തുന്നു. ഇവ എല്ലാം പാസഞ്ചർ ട്രെയിനുകളാണ്. കഴിഞ്ഞ 5 വർഷങ്ങളിൽ എഴുപുന്ന റെയിൽവേ സ്റ്റേഷനിലെ വരുമാനം, യാത്ര ചെയ്തവരുടെ എണ്ണം എന്നീ വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

കലണ്ടർ വർഷം.	യാത്രക്കാരുടെ എണ്ണം (സീസൺ യാത്രക്കാർ ഉൾപ്പെടെ)	വരുമാനം രൂപ
1991	25155	1,77,850
1992	23610	2.19.822
1993	17211	2.08,251
1994	17668	2,09,015
1995	17990	1,96,140
കഴിഞ്ഞ അഞ്ചു വർഷത്തെ ആകെ	101634	10,13,078
പ്രതിവർഷ ശരാശരി	20327	2,02,616

2. മേൽ വിവരിച്ച പട്ടികയിൽനിന്നും കഴിഞ്ഞ മൂന്നു വർഷത്തിനിടയിൽ ട്രയിൻ യാത്രക്കാരുടെ എണ്ണത്തിൽ സാരമായ കുറവുണ്ടായതായി കാണാം. ഈ കാലഘട്ടത്തിൽ റെയിൽവേ സ്റ്റേഷന്റെ പരിസരങ്ങളിലൂടെയുള്ള ബസ്സ് സർവ്വീസുകളുടെ എണ്ണം വർദ്ധിച്ചു എന്നതാവാം ഈ കുറവിനു കാരണം. യാത്രക്കാരുടെ എണ്ണത്തിൽ കുറവു വന്നിട്ടും വരുമാനത്തിൽ ആനുപാതികമായി കുറവുണ്ടാകാത്തത് യാത്രക്കൂലി ഏറിയതുകൊണ്ടാവാം.

3. റെയിൽ ഗതാഗത മേഖലയിലെ വികസന പ്രശ്നങ്ങൾ

1) റെയിൽവേ സ്റ്റേഷനിലെ പ്ലാറ്റ് ഫോറത്തിന് 42 മീറ്റർ നീളമേയുള്ളു. (രണ്ടു ബോഗികളുടെ നീളം) തന്മൂലം ട്രെയിനിൽ നിന്ന് ഇറങ്ങാനും കയറാനും ഏറെ ബുദ്ധിമുട്ടാണ് അപകട സാദ്ധ്യതകളും അവ ഗണിക്കാവുന്നതല്ല.

2) പ്ലാറ്റ് ഫോമിൽ 8 മീറ്റർ നീളത്തിൽ മാത്രമേ മേൽക്കൂര ഉള്ളു പ്ലാറ്റുഫോമും മേൽക്കൂരയും തീരെ അപര്യാപ്തമാണ്.

C. റെയിൽ ഗതാഗത മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാര സാധ്യതകൾ

1. റെയിൽവേ സ്റ്റേഷനിലെ പ്ലാറ്റ് ഫോം മുഴു നീളത്തിൽ നിർമ്മിച്ച് അതിന് മുഴുവൻ മേൽക്കൂര പണിയുക.
2. സ്റ്റേഷനിലെ ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക.

ജലഗതാഗതം

ഈ പഞ്ചായത്തു പ്രദേശത്തുകൂടി നാലു ദശാബ്ദങ്ങൾക്കു മുമ്പ് യാത്രാ ബോട്ടുകൾ സർവ്വീസ് നടത്തിയിരുന്നു. ഒരു ദശാബ്ദം മുമ്പുവരെ കേവു വള്ളങ്ങൾ ചരക്കു കയറ്റി ഇറക്കിയിരുന്നു. ആഫ്രിക്കൻ പായൽ കുളവാഴ മുതലായ നീർച്ചെടികൾ ജല ഗതാഗതത്തിൽ തടസമായി. ബസ്സ് ലോറി എന്നിവയുടെ വർദ്ധനയ്ക്കും വേഗതയ്ക്കും പിന്നിൽ ക്രമേണ ജലഗതാഗതം, പൂർണ്ണമായി അവഗണിക്കപ്പെട്ടു.

II. ഊർജ്ജം

A. സമീപകാലത്തു വന്നിട്ടുള്ള മാറ്റങ്ങൾ ഇന്നത്തെ നില:-

1. ആധുനിക പുരോഗതിയുടെ അടിസ്ഥാനശക്തിയായ വൈദ്യുതി ഈ പഞ്ചായത്തു മേഖലയിലേക്കു കടന്നു വന്നത് 1953 ലാണ്. വൈദ്യുതി

വിതരണസംവിധാനങ്ങളിലുണ്ടായ വളർച്ച ഈ പ്രദേശത്തിന്റെ സർവ്വതോമുഖമായ പുരോഗതിക്ക് ശക്തിപകർന്നു.

2. അരൂർ പഞ്ചായത്തിലെ 110 KV. സബ്സ്റ്റേഷനിൽ നിന്നാണ്. ഇപ്പോഴും എഴുപുന്ന പഞ്ചാത്തിലേക്ക് മുഖ്യമായുംവൈദ്യുതി ലഭിക്കുന്നത് ചെറിയ ഒരു ഭാഗത്തേക്ക് ചേർത്തല 66K.V. സബ്സ്റ്റേഷനിൽ നിന്നാണ് വൈദ്യുതി കിട്ടുന്നത്. അരൂർ സബ്സ്റ്റേഷനിൽ നിന്ന് കുത്തിയതോട്, കരി എന്നീ പേരുകളിലുള്ള രണ്ടു 11K.V. ഫീഡറുകളും, അവ ഓരോന്നിൽ നിന്നും യഥാക്രമം 15 ഉം, 5 ഉം വീതം ട്രാൻസ് ഫോർമറുകളും ചേർത്തല സബ്സ്റ്റേഷനിൽ നിന്ന് "കരി എന്ന പേരിലുള്ള ഒരു 11 KV. ഫീഡറും അതിൽ നിന്നും 3 ട്രാൻസ് ഫോർമറുകളും അടങ്ങിയതാണ് 11 KV. വിഭാഗത്തിലെ വൈദ്യുതി വിതരണസംവിധാനം ട്രാൻസ്ഫോർമറുകളുടെ ആകെ ശേഷി 3173 KVA ആണ്. ഇതു സംബന്ധിച്ച വിവരങ്ങൾ പട്ടികപ്പെടുത്തി താഴെ അനുബന്ധം 14ൽ കാണിച്ചിരിക്കുന്നു. പഞ്ചായത്ത് പ്രദേശത്ത് ആകെ 11.500 കി. മീറ്റർ 11KV ലൈനുകളാണുള്ളത്.

3. പഞ്ചായത്ത് പ്രദേശത്ത് 3997 വൈദ്യുതി ഉപഭോക്താക്കളുണ്ട്. ഇതിൽ ഒരു എക്സ്ട്രാ ഹൈടെൻഷൻ (66 KV). 6 (ആറ്) ഹൈടെൻഷൻ (11 KVKV) ഉപഭോക്താക്കളും ഉൾപ്പെടും. ആകെ 491 അപേഷകർ കണക്ഷൻ ലഭിക്കാൻ വേണ്ടി കാത്തിരിക്കുന്നു. പഞ്ചായത്തിലുള്ള ആകെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം 250 ആണ്. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പഞ്ചായത്ത് പ്രതിമാസം 4143 രൂപ അടക്കുന്നു. ആകെ 7 ഹരിജൻ കോളനികളും 4 ലക്ഷം വീട് കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കൾ, വഴിവിളക്കുകൾ, വൈദ്യുതീകരിച്ച കോളനികൾ എന്നിവയെ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധം IJK. എന്നീ പട്ടികയിൽ കാണിച്ചിരിക്കുന്നു.

4. അരൂർ ഇലക്ട്രിക്കൽ സെക്ഷൻ, കുത്തിയതോട് ഇലക്ട്രിക്കൽ സെക്ഷൻ, പൂച്ചാക്കൽ ഇലക്ട്രിക്കൽ സെക്ഷൻ എന്നീ മൂന്ന് സെക്ഷൻ ഓഫീസുകളാണ് ഈപഞ്ചായത്തിലെ വൈദ്യുതി വിതരണം നിർവ്വഹിക്കുന്നത്. പഞ്ചായത്തിലെ 6, 7, 2 എന്നീ വാർഡുകളുടെ ഏതാനും ഭാഗം മാത്രമേ കുത്തിയതോട് സെക്ഷന്റെ കീഴിൽ വരുന്നുള്ളു 8-ാം വാർഡിലെ കാക്കത്തുരുത്ത് പൂച്ചാക്കൽ സെക്ഷന്റെ കീഴിലാണ്. പഞ്ചായത്തിലെ ഉപബോക്താക്കൾക്ക് കറൻറ് ചാർജ്ജ് അടക്കുന്നതിന് സെക്ഷൻ ഓഫീസിൽ എത്താനായി ഒന്നിലധികം ബസുകളിൽ കയറി 12 കി. മീ.ദൂരം വരെ സഞ്ചരിക്കണം. എഴുപുന്ന പഞ്ചായത്തിൽ ഒരു സബ് എഞ്ചിനീയർ ഓഫീസ് തുറക്കുന്നതിന് 1992ൽ ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും അനുവാദം ഉണ്ടായിട്ടുണ്ടെങ്കിലും അനുയോജ്യമായ കെട്ടിടം ലഭിക്കാത്തതു കൊണ്ട് ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

5. ആറുമാസത്തിലൊരിക്കൽ മീറ്റർ റീഡിംഗ് എടുത്ത് ബില്ലു തയ്യാറാക്കുന്ന രീതിയാണ് നിലവിലുള്ളത്.

6. മറ്റു മേഖലയിലെന്നപോലെതന്നെ ഗാർഹികാവശ്യങ്ങൾക്കും പ്രധാനമായി ഉപയോഗിക്കുന്ന ഊർജ്ജം വൈദ്യുതിയാണ്. വെളിച്ചത്തിനും ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുമാണ്. അടുത്തകാലത്ത് വീടുകളിൽ ആധുനിക ഉപകരണങ്ങളുടെ ഉപയോഗം വ്യാപകമായി വർദ്ധിച്ചതു കാരണം വൈദ്യുതി ഉപഭോഗവും ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. പാചകത്തിന് വിറകും പാചകവാതകവും മണ്ണെണ്ണയും ഉപയോഗിക്കുന്നു. വൈദ്യുതീകരിക്കാത്ത വീടുകളിൽ വെളിച്ചത്തിന് മണ്ണെണ്ണ വിളക്കുകളാണ് ഉപയോഗിക്കുന്നത്.

7. പഞ്ചായത്തിൽ പാചകവാതകം ലഭ്യമാക്കാൻ തുടങ്ങിയത് 1986 മുതലാണ്. ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഗ്യാസ് വിതരണ ഏജൻസി ഇല്ല. ഏപ്രിൽ 1993 ന് മുമ്പ് തോപ്പുംപടിയിലുള്ള ഭാരത് ഗ്യാസ് ഏജൻസിയായിരുന്നു ഗ്യാസ് വിതരണം നടത്തിയിരുന്നത്. 1993 ഏപ്രിലിനുശേഷം ചേർത്തല ഭാരത് ഗ്യാസ് ഏജൻസിയാണ് അംഗീകൃത വിതരണ ഏജൻസി. 500-ൽ പരം പാചക വാതക ഉപഭോക്താക്കളുണ്ട്. 500-ൽ പരം അപേക്ഷകർ ഗ്യാസ് കണക്ഷനുവേണ്ടി കാത്തിരിക്കുന്നു. ലഭ്യത കുറവാണ്.

8. വാണിജ്യ ഇന്ധനങ്ങൾക്കു പുറമേ, വിറക്, തെങ്ങ് ഉൽപ്പന്നങ്ങൾ എന്നിവ വ്യാപകമായി പാചകാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരം കുറവാണ്, സാമ്പത്തികമായി

പിന്നോക്കം നിൽക്കുന്നവർ ചപ്പ് ചവറുകൂം വരെ ശേഖരിച്ച് പാചകാവശ്യങ്ങൂം നിർവഹിക്കുന്നു. ഹോട്ടലുകൂം പ്രധാനമായും ആശ്രയിക്കുന്നത് വിറകിനെയാണ്. വിറക് ദൂരദേശങ്ങളിൽ നിന്നാണ് കൂടുതലും ശേഖരിക്കുന്നത്. വിറകിന് വിലയും കൂടുതലാണ്.

B. ഊർജ്ജമേഖലയിലെ വികസനപ്രശ്നങ്ങൂം:-

1. പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൂം അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം കുറഞ്ഞ വോൂട്ടതയാണ്. അരൂർ 110 KV. സബ്സ്റ്റേഷനിലെ കണക്കുകൂം സൂചിപ്പിക്കുന്നത് സബ്സ്റ്റേഷനിൽ തന്നെ ലഭിക്കുന്ന വോൂട്ടേജ് യഥാർത്ഥത്തിൽ ലഭിക്കേണ്ടതിനെക്കാൂം വളരെ കുറവാണെന്നാണ്. 110 KV. വോൂട്ടത ലഭിക്കേണ്ട സ്ഥാനത്ത് സാധാരണ ലഭിക്കുന്നത് 98 KV. യാണ്. പീക്ക്ലോഡ് സമയത്ത് ഇതു 92 KV. യായി വീണ്ടും കുറയുന്നു. 66 KV. ഉണ്ടായിരിക്കേണ്ട സ്ഥാനത്ത് സാധാരണ സമയത്ത് 58 KV. യും പീക്ക് ലോഡ് സമയത്ത് 52 KV. യുമായി കുറയുന്നു. തൻമൂലം സബ്സ്റ്റേഷനിൽ നിന്നും വിതരണ ശൃംഖലയിലക്ക് എത്തേണ്ട 11KV. വോൂട്ടത 9.6KV. വരെയായി താഴുന്നു. ദ്വിതീയ വിതരണ ശൃംഖലയിൽ നിന്നും ഉപഭോക്താവിനു ലഭിക്കുമ്പോൂം പ്രശ്നം വീണ്ടും രൂക്ഷമാകുന്നു. 230 വോൂട്ട് വേണ്ടിടത്ത് പല പ്രദേശങ്ങളിലും ലഭിക്കുന്നത് 100 വോൂട്ടിൽ താഴെ മാത്രം. ഇതിനുകാരണം ഉൽപാദനരംഗത്തെ പരിമിതകളും, പ്രേക്ഷണ വിതരണ ശൃംഖലകളുടെ ശേഷിക്കുറവും ന്യൂനതകളും ഉപഭോഗത്തിലെ വർദ്ധനവുമാണ്. വോൂട്ടതക്കുറവ് വ്യവസായ മേഖലയിലെ വികസനം, ഉല്പാദനം എന്നിവ മുതൽ വിദ്യാർത്ഥികളുടെ പഠിത്തംവരെയുള്ള വിവിധ രംഗങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.
2. അരൂർ സബ്സ്റ്റേഷനിൽ നിന്നും എഴുപുന്ന പഞ്ചായത്തു പ്രദേശങ്ങളിലേക്കുള്ള രണ്ട് 11 KV ഫീഡറുകളും പൂർണ്ണ ശേഷിയോളം ലോഡ് വഹിക്കുന്നു. ചേർത്തല സബ് സ്റ്റേഷനിൽ നിന്നും എഴുപുന്ന വരെയുള്ള "കരി" 11 KV ഫീഡർ എഴുപുന്നയിൽ എത്തുന്നത് പട്ടണക്കാട് കുത്തിയതോട് എന്നീ സെക്ഷനുകളിലെ ലോഡുകൂം വഹിച്ചുകൊണ്ട് 20 കി.മീ. ദൂരം കടന്നാണ്. അതിനാൽ ശേഷിയും അപര്യാപ്തമാണ് നിലവിലുള്ള കർശനമായ പിക്ക് ലോഡ് നിയന്ത്രണങ്ങളും ലോഡ് ഷെഡ്ഡിങ്ങും പിൻവലിക്കുന്ന കാലം വരുമ്പോൾ ഫീഡറുകളിലെലോഡ് അവക്കു താങ്ങാവുന്നതിലേറെയാകും.

   പഞ്ചായത്തിലെ 1-ാം വാർഡിൽ സമീപത്തെങ്ങും ട്രാൻസ്ഫോർമർ ഇല്ല. വൈദ്യുതിവിതരണം നിർവ്വഹിക്കുന്നത് 10-ാം വാർഡിൽ നിന്നുള്ള LT ലൈനുകളിലൂടെയാണ്. തത്മൂലം വോൂട്ടേജ് ക്ഷാമം മറ്റുപ്രദേശങ്ങളിലേതിനേക്കാൂം ഇവിടെ രൂക്ഷമാണ്.
4. പഞ്ചായത്തിൽ 39918 മീറ്റർ നീളത്തിൽ ഉള്ള റോഡുകളിൽ ആകെ 250 വഴിവിളക്കുകൂം മാത്രമെ നിലവിലുള്ളു. ചില റോഡുകളിൽ വഴിവിളക്കില്ല. ഒരു കിലോമീറ്റർ റോഡിന് ശരാശരി 6 എണ്ണമേ നിലവിലുള്ളു. ഒരു കിലോ മീറ്ററിന് കുറഞ്ഞത് 10 എണ്ണം എന്ന തോതിൽ എത്തിക്കാൻ 150 വഴിവിളക്കുകൂം കൂടി ആവശ്യമാണ്.
5. വൈദ്യുതി ബോർഡിന്റെ ഒന്നിലേറെ സെക്ഷൻ ഓഫിസുകളുടെ പരിധിയിൽ സ്ഥിതിചെയ്യുന്നതിനാലും കറൻറ് ചാർജ്ജ് അടക്കുക, വൈദ്യുതി വിതരണ സംബന്ധമായുണ്ടാകാറുള്ള തകരാറുകൂം അറിയിക്കുക തുടങ്ങി ഒട്ടനവധി ദൈനംദിന ആവശ്യങ്ങൂംക്ക് 12 കി. മീറ്റർ അകലെവരെ സഞ്ചരിച്ച് സെക്ഷൻ ഓഫീസിൽ എത്തേണ്ടതിനാലും ഉപഭോക്താക്കൂംക്ക് വളരെ ബുദ്ധിമുട്ടും പ്രശ്നങ്ങളും ഉണ്ടാകുന്നു.
6. ആറുമാസത്തിൽ ഒരിക്കലെങ്കിലും എടുക്കേണ്ട മീറ്റർ റീഡിംഗ് നീണ്ടുപോകുന്നതിനാൽ കുടിശ്ശിക ബില്ലുകളിലെ ഭീമമായ തുക ഒരുമിച്ചടക്കാൻ ഉപഭോക്താക്കൂം ബുദ്ധിമുട്ടുന്നു.
7. നിലവിലുള്ള മീറ്ററുകളിൽ 10% പ്രവർത്തനരഹിതമാണ്. ഇതു മാറ്റാൻ കാലതാമസം ഉണ്ടാകുന്നു. അനിയന്ത്രിതമായ വൈദ്യുതി ഉപഭോഗത്തിനും വൈദ്യുതി നഷ്ടത്തിനും ഇത് കാരണമാകുന്നു.
8. പ്രേക്ഷണ വിതരണ രംഗങ്ങളിലെ അറ്റകുറ്റപ്പണികൂം കാലാകാലം നടക്കാതിരിക്കുന്നതുകൊണ്ട് പ്രത്യേകിച്ച് ലൈനിൽ മുട്ടിനിൽക്കുന്ന മരച്ചില്ലുകളും മറ്റും മുറിച്ചുമാറ്റാത്തതുകൊണ്ട് അപകടങ്ങൂംക്കും വൈദ്യുതി തടസ്സങ്ങൂംക്കും ചോർച്ചയ്ക്കും

മറ്റും കാരണമാകുന്നു. തെരുവുവിളക്കുകളും പലതും ദീർഘകലം കാത്താതെ കിടക്കുന്നു. തന്മൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന അസൗകര്യങ്ങൾക്ക് പുറമെ പഞ്ചായത്തിന് ധനനഷ്ടവും സംഭവിക്കുന്നു. കത്താത്ത വിളക്കുകൾക്കും കൂടി ചേർത്തതാണ് ഇലക്ട്രിക് സിറ്റി ബോർഡ് വൈദ്യുതിചാർജ്ജ് ഈടാക്കുന്നത്.

9. പാചകവാതകം, മണ്ണെണ്ണ, വിറക് മുതലായവയുടെ ലഭ്യതക്കുറവും, പുകയില്ലാത്ത അടുപ്പുകളും ബയോഗ്യാസ് പ്ലാൻറുകളും എന്നിവയുടെ പ്രചാരണക്കുറവും കാരണം പാചക ആവശ്യങ്ങൾക്ക് വേണ്ടത്ര ഊർജ്ജസ്രോതസ്സുകളുടെ ക്ഷാമം ഉണ്ട്.

C. ഊർജ്ജമേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാര സാധ്യതകൾ

1) പ്രേക്ഷണ വിതരണ മേഖലകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും സമീപ പഞ്ചായത്തുകളിലേതുപ്പെടെയുള്ള വൈദ്യുതി വിതരണം കാര്യക്ഷമം ആക്കുന്നതിനുംവേണ്ടി, എഴുപുന്ന പഞ്ചായത്തിലെ 2-ാം വാർഡിലൂടെ കടന്നുപോകുന്ന വൈക്കം-മട്ടാഞ്ചേരി 66 KV. ഫീഡറിനോടുചേർന്ന് ഒരു 66KV/11 KV സബ്സ്റ്റേഷൻ നിർമ്മിച്ച് 11KV. ഫീഡറുകൾ പുനഃസംവിധാനം ചെയ്യുക.

2) അരൂർ സബ്സ്റ്റേഷനിൽ നിലിവിലുള്ള പഴയ O.C.B. (ഓയിൽ സർക്കൂട്ട് ബ്രേക്കർ)കൾ മാറ്റി പുതിയ V.C.B. കൾ (വാകും സർക്കൂട്ട് ബ്രേക്കർ) സ്ഥാപിച്ച് സുരക്ഷിതമായി പൂർണ്ണതോതിലുള്ള വോൾട്ടേജ് 11KV. വിതരണ ശൃംഖലയിലേക്ക് അയക്കാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുക.

3) നിലിവലുള്ള 11 KV. ഫീഡറുകളിലെ ഓവർലോഡ് മൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അരൂർ സബ്സ്റ്റേഷനിൽ നിന്ന് എഴുപുന്ന പഞ്ചായത്തിലേക്കും ഒരു പുതിയ 11KV. ഫീഡർ നിരമ്മിച്ച് 11KV. വിതരണശൃംഖല പുനഃസംവിധാനം ചെയ്യുക.

4) 3-ാം വാർഡിൽ പാറായികവലക്കു സമീപം നിലവിലുള്ള 'കരി' 11KV. ഫീഡറും (അരൂർ സബ് സ്റ്റേഷനിൽ നിന്നുള്ളത) 2-ാം വാർഡിൽ എഴുപുന്ന-നീണ്ടകര റോഡിനു കുറുകെ നിലവിലുള്ള 'കരി' 11KV. ഫീഡറും (ചേർത്തല സബ്സ്റ്റേഷനിൽ നിന്നുള്ളത്) തമ്മിൽ ബന്ധിപ്പിക്കുന്നതിന് 900 മീറ്റർ 11 KV. "ഇൻറർ ലിങ്കിങ്ങ്" ലൈൻ വലിച്ച് വൈദ്യുതി തടസ്സങ്ങൾ ഉണ്ടാകുന്ന അവസരങ്ങളിൽ 'ഫീഡിങ്ങ്' മാറ്റി എടുക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

5) 1-ാം വാർഡിലെ താരതമ്യേന അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ, 3-ാം വാർഡിലെ പാറായി കവലയിൽ നിലവിലുള്ള "കരി" 11KV. ലൈനിൽ നിന്നും തുറവൂർ-കുമ്പളങ്ങി PWD. റോഡിലൂടെ 2 കി.മീറ്റർ 11 KV. ലൈൻ വലിച്ച് ഒരു 100 KVA. ട്രാൻസ്ഫോർമർ വാടക്കകത്ത് St. മേരീസ് പള്ളിക്കു സമീപം 1-ാം വാർഡിൽ സ്ഥാപിക്കുക.

6) സ്ട്രീറ്റ് മെയിൽ വലിച്ച് 150 വഴിവിളക്കുകളും അവ നിലവിൽ ഇല്ലാത്ത എല്ലാ റോഡികളിലുമായി വീതിച്ച് സ്ഥാപിക്കേണ്ടതാണ്. പഞ്ചായത്തു ഫണ്ടിൻെറ പരിമിതി പരിഗണിച്ച് ഇവർക്ക് മുൻഗണനാക്രമം നിശ്ചയിക്കാവുന്നതാണ്.

7) 1992-ൽ എഴുപുന്ന പഞ്ചായത്തിലേക്ക് ഇലക്ട്രിസിറ്റി ബോർഡ് അനുവദിച്ചിട്ടുള്ളതും, അനുയോജ്യവുമായ കെട്ടിടം ലഭിക്കാത്തതുകാരണം ഇതുവരെയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലാത്തതുമായ സബ് എൻജീനിയർ ഓഫീസിന് ഒരുകെട്ടിടം ലഭ്യമാക്കാൻ പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്. മുകളിൽ ഖണ്ഡിക A-3/4, B-5. എന്നിവയിൽ വിവരിച്ച വസ്തുതകളും പ്രശ്നങ്ങളും പരിഗണിച്ച് പ്രസ്തുത സബ് എൻജീനിയർ ഓഫീസ് ഉടനെതന്നെ ഇലക്ട്രിക്കൽ ഓഫീസാക്കി ഉയർത്താൻ വേണ്ട നടപടികളും ഉണ്ടാകണം.

8) വൈദ്യുതി ഉപഭോക്താക്കളുടെ മീറ്റർ റീഡിംഗ് നിശ്ചിത സമയത്തുതന്നെ രേഖപ്പെടുത്താൻ വേണ്ട ഏർപ്പാടുകൾ ചെയ്യണം. എല്ലാ മീറ്ററുകൾക്കും സമീപം കാർഡ് വച്ച് ഉപഭോക്താവിൻെറ അറിവിനുവേണ്ടി അതിലും റീഡിങ്ങ് രേഖപ്പെടുത്തണം എന്ന നടപടി കർശനമായി പാലിക്കപ്പെടണം.

9) കേടായ വൈദ്യുതി മീറ്ററുകൾ കഴിവതും വേഗം മാറ്റിവയ്ക്കണം.

10) ഫ്യൂസ്-ഓഫ് കോളുകളെ സംബന്ധിച്ച് അറിയിപ്പുകൾ ഉപഭോക്താക്കൾ രേഖപ്പെടുത്താനായി ഓരോ വാർഡിലും ഓരോ "പരാതിപുസ്തകം" വയ്ക്കാൻ ഇലക്ട്രിസിറ്റി സെക്ഷൻ ഓഫീസിൽ നിന്നും ഏർപ്പാടുചെയ്യണം. വൈദ്യുതി വിതരണ

രംഗത്ത് അധികൃതർ ശ്രദ്ധിക്കാതെ അവശേഷിക്കുന്ന തകരാറുകൾ,കത്താത്ത വഴിവിളക്കുകൾ മുതലായവയെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഇലക്ട്രിസിറ്റി ഓഫീസിൽ അറിയിച്ച് പരിഹരിക്കാൻ പഞ്ചായത്തിലെ വാർഡ് സമിതികൾക്ക് കഴിയണം.

11) പഞ്ചായത്തിലെ ഇനിയും വൈദ്യുതീകരിക്കാത്ത SC/ST. ലക്ഷം വീട് കോളനികളിലെ വീടുകൾ ഉടനെ വൈദ്യുതീകരിക്കാൻ നടപടി സ്വീകരിക്കുക.

12) പഞ്ചായത്തിൽ ഒരു പൊതു മേഖലാസ്ഥാപനത്തിന്റെ പാചകവാതകവിതരണം ഏജൻസി ഏർപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുക.

13) ലാഭിക്കാൻ കഴിയുന്ന ഊർജ്ജം അത്രയും ഉല്പാദിപ്പിക്കുന്നതിന് തുല്യമാണ്. ഊർജ്ജ ച്ചെലവ് എങ്ങനെയെല്ലാം കുറക്കാം, പുകയില്ലാത്ത മെച്ചപ്പെട്ട വിറകടുപ്പുകൾ, ബയോഗ്യാസ് പ്ലാൻറുകൾ, അടുപ്പുകൾ, വിളക്കുകൾ, ഊർജ്ജക്ഷമത കൂടിയ മറ്റ് ഉപകരണങ്ങൾ അവയുടെ ലഭ്യത പ്രയോജനം എന്നിവയെക്കുറിച്ച് വേണ്ടത്ര അറിവു പകരുന്നതിന്, വാർഡുകൾ തോറും ബോധവൽക്കരണ ക്യാംപുകൾ നടത്തുക.

(ഗതാഗത മേഖലയിലെ ഖണ്ഡിക I-C-5). വാർഡുതല സമിതികൾക്ക് ക്യാംപ് നടത്തിപ്പിന്റെ ചുമതല ഏറ്റെടുക്കാൻ കഴിയും.

14) ഊർജ്ജ ക്ഷമത കൂടിയ ബയോഗ്യാസ് പ്ലാൻറുകൾ, പുകയില്ലാത്ത വിറകടുപ്പുകൾ,കച്ചിപ്പെട്ടി (Insulated Box). എന്നിവ നിർമ്മിക്കുന്നതിന് തൊഴിലന്വേഷകരായ സാങ്കേതിക വാസനയുള്ളകുറെപ്പേർക്ക് പരിശീലനം നൽകുന്നതിന് അനെർട്ടുമായി ബന്ധപ്പെട്ട് പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കണം.

15) മെച്ചപ്പെട്ട അഥവാ ദക്ഷത (Efficiency). യേറിയ പുകയില്ലാത്ത വിറകടുപ്പുകൾ മണ്ണെണ്ണ സ്റ്റൗ, ബയോഗ്യാസ് അടുപ്പുകളും വിളക്കുകളും, ഘർഷണ രഹിത ഫുട്ട്വാൽവുകൾ, പ്രഷർകുക്കർ, കച്ചിപ്പെട്ടി (insulated box). എന്നിവ അനർട്ട് (ANERT). സംയോജിത ഗ്രാമീണ ഊർജ്ജാസൂത്രണ പദ്ധതി (IREP). എന്നിവയുടെ സബ്സിഡിയോടുകൂടി ഗ്രാമപഞ്ചാത്തു വഴി വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തണം. കോംപാക്ട് ഫ്ലൂറസെൻറ് ലാംബുകൾ, ട്യൂബ് ലൈറ്റിന്റെ ഇലക്ട്രോണിക് ചോക്ക് എന്നിവയും ഊർജ്ജം വളരെ ഏറെ ലഭിക്കുന്ന ഉപകരണങ്ങളായതു കൊണ്ട് അവക്കും സബ്സിഡി ലഭ്യമാക്കി പ്രോത്സാഹിപ്പക്കേണ്ടതാണ്.

16) കൃഷിവകുപ്പിന്റെ ഗ്രാൻറുള്ള ബയോഗ്യാസ് പ്ലാൻറുകളുടെ നിർമാണം പ്രചരിപ്പിക്കണം.

17) വിറക് ഉൽപാദനം വർദ്ധിപ്പിക്കാൻ സാമൂഹ്യ വനവൽക്കരണപരിപാടി ഊർജ്ജിതപ്പെടുത്തണം.

III. മാർക്കറ്റ്

A. സമീപകാലത്തു വന്നിട്ടുള്ള മാറ്റങ്ങൾ, ഇന്നത്തെ നില:-

1) രണ്ടു ദശാബ്ദങ്ങൾക്കു മുമ്പുവരെ നെല്ല് നാളികേരം, കയർ, കയറുൽപ്പന്നങ്ങൾ, തെങ്ങോല കശുവണ്ടി,, തണ്ണിമത്തൻ, മത്തങ്ങ,കുമ്പളങ്ങ, ചേന, മധുരക്കിഴങ്ങ്, മർച്ചീനി, മുതലായ പച്ചക്കറികളും, ഇത്തിൾ, കക്ക എന്നിവ സുലഭമായി വിപണനം നടക്കുകയും പുറംപ്രദേശങ്ങളിലേക്ക് അയക്കുകയും ചെയ്തിരുന്നു. ഇവയിൽ നാളികേരം ഒഴികെ ബാക്കിയെല്ലാം ഇന്നു വിപണിയിൽ നിന്ന് മിക്കവാറും അപ്രത്യക്ഷമായിക്കഴിഞ്ഞു. നെല്ലിന്റെ ഉൽപാദനം കുറഞ്ഞു. കയറിന്റെയും കയർ ഉൽപന്നങ്ങളുടെയും നിർമാണം ആദായകരമല്ലാതായിതീർന്നു. തൊഴിലാളികളും ഉൽപാദകരും കൂടുതൽ ആദായകരമായ മത്സ്യസംസ്കരണ മേഖലയിലേക്കു തിരിഞ്ഞു. തേങ്ങുകൾക്കു വ്യാപകമായുണ്ടായ രോഗം ഓലയുടെ ലഭ്യത കുറച്ചു. കശുമാവുകൾ വിറകിനുവേണ്ടി മിക്കവാറും വെട്ടി നശിപ്പിക്കപ്പെട്ടു. നെൽവയലുകളിൽ ഇടക്കാലവിളയായി കൃഷിചെയ്തിരുന്ന. പച്ചക്കറിയുടെ സ്ഥാനത്ത് കൂടുതൽ ആദായകര മായ മത്സ്യവളർത്തൽ വ്യാപകമായി. ഇത്തിളിന്റെ സ്ത്രോതസ്സ് നിലച്ചു.

2) നാളികേരം, മത്സ്യം, നെല്ല്, അടക്ക മുതലായവയാണ് ഇപ്പൊഴത്തെ വിപണനയോഗ്യമായ പ്രധാന വിളകൾ. നാളികേരത്തിന്റെ വിപണനം മുഖ്യമായും നടക്കുന്നത് സഹകരണബാങ്ക് വഴിയാണ്. SCB No. 953 ഉൽപാദകരിൽ നിന്നും നേരിട്ടു ശേഖരിച്ചു വിപണനം നടത്തുന്നു. ചില സംഘടനകളും സ്വകാര്യകച്ചവടക്കാരും രംഗത്തുണ്ട്. ചെമ്മീനും മറ്റു മുന്തിയ ഇനം മത്സ്യങ്ങളും ഇവിടെത്തന്നെയുള്ള

വൻവ്യവസായശാലകളിൽ സംസ്കരിച്ച് വിദേശ രാജ്യങ്ങളിലേക്ക് വൻതോതിൽ കയറ്റി അയക്കുന്നു. താഴ്ന്ന ഇനം മത്സ്യങ്ങൾ ആഭ്യന്തര ഉപയോഗത്തിന് സ്വകാര്യവ്യക്തികൾ ഇവിടുത്തെ വിപണിയിൽ വിറ്റഴിക്കുന്നു. നെല്ലിന്റെ വിപണനം കുറവാണ്. ഉൽപാദകരുടെ ആവശ്യത്തിനു മാത്രമേ പൊതുവെ ലഭിക്കുന്നുള്ളു. അടക്ക സ്വകാര്യകച്ചവടക്കാർ ഉൽപാദകരിൽ നിന്നു നേരിട്ടു ശേഖരിച്ച് അടുത്തുള്ള കോടംതുരുത്തു പഞ്ചായത്തിലെ സംസ്കരണശാലകളിൽ കൊണ്ടു ചെന്നു വിപണനം നടത്തുന്നു.

3) 6-ാം വാർഡിൽ കൊങ്കേരി പാലത്തിനു സമീപം ഉള്ള ഒരു പൊതു മാർക്കറ്റാണ് ഈ പഞ്ചായത്തിൽ ആകെ നിലവിലുള്ളത്. ഇതു പഞ്ചായത്തു വകയാണ്. നടത്തിപ്പവകാശം പഞ്ചായത്തു ലേലം ചെയ്തു കൊടുക്കുന്നു. ഈ ഇനത്തിൽ പഞ്ചായത്തിന്റെ വാർഷിക വരുമാനം 35,000/-രൂപയാണ്.
4) പഞ്ചായത്തു വകയായി പൊതു അറവുശാലകൾ നിലവിലില്ല.

B. മാർക്കറ്റിങ്ങ് മേഖലയിലെ വികസനപ്രശ്നങ്ങൾ:

1) എഴുപുന്ന പഞ്ചായത്തിൽ ആകെ നിലവിലുള്ള ഒരു പൊതുമാർക്കറ്റ് ഇവിടുത്തെ ആവശ്യങ്ങൾ നിറവേറ്റാൻ മതിയാകുന്നില്ല.
2) ആഴ്ച ചന്തകൾ നടത്തുന്നതിനു സംവിധാനമില്ല.
3) അടക്ക ശേഖരണവും വിപണനവും നടത്താൻ പൊതു സംവിധാനം ഇല്ല. അതുകൊണ്ട് അർഹമായ വില ഉൽപാദകർക്കു ലഭിക്കുന്നില്ല.
4) കാർഷിക വിളകളുടെ സംസ്കരണവും മൂല്യ വർധനവുമായി ബന്ധപ്പെട്ട മേഖലകളിൽ നിലവിലുള്ള സഹകരണസംഘങ്ങൾ ഏർപ്പെടുന്നില്ല. അവക്ക് അതിനുവേണ്ട സംവിധാനങ്ങളില്ല.

C. മാർക്കറ്റിങ് മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരസാധ്യതകൾ:-

1) ശ്രീനാരായണപുരത്തിനു പടിഞ്ഞാറുവശത്ത് പേനാടിമുട്ടിനുസമീപം പഞ്ചായത്തുവകയായി ഒരു പൊതു മാർക്കറ്റ് ആരംഭിക്കുക.
2) ആഴ്ച ചന്തകൾക്ക് അനുയോജ്യമായ സംവിധാനം ഏർപ്പെടുത്തുക
3) അടക്ക ശേഖരണവും വിപണനവും സഹകരണ സംഘങ്ങൾ ഏറ്റെടുക്കുക.
4) കാർഷികവിളകളുടെ സംഭരണവും സംസ്കരണവും മൂല്യവർധനവുമായിബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി പ്രത്യേക സഹകരണസംഘങ്ങൾ രൂപീകരിക്കുക. ഇത്തരം സഹകരണസംഘങ്ങളിലൂടെ ഉൽപന്നങ്ങൾക്ക് നല്ലവില നേടിഎടുക്കാൻ കഴിയും. സംഘത്തിലൂടെ സഹായങ്ങളും വായ്പകളും ഉൽപാദകരിലെത്തുമ്പോൾ ഉൽപാദനവർദ്ധനവിനും സഹായകരമാകും.

അനുബന്ധം A
എഴുപുന്ന ഗ്രാമപഞ്ചായത്ത്
നിലവിലുള്ള റോഡുകളും സംബന്ധിച്ച വിവരങ്ങളും (1995-96)

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ പേർ	റോഡിന്റെ സ്വഭാവം/നീളം മീറ്ററിൽ					ഉടമസ്ഥത സർവ്വീസ്	ബസ്
			ടാർ	മെറ്റൽ	ഗ്രാവൽ	പൂഴി നീളം	ആകെ		
1		നാഷണൽ ഹൈവേ-47	2700				2700	N.H	ഉണ്ട്.
2		എരമല്ലൂർ-പാറായികവല റോഡ്	1400				1400	P.W.D.	ഉണ്ട്
3		തുറവൂർ-കുമ്പളങ്ങി ഫെറിറോഡ്	3800				3800	P.W.D.	ഉണ്ട്
4		N.H. 47 -കാക്കത്തുരുത്ത്	1000				1000	P.W.D.	ഇല്ല
5	I	മുതുകയിൽ റോഡ്		200	400		600	പഞ്ചായത്ത്	ഇല്ല
6.	,,	കുമ്പളങ്ങി-ചെട്ടിതെരുവ്			200		200	പഞ്ചായത്ത്	ഇല്ല
7	II	F.A.C.T. പാണ്ടോട്ടുകരി			160		160	പഞ്ചായത്ത്	ഇല്ല
8	,,	കുറിക്കോസ് റോഡ് (എഴുപുന്ന-നീണ്ടകര)		1500			1500	പഞ്ചായത്ത്	ഇല്ല
9.	,,	St: സെബാസ്റ്റ്യൻ ചർച്ച് റോഡ്, നീണ്ടകര			1000		1000	പഞ്ചായത്ത്	ഇല്ല
10.	"	സെമിത്തേരി-വേലികെട്ടുംതറ കോളനി			750		750	പഞ്ചായത്ത്	ഇല്ല
11.	"	S.N.L.P.S. പേനാടിസ്ഥയിസ്			400		400	പഞ്ചായത്ത്	ഇല്ല
12.	III	കൊങ്കേരി-കുവക്കാട്ടുവെളി			1000		1000	പഞ്ചായത്ത്	ഇല്ല
13.	"	കൊങ്കേരി-OLH കോളനി			40		40	പഞ്ചായത്ത്	ഇല്ല
14.	"	കൊങ്കേരി തോടിൽ നിന്ന് പടിഞ്ഞാറേക്ക്			100		100	പഞ്ചായത്ത്	ഇല്ല
15.	"	St: റാഫേത്സ് H.S.-പൊട്ടശ്ശേരി			400		400	പഞ്ചായത്ത്	ഇല്ല
16.	"	കോൺവേന്റ് മുതൽ പടിഞ്ഞാറേക്ക്			150		150	പഞ്ചായത്ത്	ഇല്ല
17.	IV	S.N. പുരം - കണ്ടേക്കാട്ട്			1514		1514	പഞ്ചായത്ത്	ഇല്ല
18.	"	S.N. പുരം - St: ഫ്രാൻസിസ് ചർച്ച്			420		420	പഞ്ചായത്ത്	ഇല്ല
19.	"	ആലുങ്കൽ - കുമ്മരപറമ്പ്			200		200	പഞ്ചായത്ത്	ഇല്ല
20.	V	കൊങ്കേരിൽ - ചാണികൊരമ്പത്ത്			990		990	പഞ്ചായത്ത്	ഇല്ല
21.	"	St: ഫ്രാൻസിസ് ചർച്ച് - S.N. പുരം	200		750		950	പഞ്ചായത്ത്	ഇല്ല
22.	"	N.H.47 - കണ്ടേക്കാട്ട്			400		400	പഞ്ചായത്ത്	ഇല്ല
23.	"	പാറകുന്നംവെളി S.N. പുരം ഹരിജൻ കോളനി റോഡ്			999		999	പഞ്ചായത്ത്	ഇല്ല
24.	"	കണ്ടേക്കാട്ട് - സ്ത: ഫ്രാൻസിസ് ചർച്ച്			207		207	പഞ്ചായത്ത്	ഇല്ല
25.	"	N.H.47 - പാണ്ടവത്ത്			210		210	പഞ്ചായത്ത്	ഇല്ല
26.	VI	കോസ്റ്റൽ - പുതുശ്ശേരി			600		600	പഞ്ചായത്ത്	ഇല്ല
27.	"	മറ്റപ്പിള്ളി റോഡ്	505		300		805	പഞ്ചായത്ത്	ഇല്ല
28.	"	കണ്ണകുളങ്ങര - കാട്ടേഴത്തുകോളനി			500		500	പഞ്ചായത്ത്	ഇല്ല
29.	"	N.H.47 - വള്ളക്കാഴത്ത്			210		210	പഞ്ചായത്ത്	ഇല്ല
30.	"	കൊങ്കേരികനാലിൽ നിന്ന് കിഴക്കോട്ട്			200		200	പഞ്ചായത്ത്	ഇല്ല
31.	"	ദിവ്യകാരുണ്യമഠം			600		600	പഞ്ചായത്ത്	ഇല്ല
32.	VII	N.H.47 -ചക്കംവേലി			1444		1444	പഞ്ചായത്ത്	ഇല്ല
33.	"	N.H.47 - കാക്കതുരുത്ത്	1000				1000	P.W.D.	ഇല്ല
34.	"	ചമ്മനാട് - ആനക്കോട്ടിൽ			500		500	പഞ്ചായത്ത്	ഇല്ല
35.	"	കാക്കതുരുത്തുറോഡ്-തെക്കെ പുലിത്തുട്ട് കോളനി			200		200	പഞ്ചായത്ത്	ഇല്ല
36.	"	ചക്കംവേലി-കാക്കതുരുത്തുറോഡ്			970		970	പഞ്ചായത്ത്	ഇല്ല
37	"	പൊങ്ങാകുളം-താമരപ്പുള്ളി			500		500	പഞ്ചായത്ത്	ഇല്ല
38	"	പൊങ്ങാകുളം-തോട്ടപ്പുള്ളി			210		210	പഞ്ചായത്ത്	ഇല്ല
39.	VIII	N.H.47 കുടപുറം		1250			1250	പഞ്ചായത്ത്	ഇല്ല
40.	"	കുടപുറം-ചക്കംവേലി			824		824	പഞ്ചായത്ത്	ഇല്ല
41.	"	എൻവീസ് ചക്കംവേലി-തനപ്പനത്ത്			210		210	പഞ്ചായത്ത്	ഇല്ല
42.	IX	പഴയ N.H. -പുതിയ N.H.47			200		200	പഞ്ചായത്ത്	ഇല്ല
43.	"	കുടപുറം-തെക്കുംതല			550		550	പഞ്ചായത്ത്	ഇല്ല
44.	"	കോന്നനാട്ട്-കോനാട്ട്			300		300	പഞ്ചായത്ത്	ഇല്ല
45.	"	MCH-പാലപ്പറമ്പ്			330		330	പഞ്ചായത്ത്	ഇല്ല
46.	"	കണ്ടേക്കാട്ട്-കൊടപുറം ഹരിജൻ കോളനി			183		183	പഞ്ചായത്ത്	ഇല്ല
47.	"	MCH സെന്റർ-ഒറ്റാറക്കൽ			265		265	പഞ്ചായത്ത്	ഇല്ല

48	IX	K. P. മുരളിറോഡ്			400		400	പഞ്ചായത്ത്	ഇല്ല
49	X	കുമ്പളങ്ങിറോഡ്-കിക്കരഹരിജൻകോളനി (വടക്ക്)			171		171	"	ഇല്ല
50	"	കുമ്പളങ്ങിറോഡ്-കിക്കര (തെക്ക്)			257		257	"	ഇല്ല
നിലവിലുള്ള റോഡുകളുടെ ഇനം തിരിച്ച് സംക്ഷിപ്തവിവരം									
പഞ്ചായത്തു വക റോഡ്-വാർഡ്		I		200	760	-	960		
		II		1500	2150	-	3650		
		III			1690	-	1690		
		IV			2134	-	2134		
		V	200		3556	-	3756		
		VI	505		2410	-	2915		
		VII	1000		3824	-	4824		
		VIII		1250	1034	-	2284		
		IX			2228	-	2228		
		X			428	-	428		
ആകെ പഞ്ചായത്തു വക റോഡ്			1705	2950	20214		24869		
ആകെ PWD വക റോഡ്			6200				6200		
ആകെ N.H. വക റോഡ്			2700				2700		
പഞ്ചായത്തതിർത്തിക്കുള്ളിൽ ആകെ നിലവിലുള്ള റോഡ്			10605	2950	20214		33769		

അനുബന്ധം - B
എഴുപുന്ന ഗ്രാമപഞ്ചായത്ത്
നിലവിലുള്ള കടത്ത് സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	കടത്തിന്റെ പേര്	കടത്തിൽ നിന്ന് പ്രതി വർഷ വരുമാനം	കടത്തിനു വേണ്ടി പ്രതി വർഷ ചെലവ്	മറ്റു വിവരങ്ങൾ
1	ചക്കരച്ചാൽ	5775		എഴുപുന്ന പഞ്ചായത്ത് 2-ാം വാർഡും, ചെല്ലാനം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നു. എഴുപുന്ന, ചെല്ലാനം പഞ്ചായത്തുകളുടെ സംയുക്ത അധീനതയിലുള്ളത്. നടത്തിപ്പ് ലേലം ചെയ്ത് പ്രതിവർഷവരുമാനം "നഥ 11,550/ രണ്ടു പഞ്ചായത്തുകളും തുല്യമായി വീതിച്ചെടുക്കുന്നു.
2	വെളുത്തുള്ളി	1600		എഴുപുന്ന പഞ്ചായത്ത് 10-ാം വാർഡും, അരൂർ പഞ്ചായത്തിലെ ചന്തിരൂരുമായി ബന്ധിപ്പിക്കുന്നു. എഴുപുന്ന പഞ്ചായത്ത് ലേലം ചെയ്തു നടത്തുന്നു.
3	ശ്രീനാരായണപുരം		9000	എഴുപുന്ന പഞ്ചായത്ത് 4ഉം 10ഉം വാർഡുകളെ 5-ാം വാർഡുമായി ബന്ധിപ്പിക്കുന്നു. വേതനാടിസ്ഥാനത്തിൽ നടത്തുന്നു.
4	കാക്കത്തുരുത്ത്		9000	എഴുപുന്ന പഞ്ചായത്തിലെ 7-ാം വാർഡും, 8-ാം വാർഡിലെ കാക്കത്തുരുത്തുമായി ബന്ധിപ്പിക്കുന്നു. വേതനാടിസ്ഥാനത്തിൽ നടത്തുന്നു.
5	എഴുപുന്ന-നീണ്ടകര		34500	എഴുപുന്ന പഞ്ചായത്തിലെ 2-ാം വാർഡിന്റെ കിഴക്കും, പടിഞ്ഞാറും ഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നീണ്ടകര-പാലം പണിയുന്നിടത്ത് വേതനാടിസ്ഥാനത്തിൽ നടത്തുന്നു.
6	എഴുപുന്ന-കുമ്പളങ്ങി			എഴുപുന്ന പഞ്ചായത്തിലെ ഒന്നും, പത്തും വാർഡുകളെ കുമ്പളങ്ങി പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നു. കുമ്പളങ്ങി പഞ്ചായത്തു തന്നെ ലേലം ചെയ്ത് ലേലാദായം പിടുത്ത് നടത്തുന്നു.
7	കുടപുറം			P.W.D. നടത്തുന്നു. എഴുപുന്ന പഞ്ചായത്തിലെ 8 ഉം 9 ഉം വാർഡുകളിൽപ്പെട്ട കുടപ്പുറത്തിനെ അരൂക്കുറ്റി പഞ്ചായത്തിൽപ്പെട്ട തൃച്ചാറ്റുകുളവുമായി ബന്ധിപ്പിക്കുന്നു.
	ആകെ	7,375	52,500	

അനുബന്ധം - C

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

ക്രമ നമ്പർ	വാർഡ് നമ്പർ	റോഡിന്റെ വിവരണം
1	I	ഒന്നാം വാർഡിന്റെ തെക്കെ അറ്റത്തുനിന്നും പേനാടി റോഡും PACT റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന തീരദേശസമാന്തര റോഡ്.
2	"	കുമാരപുരം റോഡ് തീരദേശറോഡുമായി ബന്ധിപ്പിക്കുക.
3	"	പുതുക്കുളങ്ങര വെളിക്കു പടിഞ്ഞാറോട്ട് തീരദേശത്തേക്ക് റോഡ്
4.	"	പപ്പം പറമ്പ് - മണിയങ്ങനാട്ട് കായൽ റോഡ്
5	"	ചെട്ടുതെരുവു റോഡ് പൂർത്തിയാക്കുക.
6	"	N.K. രാമന്റെ തെക്കുവശത്തുകൂടി പാണ്ടോത്തുകരിയിലേക്ക് റോഡ് നിർമ്മിക്കുക.
7	"	വാലയിൽ തെക്കുവശം കൂടി പടിഞ്ഞാറോട്ട് റോഡ്
8	"	വാടക്കകത്തു പള്ളിക്കു പടിഞ്ഞാറേക്ക് റോഡ്
9	II	ശ്രീനാരായണപുരത്തുനിന്ന് പടിഞ്ഞാറേക്കുള്ള റോഡ് നരിയാണ്ടിയുടെ പടിഞ്ഞാറെ അറ്റം വരെ ദീർഘിപ്പിക്കുകയും നരിയാണ്ടി വഞ്ചിപുരയ്ക്കൽ ഭാഗത്തുകൂടി വടക്കേ അറ്റത്തേക്ക് ഈ റോഡ് ബന്ധിപ്പിക്കുകയും ചെയ്യുക.
10	"	നീണ്ടകര സിമിത്തേരിയുടെ കിഴക്കുഭാഗത്ത് വടക്കോട്ട് പള്ളിമുറ്റം വഴി പടിഞ്ഞാറെവശം കൂടി വടക്കോട്ട് ഒരു റോഡ് നിർമ്മിക്കുക.
11	"	പെരേപറമ്പിൽ തോടിന്റെ വശത്തുകൂടി പടിഞ്ഞാറോട്ട് കായലുമായി ബന്ധിപ്പിച്ച് ഒരു റോഡ് നിർമ്മിക്കുക. ഈ റോഡ് വടക്കോട്ട് പുളിത്തറ ഭാഗത്തു നിന്ന് ആരംഭിച്ച് പേനാടി റോഡുമായി ബന്ധിപ്പിക്കുക.
12	"	വടക്കേ വീട്ടിൽ തരകന്റെ വടക്കുഭാഗത്തുകൂടി പടിഞ്ഞാറോട്ട് ഒരു റോഡ്
13	"	പുളിയപ്പള്ളിപുരയിടത്തിന്റെ വടക്കുഭാഗം ചേർന്ന് പടിഞ്ഞാറോട്ട് വെണ്ണത്തറയുമായി ബന്ധിപ്പിക്കുന്ന ഒരു റോഡ്
14	III	നിലവിലുള്ള പൊതു നടവഴികൾ റോഡാക്കിമാറ്റുക.
15	IV	ശ്രീനാരായണപുരത്തുനിന്ന് N.H.47ലേക്കുള്ള റോഡ് വീതികൂട്ടി വാഹനഗതാഗതയോഗ്യമാക്കുക.
16	"	റെയിൽവേഗേറ്റിനു പടിഞ്ഞാറുവശത്തുനിന്ന് വടക്കോട്ട് റെയിൽവേ ലൈനിനു സമാന്തരമായി ഒരു റോഡു നിർമ്മിക്കുക.
17	"	പാറായിപള്ളിക്കു വടക്കുമാറി P.W.D. റോഡിൽ നിന്നും കിഴക്കോട്ട് കന്യേഴത്തു പുരയിടത്തിലൂടെ കടന്ന് കിഴക്കേ റോഡുമായി ബന്ധിപ്പിക്കുക.
18	"	ആലുങ്കൽ കിഴക്കോട്ടു പോകുന്ന റോഡ് റെയിൽവെ ബ്രിഡ്ജിൽ മുട്ടിക്കുക.
19	"	പെരേപറമ്പിൽ കലുങ്കിൽ നിന്നും കിഴക്കോട്ട് വള്ളാംകുന്നത്ത് ലക്ഷംവീട് വഴി ഒരു റോഡ് നിർമ്മിച്ച് കിഴക്കെ റോഡുമായി ബന്ധിപ്പിക്കുക.

20	"	മഠത്തിക്കാട്ട് ഹരിജൻ കോളനിയിലൂടെ തെക്കുവടക്ക് ഒരു റോഡ് നിർമ്മിക്കുക. ഇത് P.W.D. റോഡുമായി ബന്ധിപ്പിക്കുക.
21	"	ശ്രീനാരായണപുരം സെൻറ് സേവ്യേർസ് ചാപ്പലിൻ കിഴക്കുവശം തെക്കുമാറി P.W.D. റോഡിൽ നിന്നും കിഴക്കോട്ട് ആലും വെളി വഴി ഒരു റോഡ് നിർമ്മിച്ച് കിഴക്കെ റോഡുമയി ബന്ധിപ്പിക്കുക.
22	"	S.C.B. 953ന് വടക്കുവശം കൂടി കിഴക്കോട്ട് ഒരു റോഡ് നിർമ്മിക്കുക.
23	"	കൊങ്കേരി പാലത്തിനടുത്തു നിന്ന് വടക്കോട്ട് കോളനിയുടെ മദ്ധ്യഭാഗത്തുകൂടി ഒരു റോഡ് നിർമ്മിക്കുക.
24	"	ശ്രീനാരായണപുരം - കണ്ടേക്കാട്ട്റോഡ് കോളനിയുമായി ബന്ധിപ്പിക്കുന്ന വിധം കിഴക്കോട്ട് കായൽ തീരംവരെ എത്തിക്കുക.
25	V	പറകുന്നം വെളി വഴി കോളനികളിലേക്ക് റോഡ് നിർമ്മിക്കുക.
26	VI	E.C.E.K. യൂണിയൻ ഹൈസ്കൂളിൻെറ വടക്കു ഭാഗത്തുള്ള റോഡ് പടിഞ്ഞാറോട്ട് കായൽ വരെയും വടക്കോട്ട് കോൺവെൻറ് വക സ്ഥലം വഴി മറ്റപ്പള്ളി റോഡുമായും, മറ്റപ്പള്ളി റോഡിൽ നിന്നും ഭഗവതിക്കൽ റോഡും പാലത്തുങ്കൽ റോഡുമായും, മറ്റപ്പള്ളി റോഡിൽ നിന്ന് ചേന്നമന ഭാഗത്തു കൂടി വടക്കോട്ടു വന്ന് പഞ്ചായത്തിൻെറ പടിഞ്ഞാറെ ഭാഗത്തുകൂടി തെക്കോട്ടുകിടക്കുന്ന റോഡുമായും ബന്ധിപ്പിക്കുക.
27	"	N.H.47ൽ നിന്നും കാട്ടേഴത്തു കോളനി വരെയുള്ള കൺസൻറ് തന്ന ഭൂമിയിലൂടെ കായലോരം വരെ റോഡ് നിർമ്മിക്കുക.
28	"	N.H.47 ൽ നിന്നും കൃഷ്ണംവെളി തെക്കുഭാഗത്തു കൂടി റോഡ് നിർമ്മിക്കുക.
29	"	കോയിക്കൽ പുരയിടത്തിൽ നിന്നും ചാലുങ്കൽ കടവിലേക്ക് റോഡ് നിർമ്മിക്കുക.
30	"	S.C.S. 1175 നു പടിഞ്ഞാറോട്ടു വന്ന് പുതുശേരി റോഡുമായും, പുതുശ്ശേരി റോഡ് മുക്കാപറമ്പുഭാഗത്തു നിന്ന് കായലോരത്തേക്കും റോഡ് നിർമ്മിക്കുക.
31	VII	താമരപ്പള്ളി റോഡ് കാക്കത്തുരുത്തു റോഡുമായി ബന്ധിപ്പിക്കുക.
32	"	ചക്കംവേലി റോഡ് കായൽ തീരവുമായി ബന്ധിപ്പിക്കുക.
33	"	ചമ്മനാട്-കൊച്ചുതററോഡ് കാക്കത്തുരുത്തു റോഡുമയി ബന്ധിപ്പിക്കുക.
34	"	താമരപ്പള്ളിറോഡ് തോട്ടപ്പള്ളിറോഡുമായി ബന്ധിപ്പിക്കുക.
35	"	കണ്ണുകുളങ്ങര നിന്നും കിഴക്കോട്ട് താമരപ്പള്ളി റോഡുമയി ബന്ധിപ്പിക്കുക.
36	"	പൈങ്ങാകുളം - തോട്ടപ്പള്ളി റോഡ് പൂർത്തിയാക്കുക.
37	"	കാക്കത്തുരുത്തു കടവിൽ വാഹനങ്ങൾ തിരിക്കുന്നതിൻ "T" കട്ട് നിർമ്മിക്കുക.
38	VIII	കാക്കത്തുരുത്തിൽ തെക്കു വടക്ക് ഒരു റോഡും ഈ റോഡിനെ കടത്തുകടവുമായി ബന്ധിപ്പിക്കുന്ന ഒരു പോക്കറ്റ് റോഡും നിർമ്മിക്കുക.
39	"	ചക്കംവേലി റോഡ് ചക്കംവേലി കടവുവരെ നീട്ടുക.
40	"	8-ാം വാർഡിലെ തുരുത്തുകൾ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ നിർമ്മിക്കുക.
41	"	8-ാം വാർഡിൻെറ ഇരുവശങ്ങളിലും ഉള്ള തോട്ടപ്പള്ളി റോഡും കൊടപ്പുറം റോഡും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഒരു തീരദേശ റോഡ് നിർമ്മിക്കുക.

42	"	കാക്കത്തുരുത്തിലെ മട്ടപ്പള്ളികോളനി താമരപ്പള്ളി കോളനി ഇവകളിലെ ഇടവഴികൾ സഞ്ചാരയോഗ്യമാംവിധം പൂഴി ഇടുക. മുഖ്യവഴിയുമായി ഇതു ബന്ധപ്പെടുത്തുക.
43	IX	കൊച്ചുവെളിയിൽ നിന്നു കിഴക്കോട്ട് കോന്നനാട്ടു റോഡുമായി ബന്ധിപ്പിക്കുന്ന റോഡ്, കണ്ടേക്കാട്ടു നിന്നു കിഴക്കോട്ടുള്ള റോഡ് പെരുന്തോടു പാലവുമായി ബന്ധിപ്പിക്കുന്നതിനും, K.P. മുരളീധരൻ - റോഡ് പാലപ്പറമ്പ് റോഡുമായി ബന്ധിപ്പിക്കുക, കിഴക്കോട്ട് കൊന്നനാട്ടുമായി ബന്ധിപ്പിക്കുക.
44	"	ഹെൽത്ത് സെൻററിൻെറ കിഴക്കുവശത്തു നിന്നും വടക്കോട്ട് പാലപ്പറമ്പിലേക്കു പോകുന്ന സ്ഥലത്തിൻെറ വീതികൂട്ടുക.
45	"	കൊച്ചുവെളി - കോന്നനാട്ട് - തഴുപ്പ് റോഡ് നിർമ്മിക്കുക.
46	"	കോന്നനാട്ട് ക്ഷേത്രത്തിൻെറ വടക്കു വശത്തു കൂടി പടിഞ്ഞാറോട്ട് പാല പ്പറമ്പുമായി ബന്ധിപ്പിക്കുന്ന നടപ്പാത നിർമ്മിക്കുക.
47	"	N.H.47 - കണ്ടേക്കാട്ട് റോഡ് കോളനിയുമായി ബന്ധിപ്പിക്കുക.
48	X	10-ാം വാർഡിൽ ശ്രീനാരായണപുരം കിഴക്കുനിന്ന് തീരപ്രദേശം വഴി വടക്കോട്ട് വടക്കേ കടവുവരെ ഒരു റോഡ് നിർമ്മിക്കുക.
49	"	തച്ചവീട് കോളനി വഴി റോഡ് നിർമ്മിക്കുക.
50	"	കുമ്പളങ്ങി കടത്തുകടവിനു കിഴക്കോട്ട് ഒരു റോഡോ ഫുട്ട്പാത്തോ നിർമ്മിക്കുക.
51	"	സെൻറ്മേരീസ് പള്ളിക്കു വടക്കുവശത്തുനിന്നും കിഴക്കോട്ട് കരീത്തറ കോളനി വഴി വെളത്തുള്ളി - ചന്തിരൂർ കടത്തു കടവു വരെയുള്ള റോഡ് പൂർത്തീകരിക്കുക.
52	"	ശ്യാമളാലയത്തിന് വടക്കുഭാഗം കൂടി കിഴക്കോട്ടുള്ള റോഡ് പൂർത്തിയാക്കുക.
53	"	ധീവരസഭയുടെ തെക്കുഭാഗത്തു നിന്ന് തച്ചവീട് - I.H.D.P. കോളനിയിൽ കൂടി കായൽ തീരം വരെ റോഡ് നിർമ്മിക്കുക.
54	"	S.N.D.P. ഓഫീസിൻ തെക്കുവശത്തു നിന്ന് കിഴക്കോട്ട് കായലോരം വരെ റോഡ് നിർമ്മിക്കുക.
55	"	പുതുക്കുളങ്ങര വെളിയുടെ വടക്കുഭാഗത്തു നിന്ന് കിഴക്കോട്ട് കായൽതീരം വരെ റോഡ്.
56	"	പുതുക്കുളങ്ങര വെളിയുടെ തെക്കുവശത്തു നിന്ന് കിഴക്കോട്ട് കായൽത്തീരം വരെ റോഡ്.

അനുബന്ധം - D
പുതുതായി നിർമ്മിക്കേണ്ട പാലങ്ങൾ

ക്രമനമ്പർ	വിവരണം
1	റെയിൽവേ സ്റ്റേഷനു സമീപത്തുള്ള റെയിൽവേ ഗേറ്റിൻെറ സ്ഥാനത്തു P.W.D. റോഡിൽ ഓവർ ബ്രിഡ്ജ് നിർമ്മിക്കുക.
2	എഴുപുന്നു - കുമ്പളങ്ങി പാലം നിർമ്മിക്കുക.
3	എരമല്ലൂർ - കാക്കത്തുരുത്തു പാലം നിർമ്മിക്കുക.

4	ശ്രീനാരായണപുരത്ത് വെളുത്തുള്ളി - കൊങ്കേരി തോടിനു കുറുകെ പാലം നിർമ്മിക്കുക.
5	ചക്കരച്ചാലിൽ പാലം നിർമ്മിക്കുക.
6	വെളുത്തുള്ളി പാലം നിർമ്മിക്കുക.
7	തൈത്തറ തോട്ടിൽ പാലം നിർമ്മിക്കുക.
8	എഴുപുന്ന - നീണ്ടകര പാലം പണി എത്രയും വേഗം പൂർത്തിയാക്കുക.
9	തട്ടാരിതോടിന്റെ കിഴക്കുവശമുള്ള കോൺക്രീറ്റ് പാലം പുതുക്കിപണിത് സഞ്ചാരയോഗ്യമാക്കുക.
10	കാക്കത്തുരുത്തിൽ വെളുപ്പകരി തോടിനു തെക്കുഭാഗത്ത് ഒരു പാലം നിർമ്മിക്കുക.
11	തോടുകൗക്കു കുറുകെ സഞ്ചാരയോഗ്യമായ കലുങ്കുകളും പാലങ്ങളും നിർമ്മിക്കുക.
12	എരമല്ലൂർ കവലയിൽ ഒരു ഓവർ ബ്രിഡ്ജ് നിർമ്മിക്കുക.
13	6-ഉം 3-ഉം വാർഡുകൗം തമ്മിൽ യോജിപ്പിക്കുന്ന കൂവക്കാട്ടു ഫെറിയിൽ പാലം നിർമ്മിക്കുക.

അനുബന്ധം - E
ടാർ ചെയ്യേണ്ട നിലവിലുള്ള റോഡുകൗം

ക്രമനമ്പർ	വാർഡ് നമ്പർ	റോഡിന്റെ വിവരണം
1	I	വാർഡിൽ നിലവിലുള്ള എല്ലാ റോഡുകളും.
2	II	കുറിയാക്കോസ് റോഡ് (എഴുപുന്ന - നീണ്ടകര).
3	III	വാർഡിൽ നിലവിലുള്ള എല്ലാ റോഡുകളും (കൂവകാട്ട്,)
4	IV	ശ്രീനാരായണപുരം - കണ്ടേക്കാട്ട് റോഡ്.
5	IV	പ്രധാനപ്പെട്ട മറ്റ് എല്ലാ റോഡുകളും.
6	V	കൊങ്കേരിയിൽ നിന്നും - കൊരമ്പത്തു കോളനിയിലേക്കുള്ള റോഡ്.
7	V	K.P.M.S. ശാഖാ ഓഫീസിനു സമീപത്തു കൂടി പടിഞ്ഞാറേക്കുള്ള റോഡ്.
8	V	വാർഡിൽ നിലവിലുള്ള മറ്റ് എല്ലാ റോഡുകളും
9	VIII	വാർഡിൽ നിലവിലുള്ള എല്ലാ റോഡുകളും.
10	IX	കൊച്ചുവെളി റോഡ്
11	,,	കോന്നനാട്ടു റോഡ്
	X	നിലവിലുള്ള എല്ലാ റോഡുകളും.

അനുബന്ധം - F
പുതിയ ബസ്സ് സർവ്വീസുകൗംക്കുവേണ്ടിയുള്ള നിർദ്ദേശങ്ങൗം

ക്രമനമ്പർ	വിവരണം
1	പ്രൈവറ്റ് ബസ്സുകൗം ഇല്ലാത്ത എരമല്ലൂരിനും തുറവൂരിനും ഇടയിൽ കാക്കത്തുരുത്തിൽ നിന്നും ചേർത്തലയിലേക്ക് ബസ് സർവ്വീസ് ആരംഭിക്കുക.
2	ചെല്ലാനം - എഴുപുന്ന വഴി ബസ് സർവ്വീസ് ആരംഭിക്കുക.

3	എരമല്ലൂർ വഴി കുമ്പളങ്ങി - ചേർത്തല, കുമ്പളങ്ങി - ആലപ്പുഴ, കുമ്പളങ്ങി - തിരുവനന്തപുരം ബസ് സർവ്വീസുകൾ ആരംഭിക്കുക.
4	കുടപുറത്തു നിന്ന് ബസ് സർവ്വീസ് ആരംഭിക്കുക.
5	നിലവിലുള്ള പ്രൈവറ്റ് ബസ്സുകളിൽ ലിമിറ്റഡ് സ്റ്റോപ്പുകൾ കൊച്ചു വെളി കവലയിൽ നിറുത്തുന്നതിനു നടപടി സ്വീകരിക്കുക.
6	കുമ്പളങ്ങി - ചേർത്തല ബസ് സർവ്വീസ് നന്നേ കുറവായതിനാൽ കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുക.

അനുബന്ധം - G
എഴുപുന്ന ഗ്രാമപഞ്ചായത്ത്
റോഡ് സംരക്ഷണവും ഗതാഗത സൗകര്യങ്ങളും മെച്ചപ്പെടുന്നതിന് ഗ്രാമസഭകളിൽ നിന്നുള്ള നിർദ്ദേശങ്ങൾ.

ക്രമനമ്പർ	നിർദ്ദേശങ്ങൾ
1	പൊട്ടി പൊളിഞ്ഞതും താറുമാറായും കിടക്കുന്ന റോഡുകളിൽ അടിയന്തിരമായി അറ്റകുറ്റപണികൾ നടത്തുക.
2	വെള്ളം കെട്ടി നിൽക്കുന്ന സ്ഥലങ്ങളിലെ റോഡുകൾക്കരുകിൽ കാനകൾ നിർമ്മിക്കുക. അതിനു വേണ്ടി ആവശ്യമുള്ള സ്ഥലങ്ങളിൽ റോഡിന്റെ വീതി വർദ്ധിപ്പിക്കുക.
3	വെള്ളകെട്ടുകൾ കാരണം വഴിയാത്ര ദുരിതമായ സ്ഥലങ്ങളിലുള്ള തോടുകൾ ആഴത്തിലും വീതിയിലും വെട്ടി കലുങ്കുകൾ കെട്ടിയും തൂമ്പുകൾ ഇട്ടും വെള്ളം ഒഴുകിപ്പോകാൻ സംവിധാനം ഉണ്ടാക്കണം.
4	തോടുകൾക്ക് കുറുകെ പാലങ്ങൾ നിർമ്മിക്കുക.
5	കാക്കത്തുരുത്ത് ലക്ഷം വീട് കോളനിയിൽ പഞ്ചായത്തു കുളത്തിന്റെ പടിഞ്ഞാറുഭാഗം കല്ലുകെട്ടി സുരക്ഷിതമാക്കുക.

അനുബന്ധം - H
എഴുപുന്ന ഗ്രാമപഞ്ചായത്ത്
പഞ്ചായത്ത് പ്രദേശത്തു വൈദ്യുതി വിതരണം ചെയ്യുന്ന ട്രാൻസ്ഫോർമറുകൾ

ക്രമ നമ്പർ	ട്രാൻസ്ഫോർമർ സ്റ്റേഷന്റെ പേര്	കപ്പാസിറ്റി K.V.A.	വൈദ്യുതി നൽകുന്ന 11 K.V. ഫീഡറിന്റെ പേര്	വൈദ്യുതി നൽകുന്ന സബ് സ്റ്റേഷന്റെ പേര്
1	ഷഹിത	100	കുത്തിയതോട്	110 K.V. അരൂർ
2	അരാഫാ	100	"	"
3	R.F.I.	100	"	"
4	നീനാ ഐസ്	100	"	"
5	പിള്ള മുക്ക്	100	"	"
6	സീഗോൾഡ്	100	"	"
7	മിഥില	100	"	"

8	കരമന	250	"	"
9	പേ൯ ഫുഡ്	500	"	"
10	കുടപുറം	63	"	"
11	കുന്നത്ത്	100	"	"
12	പ്രിമിയർ മൈറൈൻ	100	"	"
13	സജീവ് മൈറൈൻ	160	"	"
14	ആലുങ്കൽ ഐസ്	100	"	"
15	ഫോർ ബ്രൈറ്റ്	100	"	"
16	N.K. രാമൻ	100	കരി	"
17	പേ൯പ്ലാസ്റ്റിക്ക്	100	"	"
18	ശ്രീനാരായണപുരം	100	"	"
19	എഴുപുന്ന ഐസ്	250	"	"
20	ഹിന്ദുസ്ഥാൻ ഫുഡ്സ്	250	"	"
21	എഴുപുന്ന തെക്ക്	100	കരി	66 K.V. ചേർത്തല
22	എഴുപുന്ന വടക്ക്	100	"	"
23	നീണ്ടകര	100	"	"
	ആകെ കപ്പാസിറ്റി	3173 K.V.A.		

അനുബന്ധം - I

എഴുപുന്ന ഗ്രാമപഞ്ചായത്ത്

വൈദ്യുതി സംബന്ധിച്ച വിവരങ്ങ൯.

1 നിലവിലുള്ള ഉപഭോക്താക്കൾ

a.	ഗാർഹികം Nos:	3385	
b.	വ്യാപാരം "	480	
c.	വ്യാവസായികം "	80	
d.	കാർഷികം "	52	
	ആകെ "	3997	

2 കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകരുടെ എണ്ണം

				അവസാനം നല്കിയ കണക്ഷന്റെ അപേക്ഷാ തീയതി.
a.	ORDINARY	Nos:	424	O.H. 1-10-91 W/P. 1-10-93
b.	OTP	"	9	O.H. 30-5-95 W/P. 6-1-96

		c. OYEC	"	58		O.H. 1-1-96 W/P. 24-8-96	
		ആകെ	"	491			
3	സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം				40 W.	60 W.	80 W.	ആകെ
		a. ബൾബ്	Nos:		138	20		158
		b. ട്യൂബ്	"		-	-	81	81
		c. മെർക്കുറിവേപ്പർ	"		-	8	3	11
		d. സോഡിയം വേപ്പർ-	-		-	-		
		ആകെ	Nos:		138	28	84	250
4	ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ Nos: 7							
5	തൻവർഷത്തെ കണക്ഷൻ	a) ORDINARY	Nos:	14				
		b) OTP	"	114				
		c) OYEC	"					
		ആകെ	Nos:	128				
6	L.T. ട്രാൻസ്ഫോർമറുകളുടെ പേരുകൾ അനുബന്ധം H -ൽകാണിച്ചിരിക്കുന്നു							
7	സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പ്രതിമാസം അടക്കുന്ന തുക Rs. 4,143.00							

അനുബന്ധം - J

എഴുപുന്ന ഗ്രാമപഞ്ചായത്ത്

നിലവിലുള്ള തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരങ്ങൾ.

			വിളക്കുകളുടെ എണ്ണം			
വാട്ടേജ്	ജ്വലിക്കുന്ന മണിക്കൂറുകൾ	മെർക്കുറി വേപ്പർ ലാമ്പ്	ഫ്ലൂറസന്റ് ലാമ്പ്	ബൾബ്	മുള്ളവ	ആകെ
40	6	-	-	103	-	103
40	12	-	-	35	-	35
60	6	8	-	-	-	8
60	12	-	-	20	-	20
80	12	3	81	-	-	84
	ആകെ	11	81	158	-	250

തെരുവുവിളക്ക് വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിവർഷം ചെലവ് Rs. 49,716.00

വരുമാനത്തിന്റെ എത്ര ശതമാനം:- 1.92%

അനുബന്ധം - K

എഴുപുന്ന ഗ്രാമപഞ്ചായത്ത്

വൈദ്യുതീകരിച്ച കോളനികളെ സംബന്ധിച്ച വിവരങ്ങൾ.

ഹരിജൻ കോളനി			ലക്ഷം വിട് കോളനി		
ക്രമനമ്പർ	വാർഡ് നമ്പർ	കോളനികളുടെ പേര്	ക്രമനമ്പർ	വാർഡ് നമ്പർ	കോളനികളുടെ പേര്
1	II	നരിയാണ്ടി	1	III	കോങ്കേരി (വളവങ്കേരി)
2	III	കണ്ണാട്ടുതറ	2	V	കൊരമ്പത്ത്
3	IV	മടത്തിക്കാട്	3	VI	പുതുശേരി
4	V	അംബദ്കർ	4	VI	കാട്ടേഴത്ത്
5	IX	കോന്നനാട്			

"കേന്ദ്രത്തിലിരിക്കുന്ന ഇരുപതാളുകൾ നിർവ്വഹിക്കപ്പെടാവുന്നതല്ല ശരിയായ ജനായത്തം അത് ഓരോ ഗ്രാമത്തിലേയും ജനങ്ങളാൽ താഴെ നിന്ന് നിർവ്വഹിക്കപ്പെടണം"

- മഹാത്മാഗാന്ധി.

5.7

പാർപ്പിടവും - സാമൂഹ്യക്ഷേമവും

പാർപ്പിടം.



ദ്യാഭ്യാസപരവും സാംസ്ക്കാരിക പരവുമായി ഏറെ മുന്നിൽ നില്ക്കുന്ന എഴുപുന്ന പ്പഞ്ചായത്ത് എഴുപുന്ന അരൂർ വില്ലേജുകൾ കൂടിചേർന്നതാണ്. കഴിഞ്ഞ കാലം വരെ കാർഷിക മേഖലക്ക് മുൻ തൂക്കമുണ്ടായിരുന്നു. നെല്ല്, നാളികേരം എന്നിവ പ്രധാനകൃഷിയായിരുന്നു. കാർഷിക രംഗത്തെ തകർച്ച നെൽവയലുകളെ ചെമ്മീൻ കൃഷിച്ചാലുകളാക്കി. ഇതുമായി ബന്ധപ്പെട്ട് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ ഏറെയുണ്ട്. വർദ്ധിച്ച വരുമാനം മൂലം ജീവിതസൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ട്.

കയർ-കാർഷിക-മത്സ്യ തൊഴിലാളികളും സാധാരണക്കാരും തിങ്ങിപ്പാർക്കുന്ന പ്രദേശമാണിത്. പടുകൂറ്റൻ വ്യവസായങ്ങളുടെ കെട്ടിടങ്ങൾ അങ്ങിങ്ങായി തലയുയർത്തി നില്ക്കുന്നു. ഈ പശ്ചാത്തലത്തിൽപ്പോലും പാർപ്പിട സൗകര്യം തുലോം വിരളമാണ്. എറണാകുളം, കൊച്ചി പ്രദേശങ്ങളിൽ നിന്ന് ജനങ്ങൾ ഇങ്ങോട്ടേക്ക് പ്രവഹിക്കുന്നു. ഒരു തോടുകൊണ്ടു മാത്രമാണ് ആലപ്പുഴ-എറണാകുളം ജില്ലകളെ വേർതിരിക്കുന്നത്.

ഓലയും പനമ്പും ഉപയോഗിച്ച് മറച്ചതും, മരനിരകളോടുകൂടിയതും ഓലമേഞ്ഞതുമായ വീടുകൾ സുലഭമായിരുന്നു. നാലുകെട്ടുകളും, എട്ടുകെട്ടുകളും ഓലമേഞ്ഞതിൽ ഉൾപ്പെടുമായിരുന്നു. ഇന്നും ചില വീടുകൾ ഓലമേഞ്ഞതായുണ്ട്. കുടിലുകളുടെ സ്ഥാനത്ത് വീടുകൾ പലതും ഉയർന്നു കഴിഞ്ഞു. രണ്ടുമുറികളും, അടുക്കളയും വരാന്തയും ചേർന്ന കുറഞ്ഞ സൗകര്യത്തോടുകൂടിയ വീടുകളാണ് അവയിൽ പലതും. സർക്കാർ അർദ്ധസർക്കാർ മേഖലയിൽ പണിയെടുക്കുന്ന ആളുകൾ പലവിധ ഏജൻസികൾ മുഖേന വായ്പ എടുത്താണ് മെച്ചപ്പെട്ട വീടുകൾ തീർത്തിരിക്കുന്നത്. പിന്നെ വിദേശ ജോലിക്കാരും.

6804 വീടുകൾ ഈ പഞ്ചായത്തിൽ ഉള്ളതിൽ 2144 വീടുകൾ ഭേദപ്പെട്ടതും 3055 വീടുകൾ ഇടത്തരവും 1605 വീടുകൾ ഓലയോ ഷീറ്റോ കൊണ്ട് മേഞ്ഞതുമാണ്. ഇതിൽ 610 വീടുകൾ മൊസൈക്ക്-മാർബിൾ എന്നിവകൊണ്ടും 4343 വീടുകൾ സിമൻറ് കൊണ്ടും ബാക്കി 1835 വീടുകൾ തിണ്ണതല്ലി ചാണകം മെഴുകിയതും ആണ്. വെറും മണൽ മാത്രം തറയുള്ള കുടിലുകളും കാണാം.

വീടുകളുടെ തരം തിരിച്ചുള്ള പട്ടിക
വാർഡുതലത്തിൽ

വാർഡ്	ഓട്	ടെറസ്സ്	ഓല	ഇരുനില	ഷീറ്റ് കൂടിൽ	ആകെ
1	472	15	92	2	10	591
2	463	35	87	3	14	602
3	419	69	53	2	9	552
4	548	40	84	6	16	694
5	679	69	43	3	30	824
6	570	130	47	7	15	769
7	550	59	73	7	17	706
8	589	112	67	6	13	787
9	508	93	77	7	12	697
10	516	14	54	5	12	601
ആകെ	5314	636	677	48	148	6823

പഞ്ചായത്തിലെ 10 വാർഡുകളിലായി 91-92 വർഷം മുതൽ നിർമ്മിച്ച വീടുകളിൽ ഭൂരിഭാഗവും ഇടത്തരം വീടുകളായിരുന്നു. വീടു നിർമ്മാണവുമായി ബന്ധപ്പെട്ട നിർമ്മാണ രംഗത്ത് ചിലവ് വളരെയധികം വർദ്ധിച്ചതായി കാണുന്നു. ഭവന നിർമ്മാണ മത്സരം ആവശ്യത്തിൽ കവിഞ്ഞ നിർമ്മാണ ചെലവിന് പ്രേരിപ്പിക്കുകയും താങ്ങാനാവാത്ത സാമ്പത്തിക ഭാരവും വരുത്തിവയ്ക്കുന്നു. കൃഷി നിലങ്ങൾ നികത്തി വീടു വയ്ക്കുന്ന പ്രവണത മറ്റെല്ലായിടങ്ങളിലേയും പോലെ ഇവിടെയുമുണ്ട്. ഇത് മന:പൂർവ്വമല്ല. ഇടമില്ലാത്തതു തന്നെ ഇതിനു കാരണം. ഭവന നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്നത് കുത്തിയതോട് ഹൗസിങ് സൊസൈറ്റി, ചേർത്തല കാർഷിക സഹകരണ ബാങ്ക് ഹൗസിങ് ബോർഡ് എന്നിവയാണ്. അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥകളും, യഥാ

സമയത്ത് വായ്പകിട്ടാൻ വരുന്ന താമസവും സാധാരണക്കാരന് വിഷമഘട്ടം സൃഷ്ടിക്കുന്നു. സാധാരണകാരന് കടന്നു ചെല്ലാവുന്നവിധം ഇവയൊക്കെ പരിഷ്ക്കരിക്കേണ്ടതുണ്ട്. അതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കപ്പെടാവുന്നതാണ്.

നിർദ്ദേശങ്ങൾ

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.
2. വ്യവസ്ഥകൾ ലഘൂകരിക്കണം.
3. കാലതാമസം കൂടാതെ വായ്പതരുമാറാകണം.
4. പലിശ നിരക്ക് 12%ന് താഴെയായി നിജപ്പെടുത്തണം.
5. പഞ്ചായത്ത് മുൻകൈ എടുത്ത് പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടുകൂടി വീടു നിർമ്മിച്ചു നൽകുക
6. സാമ്പത്തിക സൗകര്യം കുറഞ്ഞവർക്ക് പ്രത്യേക ആനുകൂല്യം ഏർപ്പെടുത്തണം.

A വീടില്ലാത്തവർ

പ്രശ്നം:- ഈ പഞ്ചായത്തിൽ 1800 ഓളം കുടുംബങ്ങൾ വീടില്ലാത്തവരാണ്. വീടില്ലാത്തവരുടെ കണക്കെടുക്കുമ്പോൾ കുടിലുകളുടെ കണക്കാണ് ഇന്നെടുത്തുപോരുന്നത്. വീടു നിർമ്മിക്കാൻ സർക്കാർ-ബ്ലോക്ക്-പഞ്ചായത്തുകൾ ധനസഹായം നല്കുമ്പോൾ വീട്ടുനമ്പരും മറ്റും ഉണ്ടായിരിക്കണം എന്ന നിബന്ധന നിലനില്ക്കുന്നു. അതു ശരിയല്ല. വീടില്ല. രണ്ടു സെൻറ് സ്ഥലം നിലവിലുണ്ട് അവർക്കു വീടു വേണ്ടേ? കൂട്ടുകുടുംബമായി മൂന്നാം താമസിക്കുന്നു. മറ്റു രണ്ടു കുടുംബങ്ങൾക്ക് വീടു വേണ്ടേ? വീടില്ലാത്തവരുടെ കണക്കെടുക്കുമ്പോൾ കൂട്ടുകുടുംബത്തിലെ വീടാവശ്യമുള്ളവരേയും, താമസയോഗ്യമല്ലാത്ത ജീർണ്ണിച്ച വീടുള്ളവരെയും വീടില്ലാത്തവരായി കണക്കിൽപ്പെടുത്തണം. വീടും സ്ഥലവും സ്വന്തമായില്ലാത്തവരുടെ ദുരവസ്ഥക്കും പരിഹാരം കാണണം. I.R.D.P. ലിസ്റ്റിൽ പേരുള്ളവർക്കു നല്കുന്ന സമ്പ്രദായവും മാറണം. സർക്കാർ ഏജൻസി മുഖേന പഞ്ചായത്തിൽ ലഭ്യമാകുന്ന വീടുകളുടെ എണ്ണം വളരെ മോശപ്പെട്ടതാണ്. എല്ലാ വിഭാഗക്കാർക്കും വീടുകിട്ടാനുള്ള സാദ്ധ്യത വൈകിക്കൂടാ. SC/ST വിഭാഗങ്ങൾക്ക് മുൻഗണന കൊടുത്തേ പറ്റൂ. ദുർബല ജനവിഭാഗങ്ങൾക്ക് നല്കുന്ന വീടുകൾ വാർഡ് ഒന്നിന് ഒന്നു പോലും ആകുന്നില്ല. ഇതിനു ശാശ്വതമായ പരിഹാരം കാണണം.

നിർദ്ദേശം: ജനകീയാവശ്യങ്ങളിൽ പ്രഥമ സ്ഥാനത്തുതന്നെയാണ് പാർപ്പിട പ്രശ്നം. ആർ. എൽ. ഇ. ജി. പി., എൻ. ആർ. ഇ. പി. ഐ, ഏ. വൈ, ജെ. ആർ. വൈ, എം. ഡബ്ല്യൂ. എസ്, എന്നീ പദ്ധതിവായ്പകളും രാജീവ് ദശലക്ഷ പാർപ്പിടപദ്ധതി, മൈത്രി ഭവന നിർമ്മാണപദ്ധതി എന്നിവയുടെയും തുക വർദ്ധിപ്പിക്കണം. സാങ്കേതി ബുദ്ധിമുട്ടു മാറ്റണം.

B. ധനസഹായത്തുക കണക്കാക്കൽ:

പ്രശ്നം:- പദ്ധതി വായ്പകൾക്കും, ഭവനനിർമ്മാണ ധനസഹായത്തിനും ഏതാണ്ട് ഇന്ത്യയൊട്ടുക്ക് സ്ഥല കാല പരിതസ്ഥിതികൾ നോക്കാതെ ഒരേ അളവിലാണ് കൊടുത്തുപോരുന്നത്. ഇത് ഒരു പുനർചിന്തനത്തിന് വിധേയമാക്കണം. കേരളം എടുത്തു പരിശോധിക്കാം. മലയോരവും തീരവും രണ്ടായി തിരിക്കാം. മലനാട്ടിലും തീരദേശത്തും ഒരേ പ്രകൃതിയിലുള്ള വീടുവക്കുന്നതിന് ചെലവ് ഒരു പോലെയാണോ? അല്ല. മലനാട്ടിൽ അടിത്തറക്കുള്ള ചെങ്കല്ല് അഥവാ കരിങ്കല്ല്, പൂഴി, ഉരുപ്പടികൾക്കുള്ള മരം എന്നിവ ചെലവ് വരാത്ത വിധം തന്നെ കിട്ടുന്നു. തീരദേത്ത് ഇവയെല്ലാം മലനാട്ടിൽ നിന്നുവേണം വിലക്കെടുത്തുകൊണ്ടുവരാൻ, രണ്ടു കൂട്ടർക്കും വീടുവയ്ക്കാൻ 22000 രൂപയും, തെങ്ങിനും കമുങ്ങിനും ഒരേ തളപ്പിടുന്ന രീതിയാണിത്. ഇതു മാറണം.

നിർദ്ദേശം:- വിഭവ സമാഹരണം കൂടുതൽ നടത്താവുന്ന മലനാട്ടിൽ ഭവനനിർമ്മാണത്തിന് നല്കുന്ന തുകയേക്കാൾ കൂടുതൽ തുക തീരപ്രദേശങ്ങളിലെ ഭവന നിർമ്മാണത്തിന് അനുവദിക്കുന്നതിനുള്ള നടപടി ഉണ്ടാകണം. മൊത്തം തുക ചിലവിൻെറ അടിസ്ഥാനത്തിൽ വീതിച്ചാൽ ഫണ്ടു തുക അധികരിക്കാതെ തന്നെ പ്രശ്ന പരിഹാരമാവും.

സിമൻറ്, കമ്പി തുടങ്ങിയവ സർക്കാർ ഉടമയിൽ സപ്ളൈചെയ്യുക. മറ്റു സാമഗ്രികളും കൂട്ടായി സ്വരൂപിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തു മുഖേന നടപ്പാക്കണം. വീടു നിർമ്മിക്കുന്നതിനുള്ള തുകക്ക് പരിധി ഏർപ്പെടുത്തണം.

മറ്റു ദിശകൾ:- റവന്യ വകുപ്പുവഴി പ്രകൃതി ക്ഷോഭത്താൽ വീടു നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം പഞ്ചായത്തിൽ ലഭിക്കുന്നത് അപര്യാപ്തമാണ്. പഞ്ചായത്തിൽ ആറ് ഹരിജൻ കോളനികളിലായി 186 കുടുംബങ്ങളും 934 വീടുകളിലായി 4791 അംഗങ്ങളും താമസിക്കുന്നു.

പുതിയ തീരദേശ സംരക്ഷണനിയമം സങ്കീർണ്ണമായ പ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. ഭവന നിർമ്മാണരംഗത്ത് ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുക്കാൻ വാർഡുതലത്തിൽ ഗുണഭോക്താക്കളുടെ ഒരു സമിതിക്ക് രൂപം കൊടുക്കുന്നത് ഉചിതമായിരിക്കും. ശരിയായ ബോധനം ഈ രംഗത്ത് അത്യന്താപേക്ഷിതമാണ്. പ്രാദേശിക വിഭവ സമാഹരണത്തിന് മുൻതൂക്കം നല്കികൊണ്ടു വേണം മുന്നോട്ടു നീങ്ങാൻ. അതിനു ശേഷമേസർക്കാർ ഫണ്ട് ഉപയോഗിക്കാവൂ. സ്ഥലകാല സാഹചര്യങ്ങൾക്കനുസൃതമായി നിരവധി പ്രശ്നങ്ങൾ പാർപ്പിടരംഗത്തെ അലട്ടുന്നുണ്ട്. പരിഹാരം വൈകാതെ കണ്ടേ മതിയാവൂ.

നിർദ്ദേശങ്ങൾ:-

1 പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ ധനസഹായ സ്ഥാപനങ്ങൾ ഉണ്ടാവുക.

2 നിർമ്മാണതൊഴിലാളികളുടെ സഹകരണ സ്ഥാപനങ്ങളുണ്ടാക്കി പണി ആ സംഘങ്ങൾ ഏറ്റെടുക്കണം.

3 പാഴ്ചെലവ് ഒഴിവാക്കി ചുരുങ്ങിയ ചെലവിൽ വീട് വയ്ക്കുന്നതിനുള്ള മാർഗ്ഗരേഖ ഉണ്ടാക്കണം.

4 ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം കൂലി നിരക്കിലെ ക്രമാതീതമായ വർദ്ധന ഇവ നിയന്ത്രിക്കണം.

ഇന്ന് ഇവിടെ വിദഗ്ദതൊഴിലാളികൾ 130-150 രൂപാകൂലി വാങ്ങുന്നു. സ്ത്രീ തൊഴിലാളികൾക്ക് 70-80 രൂപാകൂലി വാങ്ങുന്നു. ചെമ്മീൻ മേഖല വികസിച്ചതോടെ കെട്ടിടനിർമ്മാണരംഗത്ത് സ്ത്രീകളെ കിട്ടാതായി. കെട്ടിട നിർമ്മാണ സാമഗ്രികളായ സിമൻറിന് 180 മുതൽ 215 വരെയും ഇഷ്ടിക 1000ന് 1500-1800 രൂപാവരെയും കല്ല് 100 ന് 600-650 രൂപാ വരെയും ചരൽ 200 അടിക്ക് 1250-1300 രൂപാവരെയും, ഓട് 1000ന് 3000-3500 രൂപാവരെയും കമ്പി കിലോക്ക് 16, 19 രൂപാവരെയും കോൺക്രീറ്റ് മെറ്റൽ 200 അടിക്ക് 3000-3100 രൂപവരെയും എത്തിനില്ക്കുന്നു.

പരിഹാരമാർഗ്ഗങ്ങളിൽ:-

1. വീടുവയ്ക്കാൻ പഞ്ചായത്തിൽ നിന്ന് അനുമതി നിർബ്ബന്ധമാക്കുക.
2. ചിലവു കുറഞ്ഞ വീടു നിർമ്മിക്കാൻ പ്രോത്സാഹനം നല്കുക.
3. സർക്കാർ-സർക്കാർഇതര സഹായ സ്ഥാപനങ്ങളുടെ അപേക്ഷ പഞ്ചായത്തു വഴി വിതരണം ചെയ്യുക.
4. സർക്കാർ ഭവന നിർമ്മാണ വായ്പയുടെ സംഖ്യ കാലോചിതമായി പരിഷ്ക്കരിക്കുക.
5. വിവിധ ഹൗസിങ്ങ് പദ്ധതികളുടെ അടങ്കൽ തുക ഇരട്ടിയാക്കുക.
6. ജെ. ആർ. വൈ. എം. ഡബ്ല്യു എസ്, ഐ. ഏ. വൈ, ആർ. എൽ. ഈ. ജി. പി. എന്നീ പദ്ധതി പ്രകാരം വീടുവയ്ക്കാനുള്ള തുക 30,000 രൂപയാക്കി വർദ്ധിപ്പിക്കുക.
7. മൈത്രി ഭവനനിർമ്മാണ വായ്പാ പദ്ധതിയുടെ വായ്പത്തുക 40,000 രൂപയായി വർദ്ധിപ്പിക്കുക. സബ്സിഡി 12,000 രൂപയും ആക്കുക.
8. രജിസ്ട്രാഫീസിലെ ഫീസ് പൂർണ്ണമായും ഒഴിവാക്കുക.
9. ഭൂരഹിതർക്ക് 4 സെൻറ് വീതം പഞ്ചായത്ത് പുറമ്പോക്കു ഭൂമികൾ/മിച്ചഭൂമി/പഞ്ചായത്ത് ഭൂമി/ വിതരണം ചെയ്യുക.
10. പുറമ്പോക്കു ഭൂമി പതിച്ചുനല്കാനുള്ള അധികാരം പഞ്ചായത്തുകൾക്കു നല്കുക.
11. കോളനികളിലെ താമസം വളരെ ക്ലേശകരമാണ്. ജനവാസം അത്രയേറെയുണ്ട്. ഒരു വീടുതന്നെ പലകുടുംബങ്ങൾ കൊണ്ടു നിറഞ്ഞു. തൊട്ടുതൊട്ടു നില്ക്കുന്ന വീടുകൾ ജീർണ്ണിച്ച അവസ്ഥ.. കേന്ദ്ര-വിദേശ ഏജൻസികളുടെ സഹകരണത്തോടെ ഇതിന് സ്ഥായിയായ പരിഹാരം കാണണം. സ്വന്തമായി ഇഷ്ടിക നിർമ്മാണത്തിനുള്ള സഹായം ചെയ്യണം.

സാമൂഹ്യക്ഷേമം.

ദരിദ്രരേഖക്ക് താഴെയുള്ളവരുടെ ഉന്നമനമാണ്. സാമൂഹ്യക്ഷേമത്തിൻെറ ലക്ഷ്യം. ഒട്ടേറെ ക്ഷേമ പദ്ധതികൾ SC/STകാരുടെ നാനോന്മുഖമായ വികസനം, സ്വയംതൊഴിൽ, ഭവന നിർമ്മാണം തുടങ്ങിയവയെല്ലാം ഇതിൻെറ പരിധിയിൽ വരുന്നു. ഈ പദ്ധതി വികലപ്പെടുന്നതിനുകാരണം പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മയും, അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കാനുള്ള മാർഗ്ഗതടസ്സവും, പ്രയോജനപ്പെടുത്തുന്നതിൽ വരുന്ന വീഴ്ചയും, സാങ്കേതിക ബുദ്ധിമുട്ടും ഒക്കെ ഇതിൻെറ പിന്നിലുണ്ട്. ഉദാഹരണമായി - കയർ -

കർഷിക - മത്സ്യ - കെട്ടിട നിർമ്മാണ തൊഴിലാളി മേഖലയിൽ ക്ഷേമപദ്ധതി പൂർണ്ണമായി നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. കൂടുതൽപേരും അംഗങ്ങളും ആയിട്ടില്ല. പ്രാഥമികാവശ്യങ്ങൾ പോലും നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യം ഇന്നുണ്ട്. വനിതാമേഖലയിലും, വികലാംഗ മേഖലയിലും ക്ഷേമപ്രവർത്തനങ്ങൾ ഏശിയിട്ടില്ല.

നടപ്പുപദ്ധതികൾ.

ഐ. ആർ. ഡി. പി. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കുമാത്രം.

ഇനവിവരം	ശതമാനം
സ്ത്രീകൾക്ക്	40%
വികലാംഗർക്ക്	3%
SC/ST	50%
OT	50%

ട്രൈസ്സം:

ഗ്രാമീണ യുവജനങ്ങൾക്ക് ചെറുകിട കുടിൽ വ്യവസായ-സർവ്വീസ് മേഖലകളിൽ സ്വയം തൊഴിൽ പരിശീലനം നല്കി അവർക്ക് I.R.D.P.യുടെ പൂർണ്ണ പ്രയോജനം ലഭ്യമാക്കാനുദ്ദേശിക്കുന്ന പരിപാടിയാണിത്.

സ്വയം തൊഴിൽ 18-35വയസ്സുവരെ.

ഇനവിവരം	ശതമാനം
SC/ST	50%
വനിതകൾ	40%
വികലാംഗർ	3%

പരമ്പരാഗത തൊഴിലാളികൾക്ക് നവീന തൊഴിലുപകരണങ്ങൾക്ക് 2000 രൂപാ വരെ സാമ്പത്തിക സഹായം നല്കുന്നു. SC/STക്ക് മുൻഗണന.

ഇന്ദിര ആവാസ് യോജന-ഭവന നിർമ്മാണ പദ്ധതി.

ദാരിദ്ര്യരേഖക്ക് താഴെയുള്ള SC/ST ഇതരസമുദായത്തിൽപ്പെട്ടവരും സ്വന്തമായി 2 സെൻറ് ഭൂമി ഉള്ളവരും വാസയോഗ്യമായ വീടില്ലാത്തവരും ആയിരിക്കണം ഗുണഭോക്താക്കൾ. SC/STക്ക് മുൻഗണന. ധന സഹായം 22000 രൂപാ.

എം. ഡബ്ല്യു. എസ്സ്.

ചതുപ്പുനിലം കൃഷിയോഗ്യമാക്കുക. കായൽ നിലം കൃഷിക്ക് ഉപയുക്തമാക്കിത്തീർക്കുക. ജലസേചനത്തിനുള്ള കിണറുകൾ നിർമ്മിക്കുക. തുടങ്ങിയവ

യാണ് പൊതുവായ പരിപാടി. ദാരിദ്ര്യരേഖക്ക് താഴെയുള്ളവരും സ്വന്തമായി ഏറ്റവും കുറഞ്ഞത് 10 സെൻറ് ഭൂമി ഉണ്ടായിരിക്കണം SC/ST ക്ക് മുൻഗണന.

സി. ആർ. എസ്. പി.

ഗ്രാമങ്ങളിലെ ശുചിത്വസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായിനടപ്പാക്കുന്നതാണീ പരിപാടി. ആകെ ഫണ്ടിൽ 20%SC/ST ക്ക് നല്കും. ധനസഹായം 2000 രൂ.

ഡി. ഡബ്ല്യു. സി. ആർ. എ.

വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ സാമ്പത്തിക പരിപാടികൾക്ക് വായ്പയും ധനസഹായവും നല്കി വരുന്നു. 10-15 വരെ അംഗങ്ങളുള്ള വനിതാ ഗ്രൂപ്പുകൾക്കാണ് സഹായം.

ടൂൾകിറ്റ്

പരമ്പരാഗത തൊഴിലാളികൾക്ക് നവീന തൊഴിലുപകരണങ്ങൾ നല്കുന്ന പദ്ധതിയാണിത്. 2000 രൂപാ വരെയുള്ള സഹായമാണ് നല്കുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുമാത്രം. SC/ST യ്ക്കു മുൻഗണന നല്കിവരുന്നു.

പെൻഷനുകൾ

അഗതികൾ, വിധവകൾ, വികലാംഗർ, വാർദ്ധക്യം ബാധിച്ചവർ, അവശകലാകാരന്മാർ, സാഹിത്യകാരന്മാർ, കായികതാരങ്ങൾ, ക്ഷയരോഗികൾ, കാൻസർ രോഗികൾ, കർഷകത്തൊഴിലാളി എന്നീ പെൻഷനുകളും തൊഴിലില്ലായ്മാവേതനം, ക്ഷേമനിധികൾ.

ഇതിൽ 1996-97 വർഷത്തിൽ പഞ്ചായത്തു മുഖേന 146 വിധവകൾക്കും 35 വാർദ്ധക്യം ബാധിച്ചവർക്കും പെൻഷൻ വിതരണം ചെയ്തു. മറ്റു പെൻഷൻ ഒന്നും ലഭിച്ചിട്ടില്ല.

വിവിധ പെൻഷനുകൾ		ലഭിക്കുന്നവരുടെ എണ്ണം
വിധവ പെൻഷൻ	-	135
വികലാംഗപെൻഷൻ	-	69
വാർദ്ധക്യകാല പെൻഷൻ	-	43
കുഷ്ഠരോഗി പെൻഷൻ	-	1
ക്ഷയരോഗിപെൻഷൻ	-	3
ക്യാൻസർ	-	2
കർഷകതൊഴിലാളി പെൻഷൻ	-	296

റേഷൻ കടകൾ

എഴുപുന്ന 5 വാർഡുകളിൽ റേഷൻ വിതരണം SCB 953 മുഖേനയും എരമല്ലൂർ സഹകാര്യമേഖലയിൽ 4 റേഷൻ കടകളിലായും റേഷൻ വിതരണം നടത്തുന്നു. മാവേലിസ്റ്റോറിന്റെ അഭാവം പഞ്ചായത്തു തല ത്തിലുണ്ട്. അടിയന്തിരമായി 2 മാവേലിസ്റ്റോർ അനു വദിക്കണം

അംഗൻ വാടികൾ

1981-83 കാലഘട്ടത്തിൽ ഐ. സി. ഡി. എസ്. സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിൽ ഈ ബ്ലോക്കിൽ നിലവിൽവന്നു.

ലക്ഷ്യങ്ങൾ.

0-6 വയസ്സുവരെയുള്ള കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം, മാനസ്സികവും ശാരീരികവും സാമൂഹ്യവുമായ വികസനം, മരണം, രോഗം ഇവയിൽ നിന്നു രക്ഷിക്കുക, ശിശു സംരക്ഷണത്തിന് മാതാവിന് പോഷണ വിദ്യാഭ്യാസവും ആരോഗ്യവിദ്യാഭ്യാസവും നല്കുക. ശിശുവികസന നവീകരണം തുടങ്ങിയവ യാണ് ഇതിന്റെ ലക്ഷ്യങ്ങൾ.

സേവനങ്ങൾ:

അനുപൂരകപോഷകാഹാരം, ആരോഗ്യപരി ശോധന, പ്രാഥമിക ആരോഗ്യ പരിശോധന, റഫറൽ സർവ്വീസുകൾ, രോഗപ്രതിരോധ കുത്തിവയ്പുകൾ, പോഷണം, ബോധനം, അനൗപചാരിക പ്രീസ്ക്കൂൾ വിദ്യാഭ്യാസം എന്നിവയാണ് സേവനങ്ങൾ.

അംഗൻവാടികളിൽ ആഹാരം പാകം ചെയ്യുന്നതിന് വിറകിനും, പച്ചക്കറി വാങ്ങുന്നതിനും ചിലവ് കേന്ദ്രഗവർമ്മേണ്ട് വഹിക്കുന്നു. പ്രതിമാസം 25 രൂപാ നിരക്കിൽ വാടകയും നല്കുന്നു. കെട്ടിടം പണിയാൻ രണ്ട് സെൻറ് ഭൂമിയെങ്കിലും ഉണ്ടെങ്കിൽ 25,000 രൂപ നല്കുന്നു. 5 സെൻറ് സ്ഥലം സൗജന്യമായി ലഭിച്ചാൽ മോഡേൺ അംഗൻ വാടി പണിയുന്നതിനുവേണ്ടി 70,000 രൂപാ സർക്കാർ നല്കുന്നു.

പോരായ്മകൾ

1. 22 അംഗൻവാടികൾ പ്രവർത്തിക്കുന്ന എഴുപുന്ന പഞ്ചായത്തിൽ 18 എണ്ണവും വാടകയ്ക്കാണ് പ്രവർത്തി ക്കുന്നത്. സ്വന്തമായി കെട്ടിടമുള്ള 4 അംഗൻവാടി കളിൽ C No. 14, C No. 41 എന്നിവ അറ്റകുറ്റപ്പണി നടത്താതെ ഓട് പൊട്ടിപ്പൊളിഞ്ഞ് ശോചനീയാവസ്ഥ യിലാണ്.
2. അംഗൻ വാടികളിലൂടെ ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ, കുട്ടികൾ (6-3, 3-6 വയസ്സ്) എന്നിവർക്കു നല്കാൻ ഡബ്ല്യൂ, എഫ്. പി. സപ്ളൈ ആയ (വേൾഡ് ഫുഡ് പ്രോഗ്രാം സപ്ളൈ) ബൾഗർ വിറ്റ്, സലാഡ് ഓയിൽ എന്നിവ നേരത്തെ നിർത്തൽ ചെയ്തിരുന്നു. ഇപ്പോൾ കൊടുക്കുന്ന സി. എസ്. ബി. (Corn. Soyablent) 40% കുറവു വരുത്തുവാനായി നിർദ്ദേശം ലഭിച്ചു കഴിഞ്ഞു. ഇതുമൂലം അർഹതപ്പെട്ട പലഗുണഭോക്താക്കളെയും കുറവു വരുത്തേണ്ട സാഹചര്യം സംജാതമാ കുന്നു.
3. കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകൾ ഇന്ന് അംഗൻ വാടിയിൽ ലഭ്യമല്ല.
4. അംഗൻ വാടിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കാനുള്ള അലമാര, മറ്റുപകരണങ്ങൾ ഇവ ലഭ്യമല്ല.
5. നിലവിലുള്ള സംവിധാനം അനുസരിച്ചു കുടിവെള്ളം ലഭ്യമല്ല.
6. 9.30-4.30വരെ സമൂഹത്തിന്റെ ഉന്നമനത്തിന് വേണ്ടി പ്രവർത്തിക്കുന്ന അംഗൻവാടി പ്രവർത്തകർ ക്ക് വളരെ തുച്ഛമായ വേതനമാണ് ലഭിക്കുന്നത്.

നിർദ്ദേശങ്ങൾ.

1. സ്വന്തമായി സ്ഥലസൗകര്യം ഇല്ല. അംഗൻവാടി കൾക്ക് പഞ്ചായത്തിൽ നിന്ന് 2 സെൻറ് സ്ഥലം അനുവദിക്കുക. ഉള്ള കെട്ടിടങ്ങളുടെ അറ്റകുറ്റ പ്പണി കൾ ചെയ്യുവാൻ കൊടുക്കുന്ന 300 രൂപാ അപര്യാപ്ത മായതിനാൽ പഞ്ചായത്തിന്റെ ഏതെ ങ്കിലും ഫണ്ട് ഉപയോഗിക്കുവാൻ നടപടികൾ എടു ക്കുക. സ്വന്തം കെട്ടിടം ഉള്ള കെട്ടിടങ്ങൾക്ക് ചുറ്റു മതിൽ കക്കൂസ്, വൈദ്യുതി കുടിവെള്ള സൗകര്യ ങ്ങൾ ലഭ്യമാക്കുക.
2. അംഗൻ വാടികളിലൂടെ WFP ഇന്ന് ലഭ്യമാക്കുന്ന പോഷകാഹാരങ്ങൾ കുറവുവരുത്തുന്ന സാഹചര്യ ത്തിൽ അതിനുപരിഹാരമായി പഞ്ചായത്തിൽ നിന്നും മറ്റേതെങ്കിലും (ഉദാ: കപ്പലണ്ടി, ചെറുപയർ) പോഷകാഹാരങ്ങൾ ഉൾപ്പെടുത്താവുന്നതാണ്.
3. അംഗൻവാടിയിൽ ആവശ്യമായ ഫർണീച്ചറുകൾ, കളിക്കോപ്പുകൾ, മറ്റുപഠനോപകരണങ്ങൾ ഇവ ലഭ്യമാക്കുക.
4. അംഗൻവാടി പ്രവർത്തകരുടെ വേതന നിലവാരം ഉയർത്തുക.
5. അംഗൻ വാടികൾ പ്രവർത്തിക്കുന്ന സ്ഥലത്ത് ആശാൻ കളരികൾ മറ്റു പ്രൈവറ്റ് നേഴ്സറി സ്ക്കൂളു കൾ ഇവ അനുവദിക്കാതിരിക്കുക.

6. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ അംഗൻവാടിയുടെ കൂടെ നടത്തുക.
7. ഒരു പഞ്ചായത്തിൽ ഒരു അംഗൻവാടിയുമായി ബന്ധപ്പെട്ട മന്ദബുദ്ധികളും വികലാംഗരുമായുള്ള കുട്ടികളെ പരിശീലിപ്പിക്കുന്ന സ്ഥാപനം കൂടിയാക്കുക.
8. തൊഴിൽ ശാലയോടു ചേർന്ന് പ്രവർത്തിക്കുന്ന അംഗൻ വാടികളിൽ ബേബി ക്രഷ് അനുവദിക്കുക.
9. അംഗൻ വാടികൾ മെച്ചപ്പെടുത്തുന്നതിനായി അംഗൻ വാടി പ്രവർത്തകർ പ്രാംരംഭ വിഭവ സമാഹരണം നടത്തുക.

Noon. Feedingന് ചിലവായതുക.

വർഷം	അരി Rs. Ps.	പയർ Rs. Ps.
1991-92	22,800-00	15,000-00
1992-93	24,700-00	16,000-00
1993-94	26,600-00	17,000-00
1994-95	28,500-00	18,000-00
1995-96	30,400-00	20,000-00

10. ആശാൻ കളരിക്കടുത്ത് അംഗൻവാടികൾ അനുവദിക്കരുതെന്ന് ആശാന്മാർ നിർദ്ദേശിച്ചിരി ക്കുന്നു.

5.8
സംസ്ക്കാരം

ഏറ്റവും നല്ലതെന്നു പറയപ്പെടുകയും വിചാരിക്കുകയും ചെയ്യുന്നതെന്തോ അതാണ് സംസ്ക്കാരമെന്ന് കവിയും നിരൂപകനും, വിദ്യാഭ്യാസ ചിന്തകനുമായ മാത്യു ആർനോൾഡ് പറഞ്ഞിട്ടുണ്ട്. സുദീർഘമായ ഒരു സാംസ്ക്കാരിക ചരിത്ര പശ്ചാത്തലമാണ് എഴുപുന്ന ഗ്രമാപ്പഞ്ചായത്തിനുള്ളത്. 1170 വർഷം പഴക്കമുള്ള ശ്രീനാരായണപുരം ക്ഷേത്രം തന്നെ എത്രയോ വർഷം മുമ്പേ ഈശ്വര-മതവിശ്വാസം ഇവിടെ നാമ്പിട്ടു നിന്നിരുന്നു എന്നതിന് തെളിവാണ്. അതുപോലെ തന്നെ തോട്ടപള്ളി ക്ഷേത്രവും. 600 വർഷത്തെ പഴക്കം അവകാശപ്പെടുന്ന കോന്നനാട്ടു ദേവീ ക്ഷേത്രം ജാതി-അടിയാൻ സ്നേഹബന്ധത്തിന്റെ ആഴം തെളിയിക്കുന്നു പതിമൂന്നാം ലെയോമാർപ്പാപ്പ കത്തോലിക്കാ സഭയുടെ അത്യുന്നത ബഹുമതിയായ "ഷെവലിയാർ" സ്ഥാനം കേരളത്തിലാദ്യമായി പാറായിൽ അവിരാവർക്കിത്തരകനും, അവിരാ ഉറുമീസ് തരകനും സമ്മാനിച്ചു. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ പ്രജാസഭയിലേക്ക് അവിരാവർക്കിത്തരകൻ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തത് 20-ാം നൂറ്റാണ്ടിനു മുൽപേതന്നെ ഉന്നതമേഖലകളിൽ ഈ ഗ്രാമത്തിന് അംഗീകാരം ലഭിച്ചിരുന്നു എന്നാണ് കാണിക്കുന്നത്. തിരുവിതാംകൂർ സംസ്ഥാനനിയമസഭയിലേക്കും പിന്നീട് തിരു-കൊച്ചി നിയമസഭയിലേക്കും തിരഞ്ഞെടുക്കപ്പെട്ട ഉറുമീസ് തരകനും തിരുകൊച്ചി അസംബ്ളിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അവിരാത്തരകനും ഈ ഗ്രാമത്തിന്റെ മക്കളാണ്. 1930 കളിൽ സാഹിത്യോപന്യാസങ്ങൾ രചിച്ച ഉറുമീസ് തരകൻ. അതുപോലെ സ്വാതന്ത്ര്യ സമരചരിത്രത്തിൽ 1939 ലെ സ്റ്റേറ്റ് കോൺഗ്രസ്സ് പ്രവർത്തകനായിരുന്നതുകൊണ്ട് സർ സി. പി. യുടെ ജയിലിലേക്ക് നടന്നു നീങ്ങിയ അവിരാത്തരകനും ഒരു കാലത്ത് തിരുവിതാംകൂറിലെ വിദ്യാലയങ്ങളിലെ പാഠ്യപുസ്തകമായിരുന്ന "രാജ്യഭരണം" എന്ന ഗ്രന്ഥത്തിന്റെ കർത്താവും അധ്യാപകനുമായിരുന്ന കൈതക്കാട്ട് ഗോവിന്ദപ്പണിക്കരും, കവിയും സാമൂഹ്യപ്രവർത്തകനും പുരോഗമനാശയക്കാരനുമായിരുന്ന കാട്ടിശ്ശേരിൽ കെ. എസ്. പരമേശ്വരൻ പിള്ളയും അറുപതിനുമേൽ നോവലുകളുടെ കർത്താവായ എസ്. കെ. മാരാരും കഥാകൃത്തായ പ്രിയാ സി നായരും എഴുപുന്ന ഗ്രാമത്തിന്റെ അഭിമാന ഭാജനങ്ങളാണ്.

നൂറ്റിനാല്പതോളം വർഷം പഴക്കമുള്ള സെൻറ് റാഫേൽപള്ളിയുടെ മുഖവാരവും ചിത്രാതീതമായ മദ്ബഹായും അതുനിർമ്മിച്ച കാലഘട്ടത്തിലെ വാസ്തുവിദ്യയുടെയും ശില്പ ശൈലിയുടെയും ദൃഷ്ടാന്തങ്ങളാണ്. പ്രധാന ബലിപീഠത്തിന്റെ മുകളിൽ ഉണ്ടായിരുന്ന ചിത്രങ്ങൾ 1976 ൽ മായ്ചു കളഞ്ഞു. വെണ്മേഖങ്ങളും നക്ഷത്രങ്ങളും മാലാഖമാരുമെല്ലാം അതിൽ ആലേഖനം ചെയ്യപ്പെട്ടിരുന്നു.

നാട്ടിൻ പുറത്തിന്റെ സാംസ്ക്കാരിക ചരിത്രം സംഭരിക്കാൻ ഈ കൊച്ചു ഗ്രാമം മറന്നില്ല. കലയുടെ കേളികൊട്ടുയർത്തിയ ഗ്രാമം. കഥകളിയുടെ നാട്.

കഥകളി.

മലയാളമണ്ണിന്റെ കലയായ കഥകളിക്ക് അഭിമാനിക്കാവുന്ന സംഭാവനനല്കാൻ ഈ ഗ്രാമത്തിനു കഴിഞ്ഞു. അനവധി ശിഷ്യഗണങ്ങളുള്ള വയലാർ മാക്കണ്ടേഴത്ത് നാരായണകൈമളുടെ പുത്രൻ ചമ്പക്കാട് ഈനാട്ട് പങ്കജാക്ഷൻ നായർ പ്രശസ്തനായ ഒരു കഥകളി നടനാണ്. ജന്മവാസനകൊണ്ട് കൗമാരത്തിലേ അരങ്ങു തകർത്ത ആ നടൻ. 1945ൽ സുപ്രസിദ്ധ നടന വിദഗ്ദ്ധയായ മൃണാളിനി സരാഭായിയുടെ നൃത്തസംഘത്തിൽ ചേർന്നു. അഹമ്മദാബാദ്, ബോംബെ, മദ്രാസ്, ബാംഗ്ലൂർ മുതലായ വൻ നഗരങ്ങളിൽ ഈ ഗ്രാമത്തിന്റെ ചിലമ്പുകിലുങ്ങി. പൂതനാമോക്ഷത്തിലെ ലളിതയായും നളചരിതത്തിലെ ദമയന്തിയായും ദുര്യോധനവധത്തിലെ പാഞ്ചാലിയായും, ബാണയുദ്ധത്തിലെ ചിത്രലേഖയായും പ്രത്യക്ഷപ്പെടുമ്പോൾ അദ്ദേഹം ജീവൻ തുളുമ്പുന്ന

കഥാപാത്രമായി മാറുകയായിരുന്നു. പുറമേ പുരാണ പാരായണവും നടത്തും. തിരുവനന്തപുരം റേഡിയോ നിലയത്തിലെ കഥകളി പ്പാട്ടുകാരൻ കൂടിയായിരുന്നു അദ്ദേഹം. 1920ൽ രണ്ടു കഥകളി യോഗങ്ങൾ ഇവിടെ ഉടലെടുത്തു. തുതികാട്ടു കഥകളിയോഗവും ഊനാട്ടു കഥകളിയോഗവും. പുത്തൻ വേലിക്കളരിയിൽ അഭ്യസിച്ച തുതിക്കാട്ട് കഥകളി യോഗത്തിന്റെ ആശാൻ കട്ടുപ്പാടി ആയിരുന്നു. ചുട്ടി ചമ്പക്കാട്ടുചിറ പരമേശ്വരപ്പണിക്കർ, വേഷം-ടി. എൻ. വിശ്വംഭര പ്പണിക്കർ, പാട്ട്-ചങ്ങരത്ത് ഭാസ്ക്കരപ്പണിക്കർ, എൻ. രാഘവപ്പണിക്കർ, നെന്മേലി പാച്ചുനായരും പുത്തൻ വീട്ടിൽ വാസുപ്പണിക്കരും, ഈ യോഗത്തിൽ ഉണ്ടായിരുന്നു. ചമ്പക്കുളം പാച്ചുപിള്ള, പള്ളിപ്പുറം ഗോപാലൻ നായർ തുടങ്ങിയവരും ഇവിടെ ചുവടു വച്ചിട്ടുണ്ട്. തൈക്കണ്ടത്തിൽ ഗംഗാധരപ്പണിക്കർ ചുട്ടി ആർട്ടിസ്റ്റായിരുന്നു. കഥകളി അഭ്യസിച്ചിട്ടുള്ള ഈ പഞ്ചായത്തിലെ ഏകവനിത പുത്തൻ വേലിശാന്തമ്മ യാണ്. ഇപ്പോൾ അവർ കഥകളിപ്പാട്ടും, ഓട്ടംതുള്ളലും തിരുവാതിരകളിയും പഠിപ്പിക്കുന്നു. ഊനാട്ടുകഥ കളി യോഗമാണ് രണ്ടാമത്തേത്. പ്രഗത്ഭനായിരുന്ന നാരാ യണകൈമൾ ആയിരുന്നു ആശാൻ. പുത്രന്മാരായ പങ്കജാക്ഷൻ നായർ, ഭാസ്ക്കരൻ നായർ എന്നിവരും മറ്റപ്പെള്ളിൽ രാഘവപ്പണിക്കർ എരമല്ലൂർ തച്ചേത്ത് ബാലകൃഷ്ണമേനോൻ ആലുംവെളിയിൽ ശ്രീധരൻ പിള്ള തുടങ്ങിയവരും ഈ യോഗത്തിൽ ഉണ്ടായിരുന്നു. പണചെലവും അത്യദ്ധ്വാനവും, ആത്മസംയമനവും, നല്ലമെയ്വഴക്കവും വേണ്ട ഈ വിശ്വോത്തരകല ആരും അഭ്യസിക്കാൻ മുന്നോട്ടുവരുന്നില്ല എന്നതാണ് ഇപ്പോഴത്തെ അവസ്ഥ.

നാടകം.

തമിഴ്നാടകസംഘങ്ങൾ കേരളത്തിൽ പലയിട ത്തും നാടകങ്ങൾ അവതരിപ്പിച്ചപ്പോൾ നമുക്കും ഇതുവേണം എന്നു ചിലർക്കുതോന്നി. ആർട്ടിസ്റ്റ് പി. ജെ. ചെറിയാൻ നടനും കവിയും രചയിതാവുമായ തെക്കേ ചെല്ലാനം വി. എസ്. ആൻഡ്രൂസ് മാസ്റ്റർ എന്നിവരും ഇതിനുമുൻകൈ എടുത്തു. 'പറുദീസ നഷ്ടം' എന്ന നാടകം ആദ്യമായി അവതരിപ്പിച്ചു. മലയാള സംഭാഷണവും തമിഴ് കീർത്തനങ്ങളു മായിരുന്നു അതിന്റെ പ്രത്യേകത. വേഷവിതാനവും അഭിനയചാതുരിയും, രംഗശില്പവും ഒന്നും ഇല്ലാ യിരുന്നു. കാണികൾക്ക് അമ്പരപ്പുണ്ടാക്കുന്നതാ യിരുന്നു അത്. പിന്നീട് നാടകങ്ങളുടെ ഒരു കേളീരംഗം തന്നെ നാട്ടിൽ ഉണ്ടായി. പെരുന്നാളിലും ഉത്സവത്തി നും ആഘോഷങ്ങൾക്കും നാടകം ഒഴിവാക്കാനാവാത്ത ഒന്നായി മാറി. മൈക്കും വൈദ്യുതിവിളക്കും അന്നു നാടകങ്ങൾക്ക് ഉണ്ടായിരുന്നില്ല. അല്ലി അർജ്ജുന, സത്യവാൻ സാവിത്രി, മേരിദാസൻ, വേലുത്തമ്പിദളവ, ഇരവിക്കുട്ടിപ്പിള്ള, വലിയ പടത്തലവൻ, ചിത്രാവദാനം, വികടയോഗി, ശശിധരൻ, കൃഷ്ണകുമാരി, വീരാംഗന, പൂക്കാരി തുടങ്ങിയ നാടകങ്ങൾ അരങ്ങുണർത്തി. പഴയതലമുറക്കിന്നും ഓർമ്മയുടെ ഓളങ്ങൾ ഉതിർക്കുന്നതാണവ. 1939ൽ സെൻറ് റാഫേൽസ് സ്ക്കൂളിന്റെ വാർഷികത്തിന് അവതരിപ്പിച്ച 'കൃഷ്ണ കുമാരി' എന്ന രജപുത്ര ദുരന്തനാടകം തിളങ്ങുന്ന ഒരദ്ധ്യായമാണ്. ആശംസകളുടെ അരങ്ങേറ്റം തന്നെ ഈ നാടകം നേടി. രാജ്യസഭാമെമ്പറായി മത്സരിച്ച എൻ. കെ. വർക്കിയായിരുന്നു ആ കഥയിലെ രാജ കുമാരൻ. ഈ നാടകം അവതരിപ്പിച്ചവരിൽ ഇപ്പോൾ ജീവിച്ചിരിക്കുന്നത് പി. ടി. ആൻറണിയും പുരുഷോ ത്തമകർത്താവും മാത്രമാണ്. ലങ്കാദഹനം, നല്ലതങ്ക, ഹരിച്ചന്ദ്രചരിതം, കോവിലൻ ചരിതം തുടങ്ങിയവ ആദ്യകാലങ്ങളിലെ സംഗീതനാടകങ്ങൾ ആയിരുന്നു. കേരളസംഗീതനാടകാക്കാദമിയുടെ വയലാർ അവാർഡുനേടിയ കെ. തങ്കപ്പൻ നായരും, യുവനട നായ മുരളീമേനോനും നാടക രംഗത്ത് എഴുപുന്നയുടെ സംഭാവനയാണ്.

ജാതി മതഭേദമില്ലാതെ നാടകരംഗത്ത് ജനങ്ങൾ പങ്കെടുത്തിട്ടുണ്ട്. ചീരൻ രാധയും ചാത്തൻ ശ്രീകൃഷ്ണനുമായുള്ള അഭിനയം പ്രശംസനീയമാണ്. ആർ. മാധവപ്രഭു, പി. ഗോവിന്ദനായ്ക്കൻ എന്നിവരും നടന്മാരായിരുന്നു. സി. ജെ. ആൻറണി, സി. സി. ഫ്രാൻസിസും ഇവരിൽ ഉൾപ്പെടും.

ചവിട്ടുനാടകം.

കഥകളിപോലെ ശ്രേഷ്ഠമായ ഒരു കലയാണ് ചവിട്ടുനാടകം. ചവിട്ടുനാടകം നടത്തുന്ന സ്ഥലത്തെ നാടകവെളി എന്നുപറഞ്ഞിരുന്നു. കാറൽമാൻ ചരിത്രം, ഗീവർഗീസ് ചരിത്രം, ഏലിയായുടെ ശാപം തുടങ്ങിയവ ആദ്യകാല ചവിട്ടു നാടകങ്ങളായിരുന്നു. തമിഴ് പാട്ടുകൾക്ക് ചുവടുവയ്ക്കുകയും ചാടിയും ചവുട്ടിയു മൊക്കെ നടത്തിയിരുന്ന ഈ നാടകത്തിന്റെ പ്രധാന

ഗുരുക്കന്മാർ എഴുപുന്ന കണ്ടത്തിൽ പറമ്പിൽ അന്തേരി ആശാനും എരമല്ലൂർ ഇഞ്ചുപറമ്പിൽ വറുതും ആയിരുന്നു.

ഉടുക്കുപാട്ട്

18 വാദ്യങ്ങളിൽ ഒന്നായ ഉടുക്ക് ശ്രീ പരമശിവൻ പ്രദാനംചെയ്തതാണെന്ന് ഐതീഹ്യം. ശബരിമലക്കു പോകുന്ന അയ്യപ്പന്മാർ പലിടത്തും ഉടുക്കുപാട്ട് നടത്തിപ്പോരുന്നു. പന്തലുകെട്ടി അതിൽ വാളപ്പോഴകൊണ്ട് ശ്രീകോവിൽ തീർത്തും അഷ്ടമംഗല്യവും നിലവിളക്കും വയ്ക്കും. സന്ധ്യകർമ്മങ്ങം കഴിഞ്ഞ് ഉടുക്കു കൊട്ടിക്കാണ്ട് ശ്രീ അയ്യപ്പന്റെ അപദാനങ്ങൾ പ്രകീർത്തിക്കുന്ന കീർത്തനങ്ങൾ ആലപിക്കും. കണ്ണാട്ടുനാറാപിള്ള വൈദ്യൻ, കുഞ്ഞമ്പി ആശാൻ, കളത്തിൽ അമ്മുണ്ണിനായർ. ചെട്ടുതെരുവിൻ ശങ്കുവൈദ്യൻ, കാനയ്ക്കാപ്പെള്ളി നികർത്തിൽ ഉണ്ണി, കൊറ്റനാട്ടു ശങ്കരൻ, മേച്ചേരി ഭാസ്ക്കരൻ നായർ തുടങ്ങിയവർ ആശാന്മാരായിരുന്നു. ഒരുസംഘം തിരുവനന്തപുരം റേഡിയോ സ്റ്റേഷനിൽ പരിപാടി അവതരിപ്പിച്ചിട്ടുണ്ട്. ടി. വി. യിൽ അവതരിപ്പിച്ചെങ്കിൽ മാത്രമേ കണ്ണിനും, കാതിനും കുളിർവ്വു പകരുന്ന ഈ കലയുടെ സൗന്ദര്യം ആസ്വദിക്കാൻ കഴിയൂ. തലമുറകളിലൂടെ ഈ കല അന്ത്യം വരാതിരിക്കാൻ പരിശീലനം തുടർന്നു പോരുന്നു.

കൈകൊട്ടിക്കളി (വട്ടക്കളി)

കൈകൊട്ടിക്കളി, വട്ടക്കളി, നാടൻകളി എന്നൊക്കെ പേരു വിളിക്കുന്ന ഒന്നാണിത്. പത്തുപന്ത്രണ്ടുപേർ വട്ടത്തിൽ നിന്ന് കയ്യടിച്ച് പാട്ടുപാടി വട്ടത്തിൽ നീങ്ങുന്നു. ഇത് സ്ത്രീകളുടെ കളിയായിട്ടാണാദ്യം തുടങ്ങിയതെങ്കിലും പിന്നീടതു പുരുഷന്മാരുടെ നിരയിലേക്കും നീങ്ങി. ചന്ദനലേപനവും കുങ്കുമപ്പൊട്ടു തൊട്ട് കുപ്പിവളകളും പാദസ്വരങ്ങളും കിലുക്കി തരുണീമണികൾ ഓണപ്പാട്ടും പാടി വട്ടക്കളി കളിച്ച നമ്മുടെ വീട്ടുമുറ്റങ്ങൾക്ക് അതിന്നൊരു പഴങ്കഥയായി മാറിയിരിക്കുന്നു. തിരുവോണനാളിൽ അത്തം തൊട്ട് അഞ്ചാം ഓണം വരെയായിരുന്നു ഉത്സവ പ്രതീതിയുള്ള ഈ കളി. ഇന്നത് നാമമാത്രദിനങ്ങളായി ചുരുങ്ങി. കൈകൊട്ടിക്കളിയിൽ പുതിയ പരിഷ്ക്കാരങ്ങളായ തബലയും ഹാർമോണിയവും തുടങ്ങിയ വാദ്യഘോഷങ്ങളുടെ വരവോടെ അതിന്റെ അന്തസത്തയും തനിമയും നഷ്ടമായിക്കൊണ്ടിരിക്കുന്നു.

കോൽകളി.

പാണ്ഡവന്മാരാണ് കോൽകളിയുടെ ഉപജ്ഞാതാക്കളെന്നുപറയുന്നു. ഈ കളിക്ക് കമ്പുകളിയെന്നും പറയും. ഇതിൽ പങ്കെടുക്കാൻ ആളുകൾ കുറഞ്ഞു കൊണ്ടിരിക്കുന്നു. കോലുകളി സംഘത്തിൽ പത്തു പതിനാറു പേരുണ്ടാകും. കോലിന് ഒന്നര അടി നീളമുണ്ടാകും. പാട്ടുപാടി ഒരാൾ കൊടുക്കും. മറ്റുള്ളവർ അതേറ്റുപാടിതാളത്തിൽ തനിയേയും മറ്റുള്ളവരുടെ കോലുമായും തമ്മിൽ അടിക്കും. വട്ടത്തിൽ നിന്നാണ് പാടുക. അടുത്തിരുന്നു കാണാൻ രസമാണ്. ഉത്സവങ്ങൾക്കും,. പെരുന്നാളിനും, വിശേഷാൽ ദിവസങ്ങളിലും ഈ കളി നടത്തിവരാറുണ്ടായിരുന്നു. എഴുപുന്ന കാവത്തറ തേവൻ, കോനാട്ടു തറ അയ്യപ്പൻ എരമല്ലൂർ കൊച്ചുവെളി കുഞ്ഞച്ചുതൻ, തുടങ്ങിയവർ ഈ ഗ്രാമത്തിലെ പ്രസിദ്ധരാണ്. ഈ കലശാസ്ത്രീയമായി അഭ്യസിക്കുകയും പലസ്ഥലങ്ങളിലും പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. നാളികാട്ടുനികത്തിൽ കെ. കെ. ശങ്കരൻ ഇപ്പോൾ കുട്ടികളെ ഈ കല അഭ്യസിപ്പിച്ചുപോരുന്നു. ആശാന്മാരാരും പഠിപ്പിക്കാത്ത 'ചരടുകുത്തിക്കളി'യും ഇതിനോടു ചേർത്തു പഠിപ്പിക്കുന്നുണ്ട്.

തിരുവാതിരകളി.

തിരുവാതിര കളി ഇന്ന് ഏതാണ് അസ്തമിച്ച മട്ടാണ്. പുളിയപ്പള്ളി മീനാക്ഷി അമ്മയും, പെരേപ്പറമ്പിൽ സുമതിയമ്മയും പുത്തൻ വേലിൽ കുഞ്ഞിപ്പിള്ള അമ്മയും തുതിക്കാട്ടു കുഞ്ഞി അമ്മയും തൈക്കണ്ടത്തിൽ നാരായണി അമ്മയും, ഊനാട്ടു നാരായണകൈമളും, ഒക്കെ ഈ കളി അഭ്യസിപ്പിച്ചിരുന്നവരായിരുന്നു. മലയാള മങ്കമാരുടെ തനിവേഷമായ മുണ്ടും നേര്യതും ഉടുത്ത് ചന്ദനക്കുറിതൊട്ട് മുടിയിൽ പൂചൂടി വട്ടത്തിൽ നിന്ന് നടുവിൽ വിളക്ക് (നിലവിളക്ക്) കത്തിച്ചുവച്ച് ഈശ്വരസ്തുതി ഗാനങ്ങൾ ആലപിച്ച് കുമ്മിയടിച്ചാണ് ഈ കളി നടത്തുന്നത്. വിവാഹം കഴിഞ്ഞ് ആദ്യത്തെ ധനുമാസത്തിലെ തിരുവാതിര നാളിൽ ഇതെങ്ങും നടത്തുമായിരുന്നു. ഹിന്ദുക്കളാണ് അധികവു നടത്താറ്.

വിൽപ്പാട്ട്

വലിയ വില്ലുണ്ടാക്കി അതിന്റെ അറ്റത്തു മണികെട്ടി ഞാണിൽ അടിച്ചു ശബ്ദമുമാക്കി കഥാകാലക്ഷേപം അവതരിപ്പിക്കുന്ന കലയാണ് ഇത്. ക്ഷേത്രോത്സവങ്ങ

ളോടനുബന്ധിച്ചുനടത്തിയിരുന്ന ഈ കലാപരിപാടി ഇപ്പോൾ രാഷ്ട്രീയ സമ്മേളനങ്ങൾക്കും ഉപയോഗിക്കാറുണ്ട്. ഉടുക്കുപാട്ടും വിൽപ്പാട്ടും കൂടി നടത്തുമ്പോഴും തമ്മിലുള്ള മതസ്രം കാണികളെ കൂടുതൽ ആകർഷിക്കും. എരമല്ലൂർ സി. ആർ. ശങ്കരൻനായർ പള്ളിപ്പുറത്തു വേലായുധൻനായർ വട്ടപ്പറമ്പിൽ വേലായുധപ്പണിക്കർ എന്നിവർ ഈ കലയിൽ പ്രാവിണ്യം നേടിയവരായിരുന്നു.

ചവിട്ടിക്കളി (തട്ടിന്മേൽ കളി)

കോൽകളിയുടെയും, വട്ടക്കളിയുടേയും സ്വഭാവത്തിലുള്ള ടി കളി ശ്രീനാരായണപുരം ക്ഷേത്രത്തിനു മുമ്പിൽ ഏതാണ്ട് 50 വർഷം മുമ്പ് വരെ നടത്തിയിരുന്നതാണ്. കന്നിമാസത്തിലെ നെല്ലുവിളവെടുപ്പു കഴിഞ്ഞ് ദേവനുള്ള ഭോഗം തലയിലേന്തി കളിക്കാർ കെട്ടും കുരവയുമായി ക്ഷേത്രനടയിൽ എത്തുന്നു. രണ്ടുദിവസമായികിഴക്കരും പടിഞ്ഞാറത്തുകാരുമായി തിരിഞ്ഞ് അത്യന്തം വാശിയിൽ നടത്തിവന്നിരുന്ന ഈ കളി ഇപ്പോൾ ആരും നടത്താറില്ല.

പരിചമുട്ടുകളി.

കോൽകളിപോലെ തന്നെ ചുവടുവച്ചാണ് ഈ കളിയും. യുദ്ധമുറകളാണ് ഇതിൽക്കൂടി അവതരിപ്പിക്കുന്നത്. കളിക്കാർ മരം കൊണ്ടുള്ള വാളും തോലു പൊതിഞ്ഞപരിചയുമേന്തി നില്ക്കും. നീണ്ടകര റാഫേൽ, വർക്കി, ആലുംപാടത്ത് കുര്യാക്കോ, പനത്തറ കോമ മുതലായവർ ഇതിൽ പ്രസിദ്ധരായിരുന്നു. ഇന്നിത് ഓർമ്മകളിൽ മാത്രം തങ്ങിനില്ക്കുന്നു. ആളില്ലാത്തതാണ് ഇതിനു കാരണം.

നൃത്തം

കുട്ടികളെ സംഗീതവും നൃത്തവും പഠിപ്പിക്കുന്ന സമ്പ്രദായം പണ്ടുമുതലേ സമ്പന്ന കുടുംബങ്ങളിൽ ഉണ്ടായിരുന്നു. പലകലാസമിതികളും ഈ പഞ്ചായത്തിൽ ഉടലെടുത്തെങ്കിലും 'കലാനികേതൻ' മാത്രമാണ് ഇപ്പോഴും നിലനില്ക്കുന്നത്. കഴിഞ്ഞ 27 വർഷമായി ഭരതനാട്യം അഭ്യസിപ്പിക്കുന്നുണ്ട്. പ്രസിദ്ധനർത്തകനായ ആനന്ദ് ശിവറാമിന്റെ നേതൃത്വത്തിലും ചേർത്തല കലാക്ഷേത്രത്തിന്റെ നേതൃത്വത്തിലും ഇവിടെ ഭരതനാട്യം വിജയകരമായി നടത്തിയിട്ടുണ്ട്.

അക്ഷരശ്ലോകസദസ്സ്

വാടയ്ക്കകത്തു പള്ളിക്കപ്പറമ്പിൽ പി. എം. ചാക്കോയും കൊച്ചിത്തറ അഗസ്റ്റിനുമാണ് ഇതിലെ പ്രതിഭകൾ. ഇരുവരും അനേകം സദസ്സുകളിൽ പങ്കെടുത്തിട്ടുണ്ട്. ചാക്കോ പട്ടണക്കാട് ബ്ലോക്ക് പ്രതിഭ കൂടിയായിരുന്നു.

സംഗീതം

കൊടിപ്പറമ്പിൽ കേശവൻ നായർ, പുതുവാശ്ശേരിൽ കുമാരൻ നായർ, ചിറയിൽ ജൂസഭാഗവതർ എന്നിവരായിരുന്നു കഴിഞ്ഞ തലമുറയിലെ കർണ്ണാടകസംഗീത പ്രതിഭകൾ. വേണു, ശാന്ത, ബീന, വിനയകുമാർ തുടങ്ങിയവർ പുത്തൻ തലമുറയിൽ ഭദ്ര ദീപം തെളിച്ചു നില്ക്കുന്നു.

കഥാപ്രസംഗം.

ഈ രംഗത്തും എഴുപുന്നയിൽ കലാകാരന്മാർ ഉണ്ടാകാതിരുന്നിട്ടില്ല. പുളിയപ്പെള്ളിൽ സി. കെ. പരമേശ്വരൻ നായർ, ആശാഭവനിൽ കെ. കെ. രാജൻ, മുരിക്കുതറ അലക്സാണ്ടർ, സുവർണ്ണാലയം കരുണാകരൻ എന്നിവർ ഈ കലാവിദ്യ പരീക്ഷിച്ചുനോക്കിയവരാണ്.

പ്രസിദ്ധീകരണങ്ങൾ

ഏതാനും വർഷങ്ങൾക്കുമുമ്പ് 'ദീപ്ത' എന്നൊരു മാസികയും 'കാഹളം' എന്നൊരു മാസികയും, നിരവധി കയ്യെഴുത്തു മാസികകളും ഉണ്ടായിരുന്നു.

ചർച്ചാസമിതികൾ

സാമൂഹ്യസാംസ്ക്കാരിക പ്രാധാന്യമുള്ള വിഷയങ്ങളെപ്പറ്റി ചർച്ചായോഗങ്ങൾ സംഘടിപ്പിക്കാറുണ്ട്. 953 SCB ലൈബ്രറിയുടെ നേതൃത്വത്തിൽ ഇപ്പോഴും ചർച്ചാക്ലാസ്സ് തുടരുന്നു.

മഹിളാസമാജങ്ങൾ.

ഈ പ്രദേശത്തെ സ്ത്രീകളുടെ പുരോഗതിക്കായി കഴിഞ്ഞ 40 വർഷത്തിലേറെയായി പ്രവർത്തിച്ചുവരുന്നതാണ് എഴുപുന്നയിലെ മഹിളാസമാജം. തയ്യൽക്ലാസ്സ്, അടുക്കളത്തോട്ടം നിർമ്മാണം മുതലായവ നടത്തിപ്പോരുന്നു.

ക്ഷേത്രകല

ചെണ്ട, പഞ്ചവാദ്യം തുടങ്ങിയവയും ബാൻറും കൈകാര്യം ചെയ്യുന്നവർ ഇവിടുണ്ടായിരുന്നു. ഇപ്പോഴും ഉണ്ട്. അരനൂറ്റാണ്ടിനുമുമ്പേ ഇതിവിടെ വേരൂന്നിയിരുന്നു. ഇപ്പോഴും ചെണ്ടമേളം, പഞ്ചവാദ്യം, ഉടുക്ക്, തുടങ്ങിയവ നിലനില്ക്കുന്നു. ചെണ്ടക്ക് വെളിയിൽ അഗസ്റ്റിനും, പഞ്ചവാദ്യത്തിൽ ഞെട്ടയിൽ കുഞ്ഞുകൃഷ്ണമാരാരും പ്രസിദ്ധരാണ്.

പുലികളിയിൽ മഠത്തിൽ ശങ്കരൻ നായരും സർപ്പം പാട്ടിനു പാണ്ടോത്തു വെളി രഘുവും പ്രഗത്ഭരായിരുന്നു.

കലാസമിതികൾ

കൂണുകൾ പോലെ മുളച്ചുപൊന്തുന്ന നാടൻ കലാസമിതികൾ ഏറെയുണ്ട്. എഴുപുന്ന F.R.C., S.M.D.C, വ്യാസകലാകേന്ദ്രം C.Y.M.A ശ്രീകൃഷ്ണ നടന കലാകേന്ദ്രം തുടങ്ങി നിരവധി നല്ല കലാസമിതികൾക്ക് ജന്മം കൊടുത്ത നാടാണിത്. ജൂബിലൻറ്, യുവരശ്മി, ഡാലിയ, വിപഞ്ചിക, മെൻ ഓഫ് ആർട്സ്, മാനിഷാദ തുടങ്ങിയ പ്രസ്ഥാനങ്ങളും പ്രവർത്തിച്ചുപോരുന്നു.

സഹകരണസ്ഥാപനങ്ങളും-ഗ്രന്ഥശാലകളും

എഴുപുന്ന 953-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കും എരമല്ലൂർ 1175-ാം നമ്പർ സർവ്വീസ് സഹകരണ സംഘവും പഞ്ചായത്തുവക ഗ്രന്ഥശാലയും സാംസ്കാരിക നേട്ടങ്ങൾക്കു നല്കിയ സംഭാവനകൾ അളവറ്റതാണ്. ഈ രണ്ടു സ്ഥാപനങ്ങളും സമാരംഭിച്ച ഗ്രന്ഥശാലകളാണ് ഏകദേശം കഴിഞ്ഞ അരനൂറ്റാണ്ടിലേറെയായി സാംസ്കാരിക വെളിച്ചത്തിൻെറ ദീപശിഖയായി നിലകൊള്ളുന്നു. കേരളാസ്റ്റേറ്റ് ലൈബ്രറി കൗൺസിൽ നല്കുന്ന ഗ്രാൻറിനു പുറമേ നല്ലൊരു തുക ബാങ്കിൽ നിന്നും വർഷാവർഷം ലഭിക്കുന്നു. അതുകൊണ്ടു മാത്രമാണ് ഗ്രന്ഥശാലകൾക്കു നിലനില്ക്കാൻ കഴിയുന്നത്. പുസ്തകങ്ങളുടെയും, മാസികകളുടെയും, പത്രങ്ങളു ടെയും വർദ്ധിച്ചുവരുന്ന തുക താങ്ങാനാവാതെ വരുന്നു.

എഴുപുന്നപ്പഞ്ചായത്തും - ഓണാഘോഷവും

കലകളുടെയും കായിക രംഗങ്ങളുടെയും സുവർണ്ണ ദശയായിരുന്നു 1966-1977 വരെയുള്ള കാലഘട്ടം എഴുപുന്നപ്പഞ്ചായത്തിൽ, വട്ടക്കളി, തിരുവാതിരകളി, പരിചമുട്ടുകളി, കോൽകളി, പുള്ളുവൻ പാട്ട്, തുടങ്ങി എണ്ണമറ്റ കലാ-കായിക പരിപാടികൾ ഇവിടെ അരങ്ങേറിയിരിക്കുന്നു. "പഞ്ചായത്തിൻെറ ഓണാഘോഷം കാണുമ്പോൾ ഇതു പാണ്ഡുരാജാവിൻെറ രാജധാനിയാണോ എന്നു സംശയിച്ചു പോകുന്നു എന്ന് പ്രശസ്തസംസ്കൃത പണ്ഡിതനായ ശിരോമണി രാഘവപ്പണിക്കർ സാർ വമ്പിച്ച സദസ്സിൻെറ കയ്യടികൾക്കിടയിൽ പ്രസ്താവിച്ചു. നിരവധി പ്രഗത്ഭർ പങ്കെടുത്തിട്ട്.

കായികരംഗം

കായിക പരിശീലനം നടത്തിയിരുന്ന രണ്ടു കളരികൾ മറ്റപ്പെള്ളികളരിയും, താമരപ്പെള്ളികളരിയും ഉണ്ടായിരുന്നു. 1950 കളിൽ എരമല്ലൂർ ഉണ്ടായിരുന്ന വോളിബോൾ കളി കേരളത്തിന് നല്ലകായിക താരങ്ങളെ സംഭാവന നല്കാൻ കഴിഞ്ഞു. ഞെട്ടയിൽചിറ ബി. നാരായണൻകുട്ടി 1982-83 ൽ കേരളാ യൂണിവേഴ്സിറ്റി പ്ളെയർ ആയിരുന്നു.

ആയുർവേദരംഗം

പ്രമുഖ ആയുർവേദ ആചാര്യനായ കണ്ടത്തിൽ രാമൻ ആശാനും അദ്ദേഹത്തിൻെറ അനന്തിരവൻ കെ. ആർ.പപ്പുണ്ണി വൈദ്യൻ അതുപോലെ തന്നെ പ്രസിദ്ധനായ ശങ്കുവൈദ്യൻ ഒക്കെ ചികിത്സാരംഗത്ത് ഉണ്ടായിട്ടുള്ള പ്രഗത്ഭമതികളാണ്. അവർ ഈ നാടിൻെറ സമ്പത്താണ്

എരമല്ലൂർ കത്തി

എരമല്ലൂർ കൊല്ലപ്പണിക്കാന്മാരുടെ കത്തികൾ കരപ്പുറത്ത് പണ്ടേ പ്രസിദ്ധമാണ്.

കലാവികസനത്തിനുള്ള നിർദ്ദേശങ്ങൾ

1. കലാപ്രതിഭകളെ ആദരിക്കുക.
2. സാംസ്ക്കാരികനായകന്മാരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള സമ്മേളനങ്ങളും സെമിനാറുകളും നടത്തുക.
3. പഞ്ചായത്തിലെ സാംസ്ക്കാരിക കേന്ദ്രത്തോടനുബന്ധിച്ച് ഒരു റിഹേഴ്സൽ ക്യാമ്പിനുള്ള മന്ദിരം. നിർമ്മിക്കുക.
4. വാർഡുകൾ താറും ടി. വി സെറ്റ് സ്ഥാപിക്കുക.
5. കുട്ടികൾക്കു വേണ്ടി ഒരു പാർക്കും വായനശാലയും സ്ഥാപിക്കുക.
6. കുട്ടികളുടെ കലാകായിക വാസന പ്രോത്സാഹിപ്പിക്കുക.
7. ആണ്ടുതോറും ശിശുപ്രദർശനം നടത്തുക.
8. പഞ്ചായത്തുതലത്തിൽ ഒരു മൊബൈൽ ലൈബ്രറി സ്ഥാപിക്കുക.
9. പഞ്ചായത്തിലെ എല്ലാ ഗ്രന്ഥശാലകൾക്കും മാന്യമായ നിരക്കിൽ ഗ്രാൻറ് അനുവദിക്കുക.
10. പഞ്ചായത്തു സാംസ്ക്കാരിക നിലയത്തോടനുബന്ധിച്ചുള്ള ഗ്രന്ഥശാല വിപുലപ്പെടുത്തുക.
11. SC/ST കേന്ദ്രങ്ങളൽ ലൈബ്രറികളും അവയ്ക്കു കെട്ടിടങ്ങളും സ്ഥാപിക്കുക.

12. എല്ലാ ഗ്രന്ഥശാലകളിലും ടി. വി. സെറ്റുകൾ സ്ഥാപിക്കുക.
13. എല്ലാ ആർട്സ് ക്ലബ്ബുകൾക്കും സ്പോർട്സ് ക്ലബ്ബുകൾക്കും ഗ്രാൻറ് നല്കുക.
14. ഒരുനാടൻ കലാപരിശീലന കേന്ദ്രം, സ്ഥാപിക്കുകയും നാടൻ കലാപരിപോഷണത്തിനായി പ്രദർശനപരിപാടികൾ നടത്തുകയും ചെയ്യുക.
15. നിർദ്ധനരും അവശരുമായ കലാകാരന്മാരെ സഹായിക്കുക.
16. അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന കലാരൂപങ്ങളെ നഷ്ടപ്പെടാതെ സംരക്ഷിക്കുക.
17. ക്ഷേത്രകലകളെ പ്രോത്സാഹിപ്പിക്കുക.
18. ഉത്സവങ്ങളും പെരുന്നാളുകളും പൊതുപ്രാധാന്യമുള്ളതാക്കുക.
19. SC/ST -കേന്ദ്രങ്ങളിൽ സാംസ്ക്കാരികകേന്ദ്രങ്ങൾ സ്ഥാപിക്കുക.
20. കോളനികളിൽ പൊതു ആവശ്യത്തിന് നീക്കിവെച്ചിട്ടുള്ള സ്ഥലങ്ങളിൽ പൊതു സംഗമത്തിനു വേണ്ട മന്ദിരങ്ങൾ നിർമ്മിക്കുക.
21. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കേന്ദ്ര കലാ സംഘടന സ്ഥാപിക്കുക.
22. രണ്ടാം വാർഡിൽ ഇറിഗേഷൻ ഡിപ്പാർട്ട്മെൻറ് വകയായുള്ള ഭൂമിയിൽ നിന്നും ആവശ്യമായ സ്ഥലം അവിടെ സ്ഥാപിച്ചിട്ടുള്ള വായനശാലയ്ക്കു പതിച്ചു നൽകുക.
23. പഞ്ചായത്തു തലത്തിൽ ഒരു മഹിളാ സമാജം സ്ഥാപിച്ച് അവരുടെ പുരോഗതിക്കുവേണ്ട കാര്യങ്ങൾ ആ സംഘത്തിൽ കൂടി നടപ്പിലാക്കുക.
24. പഞ്ചായത്തതിർത്തിക്കുള്ളിലെ പ്രധാന സംഭവങ്ങളും പഞ്ചായത്തിൻെറ ചരിത്രവും ഉൾപ്പെടുത്തി ഒരുസ്മരണിക പ്രസിദ്ധപ്പെടുത്തുക.
25. ഓരോ പഞ്ചായത്തു തെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് പഞ്ചായത്തു വാർഡുകൾക്ക് മാറ്റം വരുന്നതിനാൽ ഓരോ കാലത്തുമുള്ള വാർഡുനിലമനസ്സിലാക്കുന്നതിനായി പഞ്ചായത്തിൻെറ ഒരു നല്ല അറ്റ്ലസ് തയ്യാറാക്കുക.
26. ഈ പഞ്ചായത്തിലെ സാംസ്ക്കാരികനേതാക്കൾ സ്വാതന്ത്ര്യസമരനേതാക്കൾ പഞ്ചായത്തു പ്രസിഡൻറുമാർ മുതലായവരുടെ ചിത്രങ്ങൾ മൈത്രീ ഹാളിൽ സ്ഥിപിക്കണം.
27. നീണ്ടകര നരിയാണ്ടി കാക്കത്തുരുത്ത് എന്നിവിടങ്ങളിൽ പത്രങ്ങൾ മാത്രമുള്ള ഓരോ വായനശാല തുടങ്ങണം.
28. പഠന യാത്രകൾ സംഘടിപ്പിക്കണം.
29. കേരളോത്സവം ഓണക്കാലത്തു നടത്തണം.
30. നീണ്ടകര, കാക്കത്തുരുത്ത് ദ്വീപുകളെ ഫോൺ മുഖാന്തിരം ബന്ധപ്പെടുത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.
31. ഒരു ഓപ്പൺ എയർ തിയറ്റർ സ്ഥാപിക്കണം.

കായികരംഗം

1. പഞ്ചായത്തിലെ കായിക പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലനം നല്കുക.
2. സ്പോർട്സ്ക്ലബ്ബുകളുടെ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിനായി ഒരു കോ-ഓർഡിനേഷൻ കമ്മറ്റി രൂപീകരിക്കുക.
3. ചിട്ടയായി പരിശീലനം നല്കുന്ന ക്ലബ്ബുകൾക്ക് കളി സാധനങ്ങൾ നല്കുകയോ അവ സംഭരിക്കുന്നതിനുള്ള സഹായ ധനം നല്കുകയോ ചെയ്യുക.
4. കോ ഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഓരോ കായിക ഇനവും പരിശീലിപ്പിക്കുന്നതിനുപ്രവർത്തകരെ വളർത്തിയെടുക്കുക.
5. L.P. സ്ക്കൂളുകളിൽ കായികാദ്ധ്യാപകരില്ലാത്തതിനാൽ പ്രത്യേക പരിശീലനം നല്കി പ്രവർത്തകരെ അവിടങ്ങളിൽ നിയോഗിക്കുക.
6. സ്പോർട്സ് ക്ലബ്ബില്ലാത്ത വാർഡുകളിൽ അവ രൂപീകരിക്കുക.
7. 200 മീറ്റർ ട്രാക്കിടാവുന്ന സ്ഥലസൗകര്യമുള്ള കളിസ്ഥലങ്ങൾ സ്ഥാപിക്കുക.
8. വിദ്യാലയങ്ങളിൽ നിന്നും പഞ്ചായത്തിൽനിന്നും ജില്ലാ സംസ്ഥാന തലങ്ങളിൽ മത്സരങ്ങളിൽ ജയിക്കുന്നവരെയും അവരുടെ കോച്ചുകളെയും അനുമോദിക്കുകയും ആദരിക്കുകയും ചെയ്യുക.
9. പഞ്ചായത്തു തലത്തിൽ വോളിവോൾ, ഫുട് ബോൾ, ബാസ്ക്കറ്റ് ബോൾ, ക്രിക്കറ്റ്, ബാറ്റ് മിൻറൺ മുതലായ കളികൾക്കു വേണ്ട കോർട്ടുകൾ സ്ഥാപിക്കുക.
10. പഴയ കായിക വിനോദങ്ങൾ നഷ്ടപ്പെടാതിരിക്കാൻ അവയെ പ്രോത്സാഹിപ്പിക്കുകയും മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.

11. ഒരു വോളിബോൾ അക്കാഡമി ആരംഭിക്കുക.
12. പതിനഞ്ചു വയസ്സിനുതാഴെ പ്രായമുള്ള വിദ്യാർത്ഥികളിൽ നിന്നും കായികരംഗത്തു വാസനയുള്ളവരെ തെരഞ്ഞെടുത്ത് പരിശീലനം നല്കുക.
13. കോച്ചിംഗ് ക്യാമ്പുകൾ നടത്തുക.
14. വോളിബോൾ ടൂർണ്ണമെൻറ് സംഘടിപ്പിക്കുക.
15. നീന്തൽ പരിശീലനത്തിനായി ഒരു നീന്തൽക്കുളം നിർമ്മിക്കുക.
16. ഒരു യോഗാസന പരിശീലനകേന്ദ്രം സ്ഥാപിക്കുക.
17. വള്ളംകളി മത്സരം പുനരാരംഭിക്കുക.

എഴുപുന്ന പഞ്ചായത്തിൽ നിലവിലുള്ള സാംസ്ക്കാരിക സ്ഥാപനങ്ങൾ

	പേരും മേൽ വിലാസവും	സ്ഥാപിച്ച വർഷം	അംഗ സംഖ്യ	കെട്ടിടത്തിൻെറ വിവരം	ധന സഹായത്തിൻെറ വിവരം	അഫിലിയേഷൻ	പ്രവർത്തനങ്ങളുടെ വിവരം
	എഴുപുന്ന 953-ാം നമ്പർ S.C.S.ലൈബ്രറി, എഴുപുന്ന P.O	1948	1154	SCB No. 953 വക	സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൻെറയും SCB No. 953 ൻെറയും ഗ്രാൻറ്	സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ	പുസ്തകവിതരണം. ചർച്ച. സ്റ്റഡി സർക്കിൾ
	മഹാത്മഗാന്ധി സ്മാരക ശാല എലമല്ലൂർ P.O	1948	1054	SCB No. 1175 വക	സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൻെറ ഗ്രാൻറ്	സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ	പുസ്തകവിതരണം. ചർച്ച. സ്റ്റഡി സർക്കിൾ
	പുരോഗമന കലാ-സാഹിത്യ സംഘടന, എലമല്ലൂർ P.O	1970	-	ഇല്ല	ഇല്ല	കേരള പുരോഗമന കലാ സാഹിത്യ സംഘ്	കവിയരങ്ങ്, ചർച്ച, സാംസ്ക്കാരിക പ്രവർത്തനങ്ങൾ
	യവനിക	1974	56	നിർമ്മാണത്തിൽ	കേന്ദ്ര ഗവൺമെൻറിൻെറ ഹ്യൂമർ റിസോഴ്സു ഡെവലപ്പുമെൻറ വകുപ്പിൻെറ ഗ്രാൻറ് കിട്ടിയിട്ടുണ്ട്	കേരള സംഗീത നാടക അക്കാഡമി	പ്രധാനമായും നാടകരംഗത്തു പ്രവർത്തിക്കുന്നു നൂറോളം നാടകം നടത്തി, മറ്റു സാംസ്ക്കാരിക പ്രവർത്തനങ്ങളും നടത്തുന്നുണ്ട്
	ജൂബിലൻസ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, എഴുപുന്ന P.O	1980	40	വാടക കെട്ടിടം	ഇല്ല	ഇല്ല	പുസ്തകവിതരണം. കൈയെഴുത്തു മാസിക, കലാപരിപാടികൾ, സമ്മേളനം മതലായവ നടത്തുന്നു
	ഡാലിയ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, കാക്കത്തുരുത്ത്, എഴുപുന്ന P.O	1982	32	താൽകാലിക ഷെഡ്	പട്ടണക്കാട്ട് ബ്ലോക്കിൽ നിന്നും ഒരു പത്രം	ഇല്ല	ഗ്രന്ഥശാല, സാക്ഷരത, സാമൂഹ്യ-സസാംസ്ക്കാരിക, കലാ, കായിക രംഗങ്ങളിൽ പ്രവർത്തിക്കുന്നു
	എഴുപുന്ന പഞ്ചായത്തു സാംസ്ക്കാരിക നിലയം, എലമല്ലൂർ P.O	1988	140	പഞ്ചായത്തു വക	പഞ്ചായത്തിൽ നിന്നും മാത്രം	ഇല്ല	പുസ്തകവിതരണം. സാംസ്ക്കാരിക പ്രവർത്തനങ്ങളും
	സർഗ്ഗവേദി എലമല്ലൂർ P.O	1990	-	സ്വന്തം	ഇല്ല	സ്റ്റേറ്റു ലൈബ്രറി കൗൺസിൽ	പുസ്തകവിതരണം.
	ഏദൻ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, നീണ്ടകര എഴുപുന്ന P.O	1991	46	ഇല്ല	ഇല്ല	ഇല്ല	കലകായക രംഗങ്ങളിലും സാമൂഹ്യരംഗത്തും പ്രവർത്തിക്കുന്നു
	മാനിഷാദ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, നീണ്ടകര എരമല്ലൂർ P.O	1993	32	ഇല്ല	ഇല്ല	ഇല്ല	കലകായക രംഗങ്ങളിലും സാമൂഹ്യരംഗത്തും പ്രവർത്തിക്കുന്നു
	പ്രണവം എഴുപുന്ന P.O	1993	40	ഇല്ല	ഇല്ല	ഇല്ല	സാമൂഹ്യ പ്രവർത്തനം കല കായിക രംഗം
	നിശാനാഥ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, നീണ്ടകര എഴുപുന്ന P.O	1993	30	ഇല്ല	ഇല്ല	ഇല്ല	കലാകായികരംഗം
	ഇൻറിമേറ്റ് ഫ്രൺസ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, നീണ്ടകര, എഴുപുന്ന P.O	1995	26	ഇല്ല	ഇല്ല	ഇല്ല	കലാകായിവികസനം
	ഇരമല്ലൂർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, നീണ്ടകര എഴുപുന്ന P.O				ഇല്ല	ഇല്ല	പ്രധാനമായും വോളിബോൾ രംഗത്തു പ്രവർത്തിക്കുന്നു

5.9
വനിത



നിതാക്ഷേമ പ്രവർത്തനങ്ങൾ രാജ്യത്തുടനീളം ആരംഭിച്ച് കഴിഞ്ഞ ഈ അവസരത്തിലും സ്ത്രീകൾ ഭൂരിഭാഗവും ഗ്രാമാന്തരങ്ങളിൽ ഒതുങ്ങികൂടിയിരിക്കുകയാണ്.

നമ്മുടെ പഞ്ചായത്തിൽ ഇന്നുള്ള മൊത്തം ജനസംഖ്യയിൽ 28244 പേരിൽ 14222 പേരും സ്ത്രീകളാണ്. ഈ സ്ത്രീകളുടെ സാമൂഹ്യസാംസ്കാരിക, സാമ്പത്തിക നിലവാരം ഉയരുന്ന മുറക്ക് മാത്രമേ സമൂഹത്തിന്റെ സമഗ്രവികസനം നടപ്പിലാക്കുവാൻ സാദ്ധ്യമാവുകയുള്ളൂ.

സാമൂഹ്യപ്രവർത്തനമേഖലകളിൽ പഴയകാലങ്ങളിൽ സ്ത്രീകളുടെ പങ്ക് എത്തിനോക്കിയിരുന്നുപോലുമില്ല.

ജാതിമത ചിന്തകളും അന്ധവിശ്വാസങ്ങളും വ്യത്യസ്തവ്യവസ്ഥകളും നിലനിന്നിരുന്നതിനാൽ സ്ത്രീകളുടെ സാമൂഹ്യസാംസ്കാരിക സാമ്പത്തിക വികസനം അപ്രാപ്യമായിരുന്നു. പ്രാഥമിക വിദ്യാഭ്യാസം നേടുന്നതിനോ സ്വന്തം അഭിപ്രായം തുറന്നു പറയുന്നതിനോ സാധിക്കാതെ അടിച്ചമർത്തപ്പെട്ട ജീവിതവുമായി കാലങ്ങൾ കഴിച്ച് കൂട്ടിയ സ്ത്രീകൾക്ക് ഈ കാലഘട്ടത്തിൽപോലും പുരുഷമേധാവിത്വത്തിൽ നിന്നും സാമൂഹ്യരംഗത്ത് ഇറങ്ങുന്നതിന് സാധിക്കുന്നില്ല. വിദ്യാഭ്യാസത്തിന് പോകാൻ താല്പര്യം ഉണ്ടായിരുന്നിട്ടു പോലും പ്രാരാബ്ധങ്ങളിലും അടിമത്വത്തിലും മുങ്ങികഴിഞ്ഞിരുന്നു.

സമൂഹത്തിൽ മാന്യമായ ഒരു സ്ഥാനം സ്ത്രീകൾക്ക് ലഭിച്ചിരുന്നില്ല. 1920-50 കാലഘട്ടത്തിൽ പ്രാഥമിക വിദ്യഭ്യാസത്തിന് അവസരം ലഭിച്ചിരുന്നുവെങ്കിലും ഉപരിപഠനം തീരെ ഇല്ലാതിരുന്നതിനും കാരണം നമ്മുടെ സമൂഹത്തിലുള്ള അനാചാരം തന്നെ. നമ്മുടെ പഞ്ചായത്തിലെ ആദ്യ ബിരുദധാരിണി കൊച്ചുകാട്ട് ശ്രീവിലാസത്തിൽ 'ശാരദാമ്മ'യാണ്.

സ്ത്രീവിദ്യാഭ്യാസത്തിനും, സാമൂഹ്യ ഉന്നമനത്തിനും 1950-56 കാലഘട്ടത്തിൽ ഒരു വനിതാ പ്രസ്ഥാനം ആരംഭിച്ചത് ഒരു പുരുഷനാണ്. ശ്രീ. എസ്. ഗോപിനാഥപണിക്കരുടെ നേതൃത്വത്തിലാണ്. മഹിളാസമാജം തുടങ്ങിയത്. 1955-56 കാലഘട്ടത്തിലാണ് നമ്മുടെ പഞ്ചായത്തിൽ ഒരു മഹിളാസമാജം ആരംഭിച്ചത്. തുടക്കത്തിൽ വളരെ പ്രതീക്ഷയോടെ തുടങ്ങിയെങ്കിലും വേണ്ടവിധത്തിൽ പുരോഗതിയിലേക്ക് നയിക്കാൻ നമുക്കാവുന്നില്ല. ഇതിന് കാരണം സ്ത്രീകളുടെ മുന്നോട്ടുള്ള പ്രവർത്തനത്തിൽ പുരുഷന്മാരുടെ നിരുത്സാഹപ്പെടുത്തൽ ആണ്. എന്നിരുന്നിട്ടും അധ്യാപന രംഗത്ത് സ്ത്രീകൾ മുൻപന്തിയിലാണ്.

തൊഴിൽ മേഖലയിൽ പഴയവർഷങ്ങളിൽ കയർ വ്യവസായമാണ് ഉപജീവനത്തിന് ജനങ്ങൾക്കുണ്ടായിരുന്ന ഏകമാർഗ്ഗം. എന്നാൽ വേണ്ടത്ര വരുമാനം ഈ ചെറു കിട വ്യവസായത്തിൽനിന്ന് ലഭിച്ചിരുന്നില്ല. സ്ത്രീകൾ ആണ് പുരുഷന്മാരെയപേക്ഷിച്ച് ഈ മേഖലയിൽ തൊഴിൽ ചെയ്തിരുന്നത്. ഇപ്പോൾ ഒരു കയർ സൊസൈറ്റി ഈ പഞ്ചായത്തിൽ ഉണ്ട്. ഇത് നന്നായി പ്രവർത്തിപ്പിക്കേണ്ടത് അത്യാവശ്യമാണ്. മത്സ്യവ്യവസായം വന്നതോടെ കയർവ്യവസായത്തിൽനിന്നും ഈ മേഖലയിലേക്ക് കൂടുതൽ സ്ത്രീകൾ ഇറങ്ങിത്തുടങ്ങി. സാമ്പത്തികമായി വളരെ മുൻപന്തിയിലേക്ക് നയിക്കാൻ ഈ വ്യവസായം സഹായിച്ചു. സ്ത്രീകളാണ് ഈ മേഖലയിൽ വളരെയധികം പണിയെടുക്കുന്നത്. സ്ത്രീകൾ പണിയെടുക്കുന്ന തൊഴിൽ-ശാലകൾ പലതുമുണ്ടെങ്കിലും സ്ത്രീകൾക്ക് മാത്രമായ ഒരു തൊഴിൽ ശാല ഒരു സ്വപ്നം മാത്രമാണ്.

D.W.C.R.A. യുടെ യൂണിറ്റുകൾ ഗവൺമെൻറ് അനുവദിച്ചുവെങ്കിലും ഒരെണ്ണം പോലും ഈ പഞ്ചായത്തിൽ തുടങ്ങിയിട്ടില്ല എന്നത് ദുഃഖകരമായ സത്യമാണ്. ഗ്രൂപ്പ് ഇക്കണോമിക് ആക്ടിവിറ്റി-യിൽ പുൽപ്പായ് നെയ്ത്ത് മഹിളാസമാജത്തിൽ ആരംഭിച്ചിട്ടു

ണ്ടെങ്കിലും വേണ്ടവിധത്തിൽ മുന്നോട്ടുകൊണ്ടു പോകാൻ സാധിക്കുന്നില്ല. മേല്പറഞ്ഞ ഗ്രൂപ്പ് ഇക്കണോമിക് ആക്ടിവിറ്റി വികസനബ്ലോക്കിന്റെ നേതൃത്വത്തിലാണ് നടത്തുന്നത്. നിർജ്ജീവമായി കിടക്കുന്ന മഹിളാസമാജത്തിൽ പുതിയ ചെറുകിട വ്യവസായങ്ങൾ ആരംഭിച്ച് സ്ത്രീകൾക്ക് പുതിയ-പുതിയ തൊഴിൽ കണ്ടെത്തുവാനും അതുവഴി വനിതാസംഘടന പുനഃരുജ്ജീവിപ്പിക്കുവാനും കഴിയണം. സ്ത്രീകൾ തൊഴിൽ ചെയ്യുന്ന പണിശാലകളിൽ തൊഴിൽ സ്ഥിരത, മിനിമം വേതനം എന്നിവ ഉറപ്പുവരുത്തണം.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ആൺകുട്ടികളേക്കാൾ വളരെയേറെ മുന്നിലാണ് പെൺകുട്ടികൾ. പഠിത്തം ഇടക്കുവച്ചു നിർത്തിപോകുന്ന പെൺകുട്ടികളുടെ എണ്ണത്തിൽ വളരെ കുറവ് വന്നിട്ടുണ്ട്. എണ്ണത്തിലെന്നപോലെ പഠനത്തിലും, നിലവാരത്തിലും പെൺകുട്ടികൾ വളരെ മുൻപിലാണ്. എങ്കിലും ഉപരിപഠനത്തിന് പെൺകുട്ടികൾ വിരളമായി മാത്രമേ കാണുന്നുള്ളൂ. കുടുംബപ്രാരാബ്ധങ്ങളും, സാമ്പത്തിക പ്രശ്നങ്ങളും, പഠനസൗകര്യക്കുറവ് എന്നിവ മൂലം ഉപരിപഠനം നടക്കാതെ പോകുന്ന വളരെയധികം കുട്ടികൾ ഈ പഞ്ചായത്തിലുണ്ട്. നിരക്ഷത നിർമ്മാർജ്ജനം ചെയ്യുന്നതിൽ സാക്ഷരത വളരെയധികം പ്രോത്സാഹനം ചെയ്തിട്ടുണ്ട്. ഇനിയും പ്രോത്സാഹനം ചെയ്യേണ്ടിയിരിക്കുന്നു.

സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങൾ പൊതുവേ ഈ പഞ്ചായത്തിൽ വളരെകുറവാണ്, സ്ത്രീ പീഡനങ്ങളും ഈ പഞ്ചായത്തിൽ അങ്ങിങ്ങായി റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്.

പ്രശ്നങ്ങൾ

രൂക്ഷമായ തൊഴിൽ മാന്ദ്യം ഈ പഞ്ചായത്തിൽ അനുഭവപ്പെടുന്നുണ്ട്. ഈ വ്യവസായങ്ങൾതന്നെ പിടിച്ചുനിറുത്തുവാൻ പറ്റാത്ത സ്ഥിതിയുമാണ്. ഉയർന്ന പ്രവർത്തനങ്ങളിലേക്ക് തങ്ങളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാൻ സ്ത്രീകൾക്ക് കഴിയുന്നില്ല. അവരുടെ താല്പര്യത്തിനനുസരിച്ച് പുതിയ തൊഴിൽ കണ്ടെത്തുവാൻ സാധിക്കുന്നില്ല. വ്യക്തമായ നേതൃത്വത്തോടെയും ആത്മ ധൈര്യത്തോടെയും വ്യവസായങ്ങൾ മുന്നോട്ട് നയിക്കാൻ സ്ത്രീകൾക്ക് സാധിക്കുന്നില്ല. ഇതിന് ഒരു പരിധിവരെകാരണം ഉത്തരവാദിത്വം സ്ത്രീകളുടെ കരങ്ങളിൽ ഏല്പിക്കാനുള്ള വിമുഖതയും തൊഴിലിൽ നിന്നു കിട്ടുന്ന വരുമാനത്തിന്റെ വിവേചനവും മാത്രമാണ്. കൂലി പുരുഷന്മാരേക്കാൾ സ്ത്രീകൾക്ക് വളരെക്കുറവാണ് കിട്ടിക്കൊണ്ടിരിക്കുന്നത്. കുടുംബപ്രാരാബ്ധങ്ങളും വീട്ടിലുള്ള പുരുഷന്മാരുടെ നിസ്സഹകരണവും ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാൻ സ്ത്രീകളെ പ്രേരിതരാക്കുന്നു. തൊഴിൽ, കൂലി, വിദ്യാഭ്യാസം തുടങ്ങി എല്ലാ കാര്യങ്ങളിലും ഏകീകരണം ഈ രംഗത്ത് ആവശ്യമാകേണ്ടിയിരിക്കുന്നു. തങ്ങളുടെ ആവശ്യങ്ങൾ ഉത്തരവാദിത്വമുള്ളവരെ അറിയിക്കുവാനും തങ്ങൾ ഒരിക്കലും പിന്നിലല്ല എന്ന് മനസ്സിലാക്കാനും അതിനനുസരിച്ച് പ്രവർത്തിക്കാനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.

പരിഹാരങ്ങൾ/ സാദ്ധ്യതകൾ

സാമൂഹ്യരംഗത്തും പൊതുരംഗങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പാക്കാൻ വളരെ പ്രവർത്തനങ്ങൾ ചെയ്യേണ്ടിയിരിക്കുന്നു. ഇതിന് രാഷ്ട്രീയ-സാംസ്കാരിക സംഘടനകൾ മുന്നാട്ടുവരേണ്ടതാണ്. തൊഴിൽ രംഗത്ത് മുൻപരിചയം ഉള്ളവരെ കണ്ടെത്തി അവരുടെ നേതൃത്വത്തിൽ ഓരോ തൊഴിലിലും താല്പര്യമുള്ളവരെ കണ്ടെത്തി പരിചയമുള്ളവരിൽ നിന്ന് ട്രെയിനിംഗ് കൊടുക്കണം. ഓരോരുത്തർക്ക് അഭിരുചിയുള്ള തൊഴിൽ പ്രോത്സാഹിപ്പിക്കണം.

ഈ സാഹചര്യത്തിൽ സ്ത്രീകൾക്ക് വനിതാ സംരക്ഷണവും തൊഴിൽ സാദ്ധ്യതയും ഉണ്ടാകുന്നതിനും - അവഗണനയിൽ നിന്ന് രക്ഷപ്പെടുന്നതിനും വേണ്ടി താഴെ ചേർത്തിരിക്കുന്ന പരിപാടികളിൽ ശ്രദ്ധ ചെലുത്തി നടപ്പിൽ വരുത്തേണ്ടതാണ്.

എഴുപുന്ന പഞ്ചായത്തിലെ വനിതകളുടെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ 9-ാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിക്കുന്നത്.

No. I

വനിതാ കമ്മീഷൻ സെൽ പഞ്ചായത്ത് ലെവലിൽ രൂപീകരിക്കുക. നിർധനരായ സ്ത്രീകൾക്ക് സൗജന്യമായ നിയമോപദേശം ലഭ്യമാക്കുന്നതിനും, സ്ത്രീ പീഡനത്തിൽ നിന്നും രക്ഷനേടുന്നതിനും ഈ സെൽ അത്യാവശ്യമാണ്.

No. II

ഖാദിവർക്കേഴ്സിന്റെ ആരോഗ്യനില കണക്കിലെടുത്ത് അവർക്ക് ആവശ്യമായ 'ഫേയ്സ് മാസ്ക്' വിതരണം ചെയ്യുക.

No. III

പീലിംഗ്ഷെഡ്ഡിൽ പണിയെടുക്കുന്ന സ്ത്രീകളുടെ ആരോഗ്യത്തിനാവശ്യമായ സിറ്റിംഗ് അറേഞ്ച്മെൻറിന് M.P.E.D.A. യുടെ നിർദ്ദേശം നടപ്പിൽവരുത്തുക. എല്ലാ തൊഴിലാളികൾക്കും E.S.I., P.F. എന്നിവ ലഭ്യമാക്കുക.

No. IV

സ്ത്രീകൾക്ക് ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഫ്ളോറികൾച്ചർ യൂണിറ്റുകൾ വീടുകൾ തോറും പ്രാവർത്തികമാക്കുക. ഇതിൽനിന്നും ലഭിക്കുന്ന പുഷ്പങ്ങൾ ശേഖരിച്ച് ഒരു സൊസൈറ്റി വഴി വില്പന നടത്തുകയും ചെയ്യുക. ഇതോടൊപ്പം കൂൺകൃഷിക്ക് വേണ്ടത്ര പ്രോത്സാഹനം ചെയ്യുക.

No. V

വനിതകൾക്ക് കംപ്യൂട്ടർ പരിശീലനത്തിനായി ഒരു ട്രെയിനിംഗ് സെൻറർ ഫീസ് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ നടപ്പിൽ വരുത്തുക.

No. VI

തെങ്ങിന്റെ വിവിധതരം സാധനങ്ങൾ ഉപയോഗിച്ച് ഹാൻറിക്രാഫ്റ്റ് സൊസൈറ്റികൾ രൂപീകരിക്കുക.

No. VII

ഗ്രാമീണ വനിതാ ശിശുവികസന പദ്ധതി

D.W.C.R.A യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഗ്രൂപ്പിലുള്ള അഗങ്ങൾക്ക് Bank-ന്റെ നിലവിലുള്ള ലോൺ കണക്കിലെടുക്കാതെ യൂണിറ്റിലുള്ളവർക്ക് ലോൺ നല്കുവാൻ വേണ്ട നിർദ്ദേശം കൊടുക്കുക.

No. VIII

പച്ചക്കറിയുടെ ഉല്പാദനം മെച്ചപ്പെടുത്തുന്നതിനായി പഞ്ചായത്ത് ലെവലിൽ ഒരു സൊസൈറ്റി രൂപീകരിക്കുകയും അതിന്റെ മേൽ നോട്ടത്തിൽ ഉല്പാദിപ്പിച്ച് വിപണനം നടത്തുന്നതിനും വേണ്ട നടപടികൾ നടപ്പിലാക്കുന്നതിനായി അതിനാവശ്യമായ എല്ലാ ഉത്തരവാദിത്വവും കൃഷിഭവനെ ഏല്പിക്കുക. കൃഷിഭവൻ നടത്തുന്ന പ്രവർത്തനങ്ങൾ എല്ലാം ജനങ്ങൾ അറിയുന്നതിനുള്ള സംവിധാനം നടപ്പിലാക്കുക.

No. IX

തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ കുഞ്ഞുങ്ങളുടെ സംരക്ഷണത്തിനായി ഗവൺമെൻറിന്റെ സഹായത്തോടുകൂടി ബേബിക്രെഷ്യുകൾ സ്ഥാപിക്കുക.

No. X

നിർദ്ധനരായ സ്ത്രീകൾക്ക് വീട് വച്ച് കൊടുക്കുക.

No. XI

ശുദ്ധജല വിതരണം പ്രാബല്യമാക്കുക. 150.m. നുള്ളിൽ നിന്നും എടുക്കാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുക.

No. XII

എല്ലാ വീടുകളിലും രണ്ട് പിറ്റുള്ള കക്കൂസ് നിർബന്ധമാക്കുക.

No. XIII

ഗതാഗതസൗകര്യത്തെ കണക്കിലെടുത്ത് റെയിൽവേ ക്രോസിൽ ഒരു ഓവർബ്രിഡ്ജ് നിർമ്മിക്കുക.

ശ്രീനാരായണപുരവും ഹൈവേയുമായി ബന്ധിപ്പിക്കുന്നതിനായി പാലം നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുക.

No. XIV

എല്ലാ വികസന കമ്മിറ്റികളിലും സ്ത്രീകൾക്ക് മൂന്നിലൊന്ന് സംവരണം നടപ്പിലാക്കുക.

No. XV

വിദ്യാലയങ്ങളിൽ മാതൃസമ്പർക്ക പരിപാടി നടപ്പിലാക്കുക.

No. XVI

പോഷകാഹാരം വിതരണം തുടർന്നും, ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, കുട്ടികൾക്കും നല്കുകയും പോഷകാഹാരവിദ്യാഭ്യാസം നടപ്പിലാക്കുകയും ചെയ്യുക.

No. XVII

വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് കൊടുക്കുന്ന ധനസഹായം 5000 രൂപയായി വർദ്ധിപ്പിക്കുകയും അതിന് നേരിടുന്ന കാലതാമസം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

No. XVIII

വ്യവസായശാലകളിൽ പ്രായപൂർത്തിയാകാത്ത കുട്ടികളെകൊണ്ട് തൊഴിൽ ചെയ്യിക്കാതിരിക്കുകയും, സ്ത്രീകളുടെ ജോലി സമയം '8' മണിക്കൂറാക്കി ക്ലിപ്തപ്പെടുത്തിക്കൊണ്ടുള്ള നിയമം നടപ്പിലാക്കുകയും ചെയ്യുക.

No. XIX

ഹരിജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ പോഷകാഹാരവും, ആരോഗ്യവിദ്യാഭ്യാസവും, തുടർ വിദ്യാഭ്യാസവും നടപ്പിലാക്കുക.

No. XX

പഞ്ചായത്തിനെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിന് താഴെപറയുന്ന പരിപാടികൾ നടപ്പിൽ വരുത്തിയാൽ സാധിക്കാവുന്നതാണ്.

പഞ്ചായത്ത്തോറും പച്ചക്കറികൃഷി, ആടുവളർത്തൽ, കോഴിവളർത്തൽ, കന്നുകാലിവളർത്തൽ, മത്സ്യകൃഷി, എന്നീ തൊഴിൽ സാധ്യതയുള്ള പരിപാടികൾ ഒരു പഞ്ചായത്തിൽ '50' വീടിന് ഒരു യൂണിറ്റ് എന്ന കണക്കിൽ '50' യൂണിറ്റ് ഒരു പഞ്ചായത്തിൽ ജനങ്ങളുടെ താല്പര്യവും കണക്കാക്കി. പ്രോത്സാഹിപ്പിക്കുക. പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ പഞ്ചായത്തിൽ തന്നെ ഉല്പാദിപ്പിക്കുക.

No. XXI

സ്ത്രീകൾക്ക് തൊഴിൽ എല്ലാ മേഖലകളിലും തുല്യജോലിക്ക് തുല്യവേതനം നടപ്പിലാക്കുക.

No. XXII

പഞ്ചായത്തുകൾ തോറും വനിതകൾക്കായി ഗ്രാമീണവനിതാ ബാങ്ക് സ്ഥാപിക്കുക.

No. XXIII

സ്ത്രീകൾക്ക് പ്രത്യേകം കാർപ്പെൻററി, മെയ്സൺ ഹോം അപ്ലൈയ്ൻസസ് എന്നിവയിൽ വിദഗ്ദ്ധ പരിശീലനം കൊടുക്കുക.

No. XXIV

സ്ത്രീകൾക്ക് വേണ്ടി ഒരു വനിതാ ലൈബ്രറി തുടങ്ങുക.

No. XXV

M.P.E.D.A. യുടെ നേതൃത്വത്തിൽ ഒരു മോഡൽ പീലിംഗ് ഷെഡ്ഡ് ആരംഭിക്കുക.

No. XXVI

മദ്യനിരോധനം പൂർണ്ണമായും നടപ്പിൽ വരുത്തുക. വിദേശമദ്യവും നിരോധിക്കുക.

No. XXVII

സോപ്പ് വ്യവസായം തുടങ്ങുകയും അതിനുവേണ്ടി വിപണി കണ്ടെത്തുകയും ചെയ്യുക.

No. XXVIII

കറിപൗഡർ യൂണിറ്റ് തുടങ്ങുകയും അതിനുള്ള വിപണി കണ്ടെത്തുകയും ചെയ്യുക.

No. XXIX

ഹെർബൽ ബ്യൂട്ടി പാർലർ തുടങ്ങുന്നതിനുള്ള സംവിധാനവും ധനസഹായവും നൽകുക.

No. XXX

സിമൻറ്, ഇഷ്ടിക, ചെത്തുചെളികൊണ്ടുള്ള ചെറുകിട ഹാൻഡിക്രാഫ്റ്റ് നിർമ്മാണയൂണിറ്റ് എന്നിവ ആരംഭിക്കുക.

5.10
സഹകരണം

9-ാം പഞ്ചവത്സര പദ്ധതിക്ക് സമർപ്പിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ട്.

എഴുപുന്ന പഞ്ചായത്തിൽ വിവിധ മേഖലകളിലായി 15 സഹകരണ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. ഇപ്പോൾ നിലവിലുള്ള 14 സഹകരണ സംഘങ്ങളിൽ ഭൂരിപക്ഷവും പ്രവർത്തന രഹിതവും സമാപ്തീകരണത്തിൻവക്കത്തും ആണ്. സഹകരണ മേഖലയിൽ പഞ്ചായത്തിൽ പ്രത്യക്ഷ മായി 26 പേരും പരോക്ഷമായി 10 ഓളം പേരും ജോലി ചെയ്തുവരുന്നു. താലൂക്കുതലത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെയും പ്രവർത്തനപരിധി ഈ പഞ്ചായത്തുകൂടി ഉൾപ്പെട്ടിരിക്കുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ തരംതിരിച്ചു ചേർക്കുന്നു.

സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ. കാർഷീക മേഖലയിൽ 953-ാം നമ്പർ എഴുപുന്ന സർവ്വീസ് സഹകരണ ബാങ്കും, 1175-ാം നമ്പർ എരമല്ലൂർ സർവ്വീസ് സഹകരണ സംഘവുമാണുള്ളത്. കൺസ്യൂമർ വിഭാഗത്തിൽ സ്ഥാപിതമായ എരമല്ലൂർ വനിതാ കൺസ്യൂമർ സഹകരണ സ്റ്റോർ ലിക്യുഡേറ്റ് ചെയ്തു പോയി. സ്കൂൾ സഹകരണസംഘം പഞ്ചായത്തിന്റെ പരിധിയിൽ ഒരെണ്ണം മാത്രമാണുള്ളത്. ഈ പഞ്ചായത്തിൽ ആകെ ഒരു ക്ഷീരോല്പാദക സഹകരണ സംഘമാണുള്ളത്. എഴുപുന്ന പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയായി എഴുപുന്ന പഞ്ചായത്ത് ഹരിജൻ മത്സ്യത്തൊഴിലാളി സഹകരണസംഘം പ്രവർത്തിച്ചു വരുന്നുണ്ട്. ഖാദി ഗ്രാമവ്യവസായ വകുപ്പിന്റെ കീഴിൽ എഴുപുന്ന പഞ്ചായത്തിൽ മുന്നു ഹരിജൻ വനിതാ വ്യവസായ സഹകരണസംഘങ്ങളും ഖാദിവ്യവസായ വകുപ്പിന്റെ കീഴിൽ രണ്ടു ഹരിജൻ വനിതാവ്യവസായ സഹകരണ സംഘങ്ങളും പ്രവർത്തിയ്ക്കുന്നു. കയർ വ്യവസായ മേഖലയിൽ എഴുപുന്ന വടക്ക് കയർ വ്യവസായ സഹകരണസംഘം കല്ലുപുരയ്ക്കൽ കയർ വ്യവസായ സഹകരണസംഘം എന്നിവയാണുള്ളത്. കൂടാതെ എരമല്ലൂർ ഹരിജൻ വ്യവസായ സഹകരണസംഘവും എഴുപുന്ന പഞ്ചായത്ത് ഹരിജൻ സംഘവും ഉണ്ട്. താലൂക്കു പരിധിയായി ഒരു ലേബർ കോൺട്രാക്റ്റ് സഹകരണ സംഘം ഉണ്ട്.

കാർഷീകമേഖല.

ഈ പഞ്ചായത്തിൽ രണ്ടു കാർഷീകവായ്പ സഹകരണ സംഘങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ടെങ്കിലും ഏറ്റവും നന്നായി പ്രവർത്തിയ്ക്കുന്നത് 953-ാം നമ്പർ എഴുപുന്ന സർവ്വീസ് സഹകരണ ബാങ്കാണ്. ജില്ലയിലെ ഏറ്റവും നല്ല സഹകരണ ബാങ്കിനുള്ള അവാർഡും ഈ ബാങ്കിനു ലഭിച്ചിട്ടുണ്ട്. എഴുപുന്ന പഞ്ചായത്തിലെ 1,2 , 3, 4, 10 എന്നീ വാർഡുകളിലെ പ്രായപൂർത്തിയായ 95% ആളുകളും 953 സർവ്വീസ് സഹകരണ ബാങ്കിലെ അംഗങ്ങൾ ആണ്.

ഹൃസ്വകാലവായ്പ

കർഷകരും കർഷകത്തൊഴിലാളികളും ധാരാളമായി ഉള്ള ഒരു പഞ്ചായത്താണ് എഴുപുന്ന പഞ്ചായത്ത്. ഹൃസ്വകാല കാർഷീക കാർഷീകേതര വായ്പകളാണ് പഞ്ചായത്തിലെ രണ്ടു സഹകരണ ബാങ്കും മുഖ്യമായും വിതരണം ചെയ്യുന്നത്.

1. 953 എഴുപുന്ന സർവ്വീസ് സഹകരണ ബാങ്ക്.

1400 ഓളം കർഷക കുടുംബങ്ങൾ ഈ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ ഉണ്ട്. എന്നാൽ ഈ ബാങ്കിൽ മുഴുവൻ കർഷകരേയും അംഗങ്ങൾ ആക്കുവാൻ ബാങ്കിന് സാധിച്ചിട്ടുണ്ട്. കർഷകാംഗങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ ഒരു പരിധിവരെ നിർവ്വഹിക്കുവാൻ ടി ബാങ്കിനു സാധിയ്ക്കുന്നുണ്ട്. ചെമ്മീൻ കൃഷിമായ്പ, കന്നുകാലി വളർത്തുന്നതിനുള്ള വായ്പ. കോഴി, പന്നിവളർത്തൽ എന്നീ പദ്ധതി വായ്പകളും വിതരണം ചെയ്യുന്നു.

പട്ടിക.

കാർഷീകവായ്പാസംഘം - 953 എഴുപുന്ന സർവ്വീസ് സഹകരണ ബാങ്ക്

സംഘത്തിന്റെ പേരുള്ള	പ്രവർത്തനം ആരംഭിക്കുന്ന വർഷം	പ്രവർത്തന പരിധി	അംഗത്വം	ഓഹരി മൂലധനം	കടം (000)ൽ	നിക്ഷേപം (000)ൽ	വായ്പകൾ		പ്രവർത്തന മൂലധനം	ലാഭനഷ്ടം		ജീവനക്കാർ	
							കാർഷിക കടം	കാർഷികേതരം		ലാഭം	നഷ്ടം	സ്ഥിരം	മറ്റുള്ളവർ
എഴുപുന്ന സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 953	3-5-1925	എഴുപുന്ന പഞ്ചായത്തിന്റെ 1,2,3,4, 10 വാർഡുകൾ	7000	18,67,640	74,34,000	2,74,00,000	44,00,000	2,20,00,000	3,65,00,000	84,00,000		21	NIL

2. എരമല്ലൂർ സർവ്വീസ് സഹകരണസംഘം ക്ലിപ്തം നമ്പർ 1175

ബാങ്കിന്റെ പരിധിയിൽ 1200 ഓളം കർഷക കുടുംബങ്ങൾ ഉണ്ട്. പ്രവർത്തനരഹിതമായിക്കൊണ്ടിരുന്ന ടി. സംഘം ഇപ്പോൾ ഒരുവിധം പ്രവർത്തനം കാഴ്ചവച്ചു കൊണ്ടിരിയ്ക്കുന്നു. മുഴുവൻ കർഷകർക്കും ആവശ്യമായ വായ്പകൾ കൊടുക്കുന്നതിന് ടി സംഘത്തിനു സാധിയ്ക്കുന്നില്ല. മൂലധനക്കുറവും നിക്ഷേപങ്ങൾ ഇല്ലാത്തതുമാണ് ഇതിനുകാരണം.

കയർ വ്യവസായ സഹകരണസംഘങ്ങൾ.

രണ്ടു കയർ വ്യവസായ സഹകരണസംഘങ്ങൾ ടി പഞ്ചായത്തിൽ നിലവിലുണ്ട്. (1) എഴുപുന്ന വടക്ക് കയർ വ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ 487 (2) കല്ലുപുരയ്ക്കൽ കയർ വ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ 827 എഴുപുന്ന വടക്ക് കയർ വ്യവസായ സഹകരണസംഘത്തിന് 2,70,455 രൂപാ ഓഹരി മൂലധനവും 3,75,760 രൂപാ പ്രവർത്തനമൂലധനവും ഉണ്ട്. കല്ലുപുരയ്ക്കൽ കയർ വ്യവസായ സഹകരണസംഘത്തിന് 48,000 രൂപ ഓഹരി മൂലധനവും 48,370 രൂപ പ്രവർത്തന മൂലധനവുമുണ്ട്. ഭരണസമിതികളുടെ വൈകല്യം മൂലം ഇപ്പോൾ ടി സംഘങ്ങൾ രണ്ടും പ്രവർത്തന രഹിതങ്ങളാണ്.

ഖാദി ഗ്രാമവ്യവസായ സഹകരണസംഘങ്ങൾ

ടി പഞ്ചായത്തിൽ ഖാദിഗ്രാമ വ്യവസായ വകുപ്പിന്റെ കീഴിൽ മൂന്നു വനിതാ ഹരിജൻ സഹകരണ വ്യവസായ സംഘങ്ങൾ ഉണ്ട്. ഇവ മൂന്നും ഇപ്പോൾ നിശ്ചലമാണ്.

ക്ഷീരവ്യവസായ സഹകരണസംഘം

നിലവിലുള്ള എഴുപുന്ന ക്ഷീരവ്യവസായ സഹകരണസംഘം ടി പഞ്ചായത്തിലെ 1, 2, 3, 4, 10 വാർഡുകൾ പരിധിയായി പ്രവർത്തിച്ചുവരുന്നു. ഇന്ന് ഒരു ദിവസം ശേഖരിക്കുന്ന പാൽ ഏകദേശം 100 ലിറ്ററോളമാണ്. ഇത് ആവശ്യത്തിനു വിതരണം ചെയ്യുവാൻ അപര്യാപ്തമാണ്. മെമ്പർമാർക്ക് നല്ലയിനം കന്നുകാലികളെ വിതരണം ചെയ്തും ആവശ്യമായ പ്രചോദനം നല്കിയും പാൽ ഉല്പാദനം വർദ്ധിപ്പിക്കുവാൻ സാധിയ്ക്കുന്നതാണ്.

മത്സ്യത്തൊഴിലാളി സഹകരണസംഘം

ടി പഞ്ചായത്തിന്റെ പരിധിയിൽ ഒരു ഹരിജൻ മത്സ്യത്തൊഴിലാളി സഹകരണസംഘം നിലവിലുണ്ട്. എങ്കിലും ഇപ്പോൾ പ്രവർത്തനരഹിതമാണ്. കാഴ്ചപ്പാടുള്ള നേതൃത്വത്തിന്റെ അഭാവം മൂലമാണ്.

കൺസ്യൂമർ സഹകരണസംഘം.

നിലവിലുണ്ടായിരുന്ന എരമല്ലൂർ വനിതാ സഹകരണ കൺസ്യൂമർ സ്റ്റോർ സമാപ്തീകരിച്ചു പോയി. കൺസ്യൂമർ മേഖലയുടെ അഭാവം ടി പഞ്ചായത്തിൽ സാരമായി ബാധിച്ചിട്ടുണ്ട്. പുതിയ കൺസ്യൂമർ സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചാൽ ഒരു പരിധി വരെ ഉപകാരപ്രദമായിരിക്കും.

സ്കൂൾ സഹകരണസംഘം

ടി പഞ്ചായത്തിൽ സെൻറ് റാഫേൽസ് ഹൈസ്കൂളിലെ എഴുപുന്ന പ്രൈവറ്റ് സ്കൂൾ സഹകരണ സംഘം മാത്രമാണുള്ളത്. ഭരണസമിതിയുടെ അശ്രദ്ധമൂലം ടി സ്കൂൾ സഹകരണസംഘം തകർച്ചയിലേയ്ക്കു നീങ്ങികൊണ്ടിരിക്കുന്നു.

ഹരിജൻ സഹകരണസംഘം.

ടി പഞ്ചായത്തിൽ എഴുപുന്ന പഞ്ചായത്ത് ഹരിജൻ സർവ്വീസ് സഹകരണസംഘം ക്ലിപ്തം നമ്പർ എ 815 പഞ്ചായത്ത് മുഴുവൻ പ്രർത്തന പരിധിയായി പ്രവർത്തിച്ചു വരുന്നു. എല്ലാ ഹരിജനങ്ങളേയും ടി സംഘത്തിൽ അംഗങ്ങൾ ആക്കുവാൻ സാധിച്ചിട്ടില്ല. 1,37,540 രൂപാ ഓഹരി മൂലധനമുണ്ട്. ടി സംഘം ഇപ്പോൾ 75500

രൂപാ നഷ്ടത്തിലാണെങ്കിലും മെച്ചപ്പെട്ടരീതിയിൽ പ്രവർത്തിക്കുന്നതിന് ഭരണ സമിതി യത്നിക്കുന്നുണ്ട്.

ഖാദി വ്യവസായസഹകരണസംഘങ്ങൾ.

രണ്ടു സംഘങ്ങൾ ഉണ്ടെങ്കിലും രണ്ടും പ്രവർത്തനം പോലും ആരംഭിയ്ക്കാതെ നിർജ്ജീവമായി കിടക്കുന്നു.

ലേബർ കോൺട്രാക്റ്റ് സഹകരണസംഘം

താലൂക്ക് പരിധിയായി ടി പഞ്ചായത്തിൽ ഒരു ലേബർ കോൺട്രാക്റ്റ് സഹകരണസംഘം ഉണ്ടെങ്കിലും നാളിതുവരെ പ്രവർത്തിയ്ക്കാതെ പ്രവർത്തന രഹിതമായികിടക്കുന്നു.

നിർദ്ദേശങ്ങൾ

(1) എരമല്ലൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം കുറച്ചുകൂടി മെച്ചപ്പെടുത്തിയാൽ ടി പഞ്ചായത്തിലെ 5,6,7,8,9 വാർഡുകളിലെ കർഷകർക്കും തൊഴിലാളികൾക്കും മറ്റു ബ്ലേഡു കമ്പനികളെ ആശ്രയിയ്ക്കാതെ ആവശ്യത്തിന് വായ്പകൾ വിതരണം ചെയ്യുവാൻ സാധിയ്ക്കുന്നതാണ്.

(2) കയർ സംഘങ്ങളെ പുനരുജ്ജീവിപ്പിച്ചാൽ 300 ഓളം കുടുംബങ്ങൾക്ക് ഉപജീവനവും തൊഴിലും നേടുവാൻ സാധിയ്ക്കും.

(3) എരമല്ലൂർ കേന്ദ്രമായി ഒരു പാൽ സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചാൽ ഒരു പരിധിവരെ പാലിന്റെ ക്ഷാമം പരിഹരിയ്ക്കുവാനും കുറേ കുടുംബങ്ങൾക്ക് ഉപജീവനവും ആകും.

5.11
പട്ടികജാതി - പട്ടിക വർഗ്ഗക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 16.7% പട്ടികജാതി വിഭാഗമാണ്. 842 പട്ടികജാതി കുടുംബങ്ങളും 18 പട്ടിക വർഗ്ഗ കുടുംബങ്ങളും ഇവിടെ താമസിച്ചുവരുന്നു. 9 അംഗീകൃതകോളനികളിലുമായി 291 കുടുംബങ്ങളാണുള്ളത്. ആകെ 4719 പട്ടികജാതി അംഗങ്ങളുണ്ട്. വിദ്യാഭ്യാസ സാമൂഹിക മേഖലയിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹ്യസാമ്പത്തിക രംഗത്ത് നിരവധി കാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കാർഷിക ഭൂപരിഷ്ക്കരണ നിയമം നടപ്പിലാക്കിയതുമൂലം - കുടികിടപ്പ് അവകാശവും മിച്ച ഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹ്യപുരോഗതി കൈവരിക്കാൻ സഹായകരമായിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം, നേടാൻ കഴിഞ്ഞിട്ടില്ല. കൊല്ലും കൊലയും അയിത്തത്തിന്റെ മണിയൊച്ചയും മനുഷ്യത്വത്തിൽ ചവിട്ടിമെതിച്ച് കടന്നുപോയ നാളുകൾ മുൻതലമുറ ഇന്നും ഓർക്കുന്നു. എല്ലാ ജാതിമതസ്തരും എല്ലാത്തരം ചടങ്ങുകളിലും പങ്കെടുക്കുന്നുണ്ടെങ്കിലും ഈ വിഭാഗക്കാരുടെ ചടങ്ങുകളിൽ മറ്റു വിഭാഗത്തിൽപ്പെട്ട ബഹുഭൂരിപക്ഷം ആളുകളുടെയും പൂർണ്ണമായ സഹകരണം ഇല്ലാത്ത അവസ്ഥ ഇന്നും നിലനില്ക്കുന്നു. എന്നാൽ എല്ലാ പൊതു പരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തുവരുന്നു.

ഈ വിഭാഗത്തിന്റെ ഉയർച്ചയ്ക്കു വേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നല്കിയതും നല്കുന്നതുമായ നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഒരു പരിധിവരെ ഉയർച്ച കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത് കോളനിനിവാസികൾക്കാണ് എന്ന് എടുത്തു പറയട്ടെ.

ലഭ്യമായ കണക്കുപ്രകാരം കോളനിയിലേതടക്കം ജനസംഖ്യ 4719 ആണ്. അംഗീകാരത്തിന് സമർപ്പിച്ച കോളനികൾ അംഗീകരിച്ചു കിട്ടുന്നതിന് നടപടികൾ ഊർജ്ജിതമായി സ്വീകരിക്കേണ്ടതുണ്ട്.

വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. S.S.L.C.ക്കുശേഷം തുടർന്നു പഠിക്കുന്നതിന് പല കുട്ടികളും താല്പര്യം കാണിക്കുന്നില്ല. രക്ഷിതാക്കൾ ഈ കാര്യത്തിൽ വേണ്ടതെ ശ്രദ്ധചെലുത്തുന്നില്ല. സാമ്പത്തിക പരാധീനതയും കുടുംബം പോറ്റുന്നതിന് മാതാപിതാക്കളെ സഹായിക്കുന്നതിനുള്ള ബാദ്ധ്യതയും മൂലകാരണമാണ്.

പട്ടിക

വാർഡ്	കോളനിയുടെ പേര്	വീടുകളുടെ എണ്ണം എണ്ണം	അംഗങ്ങളുടെ എണ്ണം
2	വേലികെട്ടുംതറ കോളനി	24	109
3	വളവുകേരി ലക്ഷം വീട് കോളനി	26	126
4	വള്ളാംകുന്നത്ത് കോളനി	24	84
5	കൊരമ്പാത്ത് ലക്ഷം വീട് കോളനി	26	94
5	ശ്രീനാരായണ പുരം അംബേദ്കർ കോളനി	67	308
6	കാട്ടേഴത്ത് കോളനി	25	104
6	പുതുശ്ശേരി കോളനി	30	125
7	പുലിത്തൂട്ട് കോളനി	30	117
8	താമരപ്പള്ളി കോളനി (IHDP)	65	287
10	തച്ചവീട് കോളനി (IHDP)	49	296

അംഗീകാരത്തിന് സമർപ്പിച്ച കോളനി

1	മണിയങ്കുന്നാട്ട് കോളനി (IHDP)	39	119
2	കോന്നനാട്ട് കോളനി (IHDP)	48	227

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനവേണ്ടി പരിഹാര ബോധന ക്ലാസ്സുകൾ ഏർപ്പെടുത്തേണ്ടതാണ് അതോടൊപ്പം വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉൾപ്പെടുത്തി തുടർച്ചയായി ക്ലാസ്സ് സംഘടിപ്പിക്കേണ്ടതാണ്. 1996-97 അദ്ധ്യയനവർഷത്തിൽ 600 പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. 95-96 വർഷത്തിൽ പ്രൈമറി സ്ക്കൂളിലും ഹൈസ്ക്കൂളിലുമായി 27 കുട്ടികൾ പഠനം നിറുത്തി. നിലവിൽ 5 % കുട്ടികളാണ് തുടർന്നു പഠിക്കാൻ താല്പര്യം കണിച്ചിട്ടുള്ളത് പൊതുവെ എസ്.എസ്.എൽ.സി.ക്ക് ഉപരിയായി വിദ്യാഭ്യാസം ഉള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ അവസ്ഥ എത്രയും വേഗം മാറ്റി എടുക്കുന്നതിന് ആവശ്യമായ പ്രേരണ നൽകണം.

തൊഴിൽ മേഖല

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷികമേഖലയിൽ പണിയെടുത്ത് ഉപജീവനം കഴിച്ചു പോന്നിരുന്നവരാണ് എന്നാൽ അടുത്ത കാലത്തായ് കൃഷിനിലങ്ങൾ തുടർച്ചയായ് ചെമ്മീൻ കൃഷിക്കും മത്സ്യകൃഷിക്കും ഉപയോഗപ്പെടുത്തുന്നതു കൊണ്ട് ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുകയും തന്മൂലം ജീവിതം മരീചികയിലേക്ക് വലിച്ചെറിയുന്ന പ്രതീതി ഉണ്ടായി. കൃഷിനിലങ്ങളിൽ മത്സ്യകൃഷിയും നെൽകൃഷിയും ഒന്നിടവിട്ട് നടത്തിയാൽ മേൽപ്പറഞ്ഞ തകർച്ചയ്ക്ക് ഒരു പരിധി വരെ പരിഹാരം കാണാവുന്നതാണ്. ഒരു തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യം ഉല്പാദനവർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലകളിലേയ്ക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ മാറ്റങ്ങൾ വരേണ്ടിയിരിക്കുന്നു. കർഷകതൊഴിലാളികളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വേണ്ടിയും സ്വയം തൊഴിൽ ചെയ്യുന്നതിനുവേണ്ടിയും തിരിച്ചടവില്ലാത്ത സാമ്പത്തിക സഹായം കൂടിയേ തീരു. പൊതുമേഖലാ സ്ഥാപനങ്ങളിലുള്ള സംവരണാനുകൂല്യങ്ങൾ. സ്വകാര്യസ്ഥാനപനങ്ങളിലും ഏർപ്പെടുത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിൽ 8 സ്വകാര്യ വ്യവസായസ്ഥാപനങ്ങളിൽ പട്ടികജാതി പട്ടികവർഗക്കാരുടെ തൊഴിലവസരങ്ങൾ നന്നേ കുറവാണ്. ഇതിൽ ബന്ധപ്പെട്ട അധികാരികൾ അടിയന്തിരമായി ശ്രദ്ധിക്കണം. ഇതുമൂലം യുവതീയുവാക്കൾക്ക് തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു. നാളികേര ഉല്പാദനക്കുറവുമൂലവും കൃഷി ഭൂമിയിൽ കർഷകർ ജോലി ചെയ്യിക്കാത്തതു കൊണ്ടും ഈ രംഗത്ത് തൊഴിൽ ദിനങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നു. ഈ കാരണത്താൽ പുതിയ തലമുറ കാർഷിക രംഗത്തു നിന്നും പിൻമാറിക്കൊണ്ടിരുന്നു.

ചെമ്മീൻ ഫാക്ടറികളിൽ നിന്നും ഒഴുക്കി വിടുന്ന മലിനജലം കായലിലേക്ക് ഒഴുകിവരുന്നതുമൂലം കക്കയുടെ ഉല്പാദനം കുറയുകയും തന്മൂലം ആ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുകയും ചെയ്യുന്നു. കൃഷിയിടങ്ങളിൽ ചെമ്മീൻകെട്ടുകളും, മത്സ്യകൃഷിയും നടത്തുമ്പോൾ കൃഷിയിടങ്ങളിലെ സ്ഥിരം കർഷകതൊഴിലാളികൾക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. കർഷകത്തൊഴിലാളികളുടെ പ്രധാന കൈത്തൊഴിലായിരുന്നു പായ് നെയ്ത്ത് അസംസ്കൃതവസ്തുവായ കൈതഓല പൂർണ്ണമായും സംരക്ഷിക്കപ്പെടാൻ കഴിയുന്നില്ല. കൂലിവേല മാത്രം ചെയ്ത് ഉപജീവനം കഴിച്ചുവരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആട് വളർത്തൽ കോഴിവളത്തൽ, പച്ചക്കറിക്കൃഷി എന്നിവ പ്രോത്സാഹിപ്പിക്കാൻ വിത്തും വളവും നിർദ്ദേശങ്ങളും സൗജന്യമായി നല്കണം.

പാർപ്പിടം

പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പാക്കി വരുന്ന പദ്ധതികൾ സഹായകരമായിട്ടുണ്ട്. മിക്ക ഹരിജൻ കോളനികളിലും പരിമിതമായ സൗകര്യങ്ങളെ ഉള്ളു. കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ ലഭ്യമാക്കേണ്ടതുണ്ട്.

സർക്കാർ ഏജൻസികൾ ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തതമൂലം പല വീടുകളുടെയും പണി പൂർത്തീകരിക്കാതെ കിടപ്പുണ്ട്, ഇതിന് പരിഹാരം കാണാൻ ഇപ്പോഴത്തെ തുക 22000 ൽ നിന്നും 40000/- രൂപയായി വർദ്ധിപ്പിക്കണം.

കോളനികളെ സംബന്ധിച്ച വിവരം

ക്രമ നമ്പർ	കോളനിയുടെ പേര്	കോൺക്രീറ്റ്	ഓട്	ഓല	വീടുകളുടെ എണ്ണം കക്കൂസ് ഇല്ലാത്തവർ		അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തവർ
1	വേലിക്കെട്ടുംതറകോളനി	-	20	4	7	4	20
2	വളവങ്കേരി ലക്ഷം വീടുകോളനി	-	25	1	1	7	18
3	വള്ളാം കുന്നത്ത് കോളനി	-	22	2	2	8	14
4	കൊരമ്പാത്ത് ലക്ഷം വീട് കോളനി	-	26	-	-	16	10
5	ശ്രീ നാരായണപുരം അംബേദ്കർ കോളനി	-	64	3	3	5	62
6	കാട്ടേഴത്ത് കോളനി	-	24	1	1	3	22
7	പുതുശ്ശേരി കോളനി	-	29	1	1	2	28
8	പുലിത്തൂട്ട് കോളനി	-	28	2	2	7	23
9	താമരപ്പള്ളി കോളനി (IHDP)	-	65	-	-	61	4
10	തച്ചവീട് കോളനി (IHDP)	-	49	-	-	44	9

ഭൂമിയും വീടും ഇല്ലാത്ത കുടുംബങ്ങൾക്ക് നാലു സെൻറ് ഭൂമിയും വീടുവയ്ക്കാനുള്ള ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചുകൊടുത്തുവെങ്കിൽ മാത്രമേ ഭവന നിർമ്മാണ പ്രശ്നം പരിഹരിക്കുകയുള്ളു ഭവനനിർമ്മാണത്തിനുവേണ്ടി അനുവദിക്കുന്ന വായ്പയുടെ പലിശ ഇളവു ചെയ്യുക. വിവിധ സർക്കാർ ഏജൻസികളിൽ നിന്നും ഭവനനിർമ്മാണത്തിനുവേണ്ടി വായ്പ കുടിശ്ശിക എഴുതി തള്ളുവാനുള്ള നടപടികൾ സ്വീകരിക്കുക.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഭൂരിഭാഗം വീടുകളിലും കക്കൂസുകൾ ഇല്ല. ഓരോ വീടിനും സെപ്റ്റിക് ടാങ്കോടു കൂടിയ കക്കൂസുകൾ സ്ഥാപിക്കുക.

സെറ്റിൽമെൻറ് കോളനികളിലും ലക്ഷം വീടു കോളനികളിലും നിലവിലുള്ള കക്കൂസുകൾ ഇടിഞ്ഞു പൊളിഞ്ഞു നശിച്ചിരിക്കുകയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് പുതിയതായി കക്കൂസുകൾ നിർമ്മിച്ച് കൊടുക്കുവാനുള്ള നടപടികൾ സ്വീകരിക്കുക. ജീർണ്ണിച്ച വീടുകൾക്കു പകരം പുതിയവീടുകൾ അനുവദിക്കുക

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില. ഒരു പരിധിവരെ നിരക്ഷരത ഇപ്പോഴും നിലനിൽക്കുന്നു.
2. കാർഷിക മേഖലയിലെ തൊഴിൽ കുറഞ്ഞു വരുന്നതിനാൽ തൊഴിലാളികൾ മാറ്റുമേഖല തേടി പോകുന്നു. അതോടെപ്പം മൊത്തം തൊഴിൽ സാധ്യതയും കുറഞ്ഞുവരുന്നു.
3. വീടുകളിലെ പ്രാഥമിക സൗകര്യങ്ങൾ വളരെ പരിമിതമാണ്.
4. കോളനികളിൽ കുടിവെള്ളവും വൈദ്യുതിയും ആവശ്യത്തിനില്ല.
5. പൊതുശ്മശാനം എല്ലാവർക്കും പ്രയോജനപ്പെടത്തക്കവിധത്തിൽ നിലനിർത്തണം
6. IRDP പദ്ധതിയും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുന്നില്ല.
7. വിവിധ ഏജൻസികളിൽ നിന്നും അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർക്ക് ലഭിക്കുന്ന വായ്പയും ധനസഹായവും ലക്ഷ്യപ്രാപ്തികൈവരിക്കുന്നില്ല. ഒരു പരിധിവരെ അവ ദുർവിനിയോഗപ്പെടുകയും ചെയ്യുന്നു.
8. നിലവിലുള്ള ക്ഷേമപദ്ധതികളെക്കുറിച്ച് വേണ്ടത്ര ബോധവാന്മാരല്ല.
9. പട്ടിക ജാതി പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് സ്ക്കൂൾ തലത്തിൽ അഞ്ചാം സ്റ്റാൻഡേർഡ് മുതൽ സൗജന്യട്യൂഷൻ ഏർപ്പെടുത്തണം.
10. തീരെ നിർദ്ധനരായ വിദ്യാർത്ഥികളെ ദത്തു സമ്പ്രദായത്തിൽ എടുത്ത് മുഴുവൻ സംരക്ഷണവും നല്കി വിദ്യാഭ്യാസവും കൊടുക്കുക.
11. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് അഭിരുചിക്കനുസരിച്ച് മുൻഗണന നൽകണം.

സാദ്ധ്യതകൾ

1. കോളനികളിൽ കുടിവെള്ള പ്രശ്നം അതിരൂക്ഷമാണ്. നിലവിലുള്ള ജലസ്രോതസ്സുകൾ എല്ലാം ഉപയോഗശൂന്യമാണ്. ഇതിന് പരിഹാരം കാണാൻ പുതിയ പരിപാടികൾ കണ്ടെത്തണം.

വാർഡ്	ടാപ്പുകൾ സ്ഥാപിക്കാവുന്ന കോളനി	വാർഡ്	ജനപങ്കാളിത്തത്തോടെ വിവിധ ജലസേചനപദ്ധതികൾ നടപ്പിലാക്കാവുന്ന കോളനികൾ
2	വേലിക്കൊട്ടുംതറക്കോളനി	4	വള്ളാം കുന്നത്ത് കോളനി
3	വളവങ്കേരികോളനി	5	കൊരമ്പാത്തു കോളനി
5	ശ്രീ നാരായണപുരം അംബേദ്കർ കോളനി	6	കാട്ടേഴത്ത് കോളനി
6	പുതുശ്ശേരി കോളനി	3	താമരപ്പള്ളികോളനി
7	പുലിത്തൂട്ട് കോളനി		
10	തച്ചവീട് കോളനി		

2. ക്ഷേമപദ്ധതികളെക്കുറിച്ച് അറിവുണ്ടാകുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ ആവശ്യമാണ്.

3. ക്ഷേമപദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യ സമയത്ത് ലഭ്യമാവുന്നതിന് സഹായകരമായ രീതിയിൽ നിബന്ധനകൾ ലളിതമാക്കേണ്ടതുണ്ട്.
4. എരമല്ലൂർ - കാക്കത്തുരുത്തുമായി ബന്ധിപ്പിക്കുന്ന നടപ്പാലം പണിയണം.

പുതിയ കോളനികൾ രൂപീകരിക്കുമ്പോൾ പട്ടികജാതി വർഗ്ഗങ്ങൾക്ക് ലഭിക്കുന്ന ജീവിത സൗകര്യങ്ങൾക്ക് ലഭിക്കുന്ന മുഴുവൻ തുകയും ഇടനിലക്കാരില്ലാതെ ലഭ്യമാക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
2. കുടിവെള്ളപ്രശ്നം പരിഹരിക്കുക
3. അഭ്യസ്ഥവിദ്യർക്ക് ഇന്ന് സർക്കാർ ഏജൻസികൾ നൽകുന്ന വായ്പകളും സഹായങ്ങളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക
4. സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ പായ്നെയ്ത്ത്, റെഡിമെയ്ഡ്, കയറുല്പന്നങ്ങളുടെ നിർമ്മാണം എന്നിവ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുക.
5. കോളനികൾക്ക് കൃഷിഭവൻ വഴി വിതരണം ചെയ്യുന്ന പച്ചക്കറി കൃഷിക്കാവശ്യമായ വിത്തു വളവും നൽകി തൊഴിൽ സാധ്യതവർദ്ധിപ്പിക്കണം.
6. ലക്ഷം വീട് കോളനിയിലെ കൂട്ടായ വീടുകൾ പൊളിച്ച് ഒറ്റ വീടുകളാക്കി മാറ്റുക.
7. വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റ പണികൾ നടത്തുന്നതിനും പലിശരഹിതവായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക
8. പട്ടിക ജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കുക.
9. സെറ്റിൽമെൻറ് കോളനികളിലെ കക്കൂസുകൾ കേടുവന്നു പോയതിനാൽ സെപ്റ്റിക് ടാങ്കുകളുള്ള കക്കൂസുകൾ ഉണ്ടാക്കണം.
10. ലക്ഷംവീട് കോളനി, സെറ്റിൽമെൻർ കോളനി എന്നിവയിലെ വീടുകൾ പുതുക്കി പണിയുന്നതിന് സാമ്പത്തികമായി സഹായിക്കുക
11. എരമല്ലൂർ, കാക്കത്തുരുത്ത്, നരിയാണ്ടി പ്രദേശങ്ങളിൽ പൊതു ശ്മശാനങ്ങൾ ഉണ്ടാക്കണം.
12. പട്ടിക ജാതി വകുപ്പ് നൽകി വരുന്ന ബാല വാടികൾ ഓരോ കോളനിയിലും സ്ഥാപിക്കണം.
13. കോളനികളിൽ വായനശാലകൾ സ്ഥാപിക്കുക.
14. സ്ക്കൂൾ വിദ്യാഭ്യാസത്തിന് പഞ്ചായത്ത് വക പ്രോത്സാഹനം കൊടുക്കുക.
15. T. V. നിലവിലില്ലാത്ത എല്ലാ കോളനികളിലും T. V. സെറ്റ് സ്ഥാപിക്കുക.
16. കോളനികളിലേക്കുള്ള റോഡുകൾ നിർമ്മിക്കുക.
19. കാക്കത്തുരുത്ത് കോളനി പ്രദേശത്തുകൂടി റോഡ് നിർമ്മിക്കുക.
18. ലക്ഷം വീട് സെറ്റിൽമെൻറ് കോളനി, ഹരിജൻ കോളനി എന്നിവയിലേക്കുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കണം.

വിവിധ കോളനികളിലെ റോഡുകൾ, വൈദ്യുതി, കുടിവെള്ളം പൊതുകക്കൂസ് എന്നിവയുടെ സ്ഥിതിവിവരക്കണക്കുകൾ

കോളനിയുടെ പേര്	ഗതാഗതയോഗ്യമായ റോഡ്	ഗതാഗതയോഗ്യമല്ലാത്ത റോഡ്	കുടിവെള്ളം	വൈദ്യുതീകരണം.	കിണർ	ടാപ്പ്	പൊതു കക്കൂസ്
വേലികെട്ടുംതറ കോളനി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
വളവക്കേരി ലക്ഷം വീട് കോളനി	ഉണ്ട്	ഇല്ല	-	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
വള്ളാം കുന്നത്ത് കോളനി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല
കൊരമ്പാത്ത് കോളനി	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
ശ്രീ നാരായണപുരം ഡോ. അംബേദ്കർ കോളനി	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
കാട്ടേഴത്ത് കോളനി	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
പുലിത്തുട്ട് കോളനി	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
താമരപ്പള്ളികോളനി	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല
പുതുശ്ശേരി കോളനി	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
തച്ചവീട് കോളനി	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല

നടപ്പു പദ്ധതികൾ

1. ഭൂരഹിത ഭവന രഹിത പുനരധിവാസ പദ്ധതി (വസ്തു വാങ്ങുന്നതിന് 10,000 രൂപയും വീടു നിർമ്മിക്കുന്നതിന് 1,50,000 രൂപയും ഗ്രാൻറ് നൽകുന്നു.)
2. സംയോജിത ഭവനനിർമ്മാണ ധനസഹായ പദ്ധതി (വീടുനിർമ്മിക്കുന്നതിന് 15,000 രൂപാ ഗ്രാൻറ് നൽകുന്നു).

3. മേൽക്കൂര ബലപ്പെടുത്തി വീട് ഓടുമേയുന്നതിന് ധന സഹായം നൽകുന്ന പദ്ധതി (3000 രൂപാ ധനസഹായം നൽകുന്നു).
4. പട്ടിക ജാതിയിൽപ്പെട്ട പാവപ്പെട്ട പെൺകുട്ടികളെ വിവാഹം ചെയ്തയയ്ക്കുന്നതിന് ധനസഹായം നല്കുന്ന പദ്ധതി (2000 രൂപ ധനസഹായം നല്കുന്നു)
5. പുരകെട്ടി മേയുന്നതിന് ധനസഹായം നല്കുന്ന പദ്ധതി 500രൂപ ധനസഹായം നല്കുന്നു.
6. മാരകമായ രോഗം ബാധിച്ച് തുടർച്ചയായ ചികിത്സയ്ക്കു വേണ്ട ധനസഹായം നല്കുന്നു. (1000 രൂപ).
7. മിശ്ര വിവാഹം മൂലം യാതന അനുഭവിക്കുന്നവർക്ക് ധനസഹായം നല്കുന്ന പദ്ധതി (2000 രൂപ ഗ്രാൻറ് നൽകുന്നു).
8. എസ്.എസ്.എൽ.സി/പ്രീഡിഗ്രി തുടങ്ങിയ കോഴ്സുകൾക്ക് തോറ്റുപോയിട്ടുള്ളവർക്ക് തുടർന്ന് പഠിക്കുന്നതിന് ധനസഹായം നല്കുന്ന പദ്ധതി. (എസ്.എസ്.എൽ.സി.ക്കു രണ്ടു ഗഡുക്കളായി 800 രൂപയും പ്രീഡിഗ്രിക്ക് ഗ്രൂപ്പടിസ്ഥാനത്തിൽ വിവിധ നിരക്കുകളിലും ധനസാഹയം നല്കുന്നു.
9. പട്ടികജാതി/മറ്റർഹസമുദായ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നടത്തുന്ന എഴുത്തു പരീക്ഷ/ഇൻറർവ്യൂ എന്നിവയ്ക്ക് ഹാജരാകുന്നതിന് യാത്രപ്പടി കിലോമീറ്റർ അടിസ്ഥാനത്തിൽ അംഗീകൃതനിരക്കിൽ നല്കുന്നു.

5.12

വിഭവസമാഹരണം - ടൂറിസം

ഒരു ഗ്രാമത്തിന്റെ വികസനത്തിന് പ്രധാന ഘടകമാണ് വിഭവങ്ങൾ കണ്ടെത്തുകയും അതിന്റെ സമാഹരണവും നമ്മുടെ പഞ്ചായത്തിന്റെ വിഭവസമാഹരണം പ്രധാനമായും കാർഷിക വ്യവസായരംഗത്തുനിന്നാണ് ലഭിക്കുക വൈദ്യുതി പ്രതിസന്ധി ഈ മേഖലയെ വല്ലാതെ തളർത്തിയിരിക്കുകയാണ്. ചെറുകിട വ്യവസായ ശാലകൾക്ക് വൈദ്യുതി കണക്ഷൻ കിട്ടാനുള്ള താമസവും ഇന്നനുഭവപ്പെടുന്ന പവ്വർകട്ടു മാണ് വ്യവസായികളെ ഈ കാര്യത്തിൽ നിന്ന് അകറ്റി നിർത്തുന്നത്. ഇത് പരിഹരിക്കാതെ ഈ രംഗത്ത് നിന്ന് പുതിയ വിഭസമാഹരണത്തിനുള്ള സാധ്യത വളരെ കുറവാണ്.

കാർഷിക രംഗത്തെ മുരടിപ്പും തെങ്ങു രോഗങ്ങൾ മൂലമുള്ള ഉല്പാദനക്കുറവും, നെൽകൃഷിയുടെ ചെലവും ഉല്പന്നങ്ങളുടെ മൂല്യവും തമ്മിലുള്ള ലാഭകരമല്ലാത്ത വ്യത്യാസവും കർഷകരെ കാർഷിക രംഗത്തുനിന്ന് അകറ്റിനിർത്തി. മത്സ്യ കൃഷിരംഗത്ത് മത്സ്യരോഗവും ഈ കൃഷിയെ അനാകർഷകമാക്കി. ഇതുമൂലം വലിയൊരു വിഭാഗം സാമ്പത്തിക തകർച്ച നേരിടുകയാണ് ഈ പ്രശ്നം പരിഹരിക്കാതെ വിഭവസമാഹരണം ഈ രംഗത്ത് വർദ്ധിപ്പിക്കാനാവില്ല.

ഈ രണ്ടു മേഖലകളിലും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയാൽ ഗുണഫലങ്ങൾ താമസിയാതെ കാണാൻ കഴിയും.

സർക്കാർ വിവിധ തരം ഗ്രാൻറുകൾ പഞ്ചായത്തിന് കൈമാറുമ്പോൾ കാലവിളംബം വരുത്താതെ കൃത്യമായി കൈമാറാൻ നിയനിർമ്മാണം നടത്തണം. ദാരിദ്രരേഖയ്ക്ക് താഴെയുള്ള ജനസംഖ്യ പട്ടിക ജാതി ജനസംഖ്യ സ്ത്രീകളുടെ എണ്ണം എന്നിങ്ങനെ ജന സംഖ്യാനുപാതികമായി മാത്രമേ ഗ്രാൻറുകൾ വിതരണം ചെയ്യാവൂ. ഗ്രാൻറുകളുടെ നീതി പൂർവ്വകമായ വിതരണത്തിന് ഇതാവശ്യമാണ്.

പഞ്ചായത്ത് വരവ് സംബന്ധിച്ച വിവരങ്ങൾ

പട്ടിക I (1995-96)

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
കെട്ടിട നികുതി	324360.00	324360.00	ഇല്ല.
സർവ്വീസ് ചാർജ്ജ്	16403.80	16403.80	Do
തൊഴിൽ നികുതി	196645.00	196645.00	"
വാഹന നികുതി	-	-	"
വിനോദ നികുതി	448362.00	448362.00	"
അധിക വിനോദനികുതി	269018.00	269018.00	"
പ്രദർശന നികുതി	5226.00	5226.00	"
പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ്	1306.50	1306.50	"
ചന്ത വരവ്	25686.00	25686.00	"
ലാൻറ് സെൻറ്	-	-	"
ലൈസൻസ് ഫീസ്	39379.00	39379.00	"
കെട്ടിട നികുതി സർചാർജ്	-	-	"
വസ്തു കൈമാറ്റ നികുതി	100880.00	100880.00	"
സർക്കാർ ഗ്രാൻറുകളും			
മറ്റു ഒഴികെയുള്ള പിരിവുകൾ	689688.55	689688.55	"
സംഭാവന	-	-	"
ഡെപ്പോസിറ്റ്	46345.00	46345.00	"
മറ്റുള്ളവ	-	-	"
ആകെ	216329.85	216329.85	

വിദേശത്തുജോലി ചെയ്യുന്നവരുടെ സാമ്പത്തിക വരുമാനം ഈ പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് തെല്ലും പ്രയോജനപ്പെടുന്നില്ല. അവരുടെ എണ്ണം വളരെ പരിമിതമാണെങ്കിലും വരുമാനത്തിന്റെ കുറഞ്ഞ ശതമാനമെങ്കിലും വികസന പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തക്കരീതിയിൽ സ്വരൂപിക്കാൻ കഴിയണം. വ്യവസായശാലകളിൽ നിന്നും വ്യാപാരസ്ഥാപനങ്ങളിൽ നിന്നും കിട്ടുന്ന സാമ്പത്തിക വരുമാനം 32987 രൂപയാണ്. സാമ്പത്തിക വിഭവ സമാഹരണത്തിന്റെ ഒരേകദേശരൂപം ചുവടെ ചേർക്കുന്നു.

തൊഴിൽ നികുതി

പഞ്ചായത്തിലെ വ്യവസായ വാണിജ്യ സ്ഥാപനങ്ങളിലെ മുഴുവൻ തൊഴിലാളികളിൽ നിന്നും തൊഴിൽ കരം ഈടാക്കണം. വ്യവസായ ശാലകളിൽ പണിയെടു

ക്കുന്ന മുഴുവൻ തൊഴിലാളികളുടെയും ലിസ്റ്റ് പഞ്ചായത്തിൽ ഹാജരാക്കുന്നതിന് തൊഴിൽ ഉടമകൾ തയ്യാറായിട്ടില്ല. ബന്ധപ്പെട്ട ലേബർ ഡിപ്പാർട്ടുമെൻറിൻെറ ഉത്തരവാദിത്വക്കുറവും തൊഴിൽ ഉടമാബന്ധവും ആണ് ഇതിന് കാരണം. ഇതുമൂലം വളരെയധികം തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കാതെ വരുകയും തൊഴിൽ സ്ഥിരത നഷ്ടപ്പെടുകയും ചെയ്യുന്നു. ഇതിന് ശാശ്വതമായ പരിഹാരം അനിവാര്യമാണ്. ഇവരിൽ നിന്ന് ലഭിക്കേണ്ടുന്ന തൊഴിൽ നികുതി യഥാർത്ഥത്തിൽ പഞ്ചായത്തിന് ലഭിക്കാതെ പോകുന്നത് പഞ്ചായത്തിൻെറ വരുമാനത്തെ സാരമായി ബാധിക്കുന്നു. ഇതിന് പരിഹാരം കാണേണ്ടത് തൊഴിൽ രംഗവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരാണ്.

വിനോദനികുതി

എഴുപുന്ന രേഖാമൂവി ഹൗസ് എരമല്ലൂർ ജോസ് തിയറ്റർ എന്നിവയിൽ നിന്നാണ് പ്രധാനമായ നികുതി വരുമാനം. ആധുനിക സജ്ജീകരണങ്ങളുള്ള ഒരു സിനിമാ തിയറ്റർ കൂടി എരമല്ലൂർ പ്രദേശത്ത് നിർമ്മിക്കുന്നതിനുള്ള സാധ്യതയുണ്ട് അതിനെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

മറ്റ് ധനാഗമന മാർഗ്ഗങ്ങൾ

കാട്ടിശ്ശേരി കുളത്തിന് സമീപത്തുള്ള സ്ഥലത്ത് ഷോപ്പിങ്ങ് കോംപ്ലക്സ് പണിയണം. എരമല്ലൂർ കേന്ദ്രമാക്കി പ്രൈ വറ്റ് ബസ്സ്റ്റാൻറിനുള്ള സ്ഥലം വിലയ്ക്കെടുത്ത് ബസ്സ്റ്റാൻറും ഷോപ്പിങ്ങ് സെൻററുകളും പണിയണം. പഞ്ചായത്തുകളുടെ റോഡ് പണിക്ക് PACT ഫാക്ടറിയിൽ നിന്ന് പുറം തള്ളുന്ന വെയ്സ്റ്റ് ഉപയോഗപ്രദമാണോ എന്ന് പരിശോധിക്കണം ഗുണപ്രദമാണെങ്കിൽ ഉപയോഗിക്കണം. പഞ്ചായത്ത് പ്രദേശത്ത് കാർ പാർക്കിങ്ങ് ഷെഡുകൾ നിർമ്മിച്ച് വാടക വസൂലാക്കാം പഞ്ചായത്തിൽ 2000 പേർക്ക് ഇരിക്കാവുന്ന ഹാളും ഭക്ഷണശാലയും പണിത് വാടകയ്ക്ക് കൊടുത്ത് പണം കണ്ടെത്താം 2-ാം വാർഡിൽ പേനാടി മൂട്ടിനു സമീപമുള്ള പുറമ്പോക്കു സ്ഥലത്ത് പഞ്ചായത്തു മാർക്കറ്റു സ്ഥാപിക്കുകയും അവിടെ ഒരു അറവുശാല സ്ഥാപിക്കുകയും വേണം.

ടൂറിസം

ജലഗതാഗത സൗകര്യം വിപുലപ്പെടുത്തി വിനോദ സഞ്ചാരകരെ ആകർഷിക്കാൻ കഴിയുന്നകാക്കത്തുരുത്ത് ഒരു ടൂറിസ്റ്റുകേന്ദ്രമാക്കിയാൽ വിനോദനികുതിയിനത്തിൽ പഞ്ചായത്തിന് വിവധതലങ്ങളിലായി വരുമാനം വർദ്ധിക്കുന്നതിനും കാക്കത്തുരുത്ത് വികസനം അതിലൂടെ കൈവരിക്കാനും കഴിയും ഇതിന് ആവശ്യമായ പ്രോത്സാഹനം നൽകാൻ പഞ്ചായത്ത് മുൻകൈയെടുക്കണം.

നാഷണൽ സേവിംഗ്സ് സ്കീം

പഞ്ചായത്തിലാകെ വ്യാപിച്ചു കിടക്കുന്ന സ്വകാര്യ നിക്ഷേപ പദ്ധതികളും നിരുത്സാഹപ്പെടത്തി ദേശീയ സമ്പാദ്യപദ്ധതിയുടെ പ്രവർത്തനം ശക്തിപ്പടുത്തണം. പഞ്ചായത്തതിർത്തിയിൽ നിന്നും സമാഹരിക്കുന്ന ദേശീയസമ്പാദ്യപദ്ധതിയുടെ തുകയിൽ നിന്നും അതാത് പഞ്ചായത്തിലെവികസനപ്രവർത്തനങ്ങൾക്ക് 15% മുതൽ 30% വരെ നൽകുന്നതായി അറിയുന്നു. ഇത് ശക്തിപ്പെടുത്തി പഞ്ചാത്തിൻെറ വികസനത്തിന് പഞ്ചായത്തുമെമ്പർമാരും വാർഡുതല സമിതികളും മഹിളാ പ്രധാൻ ഏജൻറുമാരും മറ്റ് സാങ്കേതിക വിദഗ്ധരും ചേർന്ന് വികസനത്തിന് വിഭവം കണ്ടെത്തണം.

മനുഷ്യാധ്വാനം

നമ്മുടെ പഞ്ചായത്തിലെ മറ്റൊരു പ്രധാന വിഭവം മനുഷ്യാധ്വാനമാണ് ഇത് എല്ലാ ഗ്രാമസഭകളിലും റിപ്പോർട്ടു ചെയ്യപ്പെട്ട ഒന്നാണ്. ജാതി, മതകക്ഷി ചിന്തകൾക്കതീതമായ സ്വന്തം നാടിൻെറ വികസനത്തിന് തൻെറ അധ്വാനംകൊണ്ട് സംഭാവന നൽകുക എന്നത് വളരെ മഹത്തരമായ ഒരാശയമാണ്.

പഞ്ചായത്തിൽ നിർമ്മിക്കുന്ന റോഡുകളുമായി ബന്ധപ്പെട്ട് നിർമ്മാണത്തിലും മറ്റുവികസനപ്രക്രിയയിലും ഗുണഭോക്താക്കളുടെ അദ്ധ്വാനം മൂലം വിഭവസമാഹരണം നടത്താം. സ്ക്കൂളുകളിലെ വിദ്യാഭ്യാസനിലവാരം ഉയർത്താനും ആരോഗ്യപ്രവർത്തനം മെച്ചപ്പെടുത്താനും എല്ലാ ബഹുജന സംഘടനകൾക്കും സ്വാധീനമുള്ള ഈ പഞ്ചായത്തിൽ ശക്തമായ ഇടപെടൽ മൂലം വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയും.

ബാങ്കുകൾ-ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണ ബാങ്കും ഒരു സർവ്വീസ് സഹകരണ സംഘവും ഉണ്ട്. ലോഡ്കൃഷ്ണാ ബാങ്ക്-കോർപ്പറേഷൻ ബാങ്ക് S.B.I. യുടെ കൗണ്ടർ എന്നിവയുടെ ഓരോ ശാഖയുണ്ട്. സ്വകാര്യ ഫിനാൻഷ്യൽ സ്ഥാപനങ്ങൾ മൂന്നെണ്ണമുണ്ട്. നിക്ഷേപങ്ങളെപ്പറ്റി നോക്കുമ്പോൾ വായ്പകൾ

കുറവാണ്. നമ്മുടെ പഞ്ചായത്തിൽ നിന്നു സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 80% - 90% എങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായി കൊടുക്കേണ്ടതാണ്. പഞ്ചായത്തുകൾക്ക് വായ്പ എടുക്കാനുള്ള സാദ്ധ്യത പുതിയ പഞ്ചായത്ത് ആക്ടിലുണ്ട്. ഗ്രാമസഭകളോ പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വ്യവസ്ഥാനുസരണം വായ്പകൊടുക്കുവാൻ ബാങ്കുകൾക്ക് നിയമം ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ വായ്പകളുടെ തിരിച്ചടയലിന് സർക്കാർ പൂർണ്ണമായി ഉത്തരവാദിത്വപ്പെട്ടിരിക്കണം. എരമല്ലൂർ സ്ഥിതിചെയ്യുന്ന ലോഡ്കൃഷ്ണാ ബാങ്ക് സാധാരണക്കാരന് വായ്പ കൊടുക്കുന്നില്ല എന്ന വിമർശനം എല്ലാ ഗ്രാമസഭകളിലും ശക്തിയായി ഉന്നയിച്ചു. മറ്റു ബാങ്കുകളും സഹകരണസ്ഥാപനങ്ങളും മാത്രമേ വായ്പ വിതരണം നടത്തുന്നുള്ളു. എഴുപുന്ന SCB 953 ചെമ്മീൻ കൃഷിക്ക് 10,000,00 രൂപവരെയും, പശുവളർത്തലിന് (5 പശുക്കളെ വളർത്താൻ) ഒരു ലക്ഷം രൂപവരെയും പദ്ധതി വായ്പകളായി വിതരണം ചെയ്യുന്നു. I.R.D.P. വായ്പയും അവർ വിതരണം ചെയ്യുന്നു. പശുവളർത്തിലിനു വായ്പ എടുത്തിട്ടുള്ളവരുടെ വീടുകളിൽ ചാണകം ഉപയോഗിച്ച് ഗോബർഗ്യാസ് നിർമ്മിക്കൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളിൽ നിന്ന് ഉയർന്ന സബ്സിഡി നൽകേണ്ടതാണ്.

വ്യാവസായിക മേഖലയിലേക്ക്.

വിഭവ സമാഹരണത്തിലൂടെ ചെറുകിട-കുടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ വിഭവങ്ങൾ ഈ നാട്ടിൽ നിന്നുതന്നെ കിട്ടും. ഒളവൈപ്പിലെ ചെളികൊണ്ടുവന്ന് ശില്പങ്ങളും പാത്രങ്ങളും നിർമ്മിക്കാം. ചകിരി നാരുകൊണ്ടും, കയറുകൊണ്ടും വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കാം. ചിരട്ട, തെങ്ങിൻ തടി ഇവ കൊണ്ട് ശില്പങ്ങൾ രൂപപ്പെടുത്താം. തെങ്ങിൻറെ വേരു സംഭരിച്ച് കൊട്ടനെയ്യാം. കൈതത്തഴ കൊണ്ട് പായ വട്ടി തുടങ്ങിയവ നെയ്യാം, കൊപ്രയിൽ നിന്ന് വിഭവങ്ങൾ എടുക്കാം. കക്ക (ഇത്തിൽ)യിൽ നിന്ന് കുമ്മായം ഉല്പാദിപ്പികക്കുകയും, അലങ്കാരവസ്ക്കൾ ഉണ്ടാക്കുകയും ചെയ്യാം P.A.C.T. യിലെ വെയ്സ്റ്റ് കൊണ്ട് സിമൻറ് ഉല്പാദിപ്പിക്കാമോ എന്നും പരിശോധിക്കണം. ചകിരിച്ചോർ, ചെമ്മീൻ തല തുടങ്ങിയവയിൽ നിന്ന് വളം നിർമ്മിക്കാം. ചെമ്മീൻ തലയിൽ നിന്ന് കോഴിത്തീറ്റ ഉല്പാദിപ്പിക്കാം. ഈ പഞ്ചായത്തിലെ റൂബിയാൻ ഹാച്ചറിയിലെ അവശിഷ്ടം കൊണ്ട് 'അനർട്ടിൻെറ' മേൽനോട്ടത്തിൽ ഒരു ഗോബർഗ്യാസ് പ്ലാൻറ് നിർമ്മിച്ച് സമീപ വാസികൾക്ക് പാചകവാതകം വിതരണം ചെയ്യുന്നതിനുള്ള പദ്ധതി പൂർത്തിയായി വരുന്നു. P.A.C.T.യുടെ വെയ്സ്റ്റ് ഉറപ്പുള്ളതിനാൽ റോഡുനിർമ്മാണത്തിന് എടുക്കാം. ചരലും ബേബി മെറ്റലും സിമൻറും ഉപയോഗിച്ച് ഇഷ്ടിക നിർമ്മിക്കാം. ഇങ്ങനെ വളരെയധികം മേഖലകളുണ്ട്.

ചെലവുകൾ

കഴിഞ്ഞ വർഷം പഞ്ചായത്തിൽ പൊതുമരാമത്തിന് 16.6% ഉം ഭരണചിലവുകൾക്ക് 22.78% ഉം വിദ്യാഭ്യാസത്തിന് 0.91% ഉം സാമൂഹ്യക്ഷേമത്തിന് 2.09% ഉം വീതമാണ് ചെലവായത്. റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ആണ് പൊതുമരാമത്തിൽ കൂടുതൽ തുകയും ചിലവായിട്ടുള്ളത്. ഓരോ സമയങ്ങളിലും ഇടുന്നപൂഴി മഴവെള്ളത്തിൽ ഒലിച്ചുപൊയ്ക്കൊണ്ടിരിക്കുന്നതു കൊണ്ട് പഴയ രീതിയിലേക്ക് റോഡ് എത്തിച്ചേരുന്നു. ഈ സ്ഥിതിക്ക് ഒരു മാറ്റം അനുപേക്ഷണീയമാണ്. റോഡരുകിലുള്ള താഴ്ന്ന പ്രദേശങ്ങൾ നികത്തിയും കാണകൾ നിർമ്മിച്ചും റോഡ് സംരക്ഷിക്കേണ്ടതാണ്. വാർഡുതലങ്ങളിലുള്ള റോഡുകളുടെ സംരക്ഷണത്തിന് പഞ്ചായത്തുകമ്മറ്റിയും, ആസൂത്രണസമിതിയും ഇടപെട്ട് പ്രവർത്തിക്കണം. ഇതുമൂലം പഞ്ചായത്തിൻെറ കാര്യക്ഷമതയേറിയ പ്രവർത്തനം എല്ലാ രംഗങ്ങളിലും കൈവരിക്കാൻ കഴിയും.

95-96 ലെ സഹകരണ സ്ഥാപനങ്ങളിലെ വായ്പയും നിക്ഷേപവും

സ്ഥാപനങ്ങളുടെ പേര്	നിക്ഷേപം	വായ്പ
SCB953 എഴുപുന്ന	2,11,90000	2,735,7000
SCS 1175 എരമല്ലൂർ	15,88375	20,3693

പഞ്ചായത്ത് ചെലവ്

ഇനം	തുക	ശതമാനം
പൊതുമരാമത്ത്	431321	16. 6%
ഭരണചെലവ്	588663	22. 78%
വിദ്യാഭ്യാസം 23655	0. 91 %	
സാമൂഹ്യക്ഷേമം	54200	2.09 %

സഹകരണ സ്ഥാപനങ്ങളിലെ സർണ്ണ വായ്പ

1995-96 SCB 953 എഴുപുന്ന	1,35,00000
1995-96 SCS 1175 എരമല്ലൂർ	-

ടൂറിസം

എഴുപുന്ന പഞ്ചായത്തിന്റെ കിഴക്ക് ഭാഗത്തായി കിടക്കുന്ന ഏതാണ്ട് 4 KM ചുറ്റളവുള്ള സുന്ദരമായ കൊച്ചു ദ്വീപാണ്, കാക്കത്തുരുത്ത്. വേമ്പനാട്ടു കായലിന്റെ കൈത്തലങ്ങളിൽ കോരിയെടുത്ത് നില്ക്കുകയാണെന്നു ഒറ്റനോട്ടത്തിൽ തോന്നും. കാക്കത്തുരുത്തിനോടു ചേർന്നുകിടക്കുന്ന വെറ്റിലത്തുരുത്ത്. ജലരേഖകളാൽ കളം വരച്ചു കളിക്കുന്ന കാക്കത്തുരുത്തിന്റെ ഒരു കൊച്ചനുജത്തിയെപോലെ ഇന്നും പാണാവള്ളി പഞ്ചായത്തിൽപ്പെട്ടു ജനവാസമില്ലാതെ കിടക്കുന്നു. എറണാകുളം ജില്ലാ അതിർത്തിയിൽ നിന്ന് 11 KM തെക്കോട്ടു നീങ്ങി ക്കിടക്കുന്ന വിനോദസഞ്ചാരകേന്ദ്രത്തിന് അനുയോ ജ്യമാം വിധം ആരേയും ആകർഷിക്കാൻ തക്കവിധം അണിഞ്ഞൊരുങ്ങി നിൽക്കുന്ന പ്രകൃതിദൃശ്യം.

സൈബീരിയ തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് ദേശാടനപക്ഷികൾ ഇവിടെ എത്താറുണ്ട്. ചങ്ങമ്പുഴയുടെ ശൈലിയിൽ പറഞ്ഞാൽ മരതകപച്ചയണിഞ്ഞു നിൽക്കയാണിവിടം. ഈ പ്രകൃതിയോട് സാമ്യം തുളുമ്പുന്ന നരിയാണ്ടിയും വിനോദസഞ്ചാരകർക്ക് ഹരം പകരുന്ന പ്രകൃതി സൗന്ദര്യം പേറി നിൽക്കുന്നു അവിടെ വേറിട്ട് രണ്ടു ദ്വീപുകളുണ്ട്. മണിയങ്ങനാട്ടു ദ്വീപും വാലുവളവ് ദ്വീപും. ഇവിടങ്ങളിൽ ഒറ്റ റോഡും എത്തിനോക്കിയിട്ടില്ല. ജലഗതാഗതത്തിന് വള്ളങ്ങൾ മാത്രം. ആവശ്യമായ റോഡ് - ജലഗതാഗത സൗകര്യങ്ങൾ ടൂറിസ്റ്റുകളെ ആകർഷിക്കും വിധം തയ്യാറാക്കിയാൽ ഇവ രണ്ടും നല്ല വിനോദ സഞ്ചാരകേന്ദ്രമാക്കാനും പഞ്ചായത്ത് വരുമാനമാർഗ്ഗം വർദ്ധിപ്പിക്കാനും കഴിയും. കോങ്കേരി കായലിൽ നിന്ന് നരിയാണ്ടി വരെയുള്ള ജലയാത്ര ആരേയും കൗതുകം കൊള്ളിക്കും. കോങ്കേരിപ്പാലത്തിനു സമീപം അതിനുള്ള തയ്യാറെടുപ്പു നടത്തണം. ജലോത്സത്തിനായി കുടപുറം കായൽ തെരഞ്ഞെടുക്കാം. വിനോദസഞ്ചാരകർക്ക് ആവശ്യമായ ആധുനീകരീതിയിലുള്ള അഥിതി മന്ദിരങ്ങളും ആകർഷണീയമായ മറ്റു സംവിധാനങ്ങളും ഉണ്ടാക്കണം. സർക്കാർ-വിനോദ സഞ്ചാരവകുപ്പും പഞ്ചായത്തും സംയുക്തമായി ഇതേക്കുറിച്ച് തീരുമാനിക്കേണ്ടതാണ്.

"ഞാനുദ്ദേശിക്കുന്ന തരത്തിലുള്ള ഗ്രാമം ഏറ്റവും ശക്തിയുള്ളതിനെപ്പോലെ തന്നെ ശക്തമായിരിക്കും. എന്റെ സങ്കല്പത്തിൽ ആയിരം ആത്മാവുണ്ടായിരിക്കും. സ്വയം പര്യാപ്തതയുടെ അടിസ്ഥാനത്തിൽ നന്നായി സംഘടിപ്പിച്ചാൽ അത്തരം ഒരു ഘടകത്തിന് നല്ലരീതിയിൽ പ്രവർത്തിക്കുവാൻ കഴിയും."
-മഹാത്മഗാന്ധി.

"ഓരോ മതത്തിനും അതിന്റേതായ സമ്പൂർണ്ണവും
സമവുമായ സ്ഥാനം ഉണ്ടായിരിക്കും. നാമെല്ലാവരും
ഒരു മഹാവൃക്ഷത്തിന്റെ ഇലകളാണ്. അതിന്റെ
തായ്തടിയെ വേരുകളിൽ നിന്ന് പിഴുതിടാനാവില്ല. എന്തെന്നാൽ വേരുകൾമണ്ണിന്റെ
ഉള്ളിന്റെ ഉള്ളിലേക്ക് ഓടിയിരിക്കുന്നു.
ഏറ്റവും ശക്തിയുള്ള കൊടുങ്കാറ്റിനുപോലും ആ വൃക്ഷത്തെ പിഴുതെറിയാനാവില്ല.
" -മഹാത്മജി.


"ഒരു സ്ത്രീയെയെങ്കിലും വിവേകത്തിലേക്കു നയിച്ചാൽ
ഒരു വീട് നന്നാകും. ഇത് ഈശ്വരാർപ്പണമായി ചെയ്താൽ
ഈ വിതച്ചവിത്ത് ലോകം മുഴുവൻ വ്യാപിക്കും."

-ശ്രീനാരായണഗുരു.

"നിന്റെ കണ്ണിൽ കോൽ ഇരിക്കുമ്പോൾ അന്യന്റെ കണ്ണിലെ
കരട് എടുക്കാൻ ശ്രമിക്കരുത്."
-ബൈബിൾ.

5.13

വൈദഗ്ധ്യ പോഷണ പരിപാടി



വത്വത്തെ ഹോമാഗ്നിയിലിട്ടു നീറ്റുന്ന ഏക പ്രശ്നമാണ് തൊഴിലില്ലായ്മ. കേന്ദ്ര-സംസ്ഥാന ഭരണകൂടങ്ങളെക്കൊണ്ടു മാത്രം സ്ഥിരം ജോലികൾ, ബോണസ്, ശമ്പളത്തോടുകൂടിയ അവധി, പ്രൊവിഡൻറ് ഫണ്ട്, പെൻഷൻ, വൈദ്യശുശ്രൂഷ, വീട്ടുവാടക തുടങ്ങിയവ കിട്ടുന്ന ജോലികൾ സംഭാവന ചെയ്യുക അസാദ്ധ്യമാണ്. ആ സ്വപ്നസീമയിൽ നിന്ന് നാം വഴുതി മാറേണ്ട കാലം എന്നോ കടന്നുപോയി. സ്വന്തം കാലിൽ നില്ക്കാനും തന്റെ യജമാനൻ താനാകാനും ശ്രമിച്ച് സ്വയം തൊഴിൽ കണ്ടെത്താനുള്ള താല്പര്യം ഏറിവരുന്നത് സന്തോഷകരം.

പല മേഖലകളിലും പറ്റിയ ആളെ കിട്ടാനില്ലാത്ത സ്ഥിതിവിശേഷമുണ്ട്. നല്ല മരപ്പണിക്കാർ, നല്ല പ്ലംബർ, നല്ല ഇലക്ട്രീഷ്യൻ എന്നല്ല നല്ല കൃഷിപ്പണിക്കുപോലും ഈ അവസ്ഥയുണ്ട്. വിദഗ്ദ്ധ തൊഴിലാളികളുടെ അപര്യാപ്ത, വിരുതുകൾ പരിശീലിപ്പിച്ചെടുക്കുന്നതിലുള്ള വീഴ്ചയൊക്കെ ഇതിനു കാരണമാകും.

എവിടെയെല്ലാമാണ് ആവശ്യത്തിന് ആളില്ലാത്തത്. വികസിക്കുന്നതും മുരടിക്കുന്നതുമായ മേഖലകൾ ഏതെല്ലാം, പുതിയ അവസരങ്ങൾ എവിടെയെല്ലാം, ഏതെല്ലാം വിരുതുകളാണ് കുറവുള്ളത്. ആളുകൾ കടന്നുചെല്ലാൻ മടിക്കുന്ന മേഖലകൾ ഏതെല്ലാം എങ്ങനെ പരിഹാരം കാണാൻ കഴിയും എന്നിവയൊക്കെ ചിന്തിക്കേണ്ട കാലഘട്ടം സമാഗതമായിരിക്കുന്നു.

ജാതിയുടെ പേരിൽ എന്നോ തുടങ്ങിവച്ച ജോലികൾ മറുവശത്ത്, അസ്തമനത്തിന്റെ ചക്രവാളത്തിലേക്ക് ചായുന്ന ഈ ജോലികൾ അന്ധകാരത്തിലകപ്പെടാതെ രക്ഷിക്കേണ്ടതൊരാവശ്യം മാത്രമാണ്. ക്ഷൗരം, അലക്ക്, എണ്ണയാട്ടൽ, നെയ്ത്ത്, മരപ്പണി, കല്പണി, സ്വർണ്ണപ്പണി, തെങ്ങുകയറ്റം ഇവയ്ക്കെല്ലാം ജാതിയുടെ പരിവേഷമുണ്ട്. അന്തസ്സിലും ഏറ്റക്കുറച്ചിലുണ്ടാകാൻ ഇതുവഴി തെളിച്ചു. ഇതിനൊരു പരിഹാരം ഇത് ആധുനീവത്കരിക്കുക മാത്രമാണ്.

'ക്ഷൗരം' അതു പോലുള്ള തൊഴിൽ വ്യക്തിപരമായ സേവനങ്ങൾ ആണെങ്കിൽ കൂടി ഒരു ദന്ത ഡോക്ടറുടെതുപോലുള്ള സംവിധാനങ്ങളും അത്യന്താധുനീക ഉപകരണങ്ങളും അന്തരീക്ഷവും എല്ലാം ചേർത്ത് ജോലിയുടെ പേരൊന്നു പരിഷ്കരിച്ചാൽ ജോലിയുടെ മാന്യത മികച്ച സേവന രംഗത്തേക്കു കടക്കും. അതിൽ കഴിവ് കൂടിയവർ സ്പെഷ്യലിസ്റ്റുകളും, കൺസൾട്ടൻറുകളും ആയി ഉയരുകയും ചെയ്യും. ഇതിനേ 'ബ്യൂട്ടിപാർലർ' എന്ന പോലെ ഒരു പേരിട്ടു വിളിച്ചാലോ?

'അലക്ക്': അലക്കെന്നു കേൾക്കുമ്പോൾ പുറത്തു ഭാണ്ഡവുമായി കടന്നുവരുന്ന ഒരാളുടെ ചിത്രമാണ് മനസ്സിൽ തെളിയുക. ഇത് ആധുനിക യന്ത്രസാമഗ്രികളുപയോഗിക്കുന്ന പവർലൗണ്ട്രിയുടമയായി മാറുമ്പോൾ പത്തു മടങ്ങ് മാന്യതയും കൂലിയും വർദ്ധിക്കുന്നു. ഡ്രൈക്ലീൻ ഒരു ഉത്തമോദാഹരണമല്ലേ?

'വീട്ടുജോലി'ക്ക് ആളെ കിട്ടാൻ നന്നേ ബുദ്ധിമുട്ടാണ്. ആധുനീകവത്കരണം ഇതിനൊരു പരിഹാരമാണ്. വാഷിങ്മെഷീൻ, ഗ്യാസ്റ്റൗ, ഫ്രിഡ്ജ്, മിക്സി, ഗ്രൈൻഡർ തുടങ്ങിയവയിൽ പരിശീലനം സിദ്ധിച്ചാൽ ജോലിയുടെ കാഠിന്യം കുറക്കാനും കൃത്യസമയത്ത് ഒന്നിലധികം വീടുകളിൽ മണിക്കൂറുകൾകൊണ്ട് നിശ്ചിത ജോലികൾ ചെയ്തുതീർക്കാനും വരുമാനം വർദ്ധിപ്പിക്കാനും അന്തസ്സുള്ള ജോലിയാക്കിത്തീർക്കാനു കഴിയും. സൈക്കിളിലോ, സ്ക്കൂട്ടറിലോ വന്ന് ജോലിചെയ്തു മടങ്ങുന്ന സ്ത്രീകളുടെ കാഴ്ച നഗരങ്ങളിൽ ഇതുമൂലം വർദ്ധിച്ചിട്ടുണ്ട്.

'രോഗശുശ്രൂഷ'ക്ക് രോഗിയുടെ അടുത്തുനിന്നു പരിചരിക്കാൻ നമുക്കാളെ കിട്ടാൻ നന്നേ കഷ്ടപ്പെട്ടിരുന്നു എന്നാൽ പരിഷ്കരണത്തിന്റെ വീഥിയിൽ അവിടെയും ആശ്വാസത്തിന്റെ തണൽ കണ്ടു. ഹോം നേഴ്സിങ്ങ് ഇത്തരത്തിൽ വളർന്നു രൂപാന്തരപ്പെട്ട മേഖലയാണ്.

ഇങ്ങനെ എത്രയോ തൊഴിൽ സാദ്ധ്യതാരംഗങ്ങൾ കരുപ്പിടിപ്പിച്ചെടുക്കാൻ നമുക്കു കഴിയും. പ്രാദേശികതലത്തിൽ നമുക്ക് ആരംഭിക്കാവുന്നതേയുള്ളു ഇവയൊക്കെ, 'ഗാർഹികസേവനസംഘങ്ങൾ'ക്ക് രൂപം കൊടുത്ത് ആ തൊഴിൽ സംഘങ്ങൾ മുഖേന വേണം ഇത്തരം തൊഴിലുകൾക്ക് ആവശ്യാനുസരണം ജോലിക്കാരെ നിയോഗിക്കാൻ അതിനു മുമ്പ് ഒരു മാർക്കറ്റ് സർവ്വെ നടത്തുന്നതും ഉചിതമായിരിക്കും. പ്രതിഫലം കരാർ വ്യവസ്ഥയിൽ നിശ്ചയിക്കുകയും സംഘത്തിന്റെ ഉത്തരാദിത്വത്തിൽ ജോലി നിർവ്വഹിപ്പിക്കുകയും ചെയ്യണം. തൊഴിലാളിക്കു കിട്ടേണ്ട കൂലിയുടെ ഒരു ഭാഗം നീക്കിവെച്ചാൽ മാറ്റിവച്ച വേതനമായും, ഇൻഷ്വറൻസ്, പ്രോവിഡൻറ് ഫണ്ട്, പെൻഷൻ മുതലായ ആനുകൂല്യങ്ങൾക്കായും സംഘത്തിന്റെ പ്രവർത്തന ചെലവിലേക്കായും ഉപയോഗിക്കാൻ കഴിയും.

പുതിയൊരു ചൈതന്യം ഈ രംഗത്തേക്ക് കടന്നു വരാൻ കഴിഞ്ഞാൽ വിമുഖരായ യുവാക്കളെ ആകർഷിക്കാൻ കഴിയും. അതിനുള്ള പരിപാടികൾക്ക് തുടക്കം കുറിക്കാം.

6

എഴുപുന്ന ഗ്രാമപഞ്ചായത്ത് പ്രവർത്തന രേഖ

1995 ഒക്ടോബർ 2ന് ആണ് എഴുപുന്ന ഗ്രാമ പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നത്. എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സാംസ്കാരിക നായകന്മാരുടെയും സാമുദായിക സംഘടനകളുടെയും പ്രതിനിധികളെ ക്ഷണിച്ചു കൊണ്ട് പഞ്ചായത്തങ്കണത്തിൽ പ്രത്യേകം സജ്ജ മാക്കിയ സ്ഥലത്ത് സത്യപ്രതിജ്ഞ നടത്തി. കക്ഷി രാഷ്ട്രീയത്തിനതീതമായി അഴിമതിരഹിതഭരണം കാഴ്ചവക്കുമെന്നും, വികസനരംഗത്ത് സത്ഭരണം ഉറപ്പാക്കുമെന്നും ദൈവനാമത്തിൽ പഞ്ചായത്തംഗ ങ്ങൾക്ക് 1-ാം വാർഡ് മെമ്പർ ശ്രീ പി. ഏ. ഫ്രാൻസീസ് സത്യവാചകം ചൊല്ലിക്കൊടുത്തു.

നെൽകൃഷിയുടെ തിരോധാനം കാർഷികരംഗത്തെ പിടിച്ചു കുലുക്കിയിട്ടുണ്ട്. വിളയുടെ വിഭവ സമൃദ്ധി ചൊരിഞ്ഞ ഈ മണ്ണിൽ കൃഷി വർദ്ധിപ്പിക്കുന്നതിനെ ക്കുറിച്ച് വിവിധ തലങ്ങളിൽ ആലോചന നടന്നു. കർഷകന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഋണഭാരം താങ്ങാനാവാതെ വരുന്നതാണ് ഇതിനു മുഖ്യകാരണം. നെൽപ്പാടങ്ങളിൽ കതിർമണികളുടെ സ്ഥാനത്ത് കനകം കൊയ്യുന്ന ചെമ്മീൻ കൃഷിക്ക് ഒരുങ്ങിക്കഴി ഞ്ഞു. ഇന്നീ നാടിന്റെ ജീവൻ തന്നെ സ്പന്ദിക്കുന്നത് ഈ വിളയുടെ സംസ്ക്കരണ മേഖലയിലൂടെയാവാം. പക്ഷെ ഈ കാർഷിക വിള പാടേ തകർത്തുകൊണ്ട് നീങ്ങിയാൽ അരിയാഹാരം ഭാവിയിൽ ഒരു ചോദ്യ ചിഹ്നമായി വരില്ലേ? അതിനൊരു മുൻകരുതൽ ഏടു ത്തേ തീരു.

പോയ്പോയ കാലങ്ങളിൽ വ്യവസായത്തിന്റെ കാലൊച്ച കേൾക്കാൻ കാതോർത്തുനിന്ന എഴുപുന്ന പഞ്ചായത്ത് ഇന്ന് വ്യവസായ ശൃംഗലതന്നെ സൃഷ്ടി ക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് അഭിമാന ജനകമാണ്. കുടിൽ വ്യവസായം മുതൽ വൻകിട വ്യവസായം വരെ തലയുയർത്തി നില്ക്കുന്ന കാഴ്ച ഒരു വ്യവസായ മേഖലയേ വിളിച്ചുണർത്തുന്നു. സാങ്കേതിക പരിജ്ഞാനക്കുറവും, സാമ്പത്തിക ഞെരുക്കവും, വിപണിയുടെ അഭാവവും വിഭവസമാഹരണത്തി ലൂടെയുള്ള വ്യവസായത്തെ രംഗത്തുകൊണ്ടുവരാൻ ആളുകൾ മടിക്കുന്നുണ്ട്. കടുത്ത വൈദ്യുതിക്ഷാമം എല്ലാ വ്യവസായത്തേയും ബാധിച്ചിട്ടുണ്ട്.

ജനോപകാരപ്രദമായ ഒട്ടേറെ പദ്ധതികൾക്ക് പഞ്ചായത്ത് മുൻഗണന നല്കിവരുന്നു. റോഡു നിർമ്മിക്കുന്നതിനു,ം പാലങ്ങൾ തീർക്കുന്നതിനും, 5ലക്ഷം രൂപ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കുടി വെള്ളപ്രശ്നത്തിന്റെ രൂക്ഷത കുറക്കുന്നതിനും, പരിസ്ഥിതി സംരക്ഷിക്കുന്നതിനും, മലിനീകരണം തടയുന്നതിനും കൂടുതൽ വഴിവിളക്കുകൾ തെളിക്കുന്ന തിനും, പാർപ്പിടങ്ങൾ നിർമ്മിച്ചുകൊടുക്കുന്നതിനും, എഴുപുന്ന ഗവ: ആശുപത്രി വികസിപ്പിക്കുന്നതിനും, കാക്കത്തുരുത്ത് ആയുർവേദാശുപത്രി നിർമ്മിക്കുന്ന തിനും, എഴുപുന്ന ആശുപത്രിക്കുചുറ്റുമതിൽ നിർമ്മി ക്കുന്നതിനും, പുരകെട്ടി മേയുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്യുന്നതിനും, ഓരു ജലം തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു. വേർതിരി വില്ലാതെ സർക്കാരിന്റെയും ജില്ലപഞ്ചായത്തി ന്റേയും പദ്ധതികളും, പദ്ധതി വിഹിതവും ഈ പഞ്ചാ യത്തിനു കൃത്യമായി ലഭിച്ചാൽ നമ്മുടെ സ്വപ്നങ്ങളിൽ ഏറിയ പങ്കും സാക്ഷാത്കരിക്കാൻ കഴിയും. സർക്കാരി ന്റെ യഥാകാലത്തുള്ള പരിപാടികൾ നടത്തിക്കൊണ്ടു പോകാൻ സാധിച്ചിട്ടുണ്ട്. ശുദ്ധജലക്ഷാമം പരിഹരി ക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നല്കുന്നതിന് ആദ്യ പടിയെന്നോണം 1988ൽ മുവ്വാറ്റുപുഴയിൽ നിന്നും വെള്ളം കൊണ്ടുവന്ന് ശുദ്ധിചെയ്ത് സമൂഹത്തിനു മുഴുവൻ വിതരണം ചെയ്യുന്നതിനുള്ള പ്രാഥമിക റിപ്പോർട്ട് വാട്ടർ അതോർട്ടിയിൽ നിന്നും തയ്യാറാക്കി സമർപ്പിച്ചിരുന്നു. ടി പദ്ധതിക്ക് ജപ്പാൻ സാമ്പത്തിക സമൂഹത്തിന്റെ അംഗീകാരം ലഭിച്ചു കഴിഞ്ഞു എന്ന വസ്തുത സന്തോഷസമേതം അറിയിക്കട്ടെ.

വരൾച്ചയുടെ കെടുതിയും, കാലവർഷത്തിന്റെ കുത്തിയൊലിക്കലും, ഉപ്പുവെള്ളത്തിന്റെ ഒഴുക്കും നാടിനെ പലപ്പോഴും പ്രതിസന്ധിയിൽ എത്തിക്കാറുണ്ട്. രോഗപ്രതിരോധ നടപടികളും യഥാസമയം ചെയ്തു പോരുന്നു. ജാപ്പാനീസ് പനിക്കെതിരെ പ്രതിരോധ മരുന്ന് വാർഡുകളോതോറും വിതരണം ചെയ്യുകയും കൊതുകുനിവാരണത്തിനായി അഴുക്കു ചാലുകളിൽ മരുന്നു തളിക്കുകയും, വെള്ളം ക്ലോറിനേറ്റ് ചെയ്യുകയും ചെയ്തു. കുളമ്പു രോഗത്തിനെതിരായ കുത്തിവയ്പു നടത്തി. അലഞ്ഞു തിരിഞ്ഞു നടന്നിരുന്ന് നായ്ക്കളെ പിടിച്ചു കൊന്നു. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് കുട വിതരണം നടത്തി. ആയിരത്തിനുമേൽ കുട്ടികൾക്ക് ഇതു വിതരണം ചെയ്യാൻ കഴിഞ്ഞു. L.P., U.P.H.S., ക്ലാസ്സുകളിലെ ഏറ്റവും നന്നായി പഠിക്കുന്ന രണ്ടു കുട്ടികൾക്കു വീതം കൃഷ്ണ അവാർഡ് നല്കി. പഞ്ചായത്തതിർത്തിയിൽ എൽ.പി. സ്ക്കൂളിലെ കുട്ടികൾക്ക് ഉച്ച ക്കഞ്ഞി നൽകുന്നതിന് ഒരു കുട്ടിക്ക് 10 പൈസ വീതം നൽകി വരുന്നു.

ജനകീയാസൂത്രണ സമിതിയുടെ പ്രവർത്തനങ്ങൾ ഊർജ്ജിതമായി മുന്നാട്ടു നീങ്ങുന്നു. തെരഞ്ഞെടുക്ക പ്പെട്ടവരെ അവഗണിക്കുകയല്ല അവരെ ശക്തിപ്പെടു ത്തുകയാണ് ജനകീയാസൂത്രണ സമിതിയുടെ ഉദ്ദേശ്യം. ഈ പരിപാടിക്ക് എല്ലാ ഉദ്യോഗസ്ഥന്മാരിൽ നിന്നും ഓഫീസുകളിൽ നിന്നും നിർല്ലോഭമായ സഹകരണം ലഭിക്കുന്നുണ്ട്. ഗ്രാമസഭകളിലൂടെ പൊന്തിവന്ന വികസന പ്രവർത്തനങ്ങൾ മുൻഗണനാ ക്രമത്തിൽ നടത്തുന്നതിന് ഭരണസമിതി തയ്യാറായി ട്ടുണ്ട്. എല്ലാം ഒറ്റയടിക്ക് നടക്കുകയില്ല. പദ്ധതികൾ അനുസരിച്ച് മാത്രമേ നടക്കുകയുള്ളൂ എന്നു കൂടി ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

പണമില്ലായെന്നു കരുതി പണിയെടുക്കാതിരി ക്കുന്ന സമ്പ്രദായത്തിനു പകരം ബഹുജനസഹകരണ ത്തോടെ നിരന്തരവും ത്വരിതവുമായി പ്രവർത്തിക്കുക എന്ന ശൈലിയാണ് ഭരണസമിതിയും വികസന സമിതിയും സ്വീകരിച്ചിരിക്കുന്നത്, സന്നദ്ധ സേവ കരുടെ ത്യാഗോന്മുഖമായ പ്രവർത്തനം ശുഭപ്രതീക്ഷ യോടെ സ്വീകരിക്കാൻ ഞങ്ങൾക്ക് അവർണ്യമാംവിധം സന്തോഷമുണ്ട്.

കെ. കെ. വിജി.
പ്രസിഡൻറ്.
എഴുപുന്ന ഗ്രാമപഞ്ചായത്ത്

7

ഉപസംഹാരം

വികസനത്തിന്റെ വീഥി എന്നും രാഷ്ട്രം ദാഹിക്കുന്ന ഒന്നാണ്. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം നാം കൈവരിച്ച വികസനം തെല്ലൊന്നുമല്ല. റോഡും, പാലവും വൈദ്യുതിയും കുടിവെള്ളവും സുലഭമായാൽ വികസനമായി എന്നു കാഴ്ചപ്പാടാണ് ഇന്നു നമുക്കുള്ളത്. ഉല്പാദനം എന്ന പ്രക്രിയ നാം ഓർക്കാറേയില്ല. സാമ്പത്തിക വികസനമാണ് എല്ലാത്തിനും ആധാരം. കാർഷിക-വ്യവസായിക രംഗങ്ങൾ വികസിപ്പിച്ചെടുക്കേണ്ട തന്ത്രങ്ങൾക്കാണ് കൂടുതൽ ഊന്നൽ നല്കണ്ടേത്.

പലപ്പോഴും വികസനം വകുപ്പധികാരികളുടെ വികസനേതര താല്പര്യങ്ങളിൽ കുരുങ്ങിക്കിടക്കുന്നു. ഇതുമാറേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. സ്വജനപക്ഷപാതത്തിന്റേയും അഴിമതിയുടെയും അഴിയാക്കുരുക്കിൽ നിന്നുള്ള മോചനം കാംക്ഷിക്കുകയാണ് ഈ യുഗം. നമ്മുടേതെന്ന തോന്നൽ ഉളവാക്കി ജനപങ്കാളിത്തത്തോടെ വികസനമേഖല ശക്തിപ്പെടുത്തുകയാണ് അതിനുള്ള മാർഗ്ഗം.

വികസനത്തിന് ഫണ്ട് ആവശ്യമാണ്. അതുകണ്ടെത്താൻ പുത്തൻ പാന്ഥാവുകൾ തുറക്കാൻ ജനസമൂഹം ഉണർന്നെഴുന്നേൽക്കണം. അതിനുള്ള ഏജൻസികളെ കണ്ടെത്തി പദ്ധതികൾ സമർപ്പിച്ച് ഫണ്ട് ശേഖരിക്കാൻ കൂടുതൽ കഷ്ടപ്പെണ്ടേിവരില്ല. പദ്ധതികൾ നടപ്പാക്കുമ്പോൾ യാഥാർത്ഥ്യബോധം ഉൾകൊണ്ട് നടപ്പാക്കുന്നതിൽ ആത്മാർത്ഥത കാണിക്കണം. വിഭാഗീയ ചിന്താഗതിയിലുള്ള തർക്കങ്ങൾ സത്യസന്ധമായ തെളിവിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ച് പരിഹരിക്കുമെങ്കിൽ മാനസ്സിക ഐക്യം വളർന്നുവരുകയുംചെയ്യും. വിഭവഭൂപടങ്ങൾ, സർവ്വെറിപ്പോർട്ടുകൾ എന്നിവ എല്ലാം വികസന പ്രക്രിയകൾക്കും വസ്തുനിഷ്ടമായ അടിത്തറയാണ് പാകുന്നത്. വികസന മാർഗ്ഗങ്ങളെ യാഥാർത്ഥ്യമായി ഉപയോഗപ്പെടുത്തുമ്പോഴാണ് ആസൂത്രണം അർത്ഥവത്തായിത്തീരുന്നത്. ജനക്ഷേമകരമായ മാനദണ്ഡങ്ങളെ ആധാരമാക്കി വേണം മുൻഗണന നിർണ്ണയിക്കാൻ. ആ രീതിയിൽ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രതിബദ്ധതന പഞ്ചായത്തുകൾക്കുണ്ടാവണം.

പ്രകൃതിവിഭവങ്ങൾ, ജനവിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി പഞ്ചായത്തു തലത്തിൽ പ്രയോജനപ്രദമായ രീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യാൻ കഴിയണം. ഗ്രാമസഭകളിൽ സമഗ്രമായ ചർച്ച നടത്തിയ എല്ലാ വിഷയങ്ങളിലും ഉന്നയിച്ച നിർദ്ദേശങ്ങളെ സ്കീമുകളും പദ്ധതികളുമാക്കി രൂപപ്പെടുത്തി എടുക്കുന്നതിന് വിദഗ്ദസമിതികൾക്കു കഴിയും. എന്നും സർക്കാരിനെ നോക്കിയിരിക്കാതെ പണം കണ്ടെത്തി പദ്ധതികൾ നടപ്പാക്കാനുള്ള മനസ്കത കൂടിയേ തീരു. എങ്കിലേ പ്രതീക്ഷയിലുള്ള വികസനം സാക്ഷാത്ക്കരിക്കാൻ കഴിയൂ. പണം നല്കുന്ന ഏജൻസികൾക്ക് പ്രൊജക്റ്റുകൾ നല്കുന്നതിനായി അതാതു വിഷയങ്ങളിൽ വിദഗ്ധസംഘം സ്ഥിരമായി പ്രവർത്തിച്ചേ തീരൂ.

സർക്കാർ നല്കാമെന്നു പറയുന്ന 40% പദ്ധതി വിഹിതം വികസന രംഗത്തെ സാമ്പത്തിക നേട്ടങ്ങളിൽ ഒന്നാണ്. അഞ്ചാംപദ്ധതിക്കുള്ള ആകെ തുക 14.8 കോടി രൂപയാണ്. ഇതിന്റെ 40% എന്നാൽ 5.920 കോടി രൂപയാണ്. ഇതിന്റെ പകുതി 2.960 കോടി രൂപ ഗ്രാമപഞ്ചായത്തുകൾക്ക് കിട്ടാൻ ഇടയുണ്ട്. ബാക്കി ജനവിഹിതത്തിന് ഇവിടെ പ്രസക്തിയുണ്ട്. അത് 25% ലഭിച്ചാൽ ഇത് 72. 3 ലക്ഷമാകും. വികസന രംഗത്തു ഇതൊരു കുതിച്ചുചാട്ടത്തിന് വഴിതെളിക്കും. താഴെത്തട്ടിൽ നിന്ന് വികസനം മേൽതട്ടുകളിലേക്കുള്ള പ്രക്രിയയിൽ ഒട്ടേറെ ജനപിന്തുണയും സഹകരണവും നേടാൻ കഴിയുമെന്നു കരുതുന്നു.

ജനകീയാസൂത്രണം ജനങ്ങളുടെ ആഗ്രഹങ്ങളെ താലോലിച്ച് ജനകീയ പങ്കാളിത്തത്തോടെ ജനോപകാര പദമായ പദ്ധതികൾ വേഗത്തിൽ ഫലപ്രദമായി

നടപ്പാക്കാനുള്ള സാമൂഹ്യായുധമാണ്. അതുകൊണ്ടു തന്നെയാണ് നമ്മുടെ പഞ്ചായത്തിന്റെ "സമഗ്രവികസനരേഖ" കരുത്തുറ്റതാക്കിയിട്ടുള്ളത്, ഇതു നടപ്പിലാക്കാനുള്ള കർമ്മചൈതന്യം നാം പകർന്നേ മതിയാകൂ. സാമുദായിക-കക്ഷിരാഷ്ട്രീയ-വർഗ്ഗീയ ചിന്താഗതിയിൽക്കതീതമായി നാം ഒരുമിച്ചുനിന്നാൽ രാഷ്ട്രത്തിന്റെ വികസനം "പാലാഴിമഥന"ത്തിൽ നിന്ന് അമൃതകുംഭം എന്ന പോലെ ഉയർന്നുവരുമെന്നത് സ്വാഭാവികം മാത്രം. ഗ്രാമസഭയുടെ ജനശക്തിയിൽ തകർന്നു വീഴുന്ന ഛിദ്രവാസനകളുടെ സ്ഥാനത്തു വികസനത്തിന്റെ ശൃംഗങ്ങൾ തീർക്കാൻ നമുക്കു കഴിയട്ടെ.

നിരവധി കർമ്മപദ്ധതികളുടെ വേലിയേറ്റം സൃഷ്ടിക്കുന്ന ഈ 'സമഗ്രവികസന രേഖ' എഴുപുന്ന ഗ്രാമപഞ്ചായത്ത് വികസന സെമിനാറിനുമുമ്പാകെ സമർപ്പിക്കട്ടെ. വിശദമായ അപഗ്രഥനത്തിനും ചർച്ചക്കും നിർദ്ദേശങ്ങൾക്കുംവേണ്ടി.

"വിന്റെ ഗ്രാമത്തുടിപ്പുകളറിഞ്ഞു ഞാൻ
എനിക്കാവില്ലിനിയുറങ്ങിക്കിടക്കാൻ
നേടാനുണ്ടെനിക്കേറെയെൻ നാടിനായി
വരൂ, നമുക്കൊത്തു ചേർന്നരോടിടാം."

എഴുപുന്ന ഗ്രാമപഞ്ചായത്ത് വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്:

ചെയർപേഴ്സൺ : കെ.കെ. വിജി.

കൺവീനർ: എഴുപുന്ന രാധാകൃഷ്ണൻ

1. **കൃഷി-ജലസേചനം**
   - റോസിലി ടീച്ചർ
   - ജോർജ്ജ് ജോസഫ്
   - എൻ. പി. തമ്പി.(D.R.P)
   - എൻ വിജയൻ
   - വി.എസ്സ്. ഗോപാലൻ നായർ
   - കെ. ശിവശങ്കരൻ
   - ചാത്തൻ.
2. **മൃഗപരിപാലനം- മത്സ്യബന്ധനം**
   - അഷറഫ് പുല്ലുവേലി.
   - ഗോവിന്ദൻ
   - Dr. C.J.ജിജിഭായി
   - പവിത്രൻ
   - അനിൽകുമാർ
   - സാവിത്രി തോപ്പിൽ.
   - കെ.ഒ. ആൻറണി.
3. **വിദ്യാഭ്യാസം**
   - പി. എ. ഫ്രാൻസിസ്
   - വേലായുധൻ നായർ
   - വി. സതീശ് (D.R.P.)
   - വിശ്വനാഥകൈമാ
   - ജി മോഹനൻ
   - M.V. ഷണ്മുഖൻ.
   - എൻ. മോഹനൻ
4. **ആരോഗ്യം-കുടിവെള്ളം-പരിസരശുചീകരണം**
   - അശോക് കുമാർ
   - Dr. കുമാരൻകുട്ടി.
   - സത്യപാൽ (D.R.P.)
   - Dr. മോഹനൻ
   - നവീനാ
   - അസ്സീസ്സ്
   - A.R. നന്ദകുമാർ
5. **വ്യവസായം**
   - K.S. ധനജ്ജയൻ
   - N.P. എബ്രഹാം
   - കെ. ഉമേശൻ (D.R.P.)
   - P.P. ജോസഫ്.
   - R. പ്രതീപ്
   - മേരിദാസ്

   കൺവീനർ : കെ.കെ.വി ജി.
6. **ഊർജ്ജം -ഗതാഗതം - മാർക്കറ്റ്**
   - പി.എ. . ഫ്രാൻസിസ്.
   - ഗോപാലകൃഷ്ണക്കുറുപ്പ്
   - കെ.കെ. പുരുഷോത്തമൻ
   - കുരീത്തറ ഷാജി (D.R.P.)
   - വേലായുധൻ (P.W.D.)
   - സുധാകരൻ (K.S.E.B)
   - നാരായണൻ നായർ (K.S.E.B)
   - മേരിഫ്രാൻസിസ്
7. **ഭവന നിർമ്മാണം -സാമൂഹ്യക്ഷേമം**
   - അഷറഫ് പുല്ലുവേലി.
   - ഉണ്ണികൃഷ്ണൻ.
   - അസീസ് പായിക്കാട്
   - കെ. തങ്കപ്പൻ
   - പി.കുമാരൻ
   - സി.കെ.തങ്കപ്പൻ
   - സരോജിനി

8. **സംസ്ക്കാരം - കായികം**

ആർ. എ. മുരളീധരൻ.

എ.പി. റാഫേൽ

സി.എം. രാജേന്ദ്രൻ

റ്റി.കെ. രാമകൃഷ്ണൻ നായർ

എ. വിശ്വനാഥൻ നായർ

സുജാതൻ

കെ.കെ. ശങ്കരൻ

പങ്കജാക്ഷൻ നായർ

9. **വനിത**

ഷീലാജോൺസൺ

പി. സുഷമാമ്മ

ദിവാകരൻ (D.R.P)

ഇന്ദിര

കല്യാണിക്കുട്ടി അമ്മ

സിസ്റ്റർ ആലിസ്

സരസമ്മ.

10. **സഹകരണമേഖല**

ഫിലോമിനാ വർഗീസ്

പി.എൽ. ജേക്കബ്ബ് (അസി: രജിസ്ത്രാർ)

റ്റി.കെ. അബ്ദുള്ള (D.R.P)

ബാലകൃഷ്ണൻ (ആഡിറ്റർ)

മഹേശ്വര കൈമൾ

സി.റ്റി. വാസു

നാരായണകർത്താ

എസ്സ്. റ്റി. ശ്യാമള കുമാരി

11 **പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം**

കെ.സി. പുരുഷോത്തമൻ

ജി.എൽ. വാസു

സി.കെ. വിജയൻ

കെ.പി. ചീരൻ

കെ.പി. ബാബു

രാജമ്മ

12. **വിഭവ സമാഹരണം - ടൂറിസം**

റോസിലി ടീച്ചർ

എം. സത്യപാൽ (D.R.P.)

കെ.വി. മോഹനൻ

കെ.കെ. വിശ്വനാഥൻ.

കെ.പി. സെബാസ്റ്റൻ.

തങ്കമ്മജോൺസൺ

വർഗീസ്


വത്സല.

13. **വൈദഗ്ദ്യപോഷണപരിപാടി**

എഴുപുന്ന രാധാകൃഷ്ണൻ,

കൺവീനർ, ജനകീയാസൂത്രണസമിതി,

എഴുപുന്നഗ്രാമപ്പഞ്ചായത്ത്


KERALA
0
50
100 KMS
76°
77°
12°
11°
10°
9°
75°
ആലപ്പുഴ ജില്ല

